100056

നടരാജഗുരു

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാഭ്യാസം ഒരു മാർഗ്ഗരേഖ

വിവ: സ്വാമി മുനിനാരായണ പ്രസാദ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

വിദ്യാഭ്യാസം: ഒരു മാർഗ്ഗരേഖ

നടരാജഗുരു

Gurukul Ka
Foundation

Digitized by Arya Samaj Foundation Chennai and eGangotri

गुरुकुल कांगड़ी विश्वविद्यालय
कृपया पुस्तक के ऊपर कोई निशान आदि
न लगायें।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

पुस्तकालय

गुरुकुल कांगड़ी विश्वविद्यालय, हरिद्वार

वर्ग संख्या .... आगत संख्या ....

पुस्तक-वितरण की तिथि नीचे अंकित है। इस तिथि सहित ३० वें दिन तक यह पुस्तक पुस्तकालय में वापिस आ जानी चाहिए। अन्यथा ५० पैसे प्रतिदिन के हिसाब से विलम्ब-दण्ड लगेगा। पुस्तक लेने के पहले पाठ्य पुस्तक की भली-भांति जांच कर लें। इश्यू होने के पश्चात फटी पुस्तक, विलुप्त पृष्ठों की कोई जिम्मेदारी पुस्तकालय की नहीं होगी।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

VIDYĀBHYĀSAM—ORU MĀRGAREKHA

(Translation of 'The World Education Manifesto'

Nataraja Guru

Translation: Swami Muni Narayana Prasad

© *Narayana Gurukula Foundation*

Published by:

Narayana Gurukula
Sreenivasapuram P. O.
Varkala—695145

First Edition: December 1993

Copies: 2000

Price: Rs. 25.

Cover: Sajan

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാഭ്യാസം: ഒരു മാർഗ്ഗരേഖ

100056

നടരാജഗുരു

DONATION

വിവർത്തനം: സ്വാമി മുനി നാരായണ പ്രസാദ്

നാരായണ ഗുരുകുലം
ശ്രീനിവാസപുരം P. O.,
വർക്കല, കേരളം, 695 145

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവർത്തകൻെറ ഇതര കൃതികൾ

1. ആത്മോപദേശശതകം ലളിതവ്യാഖ്യാനം
2. പ്രാർത്ഥന എന്ത്, എന്തിന്, എങ്ങനെ?
3. ബ്രഹ്മവിദ്യാപഞ്ചകം (വ്യാഖ്യാനം)
4. മണ്ണന്തലദേവീസ്തവം (വ്യാഖ്യാനം)
5. ഹോമമന്ത്രം (വ്യാഖ്യാനം)
6. പ്രബന്ധമാല (രണ്ടു ഭാഗങ്ങൾ)
7. കേനോപനിഷത്ത് (വ്യാഖ്യാനം)
8. ഹിന്ദുമതത്തിലെ ശാസ്ത്രവീക്ഷണം
9. ഗ്രീക്കചിന്തകർ
10. പൂർണ്ണജനനം
11. കാളിനാടകം (വ്യാഖ്യാനം)
12. കോലതീരേശസ്തവം (വ്യാഖ്യാനം)
13. കർമ്മവും പുനർജന്മവും

തർജ്ജമ:

14. ആത്മോപദേശശതകം വ്യാഖ്യാനം (നടരാജഗുരു)
15. ജാതിമീമാംസ (വ്യാഖ്യാനം: നടരാജഗുരു)
16. പ്രപഞ്ചശുദ്ധിദശകം: വ്യാഖ്യാനം–(നടരാജഗുരു)
17. പിണ്ഡനന്ദി (വ്യാഖ്യാനം–നടരാജഗുരു)
18. ഒരു ഗുരുവിൻെറ സത്യദർശനം (നടരാജഗുരു)
19. ഇമ്പം ദാമ്പത്യത്തിൽ (നിത്യചൈതന്യയതി)
20. ഒരു കുഞ്ഞുണ്ണിരാജൻ
21. കടൽറാഞ്ചി
22. ഗുരുകുലധ്യാനമഞ്ജൂഷ
23. വിനായകാഷ്ടകം
24. അറിവ് (വ്യാഖ്യാനം)
25. Basic Lessons on India's Wisdom
26. Functional Democracy: A Failure in India
27. Karma and Reincarnation
28. Taittiriya Upanishad—Commentary

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവതാരിക

ഈ പുസ്തകം ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി നടരാജഗുരു എഴുതിയ 'വേൾഡ് എഡ്യൂക്കേഷൻ മാനിഫെസ്റ്റോ'യുടെ ഭാഷാവിവർത്തനമാണ്. നാരായണ ഗുരുകുലത്തിൻെറ മുഖ്യകാര്യദർശിയാണ് സ്വാമി മുനി നാരായണ പ്രസാദ് വലുതും ചെറുതുമായ പ്രധാനപ്പെട്ട ഒട്ടേറെ പുസ്തകങ്ങൾ സ്വന്തമായെഴുതിയിട്ടുണ്ട്, വിവർത്തനം ചെയ്തിട്ടുണ്ട്, പ്രധാന ഉപനിഷത്തുകളെല്ലാം ഒന്നൊന്നായി ഭാഷ്യം ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് ഈ പുസ്തകം വിവർത്തനം ചെയ്യുന്നതിൽ മുനി നാരായണ പ്രസാദിനുള്ള യോഗ്യത പ്രത്യേകമായി എടുത്തു പറയേണ്ടതില്ല.

ഏകലോകത്തിൻെറ സംസ്ഥാപനം മനുഷ്യമനസ്സിൽ ആവിഷ്കരിക്കുകയായിരുന്നു, ഗുരു തൻെറ ദൈനന്ദിനജീവിതം കൊണ്ടും ദർശനാവിഷ്കാരംകൊണ്ടും സ്ഥാപനങ്ങളിലൂടെയും നിരന്തരമായി ചെയ്തുകൊണ്ടിരുന്നത്. ഇതെല്ലാം നാരായണഗുരുവിൻെറ സച്ഛിഷ്യൻ എന്ന നിലയിൽ അദ്ദേഹത്തിനു കരണീയമായ ചുമതലകളായി ഗുരു എണ്ണിയിരുന്നു. നാരായണഗുരു ദർശനം ചെയ്തിരുന്ന ലോകത്തിൻെറ വിവിധ തലങ്ങളിലുള്ള ഐക്യത നടരാജഗുരുവും അദ്ദേഹത്തിൻെറ ജീവിതകാലത്തു് എടുത്തുകാട്ടിയിരുന്നു—അറിവിൽ, കാഴ്ചപ്പാടിൽ, സാഹോദര്യത്തിൽ, സാമ്പത്തികതയിൽ, സാമൂഹികതയിൽ, ശാസ്ത്രത്തിൽ, സാഹിത്യത്തിൽ, സൗന്ദര്യത്തിൽ. ഇതിനെല്ലാം പ്രാമാണികമായ ഓരോ കരടുപത്രിക ഉണ്ടാക്കണമെന്നു കരുതി അദ്ദേഹം മാനിഫെസ്റ്റോ ഫോർ ഒൺ വേൾഡ് ഗവൺമെൻറ്, ടുവേഡ്സ് ഏ ഒൺ വേൾഡ് എക്കണോമിക്സ്, വേൾഡ് എഡ്യൂക്കേഷൻ മാനിഫെസ്റ്റോ. ഡയലക്ററിക്കൽ മെഥൊഡോളജി, വിസ്ഡംസ് ഫ്രെയിം ഓഫ് റഫറൻസ്, ഫിലോസഫി ഓഫ് എ ഗുരു, വേദാന്ത റീവാല്യൂഡ് ആൻഡ് റീസ്റ്റോറഡ്, എ സ്കീം ഫോർ യൂണിഫൈഡ് തിങ്കിങ്, സൗന്ദര്യലഹരി, സേർച്ച് ഫോർ എ നോം ഇൻ വെസ്റ്റേൺ തോട്ട് എന്നീ പുസ്തകങ്ങൾ എഴുതുമ്പോൾത്തന്നെ ഇതിനെല്ലാം ആധാരമായിരിക്കേണ്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തായ നാല്ച് ബൃഹദ്ഗ്രന്ഥങ്ങൾകൂടി രചിക്കുകയുണ്ടായി. വ്യാസൻെറ ഭഗവദ്ഗീതയ്ക്കു ഗുരു എഴുതിയ സമൃക്കായ ഭാഷ്യം, നാരായണഗുരുവിൻെറ ജീവചരിത്രവും ആത്മോപദേശശതകത്തിൻെറ വ്യാഖ്യാനവും ഉൾപ്പെടുന്ന 'ദ ലൈഫ് ആൻഡ് ടീച്ചിങ്സ് ഓഫ് നാരായണഗുരു', നാരായണഗുരുവിൻെറ പദ്യകൃതികൾക്ക് ഇംഗ്ലീഷിലുള്ള വിവർത്തനത്തിൻെറ സമാഹാരം, മൂന്നു വാല്യത്തിലെഴുതിയ 'ആൻ ഇൻറഗ്രേററഡ് സയൻസ് ഓഫ് ദ ആബ്സല്യൂട്ട്' ഈ കൃതികൾ, കാണിച്ചുതരുന്ന വഴിയിൽക്കൂടി നടരാജഗുരു എങ്ങനെ ജീവിച്ചു എന്നു പരിചയിപ്പിച്ചുകൊടുക്കുന്ന 'ദ ആട്ടോബയോഗ്രഫി ഓഫ് ആൻ ആബ്സല്യൂട്ടിസ്റ്റ്' എന്നീ കൃതികളാണ് ഇപ്പോൾ പുസ്തകരൂപത്തിൽ കിട്ടുന്നതു്. പിന്നീട് അദ്ദേഹം എഴുതിയ ഒട്ടനേകം ലേഖനങ്ങൾ മുനി നാരായണ പ്രസാദ് തന്നെ വിവർത്തനം ചെയ്തു പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ട്.

ഏകലോകം അറിവിലാണ് ആദ്യം ഉണ്ടാകേണ്ടതു്. അറിവു നൽകുന്നതു് ഏകലോകദർശനമാണ്. ആ ദർശനത്തിൽ രണ്ടു ലക്ഷ്യങ്ങളുണ്ട്. ഒന്ന് ആത്മസാക്ഷാത്കാരം പ്രാപിക്കുക, വേറെയൊന്ന് ലോകപൗരനായി ജീവിക്കുക. ഇതിലേക്കുള്ള രാജപാതയായിട്ടാണ് വേൾഡ് എഡ്യൂക്കേഷൻ മാനിഫെസ്റ്റോ എഴുതിയിട്ടുള്ളതു്. 'വിദ്യാഭ്യാസം ഒരു മാർഗ്ഗരേഖ' വർക്കല നാരായണഗുരുകുലത്തിൽ നിന്നും ഗുരുകുല പബ്ലിഷിംഗ് ഹൗസ് പ്രകാശിപ്പിക്കുന്നതിൽ ഞാൻ അത്യന്തം സന്തുഷ്ടനാണ്. ഈ ഗ്രന്ഥത്തിനും വിവർത്തകനും സർവമംഗളങ്ങളും നേർന്നുകൊള്ളുന്നു.

ഫേൺഹിൽ
17-9-93

നിത്യചൈതന്യയതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളടക്കം

ഉപോദ്ഘാതം 1

ഭാഗം-1, ഖണ്ഡം-1

പൊതുതത്ത്വങ്ങൾ 6

1 പുതിയൊരു മാർഗ്ഗരേഖ എന്തിനു്? 6
2 വൈരുദ്ധ്യം പ്രശ്നത്തിന്റെ കാതലിൽത്തന്നെ 10
3 ആധുനിക സംരംഭങ്ങൾ 14
4 പിതാവിൽ അവിശ്വാസം 17
5 റൂസ്സോയ്ക്കു ശേഷം 18
6 പൊതു വിദ്യാഭ്യാസം വ്യക്തിഗതമല്ല 20
7 ജനീവാ പ്രഖ്യാപനം 21
8 റൂസ്സോ വെറുമൊരു ആധുനികചിന്തകൻ എന്നതിനുപരി 22
9 റൂസ്സോയുടെ യോഗശാസ്ത്രശൈലി 24
10 റൂസ്സോ ഇൻസ്റ്റിററ്യൂട്ട് 24
11 കിഴക്കൻ കാററ് 25
12 റൂസ്സോയുടെ പ്രകൃതിസങ്കല്പം 27
13 റൂസ്സോയും സാമൂഹിക വിദ്യാഭ്യാസവും 28
14 റൂസ്സോയുടെ നിവർത്തന വിദ്യാഭ്യാസം 30
15 ഭാരതീയ സങ്കല്പങ്ങളുടെ മാറെറാലി 32
16 റൂസ്സോയും ഗുരുകുല വിദ്യാഭ്യാസവും 37
17 വിദ്യാർത്ഥിയെ അറിയുക 37

ഭാഗം-1, ഖണ്ഡം-2

1 വ്യക്തിഭാവം എന്ന കേന്ദ്രതത്ത്വം 40
2 സൂക്ഷ്മമെങ്കിലും വാസ്തവികം 41
3 അന്തർദർശനപരമായ സമീപനം 42
4 വ്യക്തിസത്തയുടെ പല തലങ്ങൾ 44
5 വ്യക്തിഭാവത്തിന്റെ രൂപാത്മക ചിത്രീകരണം 45
6 വ്യക്തിഭാവം ജീവിക്കുമ്പോൾ 45
7 രണ്ടു് അക്ഷങ്ങളും അവയുടെ സന്ധിസ്ഥാനവും 47
8 വ്യക്തിഭാവം ജീവിക്കുന്ന ഒരു സത്ത 50
9 ഹൃദയസ്പന്ദനം ഒരു മാതൃകയെന്ന നിലയിൽ 51
10 വ്യക്തിഭാവത്തിന്റെ സ്വരൂപസംരചന 53
11 ചിന്ത നടക്കുന്നതിന്റെ സംരചന 59

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 ഒരു വിശ്ലേഷണ-സംശ്ലേഷണ പരിശോധന 60
13 അറിവിൻെറ അന്തഃസംരചന. 61
ഭാഗം-2 ഖണ്ഡം-1 66
വിദ്യഭ്യാസത്തിൻെറ ഉള്ളം: 71
1 ഇന്ദ്രിയസംവേദനം മുതൽ ഉന്നതമൂല്യം വരെ 71
2 രണ്ടു മൂല്യതലങ്ങൾ 74
3 ലക്ഷ്യത്തിലെ വൈപരീത്യവും സമന്വയവും 76
4 ധ്രുവാഭിമുഖത്വനിയമം 77
5 വിദ്യാഭ്യാസം ഒരു സമീകരണധാര 78
6 ഭാവാത്മക വിദ്യാഭ്യാസത്തിൻെറ അന്തഃസത്ത 80
7 അദ്ധ്യാപകൻ മേൽനോട്ടക്കാരൻ മാത്രം 82
8 അദ്ധ്യേതാവിനെ പഠിപ്പിച്ചെടുക്കാനുള്ള സധ്യതയെ സംശയിക്കരുത് 84
9 യോഗാത്മകത, ദൈനന്ദിന അദ്ധ്യാപനത്തിൽ 85
ഭാഗം-2 ഖണ്ഡം-2
വ്യക്തിഭാവം: അതിൻെറ അകപ്പൊരുൾ: 92
1 ദ്വൈതനിരാകരണം 95
2 സർവ്വസാമാന്യമായൊരു ചിന്താപദ്ധതിവേണം 97
3 പ്രതീക്ഷ കൈവെടിയേണ്ടതില്ല 102
4 അറിവിനുള്ളിൽ കുടിയിരിക്കുന്ന വൈപരീത്യം 104
5 അന്തിമമായ ദ്വൈത നിരാകരണം 106
6 യോഗബുദ്ധി ന്യായബുദ്ധിയെക്കാൾ മഹത്തരം 107
7 വിദ്യാഭ്യാസം സമഗ്രമനുഷ്യനുവേണ്ടി 109
8 നാലുബോധതലങ്ങൾ. 111
9 ഗുരു ശിഷ്യബന്ധം. 113
10 നാലുഘട്ടങ്ങൾ, നാലു രീതികൾ 114
11 നിവൃത്തിമാർഗ്ഗം വിദ്യാഭ്യാസത്തിൽ 119
12 പ്രകൃത്യനുരൂപ വിദ്യാഭ്യാസം 121
13 വ്യവഹാരോചിത വിദ്യാഭ്യാസം 124
14 ആദർശാത്മകമായ അന്തിമഘട്ടം 127
15 ലിംഗഭേദം വിദ്യാഭ്യാസകാര്യത്തിൽ 132
16 വിദ്യാലയങ്ങളും നാലുതരം 137
17 സ്വഭാവഭേദങ്ങൾ 139
18 ലഭ്യമായ അവസരങ്ങളും തയ്യാറാക്കിവച്ചിരിക്കുന്ന പ്രവർത്തന മേഖലകളും 146
19 രാജപാതയും നാട്ടുവഴികളും 150
20 ഉപസംഹാരം 152

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപോദ്ഘാതം

മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾക്ക് എണ്ണമില്ല. അവയിൽ ഒട്ടുമിക്കതും വ്യക്തിപരമാണ്. എന്നാൽ മനുഷ്യരാശി ഒന്നാകെ നേരിടുന്ന പ്രശ്നങ്ങളും ധാരാളമുണ്ട്. ''യുദ്ധത്തിന്റെ തുടക്കം മനുഷ്യമനസ്സിലാണ്'' എന്നത് ഇപ്പോൾ സർവ്വസമ്മതിയുള്ള ഒരാശയമായിത്തീർന്നിട്ടുണ്ടല്ലോ. ആധുനികരീതിയിലുള്ള യുദ്ധം മനുഷ്യരാശിക്കാകവേ ഭീഷണിയാണ് എന്നുള്ളതും, അതുപോലെതന്നെ എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഈ മഹാവിപത്തിനെ ഒഴിവാക്കേണ്ടിയിരിക്കുന്നു. കുറഞ്ഞ പക്ഷം, ബുദ്ധിപൂർവ്വം അതിനെ നേരിടുകയെങ്കിലും ചെയ്യണം. ചിന്താക്കുഴപ്പങ്ങൾക്കൊന്നും അവിടെ അവസരമുണ്ടാകാൻ പാടില്ല. അതിന് ഒരു വഴിയേയുള്ളു. സഹോദരമനുഷ്യനെ ഉള്ളുതുറന്നു സ്നേഹിക്കാനുള്ള ഹൃദയവിശാലത ഉണ്ടാവണം. അതിനുള്ള അറിവുണ്ടാകണം. ആ അറിവു സാപേക്ഷമായിരിക്കരുത്; നിരപേക്ഷമായിരിക്കണം.

മനുഷ്യന്റെ ഉത്കൃഷ്ടതയ്ക്കു ചേരുന്നതല്ല അണുബോംബ് എന്നതിൽ ആർക്കും എതരഭിപ്രായമുണ്ടാവുകയില്ലല്ലോ. ജീവരാശിയുടെ ഭാവി സുരക്ഷിതമായിരിക്കുന്നതിനും അതു തടസ്സമാണ്. മനുഷ്യരാശിയെ നിരന്തരം കണ്ണുരുട്ടിക്കാണിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാവിപത്താണത്. അതിൽ നിന്നു രക്ഷനേടുന്നതിന് ഒരൊററ വഴിയേ ഉള്ളു. അറിവുകൊണ്ടു വിശാലമനസ്കതയുണ്ടാകുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം ഉണ്ടാവുക എന്നതാണ് ആ വഴി. അതു മനുഷ്യർക്കു മുഴുവൻ ഒരുപോലെ പ്രസക്തമായിരിക്കണം, സ്വീകാര്യവുമായിരിക്കണം. അതേസമയം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതു് ഓരോ വ്യക്തിയുടേയും ആയുഷ്കാലത്തെ തുടക്കം മുതൽ ഒടുക്കം വരെ കണക്കിലെടുക്കുന്നതുമായിരിക്കണം.

മനുഷ്യരാശിയെ ഒന്നാകെ രക്ഷപ്പെടുത്തുക, അവരുടെ സമാധാനവും സുഖവും ഉറപ്പു വരുത്തുക, എന്ന മഹത്കൃത്യം നിർവഹിക്കേണ്ട ഉത്തരവാദിത്വം വന്നുചേർന്നിരിക്കുന്നതു് അദ്ധ്യാപകനിലാണു്. അദ്ധ്യാപകനാകട്ടെ, അതു നിർവഹിക്കാനുള്ള ഒരേയൊരു കരുവായി അഥവാ ആയുധമായി കൈവശം കിട്ടുന്നതു വിദ്യാർത്ഥികളെയാണു്, അഥവാ കുഞ്ഞുങ്ങളെയാണു്. അതും ഇളംപ്രായത്തിലുള്ള, സ്വന്തമായ ഒരു രൂപവും കൈവന്നിട്ടില്ലാത്ത, കുഞ്ഞുങ്ങൾ. അവരുമായി അദ്ധ്യാപകൻ ഫലപ്രദമായ ഒരു പാരസ്പര്യം ഉണ്ടാക്കിയെടുക്കണം. അതു നിരന്തരം തുടരുകയും വേണം. ഈ പ്രക്രിയയാണു് 'വിദ്യാഭ്യാസം' എന്നു നാം വിളിച്ചുപോരുന്നതിലെ പൊരുൾ.

വിദ്യാഭ്യാസം എന്ന പ്രക്രിയയെ യാഥാർത്ഥ്യമാക്കിത്തീർക്കുന്ന ഇരുകോടികളാണു് അദ്ധ്യാപകനും വിദ്യാർത്ഥിയും. ഒന്നില്ലാതെ മറേറതും ഇല്ല എന്ന തരത്തിലുള്ളതാണു് അവർ തമ്മിലുള്ള പാരസ്പര്യം. ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ. കുട്ടിക്കു ലഭിക്കുന്ന വിദ്യാഭ്യാസം കുട്ടിയുടെ പ്രായത്തിനും കുട്ടി ആണാണോ പെണ്ണാണോ എന്നതിനും, വളർച്ചയുടെ ഘട്ടത്തിനും, മാനസികമായ പ്രകൃതിക്കും, ഒക്കെ ഇണങ്ങുന്നതായിരിക്കണം. അത്തരത്തിൽ അതു കുട്ടിയുടെ പ്രത്യേകവ്യക്തിത്വത്തെ തൊട്ടുണർത്തണം. ഈ പ്രക്രിയ മുന്നോട്ടു പോകുന്നതനുസരിച്ചു കുട്ടിയുടെ ഉള്ളിൽ മറഞ്ഞു കിടക്കുന്ന ജന്മസിദ്ധമായ വാസനകൾ ഉണർന്നുവന്നു്, അവയുടെ സാദ്ധ്യതകൾ പരമാവധി പ്രകടമായിത്തീരണം. അങ്ങനെയാകുമ്പോൾ മാനവകുടുംബത്തിലെ ഒരംഗമെന്നനിലയിൽ തന്റേതായ പങ്കു തൃപ്തിയോടുകൂടി നിർവഹിക്കാനുള്ള അവസരം അവനു തുറന്നുകിട്ടും. അതു മനുഷ്യരാശിയുടെ ആകെ നന്മയ്ക്കും ഉൽകർഷത്തിനും അവൻ നല്കുന്ന സംഭാവനയായിരിക്കും.

വിദ്യാഭ്യാസത്തിന്റെ അന്തിമലക്ഷ്യത്തെപ്പററി പലതരത്തിൽ പറയാം: ഭൂമിയിൽ സമാധാനവും മനുഷ്യനു സന്മനോഭാവവുമുണ്ടാകുക. മതത്തിന്റെ വശത്തേയ്ക്കു് അല്പം ചാഞ്ഞുനിന്നുകൊണ്ടു പറഞ്ഞാൽ, പൂർണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുകയും തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയും ചെയ്യുന്ന മനോഭാവം മനുഷ്യനു് ഉണ്ടാവുക. എല്ലാവക്കും ദൈനന്ദിനാവശ്യം നിറവേററാനുള്ള അവസരം സുലഭമായിരിക്കുന്ന ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന രാഷ്ട്രീയാദർശവുമാകാം. ഈ ലക്ഷ്യംതന്നെ, ലോകപൗരത്വം യാഥാർത്ഥ്യമായിത്തീരുന്ന ഏകലോകം എന്ന സ്വപ്നം സാക്ഷാത്കൃതമായിത്തീരുന്ന നല്ല നാളെ ആകാം. ആശയവാദികൾ പറയുന്നമാതിരി മനുഷ്യന്റെ അധികാരവാഞ്ഛ സഫലമായിത്തീരുക എന്നതുപോലും ആകാം. എങ്ങനെയൊക്കെ പറഞ്ഞാലും, വിദ്യാഭ്യാസം എന്നതിനു സാർവത്രികവും മാനുഷികവുമായ ഒരടിസ്ഥാനലക്ഷ്യമുണ്ടു് എന്നതാണു വാസ്തവം. അതു് എന്നും എവിടെയും ഒന്നു തന്നെയാണു്. നല്ല ഒരു ജീവിതം നയിക്കാൻ മനുഷ്യനെ തയ്യാറെടുപ്പിക്കുക എന്നതു തന്നെയാണു് ആ ലക്ഷ്യം. ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ ചിന്തിക്കുന്നതും ആ ലക്ഷ്യം വച്ചുകൊണ്ടാണു്.

പാരസ്പര്യം

കുട്ടിയുടെ വ്യക്തിത്വം സ്വാഭാവികമായ തരത്തിൽ വികസിച്ചുവരുന്നതിനു സഹായിക്കുന്നതിൽ അദ്ധ്യാപകൻ ഇടപെടുകയാണു് വിദ്യാഭ്യാസത്തിൽ ചെയ്യുന്നതു്. ഇതു വിജയകരമാകണമെന്നുണ്ടെങ്കിൽ കുട്ടിയും അദ്ധ്യാപകനും തമ്മിൽ അകമേയുള്ള ഒരു ബന്ധം ഉണ്ടാകേണ്ടതുണ്ടു്. ഈ ബന്ധം ശാസ്ത്രദൃഷ്ട്യാ ഊനമററതായിരിക്കുകയും വേണം. അപ്പോഴാണു മനസ്സിലാകുന്നതു്, രണ്ടുകൂട്ടരുടേയും വ്യക്തിത്വാംശങ്ങളും രണ്ടുപേർ തമ്മിലുണ്ടാകുന്ന പാരസ്പര്യത്തിൽ അന്തർഭവിച്ചിട്ടുള്ള അടിസ്ഥാനതത്ത്വങ്ങളും സംബന്ധിച്ചുള്ള വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതു് ഇക്കാര്യത്തിൽ പരമപ്രധാനമാണു് എന്നു്.

വിദ്യാഭ്യാസം പ്രാവർത്തികമായിത്തീരുന്ന സന്ദർഭത്തിൽ കുട്ടിയുടെ ഇതരധ്രുവമായി നില്ക്കുന്നതു് അദ്ധ്യാപകൻ എന്ന വ്യക്തിയാണു്. കുട്ടിയുടെ വികാസത്തിനു് ആവശ്യമില്ലാത്തവയെ അവന്റെ മുന്നിൽനിന്നൊഴിവാക്കുക, ആവശ്യമായ ഘടകങ്ങൾ തെരഞ്ഞെടുത്തവതരിപ്പിക്കുക, അവയെത്തന്നെ തരാതരമാക്കി വേണ്ടതു വേണ്ട സന്ദർഭത്തിൽ അവതരിപ്പിക്കുക, എന്നീ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതു് അവിടെ അദ്ധ്യാപകന്റെ കർത്തവ്യമാണു്. കുട്ടിയും അദ്ധ്യാപകനും തമ്മിലുള്ള പാരസ്പര്യത്തെ ഒരു തരത്തിലും ബാധിയ്ക്കാതെയായിരിക്കണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതൊക്കെ നിർവഹിക്കേണ്ടതു്. ഈ പ്രക്രിയ ഒരു തടസ്സവും കൂടാതെ വർഷങ്ങളോളം തുടരണം. അതിലെ സ്വരച്ചേർച്ചയിൽ നിന്നാണു് കാര്യമായ സത്ഫലങ്ങൾ കുട്ടിയിൽ ഉണ്ടാകേണ്ടതു്. ഈ പ്രക്രിയക്കിടയിൽ അവിചാരിതമായി പല സാഹചര്യങ്ങളും വന്നുപെട്ടേക്കാം. അവയെ സന്ദർഭോചിതം നേരിടാനും വേണ്ട മാററങ്ങൾ വരുത്തുവാനും അദ്ധ്യാപകൻ തയ്യാറായിരിക്കണം. കുട്ടിയുടെ പ്രകൃതത്തിനൊത്തു പല പുതിയ താല്പര്യങ്ങളുടെയും, പ്രവർത്തനങ്ങളുടെയും മേഖലകളിലേക്കു കടന്നുചെല്ലാനും, സന്ദർഭത്തിനൊത്തു പുതിയ ഉപായങ്ങൾ കൈക്കൊള്ളാനും, അഭിലഷണീയമെന്നു തോന്നുന്ന സ്വാഭാവികമായ രംഗങ്ങളിലേക്കു കുട്ടിയുടെ ബുദ്ധിപരമായ താല്പര്യത്തെ ഉണർത്തിവിടാനും അദ്ധ്യാപകൻ ജാഗരൂകനായിരിക്കണം.

വ്യക്തിപരമായ പാരസ്പര്യവും ലോകസമാധാനവും

മറെറാരു തരത്തിൽ പറഞ്ഞാൽ, അദ്ധ്യാപകനെയും വിദ്യാർത്ഥിയേയും കണക്കാക്കേണ്ടതു വിദ്യാഭ്യാസം എന്ന സന്ദർഭത്തിലെ ഇരുധ്രുവങ്ങൾ എന്ന തരത്തിലാണു്. രണ്ടുപേർക്കും അതിലുള്ള സ്ഥാനം തുല്യമാണു്. അതിനാൽ ഒരു ശാസ്ത്രവിഷയമെന്ന നിലയിൽ വിദ്യാഭ്യാസത്തെ കാണേണ്ടതു സർഗ്ഗാത്മകമായ ഒന്നായിട്ടായിരിക്കണമെന്നു മാത്രമല്ല, യോഗാത്മകമായിട്ടുകൂടി വേണം. അതായതു്, വേർപിരിച്ചു വെയ്ക്കാനാവാത്ത രണ്ടു ഘടകങ്ങൾ ഒന്നിച്ചിരിക്കുന്ന സന്ദർഭമായിട്ടു്. നിലവിലുള്ള സമീപനരീതി ശാസ്ത്രീയമാണെന്നു് അവകാശപ്പെടാറുണ്ടെങ്കിലും അതുവെറും യാന്ത്രികമാണെന്നു പറയാതെ നിവൃത്തിയില്ല. അതിൽ ഉണ്ടെന്നു പറയാവുന്ന ശാസ്ത്രീയത പലതരം യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലും പരീക്ഷണങ്ങളും അളന്നു കുറിക്കലുകളും നടത്തുന്നതിലും ഒക്കെ ഒതുങ്ങി നില്ക്കുന്നു. അതുകാരണം അതിലെ കണ്ടെത്തലുകളെല്ലാം വ്യക്തിപരമായ ഒരംശത്തിനും സ്ഥാനമില്ലാത്ത തരത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിലും സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കുന്നതിലും ചെന്നവസാനിച്ചിരിക്കുകയാണു്. വിദ്യാഭ്യാസപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തമ്മിലുള്ള പാരസ്പര്യത്തിനു് ഒരു സ്ഥാനവും ആ പഠനങ്ങളിൽ നല്കുന്നുമില്ല. വിദ്യാഭ്യാസവിചക്ഷണന്മാർ വ്യക്തിഗതമായ പാരസ്പര്യത്തിന്റെ അംശത്തെ കരുതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂട്ടി ഒഴിവാക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അഥവാ ഒഴിവാക്കാതെയിരിക്കുന്ന സന്ദർഭങ്ങളിൽപോലും, ഏതോ കുററം ചെയ്യുന്ന ഭാവത്തിൽ പാത്തും പതുങ്ങിയും, ഒരു ഖണ്ഡിക അതിൻെറ ഒരു മൂലയിൽ എഴുതിച്ചേർത്തെന്നു വരും. ഇക്കാരണങ്ങളാൽ, സർഗ്ഗാത്മകമായ പ്രത്യുല്പാദനക്ഷമത വിദ്യാഭ്യാസത്തിനു നഷ്ടപ്പെട്ടിരിക്കുകയാണ്. മാത്രമല്ല, വിദ്യാഭ്യാസ പദ്ധതികളിൽ സാധാരണ മാനുഷികമൂല്യങ്ങൾക്കു സ്ഥാനമില്ലാതെയുമായി. ഉന്നതമൂല്യങ്ങളുടെ കാര്യം പറയുകയും വേണ്ട.

വ്യക്തിത്വത്തിനുള്ള മൂല്യത്തെ ഉയർത്തിയെടുക്കുന്നതിനു സഹായിക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനുവേണ്ടി വാദിക്കാനാണ് ഈ മാർഗ്ഗരേഖ ശ്രമിക്കുന്നത്. ഇതു ശാസ്ത്രീയമായിരിക്കണമെന്നും, സർഗ്ഗാത്മകമായിരിക്കണമെന്നും, തുറന്ന മനസ്സോടുകൂടിയതായിരിക്കണമെന്നും ഞങ്ങൾക്കു നിർബന്ധമുണ്ട്. അതുപോലെ തന്നെ, ഇടുങ്ങിയ വീക്ഷണങ്ങൾക്കും നിർജീവമായ സങ്കല്പങ്ങൾക്കും സ്വമതാഭിനിവേശങ്ങൾക്കും സ്ഥാനമുണ്ടായിരിക്കയുമരുത്. പ്രാദേശികമായ പാരമ്പര്യരീതികൾക്കും കീഴ്‌വഴക്കങ്ങൾക്കും ഇതിൽ സ്ഥാനം നൽകിയിട്ടില്ല. അതുപോലെതന്നെ നിക്ഷിപ്തതാല്പര്യങ്ങൾ വച്ചുപുലർത്തുന്ന ഇടുങ്ങിയ മനസ്ഥിതിയോടുകൂടിയ പ്രത്യേകസമ്പ്രദായങ്ങളെയും ഇവിടെ മാനിക്കുന്നില്ല. വർഗ്ഗരഹിതവും ജാതിമതരഹിതവുമായ ഒരു മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടിയാണ് അന്തിമലക്ഷ്യമായി ഇതിൽ വിഭാവനം ചെയ്യുന്നത്. പരമ്പരാഗതമായ ആശയങ്ങളുടെയോ ആദർശങ്ങളുടെയോ പേരിൽ ഉണ്ടാകാവുന്ന യാതൊരു അതിർവരമ്പുകൾക്കും വേലിക്കെട്ടുകൾക്കും ഇതിൽ സ്ഥാനമുണ്ടായിരിക്കുകയില്ല. അത്തരം ആശയാദർശങ്ങൾ എത്രയോ മഹത്തരമായിക്കൊള്ളട്ടെ. എല്ലാററിനുമുപരി, ഈ മാർഗ്ഗരേഖയുടെ മുഖ്യവിഷയവും സമീപനരീതിയും ഒരു വ്യവസ്ഥയോടുകൂടി വികസിപ്പിച്ചെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും നിയാമകമായി ഒരു കേന്ദ്രതത്ത്വം ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. അതു വിദ്യാഭ്യാസം എന്ന സചേതനമായ സന്ദർഭത്തിൽ അന്തർഭവിച്ചിട്ടുള്ള വ്യക്‌തിഗതമായ അംശവും, അതിലെ സർഗ്ഗാത്മകമായ പാരസ്പര്യവുമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗം-ഒന്ന്

ഖണ്ഡം 1

പൊതുതത്ത്വങ്ങൾ

1. പുതിയൊരു മാർഗരേഖ എന്തിന്?

വിദ്യാഭ്യാസരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന, യുനെസ്കോമാതിരിയുള്ള ലോകസംഘടനകൾ ഉള്ളപ്പോൾ ഇമ്മാതിരി പുതിയൊരു മാർഗ്ഗരേഖ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെന്ത് എന്നു ന്യായമായും ചോദിക്കാവുന്നതാണ്. അതിനുള്ള കാരണങ്ങൾ പറയാം:

ഒന്ന്

യുനെസ്കോയുടെ എല്ലാ പരിപാടികളും നിലവിലുള്ള രാഷ്ട്രങ്ങളുടെ പരമാധികാരത്തെ അംഗീകരിച്ചുകൊണ്ട് അതിനു വിധേയമായി മാത്രം ഉണ്ടാക്കിയിട്ടുള്ളതാണ്. ഓരോ പരമാധികാരരാഷ്ട്രത്തിനുമുണ്ട് അതിന്റേതായ സാംസ്കാരികപശ്ചാത്തലവും ഇടുങ്ങിയ സാംസ്കാരികവീക്ഷണങ്ങളും. ഓരോ രാജ്യവും അതിലെ പൗരനു കല്പിച്ചിട്ടുള്ള മൂല്യം ഓരോ തരത്തിലുള്ളതാണ്. ഇതൊന്നുംതന്നെ തനിയായ മാനുഷികതയെ ഉള്ളിൽ കണ്ടുകൊണ്ടു രൂപംനല്കിയിട്ടുള്ളതല്ല. അംഗരാഷ്ട്രങ്ങളുടെയെല്ലാം താല്പര്യങ്ങളെ മാനിക്കാൻ യുനസ്കോ ബാദ്ധ്യസ്ഥമാണ്. അതിനാൽ ആ സംഘടനയ്ക്കു മാനിക്കാൻ ബാദ്ധ്യതയില്ലാതെ പോകുന്നത്, സ്വന്തം അസ്തിത്വത്തിനോടുതന്നെ സ്വതന്ത്രമായി കൂറുപുലർത്തുന്ന കാര്യത്തിലാണ്. ഏറിയാൽ അതിനു ചെയ്യാൻ സാധിക്കുന്നത്, നാനാരാജ്യങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക, വിവരങ്ങൾ അന്യോന്യം കൈമാറുന്നതിനുള്ള പൊതുവേദിയായി പ്രവർത്തിക്കുക, സാക്ഷരത വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ മാത്രമാണ്. സാക്ഷരത വർദ്ധിപ്പിക്കുന്നതിനെയാണ മൗലികവിദ്യാഭ്യാസപരിപാടിയായി ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഘടന കണക്കാക്കിപ്പോരുന്നതു് (Fundamental Education Programme). വ്യക്തമായി ഒന്നും സൂചിപ്പിക്കാത്ത ഈ നല്ല പേരുകൊണ്ടു് അർത്ഥമാക്കുന്നതിനെയാണു് ''സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടിയുള്ള വിദ്യാഭ്യാസരംഗത്തെ ആയുധം'' എന്നു യുനെസ്കോ ഒരു പ്രസിദ്ധീകരണത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതു്.[1]

ഈ സംഘടനയുടെ മുഖ്യമായ പ്രവർത്തനപരിപാടി സാമൂഹികവികസനപദ്ധതികൾ തയ്യാറാക്കുകയും ഗ്രാമപ്രദേശങ്ങളിൽ നേതൃത്വം വഹിക്കുന്നവർക്കു പരിശീലനം നല്കുകയുമാണു്. തേനീച്ചക്കൂട്ടിനുള്ളിലെന്നപോലെ സദാ പ്രവർത്തനനിരതമാണു് അതിന്റെ സെക്രട്ടറിയേററ്. എന്നാൽ അവിടെ നടക്കുന്നതോ, വിദ്യാഭ്യാസപരമായ സ്ഥിതിവിവരക്കണക്കുകൾ അന്തർദേശീയാടിസ്ഥാനത്തിൽ ശേഖരിക്കുകയും അവ ചേർത്തുവച്ച് കണക്കുകൾ തയ്യാറാക്കുകയും മാത്രമാണു്. ചെറുതും വലുതുമായ അംഗരാജ്യങ്ങൾ അയയ്ക്കുന്ന ശുഷ്കമായ കണക്കുകളാണു് ഇതിനൊക്കെ ആധാരം. ഇങ്ങനെയുള്ള കണക്കെടുപ്പുകളെ 'പൈലററ് പ്രോജക്ററുകൾ' എന്നാണു വിളിച്ചുപോരുന്നതു്. ഈ കണക്കെടുപ്പുകളുടെ ഫലമായി ഉണ്ടാകുന്ന റിപ്പോർട്ടുകളിൽ ഒരൊററ മനുഷ്യനെയെങ്കിലും നല്ല മനുഷ്യനാക്കാൻ ഉതകുന്ന വ്യക്തിഗതമോ മാനുഷികമോ ആയ മൂല്യങ്ങൾക്കു പറയത്തക്ക എന്തെങ്കിലും സ്ഥാനം കണ്ടെത്താനാവാത്തതിൽ അത്ഭുതത്തിനവകാശമില്ല. സാംസ്കാരികപ്രാധാന്യമുള്ള ചില പുസ്തകങ്ങൾ ഈ സംഘടന പ്രസിദ്ധീകരിച്ചിട്ടുണ്ടു് എന്നതു നേരു തന്നെ. കോളജ് നിലവാരത്തിലുള്ള വാദപ്രതിവാദ സഭകൾ സംഘടിപ്പിച്ചു് അന്തർദേശീയധാരണ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ടു്. അന്തർദേശീയസ്വഭാവമുള്ള സുഹൃത്സമ്മേളനങ്ങളും സംഘടനയുടെ പരിപാടിയുടെ ഭാഗമാണു്. പിന്നെ നടക്കുന്ന കാര്യങ്ങൾ, സ്റ്റെനോഗ്രാഫി, ടൈപ്പ്ചെയ്യൽ, റിപ്പോർട്ടുകൾ തർജ്ജമചെയ്യൽ, വിവരങ്ങൾ ശേഖരിച്ചു കൂട്ടിച്ചേർക്കൽ, ലോകവ്യാപകമായി വിവരങ്ങൾ കൈമാറൽ, ലോകത്തിന്റെ ഏതെങ്കിലും ഒഴിഞ്ഞ കോണുകളിൽ ....

1. The educational arm of social and ecconomic development. *Educational Abstracts*, Sept. 1956, Vol. VIII, No. 7, P. 2,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നടക്കുന്ന കോൺഫറൻസുകളിൽ പങ്കെടുക്കാനായി ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന യാത്രകൾ ഇതൊക്കെയാണ്. ആകെക്കൂടി പറഞ്ഞാൽ, ഈ സംഘടന ചെലവിടുന്ന കോടിക്കണക്കിനു ഡോളർ, ആക്കം ഒരു താല്പര്യവുമില്ലാത്ത പഠനങ്ങൾ നടത്തുന്നതിന്റെ മണൽക്കാട്ടിൽ വീണു വാറിപ്പോവുകയാണു ചെയ്യുന്നതു് എന്നു കാണാൻ പ്രയാസമില്ല

'ലീഗ് ഓഫ് നേഷൻസിന്റെ കാലത്താരംഭിച്ച 'ഇൻറർനാഷണൽ ബ്യൂറോ ഓഫ് എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ നല്ലൊരു പങ്ക് 'യുനെസ്കോ' യിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാലും പാരീസിൽ അതിന്റെ പ്രവർത്തനം ഇപ്പോഴും നടക്കുന്നുണ്ട്; എന്നു മാത്രമല്ല, വലിയ കാര്യങ്ങളാണ് അവിടെ നടക്കുന്നതെന്ന ധാരണ ഉണ്ടായിട്ടുമുണ്ട്. അതിന്റെ പ്രവർത്തനം കാര്യക്ഷമവും വളരെ ചിട്ടയുള്ളതുമാണുതാനും. ബാഹ്യമായി ഉണ്ടായിട്ടുള്ള ഈ വിപുലമായ ഏർപ്പാടുകളുടെയെല്ലാം പ്രയോജനം അനുഭവിക്കേണ്ടതു് വളന്നുവരേണ്ട കുട്ടിയാണല്ലോ. ഒരു വ്യക്തിയെന്ന നിലയിൽ ആ കുട്ടിയെ കണ്ടുകൊണ്ട്, അവനിൽ ഈ പ്രവർത്തനങ്ങളുടെ സ്വാധീനവും പ്രയോജനവും എങ്ങനെ എത്തിച്ചുകൊടുക്കാൻ സാധിക്കും എന്നതു് ഉത്തരമില്ലാത്ത ഒരു ചോദ്യമായി ഇന്നും അവശേഷിക്കുന്നു. വിദ്യാർത്ഥിയെന്ന വ്യക്തിയെ, ഈ സംഘടനകൾ നടത്തുന്ന പഠനങ്ങൾ കണക്കിലെടുക്കുന്നതേയില്ല. അതിനാൽ നല്ല മനുഷ്യനെ, കുറഞ്ഞ പക്ഷം നല്ല പൗരനെയെങ്കിലും, വാർത്തെടുക്കുന്നതിനു് ഈ പ്രവർത്തനങ്ങൾ എങ്ങനെ ഉപകരിക്കും എന്നതിനു് ഉത്തരമില്ലാതായിത്തീന്നിരിക്കുന്നു. ഇതാണ് ഈ മാഗ്നരേഖ ആവശ്യമായിത്തീന്നിരിക്കുന്നതിന്റെ ഒന്നാമത്തെ കാരണം.

രണ്ട്

രണ്ടാമത്തെ കാരണം, കാര്യക്ഷമമായ ഒരു ലോകസംഘടന എന്ന നിലയിൽ നിർവ്വഹിക്കാനുള്ള പങ്കിനെ ദുർബലപ്പെടുത്താൻ മാത്രമല്ല, അപകടപ്പെടുത്താൻ പോലുമുള്ള സാദ്ധ്യത യുനെസ്കോയിൽ അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതാണ്. തമ്മിൽ ശത്രുത വച്ചുപുലർത്തുന്ന ദേശീയതയേയും പൗരത്വത്തേയും അതിനു സമ്മതിച്ചുകൊടുക്കേണ്ടിവന്നിരിക്കുന്നു എന്നതാണ് അതിനു പ്രധാന കാരണം. ഐക്യരാഷ്ട്രസംഘടനയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു ഘടകസംഘടനയാണല്ലോ യുനെസ്കോ. ഈ ഐക്യരാഷ്ട്രസംഘടനക്കുപോലും സ്വന്തം കൊടി ഉയർത്തുന്നതോടൊപ്പം പരമാധികാരമുള്ള വേറേ വേറേ രാജ്യങ്ങളുടെ കൊടികൾകൂടി ഉയർത്തേണ്ട ഗതികേടുണ്ട്. പ്രതീകാത്മകമായ ഇത്തരം പടങ്ങൾക്ക് അവയുടേതായ വിദ്യാഭ്യാസമൂല്യം പരോക്ഷമായിട്ടെങ്കിലും ഉണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാലും ഐക്യരാഷ്ട്രസംഘടനയുടെ സ്ഥിതി സ്വന്തമായൊരു ശക്തിയില്ലാത്തതും, വായ്ത്തലയ്ക്കു മൂർച്ചയില്ലാത്തതും വെറും ആപേക്ഷികവുമാണ്. ഈ ദോഷം ഒരുതരത്തിലും ഒഴിവാക്കാനാവുന്നതല്ല. അതിന്റെ ഒരു ഘടകം മാത്രമായ യുനെസ്കോയുടെ സ്ഥിതി അപ്പോൾ എത്ര പരിതാപകരമാണ്! നല്ല പ്രദർശനങ്ങളും അസംബ്ലികളും സംഘടിപ്പിക്കുക എന്നതിൽക്കവിഞ്ഞ് ഈ സംഘടനക്കു കാര്യമായി ഒന്നും ചെയ്യാനുള്ള അധികാരമില്ല. വിരുദ്ധ ശാക്തികച്ചേരിയിലുള്ളവർക്കും അവരുടെ ആശ്രിതർക്കും അന്യോന്യം ചെളിവാരിയെറിയാൻ ഒരവസരം കിട്ടുന്നു എന്നതു മാത്രമാണ് ഈ അസംബ്ലികൾകൊണ്ടുള്ള പ്രയോജനം. അവയ്ക്കു നല്കുന്ന പ്രസിദ്ധിയാകട്ടെ വളരെ വലുതുമാണ്. ഈ സമ്മേളനത്തിനു വേണ്ടിയുണ്ടാക്കുന്ന സജ്ജീകരണങ്ങളോ അതിവിപുലവും. ഈ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഐകമത്യത്തോടുകൂടി കൂറുപുലർത്താനുള്ള ഒരു പൊതുതാല്പര്യം ഇല്ല എന്നുതന്നെ പറയാം. യുദ്ധക്കൊതിയന്മാർ ഒരു മേശയ്ക്കു ചുറ്റുമിരുന്നു സമാധാനകാര്യം ചർച്ചചെയ്യുകയാണല്ലോ ഈ സമ്മേളനങ്ങളിൽ ചെയ്യുന്നതു്. അപ്പോഴുണ്ടാകുന്ന ക്ഷുഭിതമായ അന്തരീക്ഷം ശീതയുദ്ധത്തിന്റെ തീയും പുകയുമായി അതിനെ വളരാൻ ഇടവരും എന്ന അപകടം എപ്പോഴും അതിനുണ്ടുതാനും.

പരാജയകാരണം

വിദ്യാഭ്യാസത്തെ മിക്കവരും കണക്കാക്കിപ്പോരാറുള്ളതു്, നല്ല പൗരന്മാരെ വാർത്തെടുക്കാൻ വേണ്ടിയുള്ളതു്. എന്താണ് രണ്ടു ശത്രുരാജ്യങ്ങളിലെ പൗരന്മാർ തമ്മിൽ ശത്രുത ഉണ്ടായിരിക്കുക പതിവാണ്. പൗരന്മാർ എന്ന നിലയിൽ അവർ തമ്മിൽ അഭിപ്രായൈക്യം ഒരിക്കലും ഉണ്ടായിരിക്കുകയുമില്ല. അത്തരം സന്ദർഭങ്ങളിൽ യുദ്ധത്തിന്റെ കാർമേഘങ്ങൾ മാനത്തുപൊങ്ങി അന്തരീക്ഷത്തെ മൂടിക്കളയാൻ നിമിഷനേരം മതി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ ആപത്തിൽനിന്നു രക്ഷപ്പെടാനുള്ള വഴി യോഗബുദ്ധിയുള്ളവർക്കു മാത്രം അറിയാവുന്ന ഒരു രഹസ്യമാണ്. താർക്കികബുദ്ധിക്കു് പ്രശ്നത്തിൻെറ തായ്‌വേരു കണ്ടെത്താൻ സാധിക്കുകയില്ല. പിഴതെറിയുന്ന കാര്യം പിന്നെ പറയേണ്ടതുമില്ലല്ലോ. യഥാർത്ഥജ്ഞാനികളുടെ കൈവശമാണ് ഈ രഹസ്യം ഉണ്ടായിരിക്കുക. അത്തരം ജ്ഞാനികൾ ഏതു കാലത്തും വിരളവുമാണ്. എന്നാൽ അങ്ങനെയുള്ളവരുടെ ശബ്ദം മേല്പറഞ്ഞതരം ഒച്ചവെയ്ക്കുന്ന അസംബ്ലികളിൽ ഒരിക്കലും നാം കേൾക്കുകയില്ല. അവിടെയൊക്കെ പ്രശ്നത്തിൻെറ കാതലല്ല, പുറന്തോടാണ് കാര്യമായി കണക്കിലെടുക്കുന്നതു്.

വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന മേല്പറഞ്ഞ ലോകസംഘടനകൾ ഇതുവരെ സ്വീകരിച്ചിട്ടുള്ള സമീപനങ്ങളുടെ നേരേ എതിർവശത്തുനിന്നുമാണ്. വിദ്യാഭ്യാസം ലോകസമാധാനത്തിനു വേണ്ടി എന്ന ലക്ഷ്യത്തെ സമീപിക്കേണ്ടതു്. ഈ സംഘടനകളുടെ ഭരണഘടന പുതുക്കിയെഴുതിയാൽ പോലും സമാധാനത്തിനുവേണ്ടി മനുഷ്യരാശിയെ തയ്യാറാക്കുക എന്ന മഹത്‌കൃത്യം ഏറ്റെടുക്കാനുള്ള ഉൾക്കരുത്തു് അവയ്ക്കുണ്ടാവുകയില്ല. അതിനു കാരണം, അവ ജന്മം കൊണ്ട സാഹചര്യത്തിൻേറയും അവയുടെ ആന്തരികസ്വഭാവത്തിൻേറയും പ്രത്യേകതകളാണ്.

2. വൈരുധ്യം പ്രശ്നത്തിൻെറ കാതലിൽത്തന്നെ

വിദ്യാഭ്യാസം എന്ന പ്രശ്നത്തിൻെറ കാതലിൽത്തന്നെ കുടികൊള്ളുന്ന തത്ത്വപരമായ ഒരു വൈരുദ്ധ്യം മനസ്സിലാക്കുമ്പോഴാണ് ഈ മാർഗ്ഗരേഖയുടെ ആവശ്യകതയും ന്യായീകണവും വേണ്ടത്ര വെളിപ്പെടുന്നതു്. നേതൃത്വംവഹിക്കുന്ന വിദ്യാഭ്യാസചിന്തകർ പോലും ഇക്കാര്യം ശ്രദ്ധിച്ചിട്ടുള്ളതായി കാണുന്നില്ല. അദ്ധ്യാപനത്തിൻെറ തത്ത്വവും പ്രയോഗവും ട്രെയിനിംഗ് സ്കൂളുകളിലും കോളജുകളിലും തലമുറകളായി പഠിപ്പിച്ചുപോരുന്നുണ്ട്. അവിടെയും ഇപ്പറഞ്ഞ വൈരുദ്ധ്യത്തെ ആരും കണക്കിലെടുക്കുന്നില്ല. അക്കാരണത്താൽ സർക്കാരുകളുടെ വിദ്യാഭ്യാസപരിപാടികളൊക്കെ നിർവീര്യമായിപ്പോവുകയും ചെയ്യുന്നു. ഇപ്പറഞ്ഞ താത്ത്വികമായ വൈരുദ്ധ്യം ദാർശനികമെന്നോ അന്തർദർശനപരമെന്നോ പറയാവുന്ന ഒന്നാണ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ തത്ത്വം ഇതുവരെ ആരുടെയും കണ്ണിൽപെടാതെ പോയതെന്തുകൊണ്ട്? മനുഷ്യപ്രകൃതിയിലുള്ള അടിസ്ഥാനപരമായ ഒരു വൈരുദ്ധ്യമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത് എന്നതാണ് അതിനു കാരണം. യുക്തിഹീനമായ വിദ്യാഭ്യാസചിന്തയുടെ പേരിൽ, റൂസ്സോയെ ആളുകൾ പുച്ഛിച്ചുതള്ളിക്കളയാറുണ്ട്. ഈ വിഷയത്തിൽ വളരെയധികം തെററിദ്ധരിക്കപ്പെടുകയും ആക്ഷേപിക്കപ്പെടുകയും ചെയ്തിട്ടുള്ള ആളാണ്, ആ മഹാൻ. എന്നിരുന്നാലും, ആധുനിക വിദ്യാഭ്യാസ ചിന്തയുടെ പിതാവ് എന്ന ഉന്നതപദവി ഇപ്പോഴും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ ചിന്താശൈലിപോലും ആധുനികലോകത്തിന് അപരിചിതമായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ റൂസ്സോ തന്നെ ഇന്നു ഒരു കടങ്കഥയാണ്. തന്റെ വിദ്യാഭ്യാസചിന്തകൾ അവതരിപ്പിക്കുന്നതിനുവേണ്ടിമാത്രം അദ്ദേഹം എഴുതിയ മഹദ്ഗ്രന്ഥമാണ് 'എമിൽ' (Emile) അതിൽ മേൽ സൂചിപ്പിച്ച വൈരുദ്ധ്യത്തിന്റെ ഹൃദയത്തിൽ അദ്ദേഹം കൈവെയ്ക്കുന്നുണ്ട്. ഒട്ടും മയപ്പെടുത്താതെതന്നെ അദ്ദേഹം അതു പറയുകയും ചെയ്യുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ അതു് ഇവിടെ അവതരിപ്പിക്കാം.

> "പ്രകൃതിക്ക് അനുരോധമായിരിക്കാനാണോ അതോ സാമൂഹ്യസ്ഥാപനങ്ങൾക്ക് അനുരോധമായിരിക്കാനാണോ നിർബന്ധിതരായിത്തീരുന്നതു് എന്നതനുസരിച്ച് മനുഷ്യനെയാണോ രാജ്യത്തിലെ പൗരനെയാണോ വാർത്തെടുക്കേണ്ടതു് എന്നു നമുക്കു തീരുമാനിക്കേണ്ടിവരുന്നു. രണ്ടും ഒരേ സമയം നടപ്പില്ലതാനും." (Book-I)

ദേശഭക്തിയുള്ള പൗരൻ സ്വന്തം രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്. കൊല്ലണം, അല്ലെങ്കിൽ മരിക്കണം, അതാണ് അവന്റെ ആദർശം. സോക്രട്ടീസിനെപ്പോലെയുള്ള ആദ്ധ്യാത്മികപുരുഷൻമാർക്കുപോലും ഈ അനിവാര്യതയുടെ കടുംപിടുത്തത്തിൽ നിന്നു രക്ഷപ്പെടാൻ സാധിച്ചിട്ടില്ല. ആധുനികകാലഘട്ടത്തിലാകട്ടെ, ഈ അനിവാര്യതയുടെ പിടിത്തം കൂടുതൽ മുറുകിവരുകയുമാണ്. മനസ്സാക്ഷിയുടെ പേരിൽ എതിർപ്പു പ്രകടിപ്പിക്കുന്നവരെ വെറുതെ വിടാൻ ഇടയാകുന്നതു വളരെ പ്രത്യേകമായ സാഹചര്യങ്ങളിൽ മാത്രമാണ്. സാധാരണജനങ്ങളെല്ലാം, യുദ്ധസമയത്തു് ആയുധം കൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യ്യിലെടുക്കേണ്ട ദേശഭക്തരായ പൗരന്മാരാണ്, എന്നാണ വയ്പ്. അങ്ങനെയായിത്തീരാൻ വേണ്ടിത്തന്നെയാണ്, വിദ്യാഭ്യാസ രംഗത്തും മിക്കപ്പോഴും കുട്ടികളെ തയ്യാറാക്കുന്നത്. കൂടാതെ, മതത്തോടും പരമ്പരാഗതമായ ആചാരങ്ങളോടും സങ്കല്പങ്ങളോടും ഉണ്ടാകാവുന്ന കൂറിന്റെപേരിലും, മനുഷ്യൻ മരിക്കാൻ തയ്യാറാകാറുണ്ട്. സ്വന്തം പൂർവ്വികരുടെ സ്മാരകങ്ങൾക്ക വേണ്ടിയും ദേവാലയങ്ങൾക്കുവേണ്ടിയും ആത്മാഹുതിചെയ്യാനുള്ള ആഹ്വാനങ്ങൾ നാം സാധാരണ കേൾക്കാറുണ്ടല്ലോ. ദേശഭക്തിയുടെ കാര്യത്തിൽ നെൽസണെ ഒരു നല്ല മാതൃകയായി ഇംഗ്ലണ്ടിലെ സ്കൂളുകളിൽ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കാറുണ്ട്. ഒരു ഇംഗ്ലീഷ്കപ്പൽ മുങ്ങിപ്പോകുന്നതായി കേട്ടയുടനേ, കാഴ്ചയില്ലാത്ത തന്റെ കണ്ണിൽ അദ്ദേഹം ഒരു ദൂരദർശിനി എടുത്തുപിടിപ്പിച്ചുവത്രേ. ''ഓരോരുത്തരും സ്വന്തം കർത്തവ്യം നിറവേററിയിരിക്കും എന്നാണ് ഇംഗ്ലണ്ട പ്രതീക്ഷിക്കുന്നത്.'' ഇതായിരുന്ന അദ്ദേഹത്തിന്റെ ആദർശം. പൗരത്വം എന്നതിൽ മനുഷ്യത്വത്തെ ഒതുക്കി സങ്കുചിതമാക്കിക്കളയുന്നതിന്റെ നല്ലൊരു ഉദാഹരണമാണ് നെൽസൺ എന്നു പറയാം.

എച്ച്. ജി. വെത്സ് എന്ന ചിന്തകൻ വിദ്യാഭ്യാസത്തെ സംബന്ധിച്ച് The Great Schoolmaster (മഹാനായ അദ്ധ്യാപകൻ) എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ സാൻഡേഴ്സൺ ഓഫ് ഔന്ദിൽ എന്ന ഒരദ്ധ്യാപകൻ ഈ വിഷയത്തിൽ അനുഭവിക്കേണ്ടിവന്ന മാനസികമായ വ്യഥ വിവരിക്കുന്നു. അവസാനം അദ്ദേഹം അതിനുവേണ്ടി രക്തസാക്ഷിയായിത്തീർന്നു എന്നു തന്നെ പറയാം. വിദ്യാഭ്യാസകാര്യത്തിൽ ആത്മാർത്ഥതയുള്ള, മനസ്സാക്ഷിയുള്ള, ഈ അദ്ധ്യാപകൻ തന്റെ സ്കൂളിന്റെ വാർഷികസമ്മേളനത്തിൽവച്ചു നടത്തിയ വികാരസാന്ദ്രമായ പ്രസംഗം ഗ്രന്ഥകാരൻ വിവരിക്കുന്നു. ഇംഗ്ലീഷ് പാരമ്പര്യത്തെ തികച്ചും പാലിക്കണമെന്നു നിർബന്ധമുള്ള ആളാണ് അദ്ദേഹം. വിദ്യാർത്ഥികളിൽ ദേശഭക്തിവളർത്തിയെടുക്കുന്നതിലും ഒട്ടും പിന്നിലായിരുന്നില്ല. 'ബ്രിട്ടൻ ലോകത്തെ ഭരിക്കട്ടെ' എന്ന വരികളുള്ള ബ്രിട്ടീഷ് ദേശഭക്തിഗാനം കുട്ടികളെക്കൊണ്ട് ആവേശത്തോടുകൂടി അദ്ദേഹം പാടിപ്പിച്ചിരുന്നു. എന്നാൽ സൺഡേ സ്കൂളുകളിലും സ്കൂളിലെതന്നെ മതപരമായ ക്ലാസ്സുകളിലും, ''തന്നെപ്പോലെ തന്റെ അയൽക്കാര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെയും സ്നേഹിക്കുക'' എന്ന ബൈബിളിലെ ആദർശം കുട്ടികളെ പഠിപ്പിക്കുന്നതിലും തല്പരനായിരുന്നു അദ്ദേഹം. ഈ രണ്ടു് ആദർശങ്ങൾ തമ്മിലുള്ള പൊരുത്തക്കേടാണു് അദ്ദേഹത്തെ വിഷമിപ്പിച്ചതു്. എന്തിനേറെ, അവസാനം സംഭവിച്ചതു് ഇങ്ങനെയാണു്: സ്കൂൾ വാർഷികം നടന്നുകൊണ്ടിരിക്കുന്നു. എല്ലാവരും അതിൽ ലയിച്ചിരുന്നു സന്തോഷിക്കുകയാണു്. ഗ്രന്ഥകാരനായ വെത്സ് തന്നെയായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. പാവം, ആ അദ്ധ്യാപകന്റെ പ്രസംഗത്തിൽ, പൊരുത്തക്കേടുള്ള ഈ രണ്ടു വിദ്യാഭ്യാസാദർശങ്ങളെപ്പററിയുള്ള പരാമർശം നാവിൽ നിന്നു വീണപ്പോൾത്തന്നെ അദ്ദേഹം തളർന്നു വീണു. വളരെ ആവേശത്തോടുകൂടിയായിരുന്നു അദ്ദേഹം ഈ പൊരുത്തക്കേടിനെപ്പററി പ്രസംഗിച്ചതു്. ''തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക'' എന്ന ബൈബിൾ വാക്യത്തിനു് 'ആമേൻ' ചൊല്ലിയതും അദ്ദേഹം പ്രസംഗവേദിയിൽ നിലംപതിച്ചതും ഒന്നിച്ചായിരുന്നു. അങ്ങനെ തികച്ചും മാനുഷികമായ ഒരു വിദ്യാഭ്യാസത്തിനു വേണ്ടി അദ്ദേഹം രക്തസാക്ഷിയായിത്തീർന്നു. ഇതൊരു കല്പിതകഥയല്ല, സംഭവകഥയാണു്.

റൂസ്സോയ്ക്കു ശേഷംവന്ന മറെറാരു മഹാനായ ചിന്തകനാണു് ബർഗ്സൻ. റൂസ്സോയ്ക്കു ലഭിച്ചതിനേക്കാൾ അല്പംകൂടി മെച്ചപ്പെട്ട സ്വീകരണം അദ്ദേഹത്തിനു പാശ്ചാത്യലോകത്തു ലഭിച്ചു എന്നുതന്നെ ഇരിക്കട്ടെ. നമ്മുടെ ധാരണയിൽ നാം അറിയാതെ കടന്നുകൂടിയിരിക്കുന്ന മേല്പറഞ്ഞ വൈരുദ്ധ്യത്തിന്റെ കാര്യം അദ്ദേഹവും എടുത്തുപറയുന്നു. തത്ത്വചിന്താപരമായ ഒരു പ്രശ്നമായാണു് അദ്ദേഹം അതിനെ അവതരിപ്പിക്കുന്നതു് എന്നു മാത്രം. മനുഷ്യന്റെ ബോധവും വ്യക്തിത്വവും, വളരുകയും വികസിക്കുകയും ചെയ്യുന്നതിന്റെ സ്വഭാവം വിവരിക്കുന്ന സന്ദർഭത്തിൽ അദ്ദേഹം പറയുന്നു:

> ''അരിസ്റ്റോട്ടിലിന്റെ കാലംമുതൽ നമുക്കു പകർന്നുകിട്ടിയിട്ടുള്ള ഏററവും വലിയ ഒരു തെററുണ്ടു്. പ്രകൃതിയെ സംബന്ധിച്ചുള്ള നമ്മുടെ പഠനങ്ങളേയും ധാരണകളേയും അതു വളരെയേറെ കളങ്കപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. സസ്യങ്ങളുടെ ജീവിതം, വാസനയാൽ പ്രേരിതമായ (ജന്തുക്കളുടെ) ജീവിതം, ചിന്തയെ ആശ്രയിക്കുന്ന (മനുഷ്യന്റെ) ജീവിതം എന്നിവയെ, ഒരേ ആന്തരികപ്രേരണയ്ക്കു സ്വയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉണ്ടായ വളർച്ചയിലെ അനുക്രമമായ മൂന്നു ഘട്ടങ്ങളായി കണക്കാക്കുന്നതാണ് ആ തെററ്. ഒരേയൊരു സർഗ്ഗപ്രക്രിയ പലവഴിക്കു തിരിഞ്ഞു സ്വയം വളർന്നുവികസിച്ചതിലെ മൂന്നു ഭിന്നമുഖങ്ങൾ മാത്രമാണ് ഇവ എന്നുള്ളതാണു വാസ്തവം.'' [2]

മനുഷ്യമേധയെ ബാധിച്ചിരിക്കുന്ന തത്ത്വപരമായ ഈ ആന്തരികവൈരുദ്ധ്യത്തെ ഭാരതത്തിൽ ശങ്കരാചാര്യരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ജ്ഞാനമാർഗ്ഗവും കർമ്മമാർഗ്ഗവും ഒരേ സമയം സ്വീകരിക്കാം എന്ന ധാരണ തിരുത്തുന്ന സന്ദർഭത്തിലാണ് ആചാര്യർ ഇതെടുത്തു പറയുന്നത്. ഭഗവദ്ഗീതാഭാഷ്യത്തിൽ ആചാര്യർ പറയുന്നു.

''അതിനാൽ ഭഗവദ്ഗീതയുടെ അന്തിമമായ നിലപാട്, മുക്തി ലഭിക്കുന്നതു ജ്ഞാനമാർഗ്ഗത്തിലൂടെയാണ്, കർമ്മമാർഗ്ഗവും ജ്ഞാനമാർഗ്ഗവും ഒരുമിച്ചു സ്വീകരിക്കുന്നതിലൂടെയല്ല എന്നുള്ളതാണ്.'' (ഗീതാഭാഷ്യം II. 10)

3. ആധുനികസംരംഭങ്ങൾ

(a) യുനെസ്കോ വീണ്ടും

യുനെസ്കോയെപ്പററി വീണ്ടും പറയേണ്ടിവന്നിരിക്കുന്നു. ഈ സംഘടനയുടെ പ്രവർത്തനം അടുത്തു ചെന്നു പരിശോധിച്ചു നോക്കുമ്പോൾ നാം കാണുന്നത്, അതിനാധാരമായി ഒരു വിദ്യാഭ്യാസതത്ത്വവും ഇല്ല എന്നതാണ്. ഇക്കാര്യം എടുത്തു പറയാൻ വേണ്ടിമാത്രമാണ് ആ സംഘടനയെപ്പററി ഒന്നു കൂടി പരാമർശിക്കേണ്ടിവരുന്നത്. അതിൻെറ പ്രവർത്തനത്തിൻെറ അന്തഃസത്തയായിരിക്കുന്നതു വെറും ശൂന്യതമാത്രമാണ്. ഉപരിതലസ്പർശി മാത്രമായ അതിൻെറ പ്രവർത്തനം പലവഴിയുഴറി എങ്ങുമെങ്ങുമെത്താതെ പോവുകയാണു ചെയ്യുന്നത്. ഇക്കാര്യം നമ്മൾ നേരത്തേ ഉദ്ധരിച്ചുകണ്ട പ്രസിദ്ധീകരണത്തിൽത്തന്നെ പരോക്ഷമായി സമ്മതിച്ചിരിക്കുന്നു. അതിൻെറ ആമുഖത്തിൽ പറഞ്ഞിരിക്കുന്നു

''എഡ്യൂക്കേഷണൽ ആബ്സ്ട്രാക്ററിൻെറ വായനക്കാർക്ക് മൗലിക വിദ്യാഭ്യാസം (Fundamental Education)

....

2. p. 166, L' Evolution Creative, Payol, Paris

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നവാക്കു് ഇപ്പോൾ വേണ്ടത്ര പരിചയമായിക്കഴിഞ്ഞിട്ടുണ്ടല്ലോ. യുനെസ്കോയുടെ പ്രവർത്തനത്തിന്റെ സ്വരൂപമാണു് ഈ പദം കൊണ്ടുദ്ദേശിക്കുന്നതു്. സ്വന്തം സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ ജനങ്ങളെ പങ്കാളികളാക്കിത്തീർക്കുക എന്നതാണു് അതിന്റെ ലക്ഷ്യം. ഇങ്ങനെ നടക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ രൂപത്തിലും, എന്താണു ''പഠിപ്പിക്കുന്നതു്'' എന്നതിലും, പ്രാദേശികമായ ആവശ്യങ്ങളും സാഹചര്യങ്ങളുമനുസരിച്ചു വളരെ വ്യത്യാസമുണ്ടു്. എങ്കിലും, ഈ വാക്കു പല രാജ്യങ്ങളിലും വളരെ വ്യാപകമായി ഉപയോഗിച്ചുവരുകയാണു്. പരിമിതപ്പെടുത്തിയിട്ടുള്ള ഒരർത്ഥമല്ല ഈ വാക്കിനുള്ളതെന്നും ഓർക്കണം. ചില രാജ്യങ്ങൾ മററുപേരുകൾ പോലും അതിനു കൊടുത്തു പോരുന്നുണ്ടു്. ഉദാഹരണത്തിനു്, 'സാമൂഹിക വിദ്യാഭ്യാസം' (Social education)' 'പൊതുജനവിദ്യാഭ്യാസം' (Mass education)' 'സാമാജികവിദ്യാഭ്യാസം' (Community education). ഈ പേരുകൾ കൊണ്ടുദ്ദേശിക്കുന്നതു് സമാനസ്വഭാവമുള്ള പ്രവർത്തനങ്ങളാണു്. മൗലികവിദ്യാഭ്യാസത്തെ ഈയടുത്ത കാലത്തു കണക്കാക്കാൻ തുടങ്ങിയിരിക്കുന്നതു്, സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനുള്ള വിദ്യാഭ്യാസമുഖത്തിലെ ആയുധം എന്നതരത്തിലാണു്.''

മേലുദ്ധരിച്ച ഭാഗത്തു് ''പഠിപ്പിക്കുന്നതു്'' (Teaching) എന്ന വാക്കു് അതെഴുതിയ ആൾ തന്നെ ഉദ്ധരണിക്കുള്ളിലാണു് ഇട്ടിരിക്കുന്നതു്. അവസാനവാക്യത്തിൽ നിഴലിച്ചു കാണുന്നതാകട്ടെ, ഒരു ഇരുണ്ടമുഖവുമാണു്. ഇതൊക്കെ വച്ചുകൊണ്ടു നോക്കുമ്പോൾ യുനെസ്കോയ്ക്കു് വിദ്യാഭ്യാസസംബന്ധമായ ഒരു ഉൾക്കാഴ്ചയോ സന്ദേശമോ സ്വന്തമായിട്ടില്ലെന്നു കാണാം. മാത്രമല്ല, ലോകത്തിലെ ജനങ്ങൾക്കു് കൈവരുത്തും എന്നവകാശപ്പെടുന്ന പ്രയോജനം എത്തിച്ചുകൊടുക്കാൻ അതിനു കഴിയുന്നില്ല എന്നും വ്യക്തമാണു്. ഇക്കാര്യങ്ങൾ സംഘടനയുടെ വക്താക്കൾ തന്നെ സമ്മതിക്കുന്നതായാണു് ഈ വാക്കുകളിൽ നാം കാണുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇപ്പറഞ്ഞതു പല വലിയ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചും സത്യമാണ്. പ്രധാനപ്പെട്ട ചില സർവകലാശാലകളും അതിൽപ്പെടും. വിശേഷിച്ചും അമേരിക്കയിലുള്ളവ. സർവ്വകലാശാലകൾ എന്ന നിലയിൽ, അവയുടെ സത്യസന്ധതയെയും നിയമസാധുതയേയും. അടുത്ത കാലത്തു ചില യുവാക്കൾ കോടതിയിൽ ചോദ്യം ചെയ്യുകയും വെല്ലുവിളിക്കുകയുമുണ്ടായി. യഥാർത്ഥവിദ്യാഭ്യാസത്തിനു സംഭവിച്ചിരിക്കുന്ന ദയനീയമായ പരാജയം കണ്ടുണ്ടാണ് ചില യുവാക്കന്മാരാണ് ഇതു ചെയ്തതു്.

നവീന വിദ്യാഭ്യാസപ്രസ്ഥാനം

ഇനി നമ്മുടെ കാലത്തുണ്ടായിട്ടുള്ള മററു വിദ്യാഭ്യാസ സംരംഭങ്ങളിലേയ്ക്കു തിരിയാം. യൂറോപ്പിലുണ്ടായ നവീന വിദ്യാഭ്യാസ പ്രസ്ഥാനം (The New Education Movement) ആണ് അവയിൽ മുഖ്യം. 'ഫെല്ലോഷിപ്പ്' (Fellowship) പ്രസ്ഥാനം എന്നും ഇതിനെ വിളിച്ചുപോരാറുണ്ട്. അതു് അമേരിക്കയിലേയ്ക്കും കൂടി വ്യാപിക്കുകയുണ്ടായി. ഈ പ്രസ്ഥാനത്തിന്റെ ജീവകേന്ദ്രം ജനീവാ നഗരമാണ്—ജീൻ ജാക്കസ് റൂസ്സോയുടെ ആത്മാവിന്റെ തുടിപ്പ് ഇപ്പോഴും കേൾക്കാവുന്ന ആ അന്തർദേശീയ നഗരം. ജനീവാ പൗരൻ എന്ന അപരനാമത്തിലാണല്ലോ റൂസ്സോ അറിയപ്പെടുന്നതുപോലും. ആധുനികവിദ്യാഭ്യാസചിന്തയുടെ പിതാവാണ് അദ്ദേഹമെന്നു നേരെത്തേ ഞങ്ങൾ പറഞ്ഞു കഴിഞ്ഞു. മന്റ്രോ തയ്യാറാക്കിയ വിദ്യാഭ്യാസവിജ്ഞാനകോശത്തിൽ (Cyclopedia of Education) റൂസ്സോയെ അത്തരത്തിലാണ് ഉൾപ്പെടുത്തി അവതരിപ്പിച്ചിരിക്കുന്നതു് എന്നതു മാത്രം മതി അതിനു തെളിവായി. ജനീവാനഗരത്തിൽ നവീനവിദ്യാഭ്യാസപ്രസ്ഥാനം രൂപം കൊള്ളുന്നതിനു പ്രചോദനം നല്കിയതു റൂസ്സോ തന്നെയാണ് എന്നു പോലും പറയാം. ഇക്കാരണങ്ങളാൽ ആധുനികകാലത്തുള്ള വിദ്യാഭ്യാസപ്രവണതകളുമായി ചേർത്തുവച്ചു ഞങ്ങളുടെ നിലപാടു വേണ്ടവണ്ണം അവതരിപ്പിക്കുന്നതിനായി റൂസ്സോയിലേക്ക് ഒന്നുകൂടി തിരിച്ചുപോയാൽ അതു് അസ്വാഭാവികമാവുകയില്ലല്ലോ. അത്തരത്തിൽ അവതരിപ്പിച്ചാലേ ഈ മാർഗ്ഗരേഖയെ അതിന്റെ സ്വാഭാവികമായ പശ്ചാത്തലത്തോട് അഥവാ ഉറവിടത്തോടു ചേർത്തുവച്ചു കാണാനും സാധിക്കുകയുള്ളൂ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4. പിതാവിൽ അവിശ്വാസം

റൂസ്സോ ജനീവയിൽ വച്ചു മരണമടഞ്ഞതു് വളരെയധികം പീഡനങ്ങളും വേട്ടയാടലുകളും സഹിച്ചതിനു ശേഷമാണ്. എന്നാൽ മരിച്ചു കഴിഞ്ഞു നൂറുവർഷത്തിനുശേഷം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ജനീവയിൽനിന്നു പാരീസിലെ പാന്ത്യണിലേയ്ക്കു മാററി. എന്നാലും ജനീവാനഗരത്തിലെ തടാകതീരത്തു് അദ്ദേഹത്തിന്റെ നാമം ഇപ്പോഴും മുഴങ്ങിക്കേൾക്കാം. അദ്ദേഹം അവതരിപ്പിച്ച തത്ത്വങ്ങളെ മററുള്ളവർ തെററിദ്ധരിക്കുകയോ ദുർവ്യാഖ്യാനം ചെയ്യുകയോ ആണുണ്ടായതു്. അതിലൊന്നു തൊടാൻ യാഥാസ്ഥിതികമനസ്ഥിതിയുള്ളവർക്കു് ഇന്നും അറപ്പാണ്. മതയാഥാസ്ഥിതികർക്കു മാത്രമല്ല രാഷ്ട്രീയത്തിലും വിദ്യാഭ്യാസത്തിലുമുള്ളവർക്കു കൂടിയും. പൊതുവിൽ പറഞ്ഞാൽ, യൂറോപ്പുകാർക്കു് റൂസ്സോ വളരെ പ്രിയപ്പെട്ടവനാണ്. അതേ സമയം പിടികിട്ടാത്ത അത്ഭുതപ്രതിഭാസവുമാണ്. അവർക്കു റൂസ്സോയെ കൂടാതെ കഴിയുകയുമില്ല. ചുരുക്കത്തിൽ അവർ അദ്ദേഹത്തെ തികച്ചും ഉൾക്കൊള്ളുകയോ തള്ളിക്കളയുകയോ ചെയ്യുന്നില്ല. ധ്യാനപരായണനായ, തനിമയുള്ള, ചിന്തകനെന്ന നിലയിൽ മററു് ഏതുപേരിന്റേയും മുകളിൽ റൂസ്സോയുടെ പേരു പാശ്ചാത്യചിന്താചരിത്രത്തിൽ എഴുന്നു നില്ക്കുന്നു. അദ്ദേഹത്തിന്റെ സമകാലീനനും ചിന്താപരമായി പ്രതിയോഗിയുമായിരുന്നല്ലോ വോൾട്ടയർ. ഇവർ രണ്ടുപേരും ചേർന്നാണു് ആധുനികതയെ രംഗത്തേയ്ക്കു് ഇറക്കിയതും, അതിന്റെ സ്വഭാവത്തെ യോഗബുദ്ധ്യാ പുതുക്കി വില[illegible]ിരുത്തിയതും. എന്നാൽ, ആ സ്വഭാവം കണ്ടെത്താൻ ആധുനികബുദ്ധിജീവികളിൽ ചിലർക്കുമാത്രമേ സാധിക്കുന്നുള്ളു.

റൂസ്സോയെ സ്വാഭാവികമായി അംഗീകരിച്ചു് ആദരിക്കേണ്ടവർ എന്നു കരുതപ്പെടുന്നവർക്കു പോലും അദ്ദേഹം എക്കാലത്തും ഒരു പ്രഹേളികയായി അവശേഷിച്ചു. ഫ്രാൻസിലെ വിദ്യാസമ്പന്നർ പോലും അദ്ദേഹത്തെ തെററായി വിലയിരുത്താനിടയായി. എച്ച്. ജി. വെൽസിനെപ്പോലെയുള്ളവരുടെ കാര്യം പറയുകയും വേണ്ട. 'ചരിത്രത്തിന്റെ രൂപരേഖ'(Outline-of History) എന്ന ഗ്രന്ഥത്തിൽ, കാര്യമായി കണക്കിലെടുക്കേണ്ടതില്ലാത്ത ഒരു വികാരജീവി എന്നു പറഞ്ഞു റൂസ്സോയെ അദ്ദേഹം അവഗണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുതഗ്രന്ഥം പ്രസാധനം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്തയാരം വെൽസിനെ ഇക്കാര്യത്തിൽ കുററപ്പെടുത്തിക്കൊണ്ടു് ഒരു അടിക്കുറിപ്പു ചേർത്തിരിക്കുന്നതു ശ്രദ്ധേയമാണ്. പാരീസ്സ് സർവ്വകലാശാലയിലെ ഹെൻഡ്രി ലെ ഗ്രാൻഡാണ്. 'എമിലി'ൻെറ ലറോസ്സ പതിപ്പവതരിപ്പിച്ചിരിക്കുന്നതു് തന്നെ റൂസ്സോ ആശയക്കുഴപ്പത്തിലെത്തിച്ചിരിക്കുന്നതായി അതിൻെറ മുഖക്കുറിപ്പിൽ അദ്ദേഹം സമ്മതിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു: ഈ പുസ്തകത്തിൽ കണ്ടെത്തുന്ന ആശയങ്ങളുടെയെല്ലാം മുന്നിൽ എന്തുചെയ്യണമെന്നറിയാതെ നാം വിഷമിച്ചുനിന്നു പോവുകയേയുള്ളു. അതെല്ലാം അത്രയ്ക്കു പഴഞ്ചനാണ്, അസംസ്കൃതമാണ്, നമ്മുടെ അഭിരുചിയ്ക്കു നിരക്കാത്തതുമാണ്.'' അദ്ദേഹം വീണ്ടും പറയുന്നു, ''എമിൽ'' നമുക്കു് അഗമ്യമാണ് എന്നതാണ് വാസ്തവം. റൂസ്സോ കാണിക്കുന്ന മായാജാലങ്ങളുടെയും വിരോധപ്രതിഭാസങ്ങളുടെയും നല്ലൊരു പങ്ക് ഇതിലാണുള്ളതു്.'' (പേജ്—6)

5. റൂസ്സോയ്ക്കു ശേഷം

റൂസ്സോയുടെ വിദ്യാഭ്യാസചിന്തകൾ മററു പലരേയും സ്വാധീനിക്കുകതന്നെ ചെയ്തു. അദ്ദേഹം തെളിച്ചുവച്ച പാതയിലൂടെ മുന്നോട്ടുപോകാൻ അവർ തയ്യാറായി. എന്നാൽ ആ വഴിയുടെ ഒരു സാമാന്യസ്വരൂപം മാത്രമേ അവർക്കു തെളിഞ്ഞു കിട്ടിയുള്ളു. റൂസ്സോയുടെ ചിന്തയിൽ ആഴത്തിൽ കുടികൊള്ളുന്ന യോഗരഹസ്യത്തിൽ അവർക്കു താല്പര്യം ഉണ്ടായിരുന്നെങ്കിലും അവർക്കതു പിടികിട്ടിയില്ല. പെസ്റ്റലോസി, ഫ്രോയ്ബെൽ, ലയോളാ, മോൺടിസോറി, ഡിക്രോളി എന്നീ പേരുകൾ ഇത്തരുണത്തിൽ എടുത്തുപറയത്തക്കതാണ്. അവരുടെ ചിന്തകൾ വിദ്യാഭ്യാസരംഗത്തു് ഇപ്പോഴും വിലയുള്ളതായി അവശേഷിക്കുന്നു.

അവർ വിദ്യാഭ്യാസത്തെ സമീപിച്ചതു് ക്രിയാത്മകവും പരീക്ഷണക്ഷമവുമായ ഒരു വീക്ഷണകോണിൽക്കൂടിയാണ്. ഏതൊരു വിദ്യാഭ്യാസപരിപാടിക്കും ആധാരമായിരിക്കേണ്ടതു് കുട്ടിയിലെ ജന്മസിദ്ധമായ താല്പര്യമാണ്, പുസ്തകങ്ങളിൽ എഴുതിവച്ചിരിക്കുന്ന പാഠ്യവിഷയങ്ങളല്ല, എന്നതിൽ അവർ ഉറച്ചുനിന്നു. കുട്ടിയിൽ മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തി പുറത്തു കൊണ്ടുവരുകയാണ് വിദ്യാഭ്യാസത്തിൽ ചെയ്യേണ്ടതു്, അറിവിനെ അങ്ങോട്ടു കുത്തിച്ചെലുത്തുകയല്ല, എന്ന നിലപാടാണ് അവർ സ്വീകരിച്ചതു്. വിദ്യാഭ്യാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ അദ്ധ്യാപകനല്ല, വിദ്യാർത്ഥിക്കാണ് പ്രധാനസ്ഥാനം നൽകേണ്ടതെന്ന നില അങ്ങനെ വന്നുചേർന്നു. ഹെർബർട്ട് അവതരിപ്പിച്ച 'ഹ്യൂരിസ്റ്റിക്' രീതിയനുസരിച്ചു ചോദ്യങ്ങൾക്കുത്തരം അദ്ധ്യാപകൻ കുട്ടിയെ പഠിപ്പിക്കാൻ പാടില്ല. അവധാനതയോടുകൂടി കുട്ടിയിൽ നിന്നുതന്നെ ആ ഉത്തരം ചോർത്തിയെടുക്കണം. അതിനുള്ള വഴിയാണ് അദ്ധ്യാപകൻ കണ്ടെത്തേണ്ടതു്. കുട്ടികളുടെ ഉള്ളിൽ നേരത്തേതന്നെ ഉള്ള അറിവിൽ പുതിയ ഒന്നുകൂടി ഉൾക്കൊണ്ടിരിക്കുന്നതായി കുട്ടിതന്നെ കണ്ടെത്തണം. ഇതിനെ വിദ്യാഭ്യാസമനഃശാസ്ത്രത്തിൽ അനുവ്യവസായം (The principle of apperception) എന്നാണു വിളിച്ചുപോരുന്നതു്. കുട്ടിയെ സ്വതന്ത്രമായി കളിക്കാനും, താല്പര്യമുള്ള കാര്യങ്ങൾ ചെയ്യുന്നതിനുമായി വിടണം. അവൻെറ പ്രകൃതത്തിനൊത്തു താല്പര്യമുള്ള സ്വാഭാവികമായ കർമ്മരംഗങ്ങൾ അവനായി ഒരുക്കിവെയ്ക്കണം. വിദ്യാഭ്യാസപ്രക്രിയയിൽ നിവർത്തനപരമായ ഒരു ഘട്ടം പോലും (negative stage) ഉണ്ടായിരിക്കണമെന്നാണ് റൂസ്സോയുടെ നിർബന്ധമുള്ളതു്. അദ്ദേഹത്തിൻെറ അനുയായികൾ അതിനെ കാര്യമായി എടുത്തിട്ടില്ലെന്നുമാത്രം. നിവർത്തനപരമായ ഘട്ടത്തിൽ കുട്ടി എന്തെങ്കിലും പഠിക്കുകയല്ല വേണ്ടതു്. കുട്ടിയെ കുട്ടിയായിരിക്കാൻ അനുവദിയ്ക്കുകമാത്രം ചെയ്താൽ മതി. പ്രായപൂർത്തിയാകുന്നതിനുമുമ്പു കുട്ടി കുട്ടിയായിട്ടാണ് ഇരിക്കേണ്ടതു്, മുതിർന്ന ആളായിട്ടല്ല. റൂസ്സോയുടെ അഭിപ്രായത്തിൽ കുട്ടിയെ വേർപെടുത്തിയെടുത്തു് ഒരൊററ അദ്ധ്യാപകൻെറ മേൽനോട്ടത്തിൽ വേണം വളർത്തിയെടുക്കേണ്ടതു്. ഈ വളർച്ചയിൽ ബാഹ്യമായ ഒരു ശക്തിയുടെയും സ്വാധീനം ഉണ്ടാകാൻ പാടില്ല. സാമൂഹികശക്തികളും അതിൽ കൈകടത്തരുതു്. വിദ്യാഭ്യാസപ്രക്രിയയുടെ മൂന്നു വകഭേദങ്ങളെപ്പററി അദ്ദേഹം പറയുന്നുണ്ടു്.

1. പ്രകൃതിയുടെ ഭാഗമായി നടക്കുന്ന വിദ്യാഭ്യാസം (അതിനെ അങ്ങനെതന്നെ വിടുകയാണു വേണ്ടതു്.)

2. വസ്തുക്കളുമായി ബന്ധപ്പെട്ടവിദ്യാഭ്യാസം. (ഇതിൽ അദ്ധ്യാപകനു കാര്യമായി ഒന്നും ചെയ്യാനാവുകയില്ല. വേണമെന്നു കരുതിയാൽ പോലും.)

3. അദ്ധ്യാപകൻ നല്കേണ്ട വിദ്യാഭ്യാസം (ഇതിൽ വ്യക്തിഗതമായ അംശത്തിനും അതിലെ പാരസ്പര്യത്തിനും വേണ്ടത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവസരം നല്കണമെന്നു റൂസ്സോ വാദിക്കുന്നു.) ഈ വ്യക്തിഗതമായ അംശത്തെയും അതിലെ പാരസ്പര്യത്തേയും അവതരിപ്പിച്ചപ്പോഴാണ് റൂസ്സോതന്റെ അനുയായികൾക്ക് അഗമ്യനും പ്രഹേളികയുമായി മാറിയത്. റൂസ്സോയാകട്ടെ, യോഗാത്മകമായ ഒരു ശാസ്ത്രീയതയോടുകൂടിയാണ് അതവതരിപ്പിച്ചിരിക്കുന്നത്. അവിടെയെത്തിയപ്പോൾ അനുയായികൾ അദ്ദേഹത്തെ കൈവെടിഞ്ഞു. അങ്ങനെ വ്യക്തിഗതമായ വിദ്യാഭ്യാസവും പൊതുജനവിദ്യാഭ്യാസവും രണ്ടു വഴിക്കു തിരിയാനിടയായി.

6. പൊതുവിദ്യാഭ്യാസം വ്യക്തിഗതമല്ല

വിദ്യാഭ്യാസം സർക്കാരുകളുടെ ചുമതലയിൽ പെട്ടതാണെന്നാണല്ലോ പൊതുവിലുള്ള ധാരണ. സർക്കാരുകൾക്ക് ഈ പ്രശ്നത്തെ കാണാൻ സാധിക്കുന്നതു പൊതുസ്വഭാവമുള്ള ഒരു രീതിയിൽ മാത്രമായിരിക്കും എന്നേ ആർക്കും പ്രതീക്ഷിക്കാനാവൂ. എല്ലാവരിലും ഒരേരീതി തന്നെ പ്രയോഗിക്കുന്നതും, വ്യക്തിഗതമല്ലാത്തതുമായ ഒന്നായിരിക്കും അത്. ഇക്കാരണത്താലാണ്, വിദ്യാഭ്യാസചിന്തയിൽ റൂസ്സോ ഫലപ്രദമായ വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായെങ്കിലും വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ ഒരു തണുപ്പൻ മനോഭാവത്തോടുകൂടി അവഗണിച്ചുകളയാൻ ഇടയായത്. സർക്കാരുകൾക്കു കൂടുതൽ താല്പര്യമുള്ളതു ദേശഭക്തനെന്നും പൗരനെന്നും വിളിക്കപ്പെടുന്ന വെടിയുണ്ട ഉണ്ടാക്കുകയാണല്ലോ! വിദ്യാർത്ഥിയിൽ മററെന്തൊക്കെ ഉണ്ടാക്കിയെടുക്കണമെന്നു സർക്കാരുകൾ പ്രതീക്ഷിച്ചാലും അതിനൊക്കെ രണ്ടാം സ്ഥാനമേ ഉണ്ടായിരിക്കുകയുള്ളു.

ഈ അടുത്ത കാലത്തു വിദ്യാഭ്യാസലോകത്തു ശ്രദ്ധേയമായിത്തീർന്നിരിക്കുന്ന ഒരു പ്രതിഭാസം മോൺടിസോറി സമ്പ്രദായത്തിനു പെട്ടെന്നുണ്ടായ പ്രചാരമാണ്. ഈ പ്രചാരത്തിനു പ്രധാനകാരണം, കൊച്ചുകുഞ്ഞുങ്ങൾക്കു ലഭിക്കേണ്ട വിദ്യാഭ്യാസം ഏതു തരത്തിലുള്ളതായിരിക്കണം എന്നതിനെ സംബന്ധിച്ച് ആധുനികമായ ചില ആശയങ്ങളൊക്കെ അതിലുണ്ട് എന്നതാണ്. റൂസ്സോ തന്നെയാണ് ഈ നവീനാശയങ്ങളുടെ ഉപജ്ഞാതാവ്. വിദ്യാഭ്യാസം കുഞ്ഞിനെ കേന്ദ്രീകരിച്ചുള്ളതാവുക (paedocentricity), അതു പ്രവൎത്തനപ്രധാനമായിരിക്കുക (activity), ബാഹ്യമായ ഇടപെടലുകളിൽ നിന്നുള്ള സംരക്ഷണം, വിദ്യാഭ്യാസം പുസ്തകപ്രധാനമല്ലാതാക്കുക, കുഞ്ഞുങ്ങളെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശ്ചിതവിഷയങ്ങൾ നിർബന്ധിച്ചു പഠിപ്പിക്കുകയല്ല, അവരുടെ ജന്മസിദ്ധമായ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പരീക്ഷണോപാധികളാണ് മുഖ്യം എന്ന ധാരണവളർത്തുക, മുതിർന്ന ഒരാളായിത്തീരുന്നതുവരെ കുട്ടിയെ കുട്ടിയായിരിക്കാൻ അനുവദിക്കുക ഇതൊക്കെയാണ് വിദ്യാഭ്യാസഗതിയ്ക്ക് റൂസ്സോ നല്കിയ പുതിയ മുഖത്തിന്റെ പ്രത്യേകതകൾ.

ഇതിന്റെ ഫലമായി മോണ്ടിസോറിസമ്പ്രദായത്തെ ആധുനികരാജ്യങ്ങൾ ഓരോന്നായി പ്രോത്സാഹിപ്പിച്ചു തുടങ്ങി. മോണ്ടിസോറി തന്റെ സമ്പ്രദായം വികസിപ്പിച്ചെടുത്തത് ജ്ഞാനേന്ദ്രിയങ്ങൾക്കു നല്ല പ്രവൎത്തനക്ഷമതയില്ലാത്ത കുഞ്ഞുങ്ങളിലെ തകരാറു മാററിയെടുക്കാനുള്ള ശ്രമത്തിൽ നിന്നാണ്. അതുകൊണ്ട് ഈ സമ്പ്രദായത്തിൽ മുൻഗണന നൽകിയിരിക്കുന്നതു് ജ്ഞാനേന്ദ്രിയങ്ങളുടെ പ്രവൎത്തനത്തിനു പ്രത്യേകമായ ഉദ്ദീപനം നല്കുന്നതിനാണ്. ഇതിലുണ്ടായ വിജയത്തിൽ നിന്നാണ് സാധാരണ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ തലത്തിലും അതു പരീക്ഷിച്ചു നോക്കിയതു്. ആദ്യത്തെ രീതിയിലെ ശാസ്ത്രീയവശങ്ങളെ രൂപഭേദപ്പെടുത്തിയാണ് പിൽക്കാലത്തു് സാധാരണ കുട്ടികളുടെ കാര്യത്തിലും അതു പ്രയോഗിക്കാൻ തുടങ്ങിയതു്. എന്നാൽ വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഉണ്ടാക്കിയ കൃത്രിമമായ ചില ഉപായങ്ങളുടെ സ്വഭാവം, അതിനെ തിരുത്തി സാധാരണ കുട്ടികളിൽ പ്രയോഗിക്കുന്ന സന്ദർഭത്തിലും കടന്നു കൂടിയിട്ടുണ്ട്. അതാണ് ഇന്നു പ്രചാരത്തിലിരിക്കുന്ന മോണ്ടിസോറി സമ്പ്രദായം.

100056

7. ജനീവാപ്രഖ്യാപനം

റൂസ്സോയുടെ ജന്മനാട് ലോകവിദ്യാഭ്യാസചരിത്രത്തിൽ ഒരിക്കൽക്കൂടി ശ്രദ്ധേയമായിത്തീരാനിടയായി. എല്ലാവരും ഇന്നു മറന്നു കഴിഞ്ഞിരിക്കുന്ന 'ലീഗ്ഓഫ് നേഷൻസി'ന്റെ സുപ്രസിദ്ധമായ ജനീവാപ്രഖ്യാപനമായിരുന്നു, സംഭവം. മനുഷ്യാവകാശസ്വാതന്ത്ര്യമുള്ള ഈ ലോകത്തിൽ ഓരോ കുഞ്ഞിനും ലഭിക്കേണ്ട സ്വാതന്ത്ര്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ളതായിരുന്നു പ്രസ്തുത പ്രഖ്യാപനം. വാസ്തവത്തിൽ ആ അസാധാരണ നഗരത്തിലെ ചിന്തകന്മാർക്കു നേതൃത്വം നല്കിയിരുന്ന ഏതാനും വിദ്യാഭ്യാസവിചക്ഷണന്മാർ നടത്തിയ അവകാശപ്രഖ്യാപനമായിരുന്നു അതു്. ജനീവാ നഗരമാകട്ടെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമേരിക്കൻപ്രസിഡൻറായിരുന്ന വിൽസൻെറ പ്രത്യേക ആദരവിനു പാത്രവുമായിരുന്നു. അദ്ദേഹമാണല്ലോ, ആ റൂസ്സോനഗരം തന്നെ ലീഗ് ഓഫ് നേഷൻസിൻെറ ആസ്ഥാനമായിവരാൻ കാരണക്കാരൻ. ഇന്നും ആ നഗരത്തിൻെറ ഹൃദയസ്ഥാനത്ത്. കേവ വിത്സനു സമീപമുള്ള റൂസ്സോദ്വീപിൽ പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ തീർത്ഥാടകരായെത്തുന്നു. റൂസ്സോയുടെ ഒരു പൂർണ്ണകായവെങ്കലപ്രതിമയും അതിനു ചുററുമുള്ള പോപ്ലാർ മരങ്ങളും ആ ദ്വീപിനു മകുടം ചാർത്തുന്നു. ദ്വീപിലേയ്ക്ക് ഒരു ചപ്പാത്തിൽ കൂടിയാണു കടന്നുചെല്ലേണ്ടതു്. പ്രതിമയുടെ പീഠത്തിൽ 'ജനീവാ പൗരൻ' (The Citizen of Geneva) എന്നു് അദ്ദേഹത്തെപ്പററി കൊത്തിവച്ചിട്ടുണ്ട്. അങ്ങനെ 'കീർത്തിയാമുരുവാൻ' റൂസ്സോ ജീവിക്കുന്നു. അതേസമയം ആളുകളെ ചിന്താക്കുഴപ്പത്തിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രതിഭാസം യൂറോപ്പിൻെറ ഹൃദയസ്ഥാനത്തുള്ള ഈ അസാധാരണനഗരത്തിനു് ഒരു പുതിയ മാനം കൈവരുത്തുന്നു എന്നുതന്നെ പറയാം. റൂസ്സോയുടെ ചിന്തയിലെ സർവ്വസമാശ്ലേഷിയായ ഭാവം പുനരാവിഷ്കൃതമായതാണ് ജനീവാപ്രഖ്യാപനം എന്നതാണു സത്യം. ആധുനികയുഗത്തിൽ പാശ്ചാത്യലോകത്തു ജനിച്ച യോഗിവര്യനാണല്ലോ റൂസ്സോ. പക്ഷേ, പാശ്ചാത്യലോകം ആ മഹാനെ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഒരു പക്ഷേ പൗരസ്ത്യലോകം എന്നെങ്കിലും അദ്ദേഹം യഥാർത്ഥത്തിൽ ആരായിരുന്നു എന്നു കണ്ടെത്തി, ഒരു ജഗദ്ഗുരുവായി ആദരിച്ചെന്നു വരാം.

8. റൂസ്സോ വെറും ഒരാധുനിക ചിന്തകൻ എന്നതിനുപരി

റൂസ്സോ യോഗശാസ്ത്രരഹസ്യമറിഞ്ഞ ഒരു സത്യദർശിയായിരുന്നു. വിദ്യാഭ്യാസം എന്ന വിഷയത്തെ യോഗശാസ്ത്രപ്രകാരം വീക്ഷിച്ച ആദ്യത്തെ പാശ്ചാത്യചിന്തകനാണദ്ദേഹം. യോഗശാസ്ത്രമാകട്ടെ ഇന്നും ആധുനികബുദ്ധിജീവികൾക്കു പിടികിട്ടിയിട്ടില്ലാത്ത ഒന്നായി അവശേഷിക്കുകയാണ്, വിദ്യാഭ്യാസം കുഞ്ഞിനെ കേന്ദ്രമാക്കിക്കൊണ്ടുള്ളതാവുക, പ്രവർത്തനപ്രധാനമാവുക, കുഞ്ഞിനെ സ്വതന്ത്രമായി വിടുക എന്നീ പുതിയ ആശയങ്ങൾ മാത്രമായിരുന്നില്ല ഈ വിഷയത്തിൽ അദ്ദേഹം നല്കിയിട്ടുള്ള സംഭാവന. ധ്യാനാത്മകമായ ഉൾക്കാഴ്ചയുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ദേഹത്തെ, യുക്തിചിന്തയുടെ യുഗത്തിലെ (The Age of Reason) ഒരു ചിന്തകനായി കണക്കാക്കുന്നതും ശരിയല്ല. പ്രസ്തുതയുഗത്തിന്റെ ശരിയായ പ്രതിനിധി വോൾട്ടെയറാണ്. അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ റൂസ്സോയെ പലപ്പോഴും പുച്ഛിച്ച് കളിയാക്കുന്നുണ്ട്. ജീവിച്ചിരുന്ന കാലഘട്ടത്തേയും ദേശത്തേയും സ്വാധീനിക്കുക എന്നതിനപ്പുറം പോയി, അനശ്വരതയും സാർവജനീനതയും കൈവരിച്ച സത്യദർശികളുടെ കൂട്ടത്തിലാണ് റൂസ്സോയെ പെടുത്തേണ്ടത്.

'എമിൽ' അവതരിപ്പിച്ചുകൊണ്ട് പ്രൊ. ല ഗ്രാൻഡ് എഴുതിയ അഭിപ്രായം നമ്മൾ കണ്ടല്ലോ. അദ്ദേഹത്തിനു റൂസ്സോയിൽ വിശ്വാസം വരുന്നില്ല. അദ്ദേഹം പറയുന്നു; ''എമിൽ നമുക്ക് അപ്രാപ്യമായ ദൂരത്തിലുള്ളതാണ്. അദ്ദേഹത്തിന്റെ കാലത്തുള്ള ആളുകളിൽ കണ്ടുവന്നിരുന്ന ചില പ്രമാദങ്ങളും ഉന്മാദപ്രവണതകളും അതിലുണ്ട് എന്നതാണ് അതിനു കാരണം.'' എന്നാൽ ഈ നിലപാടിനു കടകവിരുദ്ധമായ അഭിപ്രായമാണ് തുടർന്ന് അദ്ദേഹം പറയുന്നത്. ''ഈ ഗ്രന്ഥത്തെ (എമിലിനെ) ചൈതന്യവത്താക്കുന്ന അംശത്തിന്റെ ആകെത്തുകയെ വിലയിരുത്തുമ്പോൾ വ്യക്തതയില്ലാതെ നമുക്കു കാണാൻ കഴിയുന്നത്, നമ്മുടെ ആധുനികമനസ്ഥിതിയോട് അസാധാരണമായ തരത്തിൽ ചേർന്നിണങ്ങിപ്പോകുന്ന, ആഴത്തിലുള്ള എന്തോ ഒന്ന് അതിലുണ്ടെന്നാണ്.'' ആധുനിക വിദ്യാഭ്യാസവിചക്ഷണന്മാർ ഇങ്ങനെ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ റൂസ്സോയെക്കുറിച്ച് പറയുന്നു. അതേസമയം റൂസ്സോ അവരിൽ ചെലുത്തിയിട്ടുള്ള ആഴത്തിലുള്ള സ്വാധീനത്തെ അവർക്കു തുത്തെറിയാനും സധിക്കുന്നില്ല. ചില പ്രത്യേക വിദ്യാഭ്യാസസിദ്ധാന്തങ്ങളുടെ പേരിൽ അവർ റൂസ്സോയെ തള്ളിപ്പറയുന്നുമുണ്ടാവാം. അദ്ദേഹത്തെപ്പററി പരാമർശിക്കുന്നതു പോലും ആക്ഷേപകരമായി കരുതുന്നവരും കണ്ടേക്കാം. എന്നാലും റൂസ്സോ യോഗശാസ്ത്രരീത്യാ വിലപുതുക്കി അവതരിപ്പിച്ചതാണ് പാശ്ചാത്യലോകത്തു് ഇന്നുവരെ ഉണ്ടായിട്ടുള്ളതിൽ ഏററവും കുററമററതും, അടിയുറപ്പുള്ളതുമായ വിദ്യാഭ്യാസതത്ത്വങ്ങൾ എന്നതിൽ സംശയമില്ല. അത്തരത്തിലുള്ള ഒന്നിനെ അടിസ്ഥാനമാക്കിക്കൊണ്ടുമാത്രമേ ഉറപ്പുള്ള ഒരു വിദ്യാഭ്യാസ സൗധം പടുത്തുയർത്താൻ സാധ്യമാവുകയുള്ളൂ. അങ്ങനെയൊരു സൗധത്തിന്റെ സൃഷ്ടിയാണ് ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ മുന്നിൽ കാണുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9. റൂസ്സോയുടെ യോഗശാസ്ത്രശൈലി

ലോകസാഹിത്യരംഗത്തു യോഗശാസ്ത്രശൈലി നഷ്ടപ്രായമായിരിക്കുന്നു. ഒരേ ജീവിതസന്ദർഭത്തിൽ വൈരുദ്ധ്യമുള്ള ഭാവങ്ങൾ അന്തർഭവിച്ചിരിക്കുന്നതാണ്, ഈ രീതിയിലുള്ള ചിന്ത കൈകാര്യം ചെയ്യുന്ന പ്രശ്നത്തിന്റെ കാതൽ. 'ഡയലക്റ്റിക്സ്' (dialectics) എന്നാണ് ഈ രീതി പാശ്ചാത്യലോകത്ത് അറിഞ്ഞുപോരുന്നത്. ദൈനന്ദിനജീവിതത്തിൽ മനുഷ്യനു പ്രതിസന്ധികൾ ഉണ്ടാക്കുന്നതും സംഘർഷങ്ങൾക്ക് ഇടയാക്കുന്നതും ഇത്തരം വിരുദ്ധഭാവങ്ങളാണല്ലോ. കാര്യമേത് അകാര്യമേത് എന്നു തീരുമാനിയ്ക്കാനാവാതെ അത്തരം സന്ദർഭങ്ങളിൽ നാം കുഴങ്ങിപ്പോകുന്നു. ഇത്തരം പ്രതിസന്ധികൾക്കും പൊരുത്തക്കേടുകൾക്കും അപ്പുറത്തു നമ്മെകൊണ്ടെത്തിക്കുകയാണു യോഗശാസ്ത്രം ചെയ്യുന്നത്. നല്ല പരിശീലനം സിദ്ധിച്ച ചിന്തകന്മാർ പോലും, റൂസ്സോയുടെ ചിന്തയിൽ ഉള്ളതായി കാണുന്ന പഴഞ്ചൻ രീതിയും ആധുനികമായ അഭിരുചിക്കു നിരക്കാത്ത സ്വഭാവവും, വാസ്തവത്തിൽ, കാലാതിവർത്തിയായ ഒരു ജ്ഞാനസരണിയുടെ ഉത്തുംഗതലത്തിനു സഹജമായുള്ള ചിന്താശൈലിയുടേതു മാത്രമാണ്. ആ ചിന്താശൈലി അവിടെ അനിവാര്യവുമാണ്. ഭഗവദ്ഗീതയിലാണ് ഈ ചിന്താശൈലിയെ യോഗം എന്നു വിളിച്ചിരിക്കുന്നത് (IV. 2). യോഗശാസ്ത്രമായ ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ യോഗേശ്വരനായ ഗുരുവാണ്. അമൂല്യമായ ഈ യോഗരഹസ്യം കാലഗതിയിൽ ലോകത്തിനു നഷ്ടപ്പെട്ടു പോകാറുള്ളതായി ആ ശ്രീകൃഷ്ണൻതന്നെ ഗീതയിൽ പരിതപിച്ചിരിക്കുന്നു. അതു് ആധുനികയുഗത്തിലും സംഭവിച്ചിരിക്കുന്നു എന്നേയുള്ളൂ.

10. റൂസ്സോ ഇൻസ്റ്ററിറ്റ്യൂട്ട്

റൂസ്സോയുടെ കാലടികളെ പിൻതുടന്നു, യൂറോപ്പിലെ ചില ചിന്തകന്മാർ, ഈ നൂററാണ്ടിന്റെ ആരംഭത്തിൽ 'റൂസ്സോ ഇൻസ്റ്റിററ്യൂട്ട് ഓഫ് എജ്യൂക്കേഷൻ' (റൂസ്സോ വിദ്യാഭ്യാസപഠനകേന്ദ്രം) എന്ന ഒരു സ്ഥാപനം ജനീവയിൽ തുടങ്ങി. 'ദി ഇൻസ്റ്റിററ്യൂട്ട് ഓഫ് എജ്യൂക്കേഷനൽ സയൻസ്' എന്ന പേരിലും ഈ സ്ഥാപനം അറിയപ്പെട്ടുപോരുന്നു. 'ഇൻറർനാഷണൽ ബ്യൂറോഓഫ് എജ്യൂക്കേഷനു' ജന്മം നല്കിയതു് ഈ സ്ഥാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമാണ്. എങ്കിലും ഇതു സ്വയം യുനെസ്ക്കോ ആയി മാറി. ഇന്ന് അതിന്റെ പ്രവർത്തനം യുനെസ്ക്കോയുടെ ഒരു ഘടകം എന്ന നിലയിൽ മാത്രമാണ്. അക്കാരണത്താൽ അതിന്റെ പ്രവർത്തനത്തിന്റെ തനിമ ഇല്ലാതാവുകയും, പകരം വിദ്യാഭ്യാസ സംരംഭങ്ങളുടെ ബാഹ്യഭാവങ്ങൾക്കുമാത്രം പ്രാധാന്യം നല്കുന്ന ഒന്നായി തരംതാഴുകയും ചെയ്തിരിക്കുന്നു. അതിനാൽ വിദ്യാഭ്യാസരംഗത്തു ലോകത്തിനു പുതിയതായി എന്തെങ്കിലും നൽകാൻ അതിനു കഴിയുകയില്ല എന്ന നിലയാണ് ഇന്നുള്ളതു്. ചുരുക്കത്തിൽ, ലോകവിദ്യാഭ്യാസരംഗത്തു പുതിയൊരു ഉണർവും ഉത്തേജനവും ഉണ്ടാകേണ്ടിയിരിക്കുന്നു. അതു തന്നെയാണ് ഈ മാർഗ്ഗരേഖയുടെ ലക്ഷ്യവും. വിദ്യാഭ്യാസപരമായി നടക്കുന്ന പ്രവർത്തനങ്ങളെയെല്ലാം പോഷിപ്പിക്കേണ്ട ജീവരസത്തെ പൊതുവിദ്യാഭ്യാസം എന്ന മരുഭൂമി കുടിച്ചുവററിക്കുകയാണ്. അതിനാൽ ഇത്തരമൊരു മാർഗ്ഗരേഖ ആവശ്യമായിരിക്കുന്ന സമയം ഇതുതന്നെയാണെന്നു ഞങ്ങൾ കരുതുന്നു.

11. കിഴക്കൻകാററ്

പാശ്ചാത്യസംസ്കാരം ആധ്യാത്മികവും ധ്യാനാത്മകവുമായ ചിന്താശൈലി അമ്പേ മാറ്റുകഴിഞ്ഞിരിക്കുന്നു. ദൂരദർശിനി കണ്ടുപിടിച്ചതോടെ സാങ്കേതികപുരോഗതി ആരംഭിച്ചു. ശാസ്ത്രം കൈവരിച്ച നേട്ടം പാശ്ചാത്യമനസ്സിന്റെ സഹജമായ ഭാവനാശക്തിയെ തളത്തിക്കളഞ്ഞു. മുഖ്യമായും ജീവിതസൗകര്യങ്ങളുടെ രൂപത്തിലുള്ളതാണ്, ആധുനികശാസ്ത്ര-സാങ്കേതിക വിദ്യകൾ മനുഷ്യനെ സന്തോഷിപ്പിക്കാനായി കൈവരുത്തിയ നേട്ടങ്ങൾ. എന്നാൽ മറുകൈകൊണ്ട് അതിനെ ഒന്നുമല്ലാതാക്കിക്കളയുന്ന തരത്തിലുള്ളതാണ് അതു സൃഷ്ടിക്കുന്ന പുകപടലവും വിഷവായുവും കൈവരുത്തുന്ന ആപത്തുകൾ. സ്വന്തം നേട്ടങ്ങളിലുള്ള അഭിമാനം മനുഷ്യനെ അഭിമാനവിജൃംഭിതനും ഭ്രമബുദ്ധിയുള്ളവനുമാക്കിയിരിക്കുന്നു. അക്കാരണത്താൽ സഹജവും സ്വാഭാവികവുമായ മാനുഷികമൂല്യങ്ങളെ ദൈനംദിനജീവിതത്തിൽ അറിയാനും ആദരിക്കുവാനും കഴിവുള്ളവനാകത്തക്ക നിഷ്കൃഷ്ടമായ പരിശീലനം വിദ്യാഭ്യാസത്തിന്റെ ഭാഗമായി സാധാരണക്കാരനു ലഭിക്കാതെയായി. ധാർമ്മികബോധം, ആധ്യാത്മികത എന്നിങ്ങനെയുള്ളവയുടെ കാര്യം പിന്നെ പറയുകയും വേണ്ട. സൗമനസ്യം, ദയ എന്നിവയെല്ലാം വെറും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വികാരജീവികൾക്കു ചേർന്നതാണെന്നോ, മതഭ്രാന്തന്മാർക്കും അന്ധവിശ്വാസികൾക്കും ചേർന്നതാണെന്നോ കരുതി തള്ളിക്കളഞ്ഞിരിക്കുകയാണു്. അവരുടെ കണ്ണിൽ റൂസ്സോയും ഒരു പഴഞ്ചനായി. കാരണം, തനിക്കു പ്രിയപ്പെട്ട ലെമാൻ തടാകതീരത്തു ചെന്നിരുന്നു, പ്രത്യേകകാരണങ്ങളൊന്നുമില്ലാതെ, ആത്മാഭിമാനമുള്ള യൂറോപ്യനെന്ന നിലയിൽ കണ്ണുനീർ വാർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹം ആ തടാകത്തെ അത്യുഗ്ര സ്നേഹിച്ചു. ആ കണ്ണുനീരിനു മററാരർത്ഥവുമില്ല.

സ്വന്തം ആളുകൾപോലും അദ്ദേഹത്തെപ്പററി പറഞ്ഞുചിരിക്കുക പതിവായി. യുക്തിചിന്തയുടെ യുഗത്തിൽ ജീവിക്കുന്നവരെന്നും, പെണ്ണുങ്ങളെപ്പോലെ കണ്ണീരൊഴുക്കാത്തവരെന്നും അഭിമാനിച്ചിരുന്ന അവർ അദ്ദേഹത്തെ ഒരാളായിപ്പോലും കണക്കാക്കിയില്ല. ആ ജനീവാപൗരനിൽ അവർ കണ്ട, അല്പം കൂടിയ മാത്രയിലുള്ള മനുഷ്യത്വം, അവർക്കു ദഹിക്കുന്നതായിരുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും പാശ്ചാത്യലോകത്തുംപോലുമുണ്ടു്, എണ്ണത്തിൽ വളരെ കുറച്ചുമാത്രമുള്ള ഒരുകൂട്ടം ആളുകൾ. അവർ റൂസ്സോയിലെ സത്യദർശിയെയും ലോകപൗരനേയും അറിഞ്ഞാദരിക്കുന്നു. റൂസ്സോയെ താറടിച്ചുകാണിക്കാനായി സാധാരണക്കാർ അദ്ദേഹത്തിനുണ്ടെന്നു പറഞ്ഞുപോരാറുള്ള വ്യക്തിപരമായ പോരായ്മകളെ ഇക്കൂട്ടർ കണക്കിലെടുക്കുന്നില്ല. വിദ്യാഭ്യാസം തെററായ വഴിക്കു നേടിയതുകൊണ്ടാണു് അവർ ഇങ്ങനെ അദ്ദേഹത്തെ ചെളിവാരിയെറിയാൻ ഇടയായതു്. റൂസ്സോ തൻെറ കുഞ്ഞുങ്ങളെ നേരേ വളർത്തുന്നതിൽ ശ്രദ്ധിച്ചിരുന്നില്ല എന്ന ഒരൊററക്കാരണം മതിയായിരുന്നു ആളുകൾക്കു് അദ്ദേഹത്തിനെതിരേ തിരിയാൻ. സ്വന്തംബന്ധുജനങ്ങൾതന്നെ അദ്ദേഹത്തെ എത്രമാത്രം പീഡിപ്പിക്കുകയും കല്ലെറിയുകയും ചെയ്തിരുന്നു എന്നതു് അവരാരും കണക്കിലെടുക്കുന്നില്ല.

റൂസ്സോയെ ആദരിക്കുന്ന കുറച്ചാളുകൾ പാശ്ചാത്യലോകത്തുണ്ടെന്നു പറഞ്ഞല്ലോ. അവർ പൗരസ്ത്യമായ കാഴ്ചപ്പാടുള്ള പാശ്ചാത്യരാണു് എന്നു പറഞ്ഞാൽ സത്യവിരുദ്ധമാവുകയില്ല. യൂറോപ്പിലെ കാലാവസ്ഥ കഠിനമാണു്. എല്ലാ മൃദുലവികാരങ്ങളെയും മരവിപ്പിച്ചുകളയുന്നമാതിരിയുള്ളതാണു് അവിടെ വീശിയടിക്കുന്ന കോടക്കാററു്. റൂസ്സോയുടെ അന്തരാത്മാവാകുന്ന ലോലമായ പൂച്ചെടിക്കു് ആ കടുത്ത കാലാവസ്ഥയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിടിച്ചുനില്ക്കുവാൻ സാധിക്കുമായിരുന്നില്ല. ഒരുപക്ഷേ കിഴക്കുനിന്നു വീശുന്ന ആദ്ധ്യാത്മികതയുടെ ചെറുചൂടുള്ള കാററിനു് ആ മഹാമനസ്സിനെ പുനരുജ്ജീവിപ്പിച്ചെടുക്കാൻ സാധിച്ചേന്നുവരാം. പാശ്ചാത്യമെന്നോ പൗരസ്ത്യമെന്നോ, തെക്കെന്നോ വടക്കെന്നോ ഉള്ള ഭേദകല്പനയ്ക്കു സ്ഥാനമില്ലാത്ത ഒരു വിദ്യാഭ്യാസപരിപാടിക്കു രൂപം നല്കുത്തക്കവണ്ണം, റൂസ്സോയുടെ ആശയങ്ങളെ പുനരുദ്ധരിയ്ക്കാൻ അങ്ങനെ സാധിച്ചേന്നുവരാം. ആദ്ധ്യാത്മികതയിൽ താല്പര്യമുള്ള പലരും പൗരസ്ത്യലോകത്തുനിന്നു യൂറോപ്പു സന്ദർശിയ്ക്കാൻ എത്താറുണ്ടല്ലോ. അവർക്കു ചെയ്യാവുന്ന മഹത്തായ ഒരു കാര്യമാണു് റൂസ്സോദ്വീപിലേയ്ക്കു് ഒരു തീർത്ഥയാത്ര പോവുക എന്നതു്. അവിടെ റൂസ്സോയുടെ പ്രതിമയ്ക്കു ചുററുമുള്ള പച്ചനിറംപൂണ്ട ജലപ്പരപ്പിൽ വെളുത്തതും കറുത്തതുമായ അരയന്നങ്ങൾ സദാ നീന്തിക്കളിക്കുന്നു. അവിടത്തെ പോപ്ലാർ മരങ്ങളുടെ തണലിലിരുന്നു് അവക്കു് അല്പസമയം ധ്യാനിക്കാം.

12. റൂസ്സോയുടെ പ്രകൃതിസങ്കല്പം

പ്രകൃതിയെപ്പററി എത്ര പറഞ്ഞാലും റൂസ്സോയ്ക്കു മതിയാവുകയില്ല. എന്നാൽ സാധാരണയായി പ്രകൃതി (nature) എന്നു നാം വിളിച്ചുപോരുന്നതുമായി റൂസ്സോയുടെ പ്രകൃതിസങ്കല്പത്തെ കൂട്ടിക്കുഴയ്ക്കാൻ പാടില്ല. പ്രകൃതിയിലേയ്ക്കു തിരിച്ചുപോവുക, പ്രകൃതിഗായകൻ എന്നൊക്കെ നാം പറയാറുണ്ടല്ലോ. അവിടെയൊക്കെ ബാഹ്യപ്രകൃതിയെയാണു പ്രകൃതി എന്നതുകൊണ്ടു് അർത്ഥമാക്കുന്നതു്. എന്നാൽ റൂസ്സോ കാണുന്ന പ്രകൃതി അതല്ല. അതു് അദമ്യമായി സകലതിലും, സകലരിലും നിറഞ്ഞിരിക്കുന്ന ഒരു ആന്തരികചോദനയാണു്. അതു നിരപേക്ഷമാണു്, നിരുപാധികമാണു്. അതാണു നന്മതിന്മകളെപ്പററിയുള്ള ഉണർവ്വു് നമ്മിൽ ഉണ്ടാക്കുന്നതു്. അതാണു മനഃസാക്ഷിയെ ഉണർത്തുന്നതു്. മനുഷ്യന്റെ വിദ്യാഭ്യാസപരവും ധാർമ്മികവും ആദ്ധ്യാത്മികവുമായ പുരോഗതി അളക്കുന്നതിനു സഹായിക്കുന്ന നിയാമകതത്ത്വമാണതു്. അതു ബാഹ്യപ്രകൃതിയിൽനിന്നു തുലോം ഭിന്നമാണു്.

വിദ്യാഭ്യാസത്തെ ആകെക്കൂടി റൂസ്സോ കാണുന്നതു്, പ്രകൃതി എന്നു വിളിക്കാവുന്ന ഈ അദമ്യമായ ആന്തരികചോദനയോടു ചേർത്തുവച്ചാണു്. അതിൽ പെടുത്താനാവാത്തതു്, പ്രാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യോഗികകാര്യങ്ങളുടെ തലത്തിൽ നാം കൈവരുത്തുന്ന സാമൂഹികമായ ക്രമീകരണങ്ങൾ മാത്രമാണ്. ഇപ്പറഞ്ഞ പ്രകൃതിയാകട്ടെ, ഒരു ജീവിതകാലം കൊണ്ട് ഒരാളിൽ രൂപപ്പെട്ടുവരുന്ന സ്വഭാവഗുണവുമല്ല. അതും ബാഹ്യപ്രകൃതിയിൽപ്പെട്ടതു മാത്രമാണ്. എല്ലാ ബാഹ്യപ്രകൃതികളും അദമ്യമായ ആന്തരിക പ്രകൃതിക്ക് അനുഗുണമായിരിക്കണം എന്നതാണു വിദ്യാഭ്യാസത്തിൽ പ്രധാനം. അപ്പോഴേ ഒരു വ്യക്തിയിൽ കാണുന്ന ബാഹ്യപ്രകൃതി നല്ലതാണെന്നു കരുതാനാവൂ. ഈ അദമ്യമായ ആന്തരികപ്രകൃതിയെയാകട്ടെ ഐഹികമായ ജീവിതത്തിന്റെ പരിമിതികളെ ഉല്ലംഘിച്ചു വർത്തിക്കുന്നതായിവേണം കാണേണ്ടതു്. അതു ഭൂതത്തിലേയ്ക്കും ഭാവിയിലേയ്ക്കും നീണ്ടുകിടക്കുകയാണ്. അതാണു ജീവിതത്തിന്റെ അസ്തിത്വത്തെ അർത്ഥമുള്ളതാക്കിത്തീർക്കുന്നതു്. ജീവിതത്തെ ലക്ഷ്യോന്മുഖമാക്കുന്നതും അതുതന്നെ. അതിന്റെ സ്വരൂപം വ്യക്തമാക്കാൻ റൂസ്സോ ഒരു ഉദാഹരണമായി എടുത്തുകാണിക്കാറുള്ളതു്, കുത്തനേ മുകളിലേക്കു വളരാൻ ചെടികൾക്കുള്ള പ്രവണതയാണ്. വശങ്ങളിലേയ്ക്കു വളരണമെന്നുദ്ദേശിച്ചു ചെടികളെ നാം മാററിയും മറിച്ചും വച്ചാലും കുത്തനേ വളരാനുള്ള ഒരു വഴി അതു സ്വയം കണ്ടെത്തിക്കൊള്ളും. ഇതു ചെടികളിലെ ആന്തരികപ്രകൃതിയെയാണു കാണിക്കുന്നതു്. അതുപോലെ മനുഷ്യപ്രകൃതിയിലുമുണ്ട് നന്മ, സത്യം, നീതി തുടങ്ങിയ മൂല്യങ്ങളെ സംബന്ധിച്ചു കാലാതീതമായി വേരുറച്ചിരിക്കുന്നആന്തരികചോദനകൾ. മനുഷ്യന്റെ ആന്തരികപ്രകൃതിയെന്നനിലയിൽ അതൊക്കെ സ്വയം പ്രകടമായി വരും, അഥവാ വരണം. അങ്ങനെ മനുഷ്യനിൽ പ്രകൃതി പ്രവർത്തനനിരതമായിത്തീരുന്നതിന്റെ വ്യക്തമായ ഒരു ചിത്രം 'എമിലി'ന്റെ ഒരദ്ധ്യായത്തിൽ റൂസ്സോ ദീർഘമായി അവതരിപ്പിക്കുന്നുണ്ട്. പ്രകൃതിസഹജമായ രീതിയിൽ മതബോധവും ആദ്ധ്യാത്മികജീവിതവും രൂപപ്പെട്ടുവരുന്നതു വിവരിക്കുന്ന അദ്ധ്യായമാണതു്. 'സവോയ് വികാരിയുടെ മതബോധനം' (Profession of Faith of the Savoy Vicar) എന്നാണ് ആ അദ്ധ്യായത്തിന്റെ പേരു തന്നെ.

13. റൂസ്സോയും സാമൂഹികവിദ്യാഭ്യാസവും

സമൂഹവുമായി ഓരോരുത്തരും എങ്ങനെ ഇണങ്ങിച്ചേരണമെന്ന വശം വിദ്യാഭ്യാസത്തിൽ എത്ര പ്രധാനമാണ് എന്നതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന കാര്യമായ സ്ഥാനമൊന്നും റൂസ്സോ തൻെറ വിദ്യാഭ്യാസപദ്ധതിയിൽ കൊടുക്കുന്നില്ല എന്നതു നേരാണ്. ഒരു മറവിയായോ, മുൻവിധിയോടുകൂടിയ നിലപാടുകാരണം കരുതിക്കൂട്ടി ഒഴിവാക്കിയതായോ അല്ല ഇതിനെ കാണേണ്ടതു്. ലോകാനുവത്തനത്തെ ഒഴിവാക്കുകയാണ് ആദ്ധ്യാത്മികമായ അടിസ്ഥാനതത്ത്വങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതിയുടെ ലക്ഷ്യമായിരിക്കേണ്ടതു്. ഇക്കാര്യത്തിൽ റൂസ്സോയ്ക്കു നിർബന്ധവുമുണ്ട്. ഭാരതത്തിലെ സത്യദശികളും അതുപോലെതന്നെ ചിന്തിക്കുന്നവരാണ്. 'ലോകവാസന' എന്നാണ് അവർ അതിനെ വിളിക്കുന്നതു്. അവയെ 'ചിത്തഭ്രമണകാരണം' എന്നു കവികൾ വർണ്ണിച്ചുപോരുന്നു. അത്തരം ലോകവാസനയെ വളർത്തുകയല്ല റൂസ്സോയുടെ ലക്ഷ്യം. ലോകവാസനയുള്ളവരിൽ കാണാറുള്ള കാമവും ക്രോധവും ആളുകളിൽ മദവും മാത്സര്യവും ഉണ്ടാകുന്നതിനു കാരണമായിത്തീരാം. മദവും മാത്സര്യവും കാമത്തിനും ക്രോധത്തിനും കാരണമായും തീൎന്നേക്കാം. കാമം, ക്രോധം, ലോഭം എന്നിവയാണ് നരകത്തിലേക്കുള്ള മൂന്നു വാതിലുകൾ എന്നു ഭഗവദ്ഗീതയും പഠിപ്പിക്കുന്നു. (XVI. 16, 21). ഈ മൂന്നും ഉണ്ടാകുന്നതാകട്ടെ മനുഷ്യനിൽത്തന്നെയുള്ള രജോഗുണത്തിൽ നിന്നാണുതാനും. രജോഗുണത്തിൻെറ സ്വഭാവം പ്രവത്തനമാണ്. ജീവിതത്തിൽ അനിവാര്യമായി വരുന്ന, നിലനില്പിനുവേണ്ടിയുള്ള യത്നവും അതിലെ മത്സരങ്ങളും ഒക്കെ ഇതിൽപ്പെടുന്നതു തന്നെയാണ്. ലോകവാസനയെ ത്യജിക്കുകയാണ് യഥാൎത്ഥആദ്ധ്യാത്മികോന്നതിക്കു, വേണ്ടതു്. ശങ്കരാചാര്യരും 'വിവേകചൂഡാമണി'യിൽ അതു തന്നെ പറയുന്നു. ഡ്യൂയിയെപ്പോലെയുള്ള ചിന്തകർ, വിദ്യാഭ്യാസംകൊണ്ടു സാധിക്കേണ്ടതായി കരുതുന്നതു, പ്രായോഗിക കാര്യങ്ങളോടും സാഹചര്യങ്ങളോടും ആളുകളെ ഇണക്കിയെടുക്കുക എന്നതാണ്. എന്നാൽ ആദ്ധ്യാത്മികതയിൽ അടിയുറച്ചു നിൽക്കുന്ന ഒരാദശ്വാദിയായിരിക്കുകയാണ് റൂസ്സോ ചെയ്യുതു്. മനുഷ്യനിലെ സഹജമായ നന്മയും ആന്തരികപ്രകൃതിയും അദ്ദേഹത്തിനു നിത്യനിർമുക്തവും അത്യുന്നതവുമായ ജീവിതമൂല്യങ്ങളാണ്. അവയോടു് അദ്ദേഹം നൂറുശതമാനവും കൂറുപുലത്തുന്നു. എല്ലാ മനുഷ്യരും എക്കാലത്തും അവയെ അമൂല്യമായി കരുതിപ്പോരുന്നുമുണ്ട്. ലോകം മുഴവൻ നഷ്ടപ്പെട്ടാലും മനുഷ്യനു അന്തരാത്മാവു നഷ്ടമാകരുതു് എന്നതാണ് അദ്ദേഹത്തിൻെറ ആദശം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14. റുസ്സോയുടെ നിവർത്തനവിദ്യാഭ്യാസം

വളർച്ചയുടെ ആദ്യഘട്ടത്തിൽ എങ്ങനെയുള്ള വിദ്യാഭ്യാസമാണ് കുഞ്ഞുങ്ങൾക്കു നല്കേണ്ടതെന്ന വളരെ വ്യക്തമായും ഉറക്കെയുമാണ റൂസ്സോ പറയുന്നത്. അദ്ദേഹം പറയുന്നു, അതു നിവർത്തനപ്രധാനമായിരിക്കണം എന്ന്. നിവർത്തനപ്രധാനമായ വിദ്യാഭ്യാസം (negative education) എന്ന തത്ത്വത്തിൽ ഉൾക്കൊണ്ടിരിക്കുന്നതു് വേദാന്തികൾ പറയുന്ന നിവൃത്തിമാർഗ്ഗംതന്നെയാണ്. പാശ്ചാത്യലോകത്തു സോക്രട്ടീസിനുമുമ്പുണ്ടായിരുന്ന ചിന്തകർക്കു് ആ രഹസ്യം അറിയാമായിരുന്നു. അഹന്തയോടുകൂടി ഓരോന്നിനു് ഒരുമ്പെട്ടിറങ്ങുന്നതു രാജോഗുണത്തിന്റെ സ്വഭാവമാണ്. അതൊരു നന്മയല്ല, തിന്മയാണ് എന്നാണ് ഭാരതീയർ കരുതുന്നതു്. അതിനാൽ, അനിവാര്യമായുള്ള കർമ്മങ്ങളേ ജീവിതത്തിൽ ഏറ്റെടുക്കാവൂ എന്ന നിലപാടാണ് ഒരു നിയാമകതത്ത്വമെന്ന നിലയിൽ ഭാരതീയർ സ്വീകരിച്ചിട്ടുള്ളതു്. ഭഗവദ്ഗീതയിലെ 'നിഷ്കാമകർമ്മം' എന്ന സിദ്ധാന്തവും ഇതുതന്നെയാണ് പഠിപ്പിക്കുന്നതു്. എങ്കിലും ഭാരതീയർപോലും അതിനെ തെററായിട്ടാണ് മനസ്സിലാക്കിപ്പോരുന്നതു്. ലോകവാസനകളിൽപ്പെട്ടു്, കർതൃത്വബോധത്തോടുകൂടി, ഫലേച്ഛയാൽ പ്രേരിതരായി, അഭിനിവേശത്തോടുകൂടി ചെയ്യുന്ന കർമ്മങ്ങളിൽ നിന്നു സ്വയം രക്ഷിക്കത്തക്കവണ്ണം, ജീവിതസന്ദർഭങ്ങളുമായി യോഗബുദ്ധ്യാ സ്വയം എങ്ങനെ ഇണക്കിക്കൊടുക്കണമെന്ന കർമ്മയോഗരഹസ്യം ഗീത പഠിപ്പിക്കുന്നു.

സമൂഹത്തിൽ നിലവിലിരിക്കുന്ന തിന്മകളുടെ സ്വാധീനത്തിൽ നിന്നു സംരക്ഷണം നല്കി, കുഞ്ഞിനെ സ്വയം വളരാൻ അനുവദിക്കുക എന്നതാണ് നിവർത്തനവിദ്യാഭ്യാസം എന്നതിലെ പൊരുൾ. വഴിപോക്കർ ചവിട്ടാതെയും ഉപദ്രവിക്കാതെയും വൃക്ഷത്തിന്റെ തൈകൾക്കു വേലികെട്ടി സംരക്ഷണം നല്കുന്നതുപോലെ, കുഞ്ഞിനെ വളർത്തിയെടുക്കേണ്ടതു് ഏകാന്തമായ അന്തരീക്ഷത്തിൽ വേണം. പ്രാചീനഭാരതത്തിൽ ഗുരുകുലങ്ങളിൽ നടന്നുവന്നിരുന്നതുപോലെ, കുട്ടിയുടെ നിയന്ത്രണം ഒരൊററ വ്യക്തിയാണ് ഏറ്റെടുക്കേണ്ടതു്. അയാളാണ് കുട്ടിയുടെ വളർച്ചയ്ക്കു് ആവശ്യമായ വിദ്യാഭ്യാസസാഹചര്യം ഒരുക്കിവെയ്ക്കേണ്ടതും, അതിൽ ഓരോന്നിന്റെയും അർത്ഥം കണ്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തേണ്ടതും, വളർച്ചയ്ക്കു സഹായകമായിട്ടുള്ളവയെ മാത്രം തെരഞ്ഞെടുത്തു് അവന്റെ മുമ്പിൽ ഒരുക്കിവെയ്ക്കേണ്ടതും, ആവശ്യമില്ലാത്തവയെ ഒഴിവാക്കേണ്ടതുമെല്ലാം. അങ്ങനെ ഒരുക്കിവെയ്ക്കുന്ന സാഹചര്യത്തിൽ, കുട്ടിയുടെ ആന്തരികപ്രകൃതിയ്ക്കു പൂർണ്ണമായും പ്രകടമായിത്തീരാനുള്ള അവസരം ഉണ്ടായിരിക്കണം. കുഞ്ഞു പൂർണ്ണവളർച്ചയെത്തുന്നതുവരെ നിരന്തരം നടന്നുകൊണ്ടിരിക്കേണ്ട ഒരു പ്രക്രിയയാണിതു്. റൂസ്സോ ഇവിടെ പറയുന്ന ആന്തരികപ്രകൃതിയും, ഭഗവദ്ഗീതയിൽ ആത്മാവിന്റേതായി പറയുന്ന പ്രകൃതിയും, നാരായണഗുരു ആത്മാവിന്റേതായി പറയുന്ന വിശ്വവീര്യവും ഒന്നുതന്നെയാണു്. കാന്റ് എന്ന ജർമ്മൻ ചിന്തകൻ അതിനെ നിരപേക്ഷനിയോഗം (categorical imperative) എന്നു വിളിക്കുന്നു. ബെർഗ്സൻ വിശ്വവീര്യം (elan vital) എന്നും.

ഈ പ്രക്രിയ നിരന്തരം നടന്നുകൊണ്ടിരിക്കേണ്ടതു് ആന്തരികപ്രകൃതിയിൽ സഹജമായുള്ള നന്മയുടെ നിയന്ത്രണത്തിൽ വേണം. ഈ നന്മയുടെ പ്രതിരൂപം തന്നെയായിരിക്കുന്ന അദ്ധ്യാപകനാണു് അതിനു ചുക്കാൻ പിടിക്കേണ്ടതു്. കുട്ടിയുടെ ആന്തരിക പ്രകൃതിയിലെ നന്മയും അദ്ധ്യാപകനിലെ അതേ നന്മയും തമ്മിൽ ഇവിടെ ഒരു വേഴ്ചയിൽ ഏർപ്പെടുന്നു. ഇതിനെയാണു് 'ഗുരുശിഷ്യപാരസ്പര്യം' എന്നു പ്രാചീനഭാരതത്തിൽ വിളിച്ചുപോന്നിരുന്നതു്. അങ്ങനെ പാശ്ചാത്യവിദ്യാഭ്യാസചിന്തയുടെ ചരിത്രത്തിൽ ആദ്യമായി ഗുരുശിഷ്യപാരസ്പര്യത്തിനു് സ്ഥാനം ലഭിച്ചിരിക്കുന്നതാണു റൂസ്സോയിൽ നാം കാണുന്നതു്. റൂസ്സോ പറയുന്ന ആന്തരികപ്രകൃതി മനുഷ്യനിൽ സഹജമായുള്ള നന്മയല്ലാതെ മറ്റൊന്നുമല്ല എന്നർത്ഥം. ഈ മാർഗ്ഗരേഖയിൽ അതിനെത്തന്നെയാണു് വിദ്യാഭ്യാസത്തിലെ വ്യക്തിഗതമായ അംശം (The Personal Facofor in Education) എന്നു ഞങ്ങൾ വിളിക്കുന്നതു്. സർവ്വവിദ്യാപ്രതിഷ്ഠയായ ഒരു ശാസ്ത്രത്തിനു് അനുഗുണമായ തരത്തിൽ നിഷ്കൃഷ്ടത കൈവരുത്തുകയും അതേസമയം അർഹമായ ഉന്നതസ്ഥാനം അതിനു നല്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണു് ഈ പേരു ഞങ്ങൾ സ്വീകരിച്ചതു്. മേൽപ്പറഞ്ഞ സർവ്വവിദ്യാപ്രതിഷ്ഠയായ ശാസ്ത്രവും ഭാരതത്തിലെ ബ്രഹ്മവിദ്യയും രണ്ടല്ല എന്നതും ഓർത്തിരിക്കേണ്ടതാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15. ഭാരതീയസങ്കല്പങ്ങളുടെ മാറ്റൊലി

റൂസ്സോ പറയുന്നു, ''അഭ്യസനം നേരായ വഴിക്കു മുന്നേറണമെന്നുണ്ടെങ്കിൽ കുഞ്ഞ് ഒരൊററ അദ്ധ്യാപകന്റെ കീഴിൽത്തന്നെ അഭ്യസനം തുടരണം.'' (Book I: Emile)

എമിൽ എന്ന കുട്ടിയെ മാതൃകാപരമായി വളർത്തിക്കൊണ്ടുവരുന്നരീതിയാണല്ലോ ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നതു്. അവിടെ അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ ഉണ്ടായിരിക്കേണ്ടതായ മാനസികമായ അടുപ്പത്തിനു് എത്ര പ്രാധാന്യമാണുള്ളതെന്നു് റൂസ്സോ പ്രത്യേകിച്ച് ഊന്നിപറയുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ പറഞ്ഞാൽ,

> ''എമിൽ ഒരനാഥശിശുവാണ്. അവനു് അമ്മയോ അച്ഛനോ ഉണ്ടായിരിക്കണമെന്നതു് ഇവിടെ പ്രധാനമല്ല എന്നർത്ഥം. അവരുടെ ഉത്തരവാദിത്വം കൂടി ഇപ്പോൾ എന്നിലാണ്. അവന്റെമേൽ അച്ഛനമ്മമാർക്കുള്ള അവകാശവും തല്ക്കാലം എന്റേതായിത്തീർന്നിരിക്കുന്നു. അദ്ധ്യാപകനും വിദ്യാർത്ഥിയും ഒരിക്കലും വേർപിരിഞ്ഞിരിക്കാനാവാത്ത തരത്തിൽ മാനസികമായ അടുപ്പമുള്ളവരായിരിക്കണം എന്നാണ് ഞാൻ ആശിക്കുന്നതു്. അപ്പോൾ അവരുടെ ജീവിതത്തിലെ ഓരോ ദിവസവും കടന്നുപോകുന്നതു് രണ്ടുപേർക്കും പൊതുവായുള്ള ഒരു താല്പര്യത്തെ മുൻനിറുത്തിക്കൊണ്ടായിരിക്കും.''

പ്രാചീനഭാരതത്തിലെ ഗുരുകുലവിദ്യാഭ്യാസസമ്പ്രദായത്തിൽ വിലമതിച്ചിരുന്ന ഗുരുശിഷ്യപാരസ്പര്യത്തിന്റെ മാറ്റൊലിയാണ് ഈ വാക്കുകളിൽ നാം കേൾക്കുന്നതു് എന്നതിൽ സംശയമില്ല.

റൂസ്സോ വിഭാവനം ചെയ്യുന്ന നിവർത്തനപരമായ വിദ്യാഭ്യാസത്തെപ്പററി (eegative Education) സൂചിപ്പിക്കുകയുണ്ടായല്ലോ. സമൂഹം കാഴ്ചവെയ്ക്കുന്ന ആർഭാടങ്ങളിൽ നിന്നും പുറംപകിട്ടുകളിൽ നിന്നും അകററി നിറുത്തി കുഞ്ഞിനെ സംരക്ഷിക്കുക എന്നതാണ് അതിലെ കാതലായ അംശം. കൊച്ചുകുഞ്ഞായിരിക്കുമ്പോൾ മാത്രമല്ല, കൗമാരപ്രായത്തിൽ പോലും ഈ സംരക്ഷണം ആവശ്യമാണ് എന്നാണ് 'എമിലി'ന്റെ അഞ്ചാംഭാഗത്തിൽ നാം വായിക്കുന്നതു്. അർത്ഥസംപുഷ്ടമായ ആ വാക്കുകൾ നോക്കുക:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

''യൗവ്വനത്തിലേക്കു കാലുകുത്തുന്ന ഒരുവൻെറ ഇളംമനസ്സിൽ ബുദ്ധിവികാസത്തിൻെറയും ധാരണാശക്തിയുടെയും കുരുന്നുകൾ നാമ്പിടണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നതു്? അവൻെറ സ്വാഭാവത്തെ സന്മനോഭാവത്തിലേക്കു പ്രയോജനകരമായ ഒരു ജീവിതത്തിലേയ്ക്കു തിരിച്ചുവിടാനാണോ നിങ്ങൾ ആഗ്രഹിക്കുന്നതു്? എങ്കിൽ ആളുകളുടെ പൊള്ളയായ ആഹ്ലാദത്തിൻെറ ചിത്രങ്ങൾ കാണിച്ചു് അവനെ വഴിതെററിക്കാതിരിക്കുക. അങ്ങനെ അവനിൽ അഹംഭാവവും താൻപ്രമാണിത്തവും പരനിന്ദയും അസൂയയും ഉണ്ടാകാൻ അവസരം നല്കാതിരിക്കുക. രാജകീയ സദസ്സുകളുടെയും കൊട്ടാരവിരുന്നുകളുടെയും പ്രൗഢിയും, കാഴ്ചകളുടെ ആകർഷണീയതയും അവൻെറ കൺമുമ്പിൽ ആദ്യമേതന്നെ വന്നു പെടാതെ നോക്കുക. ആളുകൾ ഒന്നിച്ചു കൂടുന്നിടത്തും മാന്യന്മാരുടെ സഭകളിലും ഞെളിഞ്ഞുനടക്കാനുള്ള അവസരം അവനുണ്ടാക്കിക്കൊടുക്കാതെ നോക്കുക. സമൂഹത്തിൻെറ ഉന്നതതലങ്ങളിൽ ജീവിക്കുന്നവരുടെ ജീവിതത്തിലെ ബാഹ്യവശങ്ങൾ, അവയെ സ്വന്തമായി വിലയിരുത്തിമനസ്സിലാക്കാനുള്ള കെല്പുണ്ടാകുന്നതുവരെ അവനു കാണിച്ചുകൊടുക്കാതിരിക്കുക. മനുഷ്യരെ മനസ്സിലാക്കാനുള്ള പ്രാപ്തി ഉണ്ടാകുന്നതിനുമുമ്പു് അവനു ലോകത്തെ കാണിച്ചുകൊടുക്കരുതു്. അങ്ങനെ കാണിച്ചുകൊടുക്കുന്നതു് അവനെ നന്നാക്കാനല്ല, വഷളാക്കാനായിരിക്കും സഹായിക്കുന്നതു്; അവനെ പഠിപ്പിക്കാനല്ല വഴിതെററിക്കാനായിരിക്കും''

ഗുരുകുലങ്ങളിൽ ബ്രഹ്മചാരികളെ വളർത്തിക്കൊണ്ടുവരേണ്ടതെങ്ങനെ എന്നതു സംബന്ധിച്ചു പ്രാചീനഭാരതത്തിൽ നിലവിലിരുന്ന സങ്കല്പങ്ങളോടു് എത്രത്തോളം സാദൃശ്യമുള്ളതാണു് റൂസ്സോയുടെ ഈ വാക്കുകളിൽ കാണുന്ന ആശയം എന്നു കാണാൻ പ്രയാസമില്ല.

ഏകാന്തപഥികത്വം

റൂസ്സോയ്ക്കെതിരേ പ്രയോഗിക്കാറുള്ള ഒരു വിലകുറഞ്ഞ ആക്ഷേപം സാമൂഹികമായ പരിഗണനകൾക്കു സ്ഥാനമില്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായമാണു് അദ്ദേഹം ഭാവനയിൽ കാണു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതെന്നുള്ളതാണ്. ഇങ്ങനെയൊരു ആക്ഷേപമുണ്ടാകാൻ കാരണം, മനുഷ്യന് ആനന്ദം കൈവരുത്തുന്നത് അവന്റെ ഏകാന്തപഥികത്വമാണ് എന്ന അദ്ദേഹത്തിന്റെ നിലപാടാണ്. 'എമിലി'ന്റെ നാലാംഭാഗത്തിൽ അദ്ദേഹം പറയുന്നു; 'യഥാർത്ഥ ആനന്ദമനുഭവിക്കുന്ന ഒരുവൻ ഏകാന്തപഥികനായിരിക്കും. ......നിരപേക്ഷവും പരമവുമായ ആനന്ദം അനുഭവിക്കുന്നതു ദൈവം മാത്രമാണ്.' ഭഗവദ്ഗീതയിൽ പറയുന്നതുനോക്കുക:

യോഗീ യുഞ്ജീത സതതം
ആത്മാനം രഹസി സ്ഥിതഃ
ഏകാകീ യതചിത്താത്മാ
നിരാശീരപരിഗ്രഹഃ. (VI. 10)

(ഏകാകിയും യമനംചെയ്ത ചിത്തത്തോടുകൂടിയവനും ആശകളില്ലാത്തവനും എന്തിനെയെങ്കിലും സ്വന്തമാക്കാനുള്ള തൃഷ്ണയില്ലാത്തവനും ആയിട്ട് രഹസ്യസ്ഥാനത്തിൽ സ്ഥിതിചെയ്തുകൊണ്ടു, യോഗി നിരന്തരം സ്വയം യോജിപ്പിച്ചുകൊള്ളേണ്ടതാണ്.)

റൂസ്സോയുടെ വാക്കുകളും ഗീതയിലെ വാക്കുകളും ചേർത്തുവച്ചുനോക്കുമ്പോൾ, പാശ്ചാത്യലോകത്തിനും പൗരസ്ത്യലോകത്തിനും പൊതുവായുള്ള ഒരു ആദ്ധ്യാത്മികജീവതസരണിയുടെ പ്രതിഫലനമാണ്നാം കാണുന്നതു്.

കലകളും ശാസ്ത്രങ്ങളും മനുഷ്യന് എത്രത്തോളം ദോഷം ചെയ്യുന്നുണ്ട് എന്നതിനെ സംബന്ധിച്ചുള്ള സുപ്രസിദ്ധമായ പ്രബന്ധം റൂസ്സോ ഡിജോൺ യൂണിവേഴ്സിററിക്കു സമർപ്പിച്ചതു് 1750-ൽ ആണ്. അന്നുമുതൽ അദ്ദേഹം തുടങ്ങിയതാണ്, പാശ്ചാത്യസംസ്കാരത്തിന്റെ ദോഷവശങ്ങളുടെമേലുള്ള വിശ്രമമില്ലാത്ത ആക്രമണം. അദ്ദേഹം അന്നു ചൂണ്ടിക്കാണിച്ച ദോഷങ്ങളുടെ വിപുലമായ രൂപമാണ് ഇന്നു നാം അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. വാസ്തവത്തിൽ അദ്ദേഹം നിലകൊണ്ടിരുന്നതു്, മനുഷ്യഹൃദയത്തിന്റെ ആഴത്തിൽ കുടികൊള്ളുന്ന ഉദാത്തമായ മാനുഷികമൂല്യങ്ങൾക്കുവേണ്ടിയാണ്.

ധ്യാനാത്മകമായ ആദ്ധ്യാത്മികാനുഭൂതി അതിന്റെ ഉദാത്തഭാവം കൈവരിക്കുന്നതായി റൂസ്സോയിൽ നാം കാണുന്നതു്, സവോയ് വികാരിയെക്കൊണ്ടു് ഈ വാക്കുകൾ അദ്ദേഹം പറയിപ്പിക്കുമ്പോഴാണ്:

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ഈ ആനന്ദത്തിൻെറ, ഈ വീര്യത്തിൻെറ, ഈ നിർമുക്തതയുടെ പാരമ്യത്തിലേക്കു സാധ്യമാവുന്നിടത്തോളം സ്വയം ഉയർത്തിക്കൊണ്ടുപോകുന്നതിനായി ഞാൻ അഭ്യസിക്കുന്നതു്, ഉദാത്തമായ ധ്യാനസാധനയാണു്. വിശ്വസംവിധാനത്തെപ്പററി ഞാൻ ധ്യാനിക്കും. ഏതെങ്കിലുമൊരു ചിന്താസമ്പ്രദായപ്രകാരം അതിനെ വിശദീകരിച്ചുകാണിക്കുവാൻ വേണ്ടിയല്ല; ഒടുക്കമില്ലാതെ അതിനെ അറിയാനും ആരാധിക്കാനും വേണ്ടിമാത്രം. ആ സംവിധാനത്തിൽക്കൂടി തൻെറ സാന്നിദ്ധ്യത്തെ ആനുഭൂതികമാക്കിത്തീർത്തുകൊണ്ടിരിക്കുന്ന സർവജ്ഞനായ വിശ്വവിധാതാവിനെ ആരാധിക്കാൻ വേണ്ടിമാത്രം......ദൈവമേ, നിന്നിലുള്ള എൻെറ വിശ്വാസപ്രകാരം, നീ കരുണയുള്ളവനും, നല്ലവനുമാണു്. എൻെറ ഹൃദയത്തിലുള്ള ഏററവും വലിയ അഭിലാഷം, നിൻെറ ഇച്ഛ നടക്കുമാറാകണം എന്നതു മാത്രമാണു്. എൻെറ ഇച്ഛയെ ഞാൻ നിൻെറ ഇച്ഛയോടുചേർക്കുന്നു. അങ്ങനെ ഞാൻ ചെയ്യുന്നതു് നിൻെറ ചെയ്തിതന്നെയായിത്തീരാൻ ഇടയാകണം. നിൻെറ ഔദാര്യത്തിൻെറ മുന്നിൽ ഞാൻ എന്നെ അർപ്പിക്കുന്നു. അതിനു ലഭിക്കുന്ന സമ്മാനം പരമാനന്ദമാണെന്നും, അതു മുൻകൂട്ടിത്തന്നെ എനിക്കു കൈവന്നിരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു."

അദ്വൈതരസാമൃതം നുകരുന്ന ഒരു യോഗിയുടെയോ, ഗുരുവിൻെറയോ, മുനിയുടെയോ സ്വഭാവമാണു് റൂസ്സോയ്ക്കുള്ളതെന്നു വ്യക്തമാക്കുന്നതാണു് മേലുദ്ധരിച്ച വാക്കുകളിലെ അവസാനഭാഗം. അദ്ദേഹത്തിൻെറ വ്യക്തിത്വത്തിലെ ഈ പ്രത്യേകതകാം, അദ്ദേഹത്തെ ഒരേ സമയം ഒരു സത്യക്രിസ്ത്യാനിയും ഉത്തമബ്രാഹ്മണനും ആക്കിത്തീർക്കുന്ന തരത്തിലുള്ളതാണു്. ഇങ്ങനെയൊക്കെയാണെങ്കിലും റൂസ്സോയുടെ പ്രതിമ നേരത്തേ വിവരിച്ച ചെറിയദ്വീപിൽ എല്ലാവരാലും അവഗണിക്കപ്പെട്ടനിലയിൽ നില്ക്കുകയാണു്. സ്വന്തം കഴിവിൽ അഭിമാനിക്കുന്ന ആധുനിക പാശ്ചാത്യർ അത്ര സമ്മതമില്ലാത്ത മട്ടിലാണു് അതിനെ കാണുന്നതു്. ഒരുപക്ഷേ ഒരിക്കൽ ഭാരതത്തിൽ നിന്നെത്തുന്ന ഏതെങ്കിലും ഭക്തൻ അദ്ദേഹത്തെ ഒരു ജഗദ്ഗുരുവായികണ്ടിട്ടു് ഭാരതീയമായ രീതിയിൽ ആ പ്രതിമയ്ക്കു പൂജചെയ്തു എന്നുവരും—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്രം, പുഷ്പം, ഫലം, ജലം, സുഗന്ധദ്രവ്യങ്ങൾ, ദീപം എന്നിവയുടെയെല്ലാം അകമ്പടിയോടുകൂടി. വാസ്തവത്തിൽ റൂസ്സോ യൂറോപ്പിലെ തണുത്ത കാലാവസ്ഥയിലല്ല, ഭാരതത്തിലെ യോഗികളുടെയും ഗുരുക്കന്മാരുടേയും ഒപ്പമാണ് ജീവിയ്ക്കാൻ ഇഷ്ടപ്പെടുക എന്നു തോന്നുന്നു. ഒരുപക്ഷേ വസന്തകാലത്തിലെ യൂറോപ്പിനെ അദ്ദേഹം ഇഷ്ടപ്പെട്ടേയ്ക്കും. അദ്ദേഹം സ്നേഹിക്കുന്ന പ്രകൃതി ആ സമയത്ത് അദ്ദേഹത്തേയും അറിഞ്ഞാദരിച്ചെന്നു വരും. ചുരുക്കത്തിൽ, റൂസ്സോയുടെ വ്യക്തിമാഹാത്മ്യത്തേയും അദ്ദേഹം ലോകത്തിനു നൽകിയ സന്ദേശത്തേയും, കുറഞ്ഞ പക്ഷം ലോകവിദ്യാഭ്യാസത്തിൻെറ ഉദ്ഗതിക്കുവേണ്ടിയെങ്കിലും വീണ്ടെടുക്കേണ്ടിയിരിക്കുന്നു എന്നു പറയാതെ തരമില്ല. മതകാര്യത്തിൽപ്പോലുമുള്ള അദ്ദേഹത്തിൻെറ വിശാലവീക്ഷണം താഴെ ഉദ്ധരിക്കുന്ന വാക്കുകളിൽ തെളിഞ്ഞു കാണാം: (ഭാഗം-5)

> ''എല്ലാ മതങ്ങളേയും ഞാൻ കണക്കാക്കുന്നതു സമാദരണീയമായ സ്ഥാപനങ്ങളായിട്ടാണ്. ഓരോ ദേശത്തുമുള്ളവർക്ക് ഓരോരീതിയിലുള്ള ഒരു പൊതു ആരാധനാസമ്പ്രദായം വഴി ദൈവത്തെ മഹത്വപ്പെടുത്താനുള്ള മാർഗ്ഗമാണ് ഓരോ മതവും നിർദ്ദേശിക്കുന്നതു്. ഓരോ മതവും ഓരോ പ്രത്യേക സ്വഭാവത്തോടുകൂടിയതായിരിക്കുന്നതിനു കാരണം, കാലാവസ്ഥയിലും ഭരണസമ്പ്രദായത്തിലും ജനങ്ങളുടെ ബുദ്ധിപരമായ നിലവാരത്തിലും ഉള്ള ഭേദമാണ്. കാലത്തിനും ദേശത്തിനും അനുസരിച്ച്, ഒരു സമ്പ്രദായത്തെക്കാൾ മറെറാന്നു സ്വീകാര്യമായിത്തീരുന്നതിനു മററു പ്രാദേശികകാരണങ്ങളും ഉണ്ടായെന്നുവരാം. ദൈവത്തെ പ്രയാസം കൂടാതെ സേവിക്കുന്നതിനുപകരിക്കുമെന്നുള്ളതുകൊണ്ട് അവയെല്ലാം ഒരുപോലെ നല്ലതാണ് എന്നാണു ഞാൻ കരുതുന്നതു്, ദൈവാരാധനയുടെ സാരാംശം നടക്കുന്നതു. ഹൃദയത്തിലാണ്. ഏതു രൂപത്തിലുള്ളതായിരുന്നാലും, ആത്മാർത്ഥതയോടുകൂടി ചെയ്യുന്ന ഏതൊരു ആരാധനയും ദൈവത്തിനു് ഇഷ്ടപ്പെടാതെ വരുകയില്ല.''

''മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ സർവശഃ'' (എല്ലാ മനുഷ്യരും എല്ലാവശങ്ങളിലും നിന്നു് എൻെറ വഴിതന്നെയാണു പിൻതുടരുന്നതു്.) എന്നു ഭഗവദ്ഗീതയും (IV. 11), ''ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാതി, ഒരുമതം, ഒരു ദൈവം മനുഷ്യനു്'' എന്നു നാരായണഗുരുവും പറഞ്ഞിരിക്കുന്നതിൻെറ ആവർത്തനം തന്നെയാണല്ലോ മറെറാരു തരത്തിൽ ഇവിടെയും കാണുന്നതു്.

16. റൂസ്സോയും ഗുരുകുലവിദ്യാഭ്യാസവും

റൂസ്സോ തന്നെത്തന്നെ വിശേഷിപ്പിക്കുന്നതു് സത്യത്തിൻെറ ചങ്ങാതിയായിട്ടാണു്. പ്രാചീനഭാരതീയവിദ്യാഭ്യാസസമ്പ്രദായത്തിൽ അംഗീകരിച്ചിരുന്ന ഗുരുകുലവാസം, ഗുരുഭക്തി, ബ്രഹ്മചര്യം എന്നീ തത്ത്വങ്ങളുടെ പ്രാധാന്യം ആധുനികലോകത്തിനു നന്നായി തുറന്നുകാണിച്ചുകൊടുക്കുകയാണു് റൂസ്സോ ചെയ്തതെന്നു പറയാം. ഇക്കാര്യം തെളിയിക്കുന്ന നിരവധി ഭാഗങ്ങൾ 'എമിലി'ൽ നിന്നുദ്ധരിച്ചുകാണിക്കാവുന്നതാണു്. ധ്യാനം, യോഗം എന്നിങ്ങനെയുള്ള സാധനകൾക്കുപോലും അതിൽ സ്ഥാനമുണ്ടെന്നു കാണാൻ പ്രയാസമില്ല. കാലപരവും ദേശപരവുമായ വ്യത്യാസംകൊണ്ടുണ്ടായിട്ടുള്ള നിറഭേദങ്ങളെയും അതിശയോക്തിപരമായ പരാമർശങ്ങളേയും മാററിവച്ചിട്ടു് ആ വാക്കുകളുടെ പൊരുൾ കാണണമെന്നു മാത്രം.

17. വിദ്യാർത്ഥിയെ അറിയുക

1762-ൽ ഹേഗിൽ പ്രസിദ്ധീകരിച്ച 'എമിലി'ൻെറ പതിപ്പിൽ റൂസ്സോ തന്നെ ഒരു മുഖക്കുറിപ്പെഴുതിയിട്ടുണ്ടു്. അതിൽ അദ്ദേഹം പറയുന്നു. ''കുഞ്ഞിനെ ആരും മനസ്സിലാക്കാറില്ല എന്നതാണു വാസ്തവം......അതുകൊണ്ടു് നിങ്ങളുടെ വിദ്യാർത്ഥിയെ നന്നായി മനസ്സിലാക്കുന്നിടത്തായിരിക്കട്ടെ തുടക്കം. കാരണം, അവനെ നിങ്ങൾ മനസ്സിലാക്കുന്നില്ല എന്നതു തീർച്ചയാണു്.''

വിദ്യാഭ്യാസത്തിൻെറ മർമ്മത്തിലിരിക്കുന്ന ഒരു പ്രശ്നത്തിലാണു റൂസ്സോ ഇവിടെ കൈവച്ചിരിക്കുന്നതു്. 'എമിലി'ൻെറ അഞ്ചാം ഭാഗത്തിൽ അദ്ദേഹം വീണ്ടും പറയുന്നു, ''അവളിൽ (സോഫിയിൽ) ഉള്ളടങ്ങിയിരിക്കുന്നതെന്താണെന്നു് ആദ്യം തന്നെ നമുക്കു മനസ്സിലാക്കാം. അപ്പോഴാണു നാം കണ്ടെത്തുന്നതു്, ജീവിതത്തിൽ അവൾ എവിടെയാണു നിലയുറപ്പിച്ചിരിക്കുന്നതെന്നു്.'' സോഫി ജീവിക്കുന്ന ബാഹ്യസാഹചര്യത്തേയും അവളുടെ ആന്തരികപ്രകൃതിയേയും ചേർത്തുവച്ചുവേണം കാണേണ്ടതു് എന്നതും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യേകസന്ദർഭത്തിൽ സംഗതമായിവരുന്ന ഭിന്നവശങ്ങളെ ചേർത്തുവച്ചു കണ്ടുകൊണ്ടുവേണം ഏതു സന്ദർഭത്തേയും പരിശോധിക്കേണ്ടതു് എന്നതാണല്ലോ യോഗബുദ്ധ്യാ ഉള്ള ചിന്തയുടെ പ്രത്യേകത.

മതബോധനത്തെപ്പററി പരാമർശിക്കുന്ന ഘട്ടത്തിൽ അദ്ദേഹം വീണ്ടും പറയുന്നു, ''അതുകൊണ്ടു മനുഷ്യപ്രകൃതി എന്താണെന്നറിയുന്നിടത്തു നിന്നു തുടങ്ങുക. മനുഷ്യത്വത്തിൻെറ ഏററവും മഹത്തായ അംശമെന്ന നിലയിൽ മനുഷ്യപ്രകൃതിയിൽ അവശ്യം ഉണ്ടായിരിക്കുന്നതെന്തു് എന്നു പഠിക്കുന്നിടത്തുനിന്നു തുടങ്ങുക.'' ഇവിടെ അദ്ദേഹം കൈചൂണ്ടുന്നതു് മനുഷ്യരാശിക്കൊന്നാകെയുള്ള സവിശേഷതയുടെ സാമാന്യസ്വരൂപം അറിയേണ്ടതിൻെറ ആവശ്യകതയിലേക്കാണു്. ഗ്രന്ഥത്തിൻെറ നാലാം ഭാഗത്തിൽ, മനുഷ്യജീവിതത്തിൽ നീതിബോധത്തിനുള്ള സ്ഥാനത്തെപ്പററി ചർച്ചചെയ്യുമ്പോഴും അദ്ദേഹം പറയുന്നു: ''ഇതാണു നമ്മെസംബന്ധിച്ചിടത്തോളം വളരെപ്രധാന്യമർഹക്കുന്ന പഠനം. എന്നാൽ ഈ പഠനം വേണ്ടവണ്ണം നടത്തുന്നതിനു നാം തുടക്കം കുറിക്കേണ്ടതു മനുഷ്യഹൃദയത്തെ മനസ്സിലാക്കുന്നിടത്തു നിന്നാണു്.''

വ്യക്തിഗതമായ അംശങ്ങൾ വിദ്യാഭ്യാസപ്രക്രിയയിൽ പ്രസക്തമായിവരുന്നതിൻെറ ചിലവശങ്ങളാണു് ഇപ്പറഞ്ഞതിലൊക്കെ നാം കാണുന്നതു്. ഈ വശങ്ങളെയെല്ലാം മനുഷ്യനിലെ വ്യക്തിഭാവത്തിൻെറ സമഗ്രമായ ഒരു ചിത്രത്തിൻെറ ഭാഗമായി വേണം കാണാൻ. അത്തരമൊരു ചിത്രത്തിൻെറ ഭാഗമെന്നനിലയിലാണു്, വിദ്യാഭ്യാസസന്ദർഭത്തിലെ ഉഭയപക്ഷങ്ങളായ അദ്ധ്യാപകനെയും വിദ്യാർത്ഥിയേയും, അഥവാ ഗുരുവിനേയും ശിഷ്യനേയും, ഒന്നിച്ചുവച്ചുകാണുകയും വിലയിരുത്തുകയും ചെയ്യേണ്ടതു്. ഈ വിലയിരുത്തലിനു് എപ്പോഴും സഹായമായി ആശ്രയിക്കേണ്ടതു് ഒരൊററ കേന്ദ്രതത്ത്വത്തെ വേണം. ഈ കേന്ദ്രതത്ത്വമാകട്ടെ, ജീവിതത്തിലെ എല്ലാ ഘട്ടങ്ങൾക്കും, ഭാവങ്ങൾക്കും, വ്യക്തിപരമായ അഭിരുചിഭേദങ്ങൾക്കും ജീവിതത്തിൽ ബാഹ്യസാഹചര്യങ്ങൾക്കുള്ള സ്ഥാനത്തിനും സ്വാധീനത്തിനും ഒക്കെ ഒരുപോലെ ഇടം നല്കത്തക്കവണ്ണം വിശാലമായ ഒന്നായിരിക്കുകയും വേണം. സമഗ്രമായ ഒരു ജീവിതപ്രക്രിയയായിരിക്കണം വിദ്യാഭ്യാസം. അതു് ഒരേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമയം വ്യക്തിജീവിതത്തെയും ആകെ ജീവിതത്തെയും കണക്കിലെടുക്കുന്നതായിരിക്കുകയും വേണം. അത്തരമൊരു വിദ്യാസ പ്രക്രിയയിൽ സംഗതമായി വരുന്നതാണ് ഇപ്പറഞ്ഞ അംശഭ്യാങ്ങളെല്ലാം.

വ്യക്തിഭാവത്തിന്റെ ആകെ സ്വരൂപം മനസ്സിലാക്കുന്നതിന്റെ ആവശ്യകതയാണല്ലോ ഇവിടെ പൊന്തിവന്നിരിക്കുന്നതു്. ഈ മാര്ഗ്ഗരേഖയുടെ ഒന്നാം ഭാഗത്തിന്റെ ഒന്നാം ഖണ്ഡം ഇവിടെ അവസാനിപ്പിച്ചിട്ടു് ഇനി നമുക്കു് ആകെ സ്വരൂപം ഒന്നു പരിശോധിക്കാം. വ്യക്തിഭാവത്തിന്റെ വിശേഷാംശങ്ങളെ സംബന്ധിച്ചുള്ള പഠനം നമുക്കു രണ്ടാം ഭാഗത്തിൽ നടത്താം. അവിടെയാണു് സ്ത്രീപുരുഷഭേദവും, ഓരോരുത്തരും മററുള്ളവരിൽനിന്നു് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നുള്ളതുമൊക്കെ കണക്കിലെടുക്കേണ്ടിവരുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖണ്ഡം 2

വ്യക്തിഭാവം-
അതിന്റെ സാമാന്യസ്വരൂപം

1, വ്യക്തിഭാവം എന്ന കേന്ദ്രതത്ത്വം

മതകാര്യം സംസാരിക്കുമ്പോൾ നാം ജീവനെപ്പററി പറയാറുണ്ടല്ലോ. ജീവനുണ്ടാകാവുന്ന ഉദ്ഗതിയെപ്പററിയും പറയാറുണ്ട്. അവിടെ ജീവൻ എന്ന തത്ത്വമാണ് എല്ലാററിനും കേന്ദ്രമായിരിക്കുന്നത്. ആ ഒരു തത്ത്വമില്ലെന്നുണ്ടെങ്കിൽ ദൈവശാസ്ത്രപരമായ ഉപദേശങ്ങളും പ്രഭാഷണങ്ങളുമൊക്കെ അപ്രസക്തവും അസാദ്ധ്യവുമായിത്തീരും. വിദ്യാഭ്യാസകാര്യത്തിലും വേണം അത്തരമൊരു കേന്ദ്രബിന്ദു. അതു വാസ്തവികതയുള്ളതായിരിക്കണം; ശാസ്ത്രദൃഷ്ട്യാ മനസ്സിലാക്കാൻ സാധിക്കുന്നതുമായിരിക്കണം. ആധുനികമനഃശാസ്ത്രത്തിൽ ലിബിഡോ (libido), പേഴ്സോണാ (persona), സൈക്കി (psyche), സബ്ലിമിനൽ സെൽഫ് (sub-liminal self), ബോധതലത്തിലും അബോധതലത്തിലുമുള്ള അഹന്ത (ego) എന്നിങ്ങനെയുള്ള സങ്കല്പങ്ങൾ ഈ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. എന്നാലും ഇതിലോരോന്നിനും ഓരോ മനഃശാസ്ത്രശാഖയിൽഓരോവിവക്ഷിതാർത്ഥമാണുള്ളത്. ആ മനഃശാസ്ത്രശാഖ രോഗംബാധിച്ച മനസ്സിനെപ്പററി പഠിക്കുന്ന മനഃശാസ്ത്രമാകാം; സാധാരണ മനോവ്യാപാരങ്ങളെപ്പററി പഠിക്കുന്ന മനഃശാസ്ത്രവുമാകാം. വ്യക്തി എന്ന സങ്കല്പവും ഉപയോഗിക്കാവുന്നതാണ്. എന്നാൽ അതു മനുഷ്യനെ സംബന്ധിച്ചും മൃഗങ്ങളെ സംബന്ധിച്ചും പ്രസക്തമായ ഒരു സങ്കല്പമാണ്. വിദ്യാഭ്യാസം എന്നതു് മനുഷ്യനു മാത്രമുള്ള ഒരു സവിശേഷതയാണല്ലോ. മനുഷ്യനാകട്ടെ, ചിന്തിക്കുന്ന മൃഗമാണ്. അവന്റെ മസ്തിഷ്കം വളരെ സങ്കീർണ്ണമാണ്. എണ്ണിയാലൊടുങ്ങാത്തതരം വ്യാപാരങ്ങളുള്ളതുമാണ്. അവനു വേണമെന്നുണ്ടെങ്കിൽ,തന്റെ ധ്യാനപരായണതകൊണ്ടുഅതിമാനുഷനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിത്തീരാൻ പോലും സാധിക്കും. അതുമല്ലെങ്കിൽ സാമൂഹികവും രാഷ്ട്രീയവുമായ പുതിയ ക്രമീകരണങ്ങൾ കൈവരുത്തി ലോക പൗരത്വത്തിലേക്കുയരാനും സാധിക്കും. മനുഷ്യനിലെ ഈ സാദ്ധ്യതകളെയും സ്വഭാവവിശേഷങ്ങളെയും ഒക്കെ ഉൾക്കൊള്ളുന്ന ഒന്നായിരിക്കണം നാം ഇവിടെ ഉദ്ദേശിക്കുന്ന കേന്ദ്രത്വം. ഞങ്ങൾ അതിനെ വ്യക്തിഭാവം (personal factor) എന്നു വിളിക്കാനാണിഷ്ടപ്പെടുന്നതു്.

(a) ഈ വ്യക്തിഭാവത്തിൻെറ രണ്ടു വശങ്ങൾ നാം വ്യക്തമായി വകതിരിച്ചു കാണണം. വിദ്യാഭ്യാസകാര്യത്തിൽ പ്രധാനമായും അന്തർഭവിച്ചിരിക്കുന്നതു് അറിവാണല്ലോ. അറിയുന്നവൻ തന്നെത്തന്നെ അറിയുന്ന ഒരറിവുണ്ടു്. അംശങ്ങളോ ഘടകങ്ങളോ ഒന്നുമില്ലാത്ത സമഗ്രവും കേവലവുമായ ഒരറിവാണതു്. ബാഹ്യമായ ഇന്ദ്രിയസംവേദനസാദ്ധ്യതകളൊക്കെ ഇരുട്ടിലാക്കിക്കൊണ്ടു്, ഒററയ്ക്കു മൗനമായിരുന്നു ധ്യാനിക്കുമ്പോൾ ഒരുവൻ തന്നെത്തന്നെ അറിയുന്ന അറിവാണതു്. നാം ഉദ്ദേശിക്കുന്ന വ്യക്തഭാവത്തിൻെറ ആന്തരികവശമാണു്, അഥവാ ആത്മവശമാണു് ഇതെന്നുപറയാം. ഉള്ളിൽ തെളിയുന്ന ഒരു പ്രകാശാനുഭവം മാത്രമാണു് ഈ അറിവു്. അതു് ഏതെങ്കിലുമൊരു പ്രത്യേകസ്ഥാനത്തിരുന്നുകൊണ്ടു് പ്രകാശിക്കുകയാണു് എന്നു പറയാനും നിവൃത്തിയില്ല.

(b) രണ്ടാമത്തേതു്, ദർശനശാസ്ത്രത്തിൽ അനാത്മാവു് എന്നു വിളിച്ചുപോരുന്ന വശമാണു്. അറിവു് മററുള്ളവയെ അറിയുന്ന തരത്തിലുള്ള വ്യക്്തിഭാവമാണതു്. അറിയുന്നവൻ തന്നെത്തന്നെ അറിയുന്ന അനുഭൂതിയിൽ നിന്നു് അതു തുലോം ഭിന്നമാണു്.

വ്യക്്തിഭാവത്തിൻെറ ഈ രണ്ടു വശങ്ങളും സമഗ്രസ്വഭാവമുള്ളതാണു്. അതിനാൽ ഈ രണ്ടുവശങ്ങളെ ഒന്നിച്ചെടുത്തു്, ഈ മാർഗ്ഗരേഖയുടെ ഒന്നാം ഭാഗത്തിൽ നാം പരിശോധിക്കുകയാണു്. ഇതേ വ്യക്്തിഭാവത്തിൻെറ വിശേഷഭാവമുഖങ്ങൾ പിരിച്ചുവച്ചുപരിശോധിക്കുന്നതു് രണ്ടാം ഭാഗത്തിലാകാം.

2. സൂക്്ഷ്മമെങ്കിലും വാസ്തവികം

ഇവിടെ ഞങ്ങൾ അർത്ഥമാക്കുന്ന വ്യക്്തിഭാവം ചിന്തയിൽ മാത്രം വേർപെടുത്തിക്കാണാവുന്ന ഒരു ബോധസത്തയാണെന്നുള്ളതു നേരാണു്. എന്നിരുന്നാലും അതിനു് അതിൻേറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തായ വാസ്തവികത സൂക്ഷ്മതലത്തിൽ ഉണ്ട്–ഒരു സദ്ഭാവമെന്ന നിലയിലും ചിദ്ഭാവമെന്ന നിലയിലും. അതൊരു സദ്ഭാവമായിരിക്കുന്നതു്, അതിന്റെ ഉണ്മ അവശ്യം അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന നിലയിലാണ്. ആ ഉണ്മ ഇന്ദ്രിയഗോചരമല്ല. എങ്കിലും ഒരാശയമെന്ന രൂപത്തിൽ അതു നമ്മുടെ ആന്തരികവൃത്തിയിലേക്കു കടന്നു വരുന്നുണ്ടു്. വിദ്യാഭ്യാസത്തിന്റെ സന്ദർഭത്തിൽ സംഗതമായി വരുന്ന വ്യക്തിത്വത്തെ വേണ്ടവണ്ണം മനസ്സിലാക്കുന്നിടത്തു് ആശയരൂപത്തിലുള്ള ഈ ഉണ്മയെ കണക്കിലെടുക്കാതെ നിവൃത്തിയില്ലതാനും. ഈ അർത്ഥത്തിലാണ് അതൊരു ചിദ്ഭാവമായിരിക്കുന്നതു്. അമൂർത്തമായ ഒരു കേവലാശയം മാത്രമാണ് എന്നുണ്ടെങ്കിലും അതിനെ വാസ്തവികതയുള്ളയായിത്തന്നെ മനസ്സിലാക്കാൻ കഴിയും എന്നർത്ഥം. ജീവിതത്തിൽ നാം നേരിടുന്ന യഥാർത്ഥമായ പ്രശ്നങ്ങളും, അക്കാരണത്താൽ ഇവിടെ പറയുന്ന വ്യക്തിഭാവത്തിന്റെ പരിധിക്കു പുറത്തുള്ളതല്ല എന്നുവരുന്നു.

3. അന്തർദർശനപരമായ സമീപനം

ഇവിടെപ്പറയുന്ന വ്യക്തിഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്നതായ വാസനകളും പ്രവണതകളും നിരവധിയാണ്. അവയൊക്കെ ഒരു ചിത്രത്തിന്റെ സഹായത്തോടുകൂടി വ്യവസ്ഥപ്പെടുത്തി മനസ്സിലാക്കാവുന്നതേയുള്ളു. അപ്പോഴാണ്, ഈ ഭേദങ്ങളെല്ലാം ഒരൊററ ബോധസത്തയുടെ വൃത്തിഭേദങ്ങൾ മാത്രമായിരിക്കുന്നതെങ്ങനെയെന്നും, ആ സത്തയുടെ സമഗ്രസ്വരൂപം എങ്ങനെയുള്ളതാണെന്നും, നിരപേക്ഷമായ ജീവിതം എന്ന ആകവേയുള്ള സത്യം ഇതിനെയൊക്കെ ചേർത്തിണക്കി ഒന്നാക്കി നിറുത്തിയിരിക്കുന്നതിന്റെ അത്ഭുതസ്വരൂപമെന്തെന്നും ഒക്കെ വെളിവായിക്കിട്ടുന്നതു്. ഈ തത്ത്വം റൂസ്സോ തന്റേതായ രീതിയിൽ രസകരമായി അവതരിപ്പിക്കുന്നതു നോക്കുക. ദൈവത്തിന്റേതായ പ്രത്യേകതരത്തിലുള്ള അറിവിന്റെ സ്വരൂപം അവതരിപ്പിക്കുന്നതാണു സന്ദർഭം. ''ആ അറിവിൽ എല്ലാ വാസ്തവികതകളുംകൂടി ഒരൊററ ആശയംമാത്രമാണ്. എല്ലാസ്ഥലങ്ങളുംകൂടി ഒരൊററ ഇടമാണ്, ഒരൊററ ബിന്ദുവാണ്. എല്ലാ സമയവും കൂടി ഒരൊററ നിമിഷമാണ്.'' (പുസ്തകം V)

മനുഷ്യനിലെ വ്യക്തിസത്തയുടെ സ്വരൂപം കണ്ടെത്തുന്നതിനുള്ള ശ്രമത്തിനിടയിൽ നിത്യവർത്തമാനമായ അഖണ്ഡനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിഷം എന്ന യോഗശാസ്ത്രപരമായ (dialectical) സങ്കല്പം കട ന്നുവരുന്നതായാണ് ഇവിടെ നാം കാണുന്നത്. അതു കടന്നുവ രാതെ നിവൃത്തിയുമില്ല. മനുഷ്യന്റെ വ്യക്തിസത്തയിൽ ഖ ണ്ഡതയും അഖണ്ഡതയും, അഥവാ ഭൗതികതയും ആത്മീയതയും, ഒന്നുമില്ലാതെ മറേറതു് ഇല്ലാത്ത തരത്തിൽ യോഗയുക്തമാക്കി യിരിക്കുകയാണ്. മറെറാരു തരത്തിൽ പറഞ്ഞാൽ, ഈ രണ്ടു ഭാവങ്ങളും യോഗയുക്തവും അഭേദവുമായിരിക്കുന്ന നിഷ്പക്ഷ സത്തയാണു മനുഷ്യന്റെ വ്യക്തിഭാവം.

ഇത്തരത്തിലുള്ള സമീപനരീതിയെ 'ന്യൂട്രൽ മോണിസം (neutral monism) എന്നാണ് ബർട്രാൻഡ് റസ്സൽ വിളിക്കു ന്നതു്. ഡക്കാർട്ട് വ്യക്തമാക്കുന്ന അന്തർദർശനത്തിലും (intu-ion) ഈ ദാർശനികസമീപനത്തിന്റെ സ്വഭാവം കാണാം. ഈ അന്തർദർശനപരതയെ എല്ലാ ചിന്തകന്മാരും ഏതെങ്കിലും തരത്തിൽ ആശ്രയിക്കുന്നുണ്ട് എന്നതാണു വാസ്തവം. പാശ്ചാ ത്യചിന്തയിൽ യോഗയുക്തമായ ഈ അന്തർദർശനം അതിന്റെ പൂർണ്ണതയിലെത്തിയിരിക്കുന്നതായി ആധുനികകാലത്തു നാം കാണുന്നതു ബർഗ്സനിലാണ്, പിന്നോട്ടു പോയാൽ, നവീ ന പ്ലേറേറാണിക് ചിന്തകരുടെ 'ഡയലക്റ്റിക്സ്.' ഹെഗലി ന്റേയും മാർക്സിന്റേയും 'ഡയലക്റ്റിക്സ്,' സോക്രട്ടീസിനു മുമ്പു ണ്ടായിരുന്ന ചിന്തകരായ സീനോയുടെയും പാർമനൈഡിസി ന്റെയും 'ഡയലക്റ്റിക്സ്,' എന്നിവയെല്ലാം ഇതേ യോഗയുക്ത മായ അന്തർദർശനത്തിന്റെ പലതരത്തിലുള്ള ആവിഷ്കൃതമുഖ ങ്ങളാണെന്നു കാണാം. അവയിലെല്ലാം നിരപേക്ഷമായ സ ത്യദർശനത്തിന്റെ ഓരോരോ മുഖം നമുക്കു കാണുകയും ചെയ്യാം. എന്നാൽ ഈ യോഗയുക്തമായ അന്തർദർശനത്തെ സുവ്യക്തവും സുസംഘടിതവുമായ ഒരു ശാസ്ത്രമെന്നനിലയിൽ ഇനിയും അവ തരിപ്പിക്കേണ്ടിയിരിക്കുന്നതേയുള്ളൂ. പൗരസ്ത്യലോകത്തു് ഈ ശാസ്ത്രം ഏററവും വ്യക്തമായി അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥ ങ്ങളിൽ മുഖ്യമായ ഒന്നാണ് ഭഗവദ്ഗീത. ഒരു യോഗശാസ്ത്രം എന്നു് അതു സ്വയം അവകാശപ്പെടുന്നു. സോക്രട്ടീസിനെ മുഖ്യ കഥാപാത്രമാക്കിക്കൊണ്ടു പ്ലേറേറാ രചിച്ചിട്ടുള്ള സുപ്രസിദ്ധ മായ സംവാദങ്ങളിൽ ഈ യോഗശാസ്ത്രത്തെ യോഗഗീതം (the-hyma dialectics) എന്നാണു പ്രകീർത്തിച്ചിരിക്കുന്നതു്. ഇങ്ങ നെ മാനവചരിത്രത്തിൽ എവിടെയും ആദരിച്ചുപോന്നിരുന്നതാ യി കാണുന്ന, ധ്യാനപ്രധാനവും അന്തർദർശനപരവുമായ ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമീപനരീതിയാണ് ഈ മാർഗ്ഗരേഖയിൽ ഞങ്ങളും, മനുഷ്യനിലെ വ്യക്തിഭാവത്തെ വിലയിരുത്താനായി അവലംബിക്കുന്നതു്. അതിനെ ഈ മാർഗ്ഗരേഖയുടെ ഒരു പോരായ്മയായിട്ടല്ല, ഒരു മേന്മയായിട്ടുവേണം കാണേണ്ടതു് എന്നും ഞങ്ങൾക്കു് അഭിപ്രായമുണ്ടു്. അത്തരമൊരു സമീപനത്തിനുമാത്രമേ ഭൗതികസത്തയേയും മാനസികസത്തയേയും അഭേദമായി കണ്ടുകൊണ്ടു് മനുഷ്യനിലെ വ്യക്തിസത്തയുടെ സമഗ്രസ്വരൂപം വെളിവാക്കിത്തരാൻ സാധിക്കുകയുള്ളു. മനുഷ്യസത്തയെ ശാരീരികമെന്നും മാനസികമെന്നും രണ്ടായി വേർപെടുത്തിവെയ്ക്കാൻ സങ്കല്പത്തിലല്ലാതെ യഥാർത്ഥത്തിൽ സാധിക്കാത്തിടത്തോളംകാലം ഇത്തരമൊരു സമീപനം യാഥാർത്ഥ്യത്തിനു നിരക്കാത്തതെന്നോ അപ്രായോഗികമെന്നോ പറഞ്ഞു തള്ളിക്കളയാനും ആവുകയില്ല.

4. വ്യക്തിസത്തയുടെ പല തലങ്ങൾ

'ജീവിതം' എന്ന പ്രതിഭാസത്തിനു കരുവായിരിക്കുന്ന ഒരു സ്ഫുലിംഗമാണു് ബോധം. ഈ പ്രസ്താവനയിൽത്തന്നെ അന്തർഭവിച്ചിരിക്കുന്നുണ്ടു്, കേന്ദ്രത്തിനോടു ചേർന്നുവരുന്നതും ബാഹ്യതലത്തിനോടു ചേർന്നുവരുന്നതുമായ വിവിധ ഭാവതലങ്ങൾ ബോധത്തിനുണ്ടെന്നു്. ഓരോ ഭാവതലത്തിനും ഓരോ പേരും കൊടുക്കാവുന്നതാണു്. ഓരോന്നിലും ഭൗതികതയും മാനസികതയും ഏതളവിൽ സംഗതമായി വരുന്നു എന്നതനുസരിച്ചിരിക്കും അതെന്നുമാത്രം. മനുഷ്യന്റെ വ്യക്തിഭാവത്തിനു, ഇങ്ങനെ ഒരേ കേന്ദ്രത്തെ ചുററിപ്പററിവരുന്ന അനേകം ഭാവതലങ്ങളുണ്ടു് എന്നതു്, നേരത്തേ പറഞ്ഞ യോഗയുക്തവും അന്തർദർശനപരവുമായ ചിന്താസരണിക്കു സ്വീകാര്യവുമാണു്. ആ ചിന്താസരണിക്കു സഹജമായ പ്രമാണശാസ്ത്രം ഇത്തരമൊരു ഭാവനയെ ന്യായയുക്തമായി കരുതുകയും പ്രാമാണികമായി സ്വീകരിക്കുകയും ചെയ്യുന്നു.

ഒരു വ്യക്തിയുടെ ജീവിതമെടുത്താൽ സചേതനമായ ഉണ്മ, വാസനാപ്രധാനമായ വൃത്തികൾ, ബുദ്ധിപരമായ വൃത്തികൾ എന്നിങ്ങനെയുള്ള വ്യത്യസ്തതലങ്ങൾ അതിൽ പ്രകടമായി കാണാറുള്ളതാണല്ലോ. ഇതൊക്കെ മനുഷ്യന്റെ വ്യക്തിസത്തയ്ക്കു് വിവിധതലങ്ങളുണ്ടു് എന്നതിന്റെ സൂചനയായി കണക്കാക്കാം. ഈ ഭാവതലങ്ങളെല്ലാം ഒരേ കേന്ദ്രസത്തയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിവിധ വ്യാസതലങ്ങളാണ്. അത്തരമൊരു കേന്ദ്രസത്തയായിട്ടാണ മനുഷ്യന്റെ വ്യക്തിഭാവത്തെ വിദ്യാഭ്യാസശാസ്ത്രത്തിൽ കാണേണ്ടതു്. ആ വ്യക്തിഭാവമാണ് ഈ ശാസ്ത്രത്തിൽ നിയാമകവും മാനകവുമായ കേന്ദ്രതത്വമായിരിക്കേണ്ടതു്.

5. വ്യക്തിഭാവത്തിന്റെ രൂപാത്മക ചിത്രീകരണം

ഭൂതലത്തിന്റെ കിടപ്പു മനസ്സിലാക്കാനായി നാം ഭൂപടം ഉപയോഗിക്കാറുണ്ടല്ലോ. എങ്കിലും ഭൂപടത്തെ ആരും ഒരു ആരാധ്യവസ്തുവായി കണക്കാക്കാറില്ല. അതുപോലെ വ്യക്തിഭാവത്തിന്റെ ആകെ സ്വരൂപത്തിൽ ഉള്ളടങ്ങിയിരിക്കുന്ന പ്രവണതകളും അവ പരസ്പരംബന്ധപ്പെട്ടിരിക്കുന്നതു് എങ്ങനെയെന്നുള്ളതും മനസ്സിലാക്കുന്നതിനായി ആ വ്യക്തിസത്തയെ രൂപാത്മകമായി ചിത്രീകരിച്ചു കാണിക്കാവുന്നതാണ് അങ്ങനെ ചിത്രീകരിക്കുന്നതുകൊണ്ടു് ആ വ്യക്തിസത്തയ്ക്കു് യഥാർത്ഥത്തിൽ ഒരു രൂപമുണ്ടെന്നു കരുതേണ്ടതുമില്ല. അതേസമയം, മനുഷ്യബുദ്ധിയ്ക്കു് ആ വ്യക്തിസത്ത അപ്പോൾ ഗ്രാഹ്യമായിത്തീരുന്നു എന്ന പ്രയോജനം ഉണ്ടുതാനും. ഈ മനുഷ്യബുദ്ധിയാകട്ടെ, ആവശ്യത്തിലധികം അപഗ്രഥനം നടത്താനും ഉദ്ഗ്രഥനം നടത്താനും ഇഷ്ടപ്പെടുന്ന സ്വഭാവത്തോടുകൂടിയതാണെന്നുള്ളതും ഓർത്തിരിക്കണം. ആ ദോഷം ഇവിടെ സംഭവിക്കാൻ പടില്ല എന്നർത്ഥം

6. വ്യക്തിഭാവം ജീവിക്കുമ്പോൾ

വ്യക്തിഭാവത്തെ ജീവിക്കുന്ന ഒരു സത്തയെന്ന നിലയിൽ പരിശോധിച്ചു നോക്കാം. വളരുക, പലതായി പെരുകുക, എന്നിവയാണ് ജീവനുള്ളവയുടെയെല്ലാം പ്രത്യേക സ്വഭാവവിശേഷം എന്നു നമുക്കറിയാം. ഒരോ വ്യക്തിസത്തയ്ക്കും ആധാരമായിരിക്കുന്നതു സർഗ്ഗാത്മകമായ സ്വരൂപമെന്തു് എന്നു നാം കണ്ടെത്തണം. അതിനു സഹായകമായി, സർഗ്ഗാത്മകപരിണാമം (creative evolution) എന്ന ഗ്രന്ഥത്തിൽ നിന്നു് ഹെൻഡ്രിബർഗ്സന്റെ വാക്കുകൾ കടമെടുക്കുന്നതു സൗകര്യമായിരിക്കും. അദ്ദേഹം പറയുന്നു:

> ഒന്നു പലതായിത്തീരുന്നതിനുള്ള കാരണങ്ങൾ അദമ്യവും സത്തയുടെ മൗലികതയോടു ചേർന്നതുമാണ്. അവ ജീവിതം എന്ന തത്വത്തിൽത്തന്നെ ഉൾക്കൊണ്ടിരിക്കുന്നു. അവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യെയും കൊണ്ടാണ ജീവിതം മുന്നേറുന്നതു്. എന്തുകൊണ്ടെ ന്നാൽ, ജീവിതം എന്നതു് സർഗ്ഗാത്മകമായ ഒരു ചോദന യാണു്. ഈ ചോദനയുടെ അന്തസ്സാരമായിരിക്കുന്നതു സ്വയം പെരുകാനുള്ള വീര്യമാണു്. ഒരു ചോളച്ചെടി വള രുമ്പോൾ ആ വളച്ച്യുടെ ഭാഗമായിത്തന്നെ പുതിയ ചെന പ്പുകൾ പൊട്ടുന്നതു നാം കാണാറുണ്ടല്ലോ. സ്വയം വളരാൻ ചെടിയിൽത്തന്നെയുള്ള വീര്യം പലതായി പിരിഞ്ഞതാ ണു് വളച്ച്യുടെ ഈ പലമുഖങ്ങൾ. നമ്മുടെ സ്വഭാവവിശേ ഷം രൂപപ്പെട്ടുവരുന്ന രംഗത്തു നമ്മിലും സംഭവിക്കുന്നതു് ഇതു തന്നെയാണു് എന്നുകാണാൻ പ്രയാസമില്ല. അവരവ രുടെ കഴിഞ്ഞകാലചരിത്രം ഒരോരുത്തരും ഒന്ന തിരിഞ്ഞു നോക്കുക. അപ്പോൾ നമുക്ക കാണാൻ സാധിക്കുന്നതു്. കുട്ടി ക്കാലത്തു നമ്മുടെ സത്ത അവിഭാജ്യം തന്നെയായിരുന്നു എങ്കിലും ആരൊക്കെയോ ആയിത്തീരാനുള്ള സാദ്ധ്യത അതിൽ ഉണ്ടായിരുന്നു എന്നാണു്. അങ്ങനെ ആയിത്തീ രാവുന്നവയെല്ലാം ആ കുഞ്ഞിൽ ഉരുകിച്ചേർന്നിരിക്കുകയാ യിരുന്നു എന്നർത്ഥം. അവ്യക്തമായ സാദ്ധ്യതകളുടെ രൂ പത്തിലാണു് അവയെല്ലാം കുഞ്ഞിൽ ഉണ്ടായിരുന്നതു്. ആ അവ്യക്തതയാകട്ടെ സാദ്ധ്യതകൾകൊണ്ടു തിങ്ങി വിങ്ങുന്നതാണു്. കുട്ടിക്കാലത്തെ അതീവസുന്ദരമാക്കുന്ന അംശവും മറ്റൊന്നല്ല, എന്നു കാണാൻ പ്രയാസമില്ല. തമ്മിൽ ചേർന്നു കലർന്നു കുഞ്ഞിനുള്ളിലിരിക്കുന്ന ഈ വ്യ ക്തിത്വവിശേഷങ്ങൾ, കുഞ്ഞിന്റെ വളച്ച്യോടുകൂടി ത മ്മിൽ പൊരുത്തപ്പെടാത്തതായിത്തീരുന്നു. ഓരോരുത്ത ക്കും ഒരൊററയാളുടെ ജീവിതം മാത്രമല്ലേ ജീവിക്കാനൊക്ക കയുള്ളൂ. അതുകൊണ്ടു് ഏതു ജീവിതമാണു വേണ്ടതെന്നു തീ രുമാനിക്കേണ്ടതു് അനിവാര്യമായ ഒരാവശ്യമായിത്തീരു ന്നു. ഇത്തരത്തിൽ, പലതിൽ നിന്നു് ഒന്നു തെരഞ്ഞെടുക്കു ന്ന പ്രക്രിയ ജീവിതത്തിൽ നിരന്തരം നടന്നുകൊണ്ടിരി ക്കുന്ന ഒന്നാണു്. കൂട്ടത്തിൽ പലതിനെയും തള്ളിക്കളയാ റുമുണ്ടു്..................കാലഗതിയിൽ നാം ഓരോരുത്ത രും തെരഞ്ഞെടുക്കുന്ന പാതയിൽ, നാം ആരൊക്കെയാ യിത്തീരാനുള്ളതിന്റെ തുടക്കം സംഭവിച്ചിട്ടുണ്ടോ ആ രൊക്കെയായിത്തീരാമായിരുന്നോ, അവയെല്ലാം ബലി ചെയ്തതിന്റെ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്നുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്നാൽ പ്രകൃതിയെ ആകവേ എടുത്താൽ, അവിടെ ഇങ്ങനെയുള്ള ബലികഴിക്കലിനു് ഒരു സ്ഥാനവുമില്ല. അവിടെ ജീവിതം എണ്ണിയാലൊടുങ്ങാത്ത തരത്തിലുള്ളതാണു്. വളർച്ചയുടെ ഫലമായി വിശ്വവീര്യത്തിനുണ്ടാകുന്ന നാനാമുഖങ്ങളെ നഷ്ടപ്രായമാകാതെ പ്രകൃതിദേവി കാത്തുസൂക്ഷിക്കുകയും, അവയെക്കൊണ്ടു വ്യത്യസ്തജീവിവർഗ്ഗങ്ങൾക്കു രൂപം നല്കുകയും ചെയ്യുന്നു. ആ ജീവിവർഗ്ഗങ്ങൾ വളർന്നു സ്വയം പരിണതമായിത്തീരാനും ആ ദേവി സഹായിക്കുന്നു.'' (creative evolution p 109)

ബർഗ്ഗ്സൻെറ ഈ വാക്കുകളിൽ യോഗശാസ്ത്രപരമായ ചിന്തയുടെ സ്വഭാവമാണു നാം കാണുന്നതു്. പാശ്ചാത്യലോകത്തു സോക്രട്ടീസിലും നവീനപ്ലേറ്റോണിക് ചിന്തകരിലും ആരംഭിച്ച ഈ ചിന്താപാരമ്പര്യത്തിൻെറ അവകാശിയായി ആധുനികലോകത്തു വന്നുപിറന്നതു ബർഗ്ഗ്സനാണു്. ഇവിടെ വസ്തുനിഷ്ഠതയും അന്തർദർശനപരമായ തത്ത്വവിചാരവും ഇണങ്ങിനില്ക്കുന്നു എന്നതാണു് ഇതിലെ യോഗാത്മകമായ അംശം. വേദാന്തശാസ്ത്രത്തിൽ 'പഞ്ചകോശസിദ്ധാന്തം' എന്ന ഒന്നു നിലവിലുണ്ടു്. ആത്മസത്തയെ ആവരണം ചെയ്തിരിക്കുന്ന അഞ്ചുകോശങ്ങൾ ഉള്ളതായാണു് അതിലെ സങ്കല്പം. ഏററവും സ്ഥൂലമായ 'അന്നമയകോശ'ത്തിൽ തുടങ്ങി സൂക്ഷ്മതരങ്ങളായ 'പ്രാണമയകോശം', 'മനോമയകോശം', 'വിജ്ഞാനമയകോശം', ആനന്ദമയകോശം' എന്നിവയിലേക്കു കടന്നുപോകുന്ന തരത്തിലുള്ളതാണു് അതിൻെറ രൂപസംവിധാനം. വിദ്യാരണ്യസ്വാമികളുടെ 'പഞ്ചദശി'യിൽ നടത്തിയിരിക്കുന്ന പഞ്ചകോശവിവേചനം ബർഗ്ഗ്സൻ ഇവിടെ സ്വീകരിച്ചിരിക്കുന്ന സമീപനരീതിയെ ഓർമ്മിപ്പിക്കുന്നതരത്തിലുള്ളതാണു്. പാശ്ചാത്യവും പൗരസ്ത്യവുമായ ഈ യോഗശാസ്ത്രചിന്താശൈലികളുടെ സംഗമസ്ഥാനമായിരിക്കുന്ന ഏകവ്യക്തി പ്ലോട്ടീനസ് ആണെന്നു താനും.

7. രണ്ടു് അക്ഷങ്ങളും അവയുടെ സന്ധിസ്ഥാനവും

പരസ്പരം ലംബമായി കടന്നുപോകുന്ന രണ്ടു രേഖകളുടെയും അവയുടെ സന്ധിസ്ഥാനത്തിൻെയും സഹായത്തോടെ ഒരു തത്ത്വം ചിത്രരൂപത്തിൽ വിശദമാക്കിക്കാണിക്കുന്ന രീതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ടുപിടിച്ചതു് ഡക്കാർട്ടു് എന്ന ഫ്രഞ്ചു ചിന്തകനാണു്. ഗണിതശാസ്ത്രത്തിലെ ലേഖയിൽ (graph) ഈ രീതിയാണു് സൗകര്യപൂർവ്വം ഉപയോഗിച്ചു പോരുന്നതു്. ബിയാട്രിസ്ഹിങ്കിൾ തുടങ്ങിയ മനശ്ശാസ്ത്രജ്ഞന്മാരും മനുഷ്യമനസ്സിന്റെ അന്തർമുഖത്വവും ബഹിർമുഖത്വവും വകതിരിച്ചുകാണിക്കാനായി ഇതേ രീതി അവലംബിച്ചിട്ടുണ്ടു്. മനുഷ്യജീവിതത്തിൽ ജന്മസിദ്ധമായുള്ള പ്രവണത, എല്ലാക്കാര്യത്തിലും മററുള്ളവയെ ആശ്രയിക്കുന്ന തരത്തിലുള്ളതാകാം, തന്നെത്തന്നെ ആശ്രയിക്കുന്നതുമാകാം. ഈ രണ്ടുപ്രവണതകളെയാണു് യഥാക്രമം ഇപ്പറഞ്ഞ ബഹിർമുഖത്വവും അന്തർമുഖത്വവും സൂചിപ്പിക്കുന്നതു്.

വ്യക്തിഭാവം യഥാർത്ഥജീവിതത്തിൽ അതിന്റെ സ്വഭാവം പ്രകടമാക്കിത്തീർക്കുന്നതിന്റെ സാമാന്യമായ സ്വരൂപം മനസ്സിലാക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. ഇവിടെ കാര്യങ്ങൾ വളരെ എളുപ്പമാകുന്നതിനു്, രണ്ടു് അക്ഷങ്ങളും അവ തമ്മിൽ സന്ധിക്കുന്ന ഒരു നിഷ്പക്ഷസ്ഥാനവും ഉള്ള ഒരു ലേഖാചിത്രത്തിന്റെ സഹായം സ്വീകരിക്കുന്നതു നന്നായിരിക്കും. അപ്പോൾ നീണ്ടുനീണ്ടുപോകുന്ന വിശദീകരണങ്ങളൊക്കെ ഒഴിവാക്കുകയും ചെയ്യാം. ഞങ്ങൾ സ്വീകരിക്കുന്ന സഹസംബന്ധപ്രയുക്തിയിലെ ഒന്നാം ഘട്ടം ചിത്രം 1–ൽ കാണിച്ചിരിക്കുന്നു. ഈ മാർഗ്ഗരേഖയിൽ പ്രസക്തമായിവരുന്ന എല്ലാ കാര്യങ്ങളും കാവ്യഭംഗിയോ വാചാടോപമോ കൂടാതെ ഈ ചിത്രങ്ങൾ നമുക്കു വരച്ചു കാണിച്ചു തരും.

(ചിത്രം–1)

ചിത്രം-1-ന്റെ വിശദീകരണം

ABഎന്ന ഉപരിതനാക്ഷം (കുത്തനേയുള്ള രേഖ) സൂചിപ്പിക്കുന്നതു് ഓരോരുത്തരുടേയും ആയുർദൈർഘ്യമാണു്. ആയുസ്സിന്റെ ഗതിയിൽ ഓരോഘട്ടത്തിലും ആകർഷണീയമായി തോന്നുന്ന താല്പര്യങ്ങൾ ഓരോതരത്തിലുള്ളതാണു്. ഈ താല്പര്യങ്ങളുടെ ലോകത്തിന്റെ മദ്ധ്യബിന്ദുപോലെയാണു് ഓരോ വ്യക്തിയും വർത്തമാനകാലത്തിലെ ഓരോ നിമിഷത്തിലും ജീവിക്കുന്നതു്. ഈ വർത്തമാനകാലത്തെ കാണിക്കുന്നതാണു് അനുപ്രസ്ഥമായ (പരപ്പനേയുള്ള) അക്ഷം. ഈ രണ്ടു് അക്ഷങ്ങൾ തമ്മിൽ ചേരുന്ന സന്ധിസ്ഥാനമാണു് O. ഭൂതത്തിൽ നിന്നു ഭാവിയിലേക്കു നീണ്ടുപോകുന്ന കാലഗതിയും വർത്തമാനകാല

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



ചിത്രം -1

വും തമ്മിൽ സന്ധിക്കുന്നതു് ഈ സ്ഥാനത്താണ്. ആ സന്ധി സ്ഥാനത്തിന്റെ നിരന്തരതയെയാണ് നാം ജീവിതം എന്നു വിളിക്കുന്നതു്. അതുകൊണ്ടു് ആ കേന്ദ്രബിന്ദു നിത്യവർത്തമാന മാണെന്നു പറയാം, A-യ്ക്കും O-യ്ക്കും ഇടയ്ക്കായി ഉപരിതനാക്ഷ ത്തിൽ അടിഭാഗത്തു വന്നുചേരുന്നതായി കാണിച്ചിരിക്കുന്ന കു ത്തിട്ട അസ്ത്രചിഹ്നം സൂചിപ്പിക്കുന്നതു്, ജീവിതത്തിലെ ഓരോ നിമിഷത്തിലും വ്യക്തിസത്തയിൽ വന്നുചേർന്നു് അതിനു പൂർ ത്തിനല്കുന്ന സംഭാവ്യതകളാണ്. O-യ്ക്കും B-യ്ക്കും നടുവിൽ ഉപരി തനാക്ഷത്തിൽ നിന്നു് അകന്നുപോകുന്നതായി കാണിച്ചിരിക്കു ന്ന അസ്ത്രചിഹ്നം സൂചിപ്പിക്കുന്നതു് ജീവിതത്തിന്റെ മു ന്നേററത്തിനിടയിൽ വന്നുപെടുന്നതായ പലതരത്തിലുള്ള സാ ദ്ധ്യതകളാണ്. പല സാദ്ധ്യതകൾ മുന്നിൽ കാണുന്നതിൽ ഒന്നു തെരഞ്ഞെടുക്കുക എന്നതു് ഓരോരുത്തർക്കും ഓരോ നിമിഷത്തി ലും ചെയ്യേണ്ടിവരുന്നു. ജീവിതത്തിന്റെ ഇത്തരത്തിലുള്ള മുന്നേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ററത്തിൻെറ ആകെത്തുകയെയാണ് ബർഗ്സൻ സർഗ്ഗാത്മകപരിണാമം (Creative evolution) എന്നു വിളിക്കുന്നതു്.

8. വ്യക്തീഭാവം: ജീവിക്കുന്ന ഒരു സത്ത

ഓരോ വ്യക്തിഭാവവും സ്വതന്ത്രമായി വ്യാപരിക്കുന്നതും സ്വയംപൂർണ്ണവുമായ ഒരു ഘടകമാണ്, സത്തയാണ്. ആ സത്തയെ നാഡീപരമായ വ്യാപാരങ്ങളുടെയെല്ലാം കേന്ദ്രതത്ത്വമെന്ന നിലയിൽ കണ്ടുകൊണ്ടു്, അതിനെ ഒരു ചിത്രത്തിലെന്നപോലെ വരച്ചുകാണിക്കുന്ന ചില ഭാഗങ്ങൾ, 'ശരീരശാസ്ത്രത്തിലെ അടിസ്ഥാനതത്ത്വങ്ങൾ' (The Principles of Physiology) എന്ന ഗ്രന്ഥത്തിൽ നിന്നു് ഉദ്ധരിച്ചുകൊള്ളട്ടെ. ലണ്ടൻ യൂണിവേഴ്സിററിയിലെ എം. ഈ. എച്ച്. സ്റ്റാർലിംഗ് എഴുതിയതാണ് പ്രസ്തുത ഗ്രന്ഥം.

''നാഡീപടലത്തിലെ തന്തുക്കളിൽ ശരീരശാസ്ത്രപരമായി നടക്കുന്ന പ്രക്രിയകൾ തലച്ചോറിലെത്തുമ്പോൾ അതു് അറിവിൽ ഒരു സംവേദനത്തെ ഉദ്ദീപിപ്പിക്കുന്നതു് എങ്ങനെയാണെന്നുള്ളതു് ഇവിടെ തീരുമാനിക്കാനോ ചർച്ച ചെയ്യാനോ നമ്മെക്കൊണ്ടു സാധിക്കുകയില്ല............നാഡീതന്തുക്കളുടെ അററത്തുണ്ടാകുന്ന ഉദ്ദീപനങ്ങളുടെ നേരിട്ടുള്ള ഫലമായി ഉണ്ടാകുന്ന അന്യാദൃശമായ ഒരു ഫലമല്ല, ഒരു സംവേദനവും. സംവേദനം ഏററവും സരളമായ ഒരനുഭവം മാത്രമാണ്. അതിലൊരു വിലയിരുത്തലും നടക്കുന്നുണ്ടു്. സരളമായ ഈ സംവേദനങ്ങളാണ് അതീവസങ്കീർണ്ണമായ നാഡീവ്യാപാരങ്ങളെ ഉണ്ടാക്കിത്തീക്കുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. ഭൂതകാലത്തിൽ നിന്നു് ആർജ്ജിച്ചിട്ടുള്ളതും വർത്തമാനകാലത്തിൽ ആർജ്ജിച്ചുകൊണ്ടിരിക്കുന്നതുമായ എണ്ണമററ ശക്തികൾ കേന്ദ്രനാഡീവ്യൂഹത്തിലേക്കു്, ഓരോ സംവേദനം നടക്കുമ്പോഴും ഒഴുകിവന്നു ചേരുന്നുണ്ടു് ....പിറന്നു വീണ ഒരു കുഞ്ഞിൽ നിന്നു പൂർണ്ണമായ ഒരു പ്രതികരണമെന്ന നിലയിൽ ആദ്യമായി ഉണ്ടാകുന്നതു് അമ്മയുടെ മുലപ്പാൽ ലഭിക്കുമ്പോഴുള്ളതാണ്......നാഡീവ്യൂഹത്തിൻെറ വ്യാപാരരൂപത്തിലുള്ള ജീവിതമെന്നപോലെ മനോവൃത്തിപരമായ ജീവിതത്തിലും പ്രാഥമികമായ സമ്പൂർണ്ണഘടകമെന്ന നിലയിൽ ഉണ്ടായിരിക്കേണ്ടതു് സമ്പൂർണ്ണമായ പ്രതികരണമാണ്. പ്രതികരണത്തിൽ നിന്നാണ്, സംവേദനത്തിൽ നിന്നല്ല, ക്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാത്മകമായ ഒരു മനഃശാസ്ത്രത്തിനു രൂപം നൽകിയെടുക്കേണ്ടതു്.''*

മേലുദ്ധരിച്ച വാക്യങ്ങൾ ശ്രദ്ധിച്ചു വായിച്ചുനോക്കിയാൽ വെളിവാകുന്നതു്, താല്പര്യമുള്ള ഒരു വിഷയത്തിനോടുണ്ടാകുന്ന സമ്പൂർണ്ണമായ പ്രതികരണത്തിൽ എന്തെല്ലാം അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതിന്റെ സമഗ്രമായ ഒരു ചിത്രം രചിച്ചു കാണിക്കുകയാണു്, സ്റ്റാർലിംഗ് ഇവിടെ ചെയ്യുന്നതു് എന്നാണു്. ബാഹ്യനാഡീപടലങ്ങൾക്കും കേന്ദ്രനാഡീവ്യവസ്ഥയ്ക്കും ഇടയിലായി ഈ പ്രതികരണങ്ങൾ കറങ്ങിത്തിരിയുന്നതിന്റെ സ്വഭാവവും ആ ചിത്രത്തിൽ തെളിഞ്ഞുവരുന്നു. ബോധത്തിന്റെ വൃത്തിയിലെ ഒരു പൂർണ്ണഘടകത്തെപ്പററി ഭാവന ചെയ്യാൻ അതു നമുക്കു കഴിവുണ്ടാക്കിത്തരുകയും ചെയ്യുന്നു. ഇവിടെയും നാം കാണുന്നതു് നമ്മൾ സൂചിപ്പിച്ച രണ്ടു് അക്ഷങ്ങളോടു ചേർത്തുവച്ചു കാണാവുന്ന തരത്തിൽ, ബോധവൃത്തിയുടെ ഭാവമുഖത്തിനു് ഒരു കേന്ദ്രീകൃതവശവും മാറിമാറി വന്നുകൊണ്ടിരിക്കുന്ന ഒരു ബാഹ്യതലവും ഉള്ളതായിട്ടാണു്. നമ്മൾ ഇവിടെ അതേ സംവിധാനക്രമത്തെത്തന്നെ ജീവിതത്തിന്റെ ഊർദ്ധ്വമുഖമായ പ്രവണതകളെ ചിത്രീകരിക്കുന്നതിനു് സ്വീകരിച്ചിരിക്കുന്നു എന്നു മാത്രം. ജീവിതത്തിന്റെ മുന്നോട്ടുള്ള തള്ളിച്ചയാണല്ലോ ഇവിടെ പ്രസക്തമായി വരുന്നതു്. ജീവിതത്തിൽ വന്നു കൂടുന്ന ബാഹ്യസംഭവങ്ങൾ മാത്രമല്ല അതിലുള്ളതു്.

9. ഹൃദയസ്പന്ദനം ഒരു മാതൃകയെന്ന നിലയിൽ

ഒരു വ്യക്തിയുടെ ആകെയുള്ള ജീവിതവ്യാപാരങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നതിനു് ഹൃദയസ്പന്ദനത്തെ ഒരു മാതൃകയാക്കിയെടുക്കാവുന്നതാണു്. ഹൃദയസ്പന്ദനം പോലെ സങ്കോചവികാസങ്ങളോടുകൂടിയാണു് എല്ലാ വൃത്തികളും നടക്കുന്നതു് എന്നർത്ഥം. മാനസികവ്യാപാരങ്ങളെ ശാരീരികവ്യാപാരങ്ങളോടു ചേർത്തുവച്ചു പഠിക്കുന്ന ശാസ്ത്രത്തിൽ (Psycho pathology) ഹൃദയസ്പന്ദനത്തെ മാതൃകയാക്കിക്കൊണ്ടു്, ലൈംഗികചോദനകൾക്കു സങ്കോചവികാസങ്ങൾ ഉണ്ടാകാറുള്ളതായി (Sex diastole and systole) സങ്കല്പിക്കുന്നുണ്ടു്. ആ സ്ഥിതിക്കു്, ജീവചേതനയുടെ വ്യാപാരങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നതി

....

* p. 486, 3rd Edition, London.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നും ഹൃദയസ്പന്ദനത്തെ ഒരു മാതൃകയായി ഇവിടെ സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ല. ഈ വ്യാപാരത്തിന്റെ ചാക്രികമായഗതിയുടെ വ്യാപ്തികളിൽ, സ്റ്റാർലിംഗ് വിവരിച്ചുകാണിച്ചതുമാതിരിയുള്ള നാഡീവ്യവസ്ഥയുടെ തലത്തെയോ അല്ലാതുള്ള തലങ്ങളെയോ ഒക്കെ ഉൾപ്പെടുത്തി കാണാവുന്നതാണ്. പ്രഭാവാത്മകവും നിഷേധാത്മകവുമായ ഭാവങ്ങൾ, സ്ഥൂലസൂക്ഷ്മഭാവങ്ങൾ, മാത്രാപരവും ഗുണപരവുമായ ഭാവങ്ങൾ എന്നിങ്ങനെ പലതരത്തിലുള്ള ഭാവതലങ്ങളെ ഈ ഒരൊററ വ്യവസ്ഥയിൽ ഉൾപ്പെടുത്തി മനസ്സിലാക്കാവുന്നതേയുള്ളു. ഓരോ വ്യക്തിയും ജീവിതത്തിൽ മുന്നേറുന്നതിനിടയിൽ സംഭവിക്കുന്ന എല്ലാ ഏററങ്ങളെയും ഇറക്കങ്ങളെയും കറങ്ങിത്തിരിയലുകളെയും ഇവിടെ നമ്മൾ ഉപയോഗിക്കുന്ന സഹസംബന്ധപ്രയുക്തിയുടെ സഹായത്തോടു കൂടി ചിത്രീകരിച്ചു കാണിക്കാവുന്നതാണ്.



ചിത്രം-2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രം -2ൻെറ വിശദീകരണം

ഹൃദയസ്പന്ദനത്തിൽ നടക്കുന്ന മാത്രാപരവും (quantitative) ഗുണപരവും (qualitative) ആയ വൃത്തികളാണ് ഈ ചിത്രത്തിലെ രണ്ടു് അക്ഷങ്ങൾ സൂചിപ്പിക്കുന്നതു്. ഈ രണ്ടുതരം വൃത്തികൾക്കിടയിൽ, ഒരു താളക്രമത്തിൽ, സങ്കോചവികാസങ്ങളോടുകൂടി സംഭവിക്കുന്നതാണ് ഹൃദയസ്പന്ദനം. ജീവിതത്തിൻെറ സ്പന്ദനവും അതുപോലെതന്നെയുള്ള ഒന്നാണ്. അതിൻെറ എല്ലാ വശങ്ങളും ചിത്രത്തിൽ വ്യക്തമാണ്.

10. വ്യക്തിഭാവത്തിൻെറ സ്വരൂപസംരചന

ഈ മാർഗ്ഗരേഖയിൽ, വ്യക്തിഭാവത്തിൻെറ സ്വരൂപസംരചനയെ സംബന്ധിക്കുന്ന വിശദമായ പഠനത്തിലേയ്ക്കു കടന്നുപോകുന്നതു് ഉചിതമല്ല. ഒരു ഗവേഷണപ്രബന്ധത്തിലാണ് അത്തരം പഠനങ്ങൾ ഉചിതമായിവരുന്നതു്. അതുകൊണ്ടു്, വ്യക്തിഭാവത്തിൽ അന്തർഭവിച്ചിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാം എന്നുള്ളതു രണ്ടു ചിത്രങ്ങളുടെ സഹായത്തോടുകൂടി വ്യക്തമാക്കുന്നതിൽ മാത്രം ഈ ചച്ച് ഒതുക്കി നിറുത്താനാണ് ഉദ്ദേശിക്കുന്നതു്. ഇതിൽ പറയുന്നതിനുള്ള ന്യായീകരണങ്ങളും തെളിവുകളും പ്രമാണങ്ങളും ഉദാഹരണങ്ങളും ഒക്കെ അറിയണമെന്നുള്ളവർ, 'വ്യക്തിഭാവം വിദ്യാഭ്യാസപ്രക്രിയയിൽ' (The Personal Factor in the Educative Process) എന്നപേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഗ്രന്ഥകർത്താവിൻെറ ഗവേഷണപ്രബന്ധം വായിക്കുന്നതു നന്നായിരിക്കും. വിദ്യാഭ്യാസകാര്യത്തിൽ പ്രസക്തമായി വരുന്ന വ്യക്തിഭാവത്തിൻെറ സ്വരൂപസംരചന വ്യക്തമായി എടുത്തുകാണിക്കുന്നതിനും അത്തരത്തിൽ അതിനെ വിലയിരുത്തുന്നതിനുമായി പ്രധാനമായും ആ ഗ്രന്ഥത്തിൽ ആശ്രയിച്ചിട്ടുള്ളതു്, ബർഗ്സൺ, റൂസ്സോ, ജയിംസ്, മാക്ഡൂഗൽ, റിബോ, റിവേഴ്സ്, ഡ്യൂമാസ്, പയോ, വാററ്സൺ, ക്ലാപ്പറിഡോ എന്നിങ്ങനെയുള്ള പ്രാമാണികരെയാണു്.

ചിത്രം 3-ൻെറ വിശദീകരണം

ചിത്രത്തിലെ X′ OX എന്ന അക്ഷം ഓരോ വ്യക്തിയ്ക്കും തന്നെക്കുറിച്ചുള്ള ബോധത്തെ സൂചിപ്പിക്കുന്നു. അതു ഭൂതകാലത്തിൽനിന്നു ഭാവികാലത്തിലേയ്ക്കു നീണ്ടുപോകുന്ന സ്വഭാവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോട്ട കൂടിയതാണ്. Y'OY എന്ന അക്ഷമാകട്ടെ മററുള്ളവയെ അറിയുകയും അവയോട്ട പ്രതികരിക്കുകയും ചെയ്യുന്നതിൻെറ തലത്തെ കുറിക്കുന്നു. ഇന്ദ്രിയസന്നികർഷത, ഇന്ദ്രിയസംവേദനം, പ്രതികരണം എന്നീ വൃത്തികളൊക്കെ നടക്കുന്നതു് ഇവിടെയാണ്. ഇതും ഒരർത്ഥത്തിൽ വ്യക്തിയുടെ ബോധത്തിലും അതിൻെറ വ്യാപാരത്തിലും പെട്ടതുതന്നെയാണ് എന്നുണ്ടെങ്കിലും വർത്തമാനകാലത്തിനോട്ട പററിച്ചേർന്നു നില്ക്കുന്നതാണ് എന്ന പ്രത്യേകത അതിനുണ്ട്. അതുപോലെ ആത്മപരതയെയും ബാഹ്യാലംബനത്തേയും വ്യക്തിഭാവത്തിൽ ഉരുച്ചേർന്നിരിക്കു



ചിത്രം-3

ന്ന സ്വഭാവമായി കാണണം. ബാഹ്യാലംബനം കൂടുന്നതനുസരിച്ചു പിരിമുറുക്കവും, ആത്മപരത കൂടുന്നതനുസരിച്ച് അനായാസതയും മനസ്സിനു് ഏറിവരും. വ്യക്തിഭാവത്തിനു പശ്ചാത്തലമായിരിക്കുന്ന പല സംസ്കാരങ്ങളും വാസനകളും ഉണ്ടാവും. അതെല്ലാം ഭൂതകാലത്തോട്ട ചേർന്നതാണ്. ഉപരിതനാക്ഷത്തിൻെറ മദ്ധ്യബിന്ദുവിനു താഴോട്ടുള്ള OX' എന്ന ഭാഗംകൊണ്ട് അതെല്ലാം സൂചിപ്പിക്കുന്നു. മുകളിലേക്കുള്ള OX എന്ന ഭാഗം കുറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുന്നതു ബുദ്ധിപൂർവം പ്രവൃത്ത്യുന്മുഖമായിരിക്കുന്ന മാനസിക ഭാവത്തെയാണ്. ഓരോ താല്പര്യത്താൽ പ്രേരിപ്പിക്കപ്പെട്ടിട്ടാണ് ഇങ്ങനെ പ്രവൃത്തിനിരതമായിത്തീരുന്നതു്. മദ്ധ്യത്തുള്ള നിഷ്പക്ഷബിന്ദുവായ O സൂചിപ്പിക്കുന്നതു് നിരുപാധികമായ അറിവിനെയാണ്. അതു നിത്യവർത്തമാനമായ നിമിഷത്തിൽ വൃത്തിസ്ഥമായിരിക്കുന്നു. മനസ്സിന്റെ വൃത്തി ഒരുസമയത്തു് Y′ Y എന്നതിൽ നിന്നു് എത്രത്തോളം മുകളിലേക്കു് അകന്നിരിക്കുന്നുവോ അത്രത്തോളം മനസ്സിനു പിരിമുറുക്കം അനുഭവപ്പെടുകയും ചെയ്യും. താഴത്തേയ്ക്കു് അകന്നുനില്ക്കുന്നതനുസരിച്ചു മനസ്സിനു് അനായാസതയും സ്വസ്ഥതയും അനുഭവപ്പെടും. രണ്ടിലും മനസ്സിനെ കൊണ്ടുപോകുന്നതു മാറിമാറിവന്നുകൊണ്ടിരിക്കുന്ന താല്പര്യങ്ങളുടെ സ്വാധീനമാണുതാനും.

ഇനി രണ്ടക്ഷങ്ങൾ പരസ്പരം ഖണ്ഡിക്കുന്നതുകൊണ്ടു വേർതിരിക്കപ്പെട്ടിരിക്കുന്നതായി കാണുന്ന നാലു മേഖലകളെ അഥവാ പാദങ്ങളെ നോക്കാം. മുകളിൽ വലതുവശത്തു കാണുന്ന മേഖല മനസ്സിന്റെ ജാഗ്രദവസ്ഥയിലുള്ള അനുഭവങ്ങളെ സൂചിപ്പിക്കുന്നു. മുകളിൽ ഇടതു വശത്തുള്ള മേഖല കാല്പനികമായ അനുഭവങ്ങളെ കുറിക്കുന്നു. സ്വപ്നത്തെ ഇതിന്റെ നല്ല ഉദാഹരണമായി കണക്കാക്കാം. സ്വപ്നാനുഭവങ്ങൾ, അതനുഭവിക്കുമ്പോൾ തികച്ചും വസ്തുനിഷ്ഠം തന്നെയാണല്ലോ. ആ വസ്തുനിഷ്ഠത മനസ്സിന്റെ അബോധതലത്തിലുള്ള കല്പനയിൽ ഉണ്ടായതാണെന്നു മാത്രം. താഴെ ഇടത്തുവശത്തായി കാണുന്ന മേഖല കല്പനകൾക്കുള്ള സാദ്ധ്യത മനസ്സിൽ സുപ്തമായിരിക്കുന്ന തലത്തെ സൂചിപ്പിക്കുന്നു. അതിനൊരു നാമമോ രൂപമോ ഇല്ല. ജന്മവാസനകളും സംസ്കാരങ്ങളും ഒക്കെ അതിൽ ഉറങ്ങിക്കിടക്കുന്നു. മൂലവികാരങ്ങളും ഭാവങ്ങളും ഉണ്ടാകുന്നതിന്റെ ഉറവിടവും ഇതാണ്. വലതുവശത്തു താഴെയായി കാണുന്ന മേഖലയാണ് ഏററവും അവ്യക്തതയുള്ളതെന്നു പറയാം. ബോധപൂർവ്വകമുള്ള മനോവൃത്തികളുടെയെല്ലാം നിദാനമായിരിക്കുന്ന മാനസികസത്തയാണതു്. അതുതന്നെയാണ് അനുഭവങ്ങളെ ഇഷ്ടകരമെന്നും അനിഷ്ടകരമെന്നും രണ്ടുമല്ലാത്തതെന്നും വിലയിരുത്തുന്നതിനു കരുവായിരിക്കുന്നതും. ഭൂതകാലാനുഭവങ്ങളെ ഓർമ്മകളുടെ രൂപത്തിൽ അവിടെ ശേഖരിച്ചിരിക്കുന്നു. ഖരത്വം, ദ്രവത്വം, രസം, ശബ്ദം, തുടങ്ങിയ ഇന്ദ്രിയാനുഭവങ്ങൾ മുകളി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലത്തെ തലത്തിൽ ഉണ്ടാകുമ്പോൾ അതിനു് അർത്ഥം നല്കുന്ന ഓർമ്മകൾ മുകളിലേയ്ക്കു പൊന്തിവന്നു് ഓരോന്നിനേയും വക തിരിച്ചറിയാനും വിലയിരുത്താനും ഇടയാക്കുന്നു. ഇതാണു് ആത്മസത്തയിൽനിന്നു് അന്യമല്ലാത്തതരത്തിൽ ഓരോ അനുഭ വത്തെയും കാണുന്ന ദർശനത്തിന്റെ സ്വരൂപം. ഇപ്പറഞ്ഞ ഓർമ്മ കൾ അബോധതലത്തിൽ കിടക്കുന്നതുമായിരിക്കാം. അപ്പോ ഴാണു് അതിനെ 'വാസന' എന്നു വിളിക്കുന്നതു്. തത്ത്വപര മായിപ്പറഞ്ഞാൽ, ഈ വാസനകൾ പഞ്ചഭൂതങ്ങളോടു ചേർന്ന താണു്. പഞ്ചഭൂതങ്ങളുടെ ഗുണങ്ങളായ ശബ്ദസ്പർശാദി വിഷയ ങ്ങളുമായി മനസ്സിനുണ്ടാകുന്ന വേഴ്ചയാണല്ലോ വാസനകളെ ഉണർത്തുന്നതു്. മാണ്ഡൂക്യോപനിഷത്തിൽ 'തുരീയം' എന്നു വി ളിക്കുന്നതും, അരിസ്റ്റോട്ടിൽ 'പ്രിയസ്നോബിസ്' (prius nobis) എന്നു വിളിക്കുന്നതുമായ അനിർവചനീയമായ ബോധ സത്തയാണു സർവ്വത്തിനും ആധാരമായി, അജ്ഞാതവും അ ജ്ഞേയവുമായ പ്രഭവസ്ഥാനമായിരിക്കുന്നതു്. അതു ഭൂതകാല ത്തിനോടു ചേർന്നതാണെന്നും പറയാം. ആ പ്രഭവസ്ഥാനത്തെ സൂചിപ്പിക്കുന്നതാണു് X' എന്ന ധ്രുവം.

വളഞ്ഞുപോകുന്നതായി ചിത്രത്തിൽ കാണുന്ന OA, OBO എന്ന കുത്തിട്ട രേഖ മനോവൃത്തിയുടെ സഹജമായ പ്രവർത്തന രീതിയുടെ സ്വഭാവം കാണിക്കുന്നു. അതു ചാക്രികമാണു്. ഉദാ ഹരണത്തിനു്, മേഞ്ഞുകൊണ്ടു നില്ക്കുന്ന പശുക്കളെ നോക്കുക. അതു് ആർത്തിയോടുകൂടി പുല്ലു മേയുന്നു, പിന്നെ മാറിക്കിടന്നു് അയവിറക്കുന്നു, ഉറങ്ങുന്നു, വീണ്ടും ഉണർന്നു് ആർത്തിയോടെ പുല്ലു മേയുന്നു. മനസ്സിന്റെ വൃത്തികളും ഇതുപോലെ ചാക്രിക മായാണു നടന്നുകൊണ്ടിരിക്കുന്നതു്. അതിനിടയിൽ കാലം മുന്നേറുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ബോധവൃത്തിയുടെ മണ്ഡലത്തെ ആകെയെടുത്താൽ അതിന്റെ നേർപകുതി ബോ ധപൂർവകമായിട്ടും മറേറ പകുതി അബോധതലത്തിലും ആണു നടക്കുന്നതു് എന്നു കാണാം. അബോധതലത്തിൽ നടക്കുന്ന വൃ ത്തികളുടെ സ്വഭാവമാണു കഴിഞ്ഞ ഖണ്ഡികയിൽ വിവരിച്ച തു്. സ്വപ്നങ്ങളിൽ അനുഭവപ്പെടുന്ന സംഭവങ്ങൾ, ഉണർന്നിരി ക്കുമ്പോൾ അനുഭവമാകുന്ന സംഭവങ്ങൾ പോലെതന്നെ കാല ഗതിയിൽ നടക്കുന്നതായിട്ടാണല്ലോ കരുതുന്നതു്. എന്നാൽ സ്വപ്നാനുഭവങ്ങൾക്കുള്ള സാദ്ധ്യത വാസനാരൂപത്തിലാണു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബോധത്തിൽ മറഞ്ഞിരിക്കുന്നതു്. ഈ വാസനകളാകട്ടെ ഭൂത കാലത്തിനോടു ചേർന്നതാണു്. മുന്നോട്ടുള്ള സംഭവഗതികളെന്ന അനുഭവത്തെ തലതിരിച്ചുപിടിച്ചമാതിരിയാണു് ഈ വാസന കൾ അടിഞ്ഞുകൂടിയിട്ടുള്ളതു് എന്നു പറയാം. ഇതാണു് അബോ ധതലത്തിന്റെ ഇരുളടഞ്ഞ വശം. ബോധപൂർവ്വകമുള്ള വൃത്തി കൾക്കും അബോധതലത്തിലെ വൃത്തികൾക്കും ഇടയിലായി ഏററിമാററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന സ്വഭാവമാണു് ബോധ ത്തിനുള്ളതു്. അതായതു്, വിപരീതസ്വഭാവമുള്ള വൃത്തികളുടെ സംഗമസ്ഥാനമാണു് കേവലമായ അറിവു് അഥവാ ബോധം. അതിനെ പ്രതിനിധാനം ചെയ്യുന്നതാണു ചിത്രത്തിലെ കേന്ദ്ര സ്ഥാനമായ O. ഈ നിഷ്പക്ഷസ്ഥാനം തന്നെയാണു് നിരുപാ ധികമായ ആത്മതത്ത്വത്തെ അഥവാ ബ്രഹ്മതത്ത്വത്തെ കുറിക്കു ന്നതു് . മാണ്ഡൂക്യോപനിഷത്തിന്റെ അവസാനത്തിൽ പ്രപ ഞ്ചോപശമം, ശിവം, അദ്വൈതം എന്നെല്ലാം വിശേഷിപ്പി ച്ചിരിക്കുന്നതു് നിരുപാധികമായ ഈ അറിവിനെത്തന്നെയാ ണു്. അവിടെ അഹന്ത, അതിന്റെ മറുവശമായ ഇദന്തയുമായി ച്ചേർന്നു് രണ്ടും സ്വയം നിരാകൃതമായിപ്പോകുന്നു. അവിടെ എ ല്ലാ വിരുദ്ധഭാവങ്ങളും ദ്വൈതങ്ങളും, ഏകമായ സത്യത്തിൽ വന്നുചേർന്നു് അതിൽ വിലീനമായിത്തീരുന്നു. അതു സത്യ ങ്ങൾക്കെല്ലാം സത്യമാണു്. ജ്യോതിസ്സുകൾക്കെല്ലാം ജ്യോതി സ്സാണു്. അതാണു് അദ്വയമായ ആത്മാവു്. സത്തു്, അസത്തു്, ചിത്തു്, ജഡം എന്നിങ്ങനെയുള്ള ദ്വൈതങ്ങളെല്ലാം, ഒരേ സ മയം അണുവും അഖണ്ഡവുമായ ആ പൊരുളിൽ ദ്വൈതഭാവ മററു് ഏകമായിത്തീരുന്നു. അഭികാമ്യമെന്നോ നിന്ദ്യമെന്നോ ഒക്കെ വിലയിരുത്തിപ്പോരാറുള്ള ജീവിതവ്യാപാരങ്ങളെല്ലാം ഈ ഒരൊററ ആത്മസത്യത്തെ കേന്ദ്രമാക്കിക്കൊണ്ടു നടന്നുകൊ ണ്ടിരിക്കുന്നു. ആ അറിവിൽ ധർമ്മവും അധർമ്മവും അഭേദമായി ത്തീരുന്നു. ഈ അദ്വൈതാനുഭൂതിയിലാണു് മനുഷ്യജീവിതം അതിന്റെ പൂർണ്ണമായ സഫലത കണ്ടെത്തുന്നതു്. അങ്ങനെ പൂർ ണ്ണമായ സഫലത അനുഭവിക്കുന്ന ഒരാൾ തന്റെ ജീവിതത്തെ യും അതിൽ നടക്കുന്ന കാര്യങ്ങളെയും കാണുന്നതു്, ആ അദ്വൈ തമായ പൊരുളിൽ നടക്കുന്ന അജസ്രവുമുള്ള കർമ്മമായിട്ടു മാത്രമാ ണു്. ആ പൊരുൾ 'സകലം പെറുമാദിബീജ'മാണു്. മനു ഷ്യന്റെ വ്യക്തിഭാവത്തിന്റെ പ്രഭവസ്ഥാനവും അതുതന്നെ യാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യക്തിഭാവത്തിന്റെ ബാഹ്യവശമെന്ന നിലയിൽ കേന്ദ്രത്തെ ചുററിനില്ക്കുന്നതായി ചിത്രത്തിൽ കാണിച്ചിരിക്കുന്നതു വ്യക്തിക്കുണ്ടാകുന്ന വികാരഭാവങ്ങളുടെ മണ്ഡലമാണ്. വികാരങ്ങളും ആവേഗങ്ങളുമാണ് (passions and emotions) ആ തലത്തിൽ സംഭവിക്കുന്നതു്. വികാരങ്ങൾ പ്രഭാവാത്മകമാണ് (positive). ബാഹ്യമായ ഒന്നിനോടുള്ള പ്രതികരണമെന്ന നിലയിലും ഒരു ലക്ഷ്യം പ്രാപിക്കുന്നതിനോ ഒരു താല്പര്യം സംരക്ഷിക്കുന്നതിനോ അതു് എത്രത്തോളം അനുകൂലമോ പ്രതികൂലമോ ആയിരിക്കുമെന്നതനുസരിച്ചുമാണല്ലോ മനസ്സിൽ വികാരങ്ങൾ രൂപംകൊള്ളുന്നതു്. ആ അർത്ഥത്തിലാണ് അതു പ്രഭാവാത്മകമാണെന്ന പറഞ്ഞതു്. ആവേഗങ്ങൾ (emotions) ആകട്ടെ സ്വയം ഉണ്ടാകുന്നവയാണ്. തന്നിലേയ്ക്കുതന്നെയുള്ള തിരിഞ്ഞുനോട്ടമാണ് അവയെ ഉണർത്തുന്നതു്. ഒരു വിലാപത്തിന്റെ ചുവയാണു പൊതുവിൽ അവയ്ക്കുള്ളതു്. തന്റെ പൂർവ്വകാലകഥകൾ ഓർത്തുകൊണ്ടിരിക്കുന്നതു് ഒരുതരം വിലാപമാണ്. ഓർമ്മകളെല്ലാം ഒരുതരത്തിൽ വിലാപമാണ്. അതു ജീവിതത്തിന്റെ മുന്നോട്ടുള്ള ഗതിയെ തടസ്സപ്പെടുത്തുകകൂടി ചെയ്യും. മനസ്സിനെ മാത്രമല്ല, ശരീരത്തെയും അതു തളത്തിക്കളയും. ഈ അർത്ഥത്തിൽ, അതു നിഷേധാത്മക (negative) സ്വഭാവമുള്ളതാണ്. ഇങ്ങനെ നോക്കിയാൽ, വികാരങ്ങളും ആവേഗങ്ങളും വിപരീതസ്വഭാവമുള്ള മാനസികവൃത്തികളാണ്. ഈ രണ്ടു ഭാവങ്ങളും ഒരു കാന്തത്തിന്റെ രണ്ടു ധ്രുവങ്ങൾ പോലെയാണ്. എന്നാൽ ആ സ്വഭാവം പ്രകടമല്ല. അതു് അവ്യക്തമായിരിക്കുന്നു. ഇങ്ങനെ അവ്യക്തമായി കാണുമ്പോഴാണ് ഈ രണ്ടു ഭാവങ്ങളെയും ചേർത്തു്, മനുഷ്യന്റെ പ്രിയാപ്രിയങ്ങൾ പ്രകടമായിത്തീരുന്ന തലമായി കണക്കാക്കിപ്പോരുന്നതു്. അവിടെയാണ് ആധുനികമനഃശാസ്ത്രജ്ഞന്മാർ പറയുന്ന: ഉദാത്തീകരണം (sublimation), അടക്കിവെയ്ക്കൽ (repression) അന്തഃസംഘർഷങ്ങൾ (conflicts) എന്നിവയൊക്കെ നടക്കുന്നതു്. എന്നാൽ, രണ്ടു വിരുദ്ധധ്രുവങ്ങൾക്കിടയിൽ ഏററിമാററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന ഈ മാനസികഭാവങ്ങളുടെ സ്വഭാവം കണ്ടറിയുന്ന ചിലരുണ്ട്. അവർ രണ്ടു വശങ്ങളെയും സമനിലയിലാക്കി സ്വന്തം ഉണ്മയെ ആ സമനിലയിൽ ഉറപ്പിച്ചു നിറുത്തുന്നു. അവരാണു യോഗികൾ. അവരാണു ഭഗവദ്ഗീതയിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പറയുന്നമാതിരി, ആത്മരതന്മാരും ആത്മതൃപ്തന്മാരുമായി സദാ വർത്തിക്കുന്നതു്.

ഇവിടെ സൂചിപ്പിക്കുകമാത്രംചെയ്ത തത്ത്വങ്ങൾ വിശദമായി ചർച്ചചെയ്യുന്നതിനു ബൃഹദ്ഗ്രന്ഥങ്ങൾ തന്നെ എഴുതേണ്ടിവരും. അതല്ലല്ലോ ഇവിടെ ലക്ഷ്യം. ഇതുവരെ നാം പരിശോധിച്ചതു വ്യക്തിഭാവത്തിൻെറ സാമാന്യസ്വരൂപമാണല്ലോ. ഇനി കേവലമായ അറിവിൽ നടക്കുന്ന ചിന്താപരമായ വൃത്തികളുടെ സ്വരൂപംകൂടി പരിശോധിച്ചിട്ടു് ഈ ഭാഗം അവസാനിപ്പിക്കാം. വ്യക്തിഭാവത്തിൻെറ സാമാന്യസ്വരൂപത്തെ അതിൻെറ എല്ലാ അംശങ്ങളിലും, ഒരു സഹസംബന്ധപ്രയുക്തിയുടെ വ്യവസ്ഥയിൽ പെടുത്തിയാണല്ലോ നാം കണ്ടതു്. അതേ സ്വരൂപവ്യവസ്ഥയിൽ അറിവിൻെറ ചിന്താപരമായ വൃത്തികളെയും പെടുത്തി മനസ്സിലാക്കാവുന്നതാണു്.

11. ചിന്ത നടക്കുന്നതിൻെറ സംരചന

ജോൺ ഡ്യൂയി എന്ന ചിന്തകൻ അദ്ദേഹത്തിൻേറതായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു്, ചിന്ത നടക്കുന്നതിൻെറ സ്വരൂപസംരചന അവതരിപ്പിക്കുന്നു:

''നമ്മുടെ ചിന്താപരമായ എല്ലാ വ്യാപാരങ്ങളിലും രണ്ടുതരത്തിലുള്ള ഗതികൾ നടക്കുന്നുണ്ടു്. നേരിട്ടനുഭവമുള്ളതും എന്നാൽ ഭാഗികവും വ്യവസ്ഥയില്ലാത്തതുമായതിൻെറ വശത്തുനിന്നു നേരിട്ടനുഭവമില്ലാത്തതും, അതേസമയം പൂർണ്ണവും സമഗ്രവുമായ ഒരു സാമാന്യത്തിലേക്കുള്ള ഗതിയും, നേരിട്ടനുഭവമില്ലാത്ത സമഗ്രഭാവത്തിൽ നിന്നു് ഒററപ്പെട്ട വിശേഷഭാവങ്ങളിലേക്കു തിരിയെ പോകുന്ന ഗതിയും. ഈ രണ്ടാമതു പറഞ്ഞ ഗതിയിൽ, ഓരോ പ്രത്യേകവസ്തുവിനെയും, അഥവാ വസ്തുതയേയും, പരസ്പരം ചേർത്തുവച്ചു മനസ്സിലാക്കുന്നതോടൊപ്പം, നേരിട്ടനുഭവമില്ലാത്ത സാമാന്യഭാവത്തിൽ നിന്നു പൊന്തിവരുന്ന പ്രസക്തമായ മററു വസ്തുതകളുമായും അതിനെ ചേർത്തുവച്ചു കാണാറുണ്ടു്. നേരിട്ടനുഭവമില്ലാത്ത സാമാന്യഭാവമാകട്ടെ, ഒരാശയം മാത്രമാണു്. അഥവാ ഉള്ളിലുണ്ടാകുന്ന വ്യക്തിഭാവം മാത്രമാണു്. പൊതുവേ പറഞ്ഞാൽ, ആദ്യം പറഞ്ഞ ചിന്തയുടെ ഗതി ആഗമനപരവും **(inductive)** രണ്ടാമതു പറഞ്ഞതു നിഗമനപരവും **(deductive)**. ഒരുചിന്ത പൂർണ്ണതയായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലെത്തുന്നതിൽ ഈ രണ്ടു ഗതികളും ഉൾപ്പെട്ടിരിക്കും. അതായതു്, നേരിട്ടനുഭവപ്പെടുന്ന ഇന്ദ്രിയഗോചരമായ വസ്തുക്കളും അഥവാ അവയെ സംബന്ധിക്കുന്ന ഓർമ്മകളും നേരിട്ടനുഭവമില്ലാത്ത സാമാന്യമായ ആശയങ്ങളുമായി കാര്യക്ഷമമായ ഒരു അന്യോന്യപ്രവർത്തനം അവിടെ നടക്കുന്നുണ്ടു്.*

ഈ ഖണ്ഡികയിൽ ഡ്യൂയി സിദ്ധാന്തിക്കാനുദ്ദേശിക്കുന്നതു് എന്തുമായിക്കൊള്ളട്ടെ, ഓരോരുത്തരുടെയും വ്യക്തിജീവിതത്തിൽ സാധാരണ നടന്നുകൊണ്ടിരിക്കുന്ന ഒരു വൃത്തിയാണു് ചിന്തിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുക എന്നതു്. അതു നടക്കുന്നതിൻെറ ഗതിയാണു നാമിവിടെ മനസ്സിലാക്കാൻ ശ്രമിക്കുന്നതു്. ഈ വൃത്തിക്കുപോലും രണ്ടുതരത്തിലുള്ള ഗതികളുണ്ടു് എന്നു വ്യക്തമാകാനെങ്കിലും ഡ്യൂയിയുടെ ഈ വാക്കുകൾ സഹായിക്കുമെന്നതിൽ സംശയമില്ല.

ഒരു വിശ്ലേഷണ-സംശ്ലേഷണ പരിശോധന

ചിന്തയിൽ നടക്കുന്ന ഗതിവിഗതികൾ വിശ്ലേഷണം ചെയ്തു പരിശോധിച്ചുനോക്കുന്നതു ഡ്യൂയിയെപ്പോലെയുള്ള ചിന്തകർക്കുപോലും സ്വീകാര്യമാണു് എന്നർത്ഥം. അദ്ദേഹമാകട്ടെ പ്രായോഗികപ്രസക്തിയുള്ളതിൽ മാത്രം വിശ്വസിക്കുന്ന (pragmatist) ചിന്തകനാണു്. ആ സ്ഥിതിക്കു്, നാരായണ ഗുരുവിനെപ്പോലെയുള്ള പൗരസ്ത്യനായ ഒരു യോഗിവര്യൻ അറിവിൻെറ സ്വരൂപസംരചന വിശ്ലേഷണംചെയ്തു പരിശോധിച്ചുനോക്കുമ്പോൾ, കേവലം ഭാവനാവിലാസമെന്നോ വെറും തത്ത്വവിചാരമെന്നോ പറഞ്ഞു്, ഈ കാലഘട്ടത്തിൽ കണക്കിലെടുക്കേണ്ട ആവശ്യമില്ലാത്ത ഒന്നായി അതിനെ തള്ളിക്കളയേണ്ടതില്ല. മനുഷ്യൻെറ വ്യക്തിഭാവത്തിലിരിക്കുന്ന ഏററവും സൂക്ഷ്മമായ മർമ്മത്തിൻെറ സ്വരൂപമാണു്, ഗുരു പരിശോധിച്ചു നോക്കുന്നതു്. അതിനെയും ഞങ്ങൾ സ്വീകരിച്ചിരിക്കുന്ന സഹസംബന്ധപ്രയുക്തിയിലെ രണ്ടു് അക്ഷങ്ങളുടെ സഹായത്തോടെ ഒരു ചിത്രത്തിലെന്നപോലെ വ്യക്തമാക്കാവുന്നതാണു്. ഈ പഠനത്തെ, ജീവശാസ്ത്രവിദ്യാർത്ഥികൾ തവള, പാററ മുതലായ ജീവികളെ കീറിമുറിച്ചു പഠിക്കുന്നതിനോടു് ഉപമിക്കാവുന്നതാണു്. ഒരേ സമയം വിശ്ലേഷണപ്രധാനവും

....

* p. 79, *How We Think:* Health, New York

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംശ്ലേഷണപ്രധാനവുമായിരിക്കുന്നതോടൊപ്പം, മനുഷ്യൻെറ ആന്തരികവൃത്തികളുടെ സൂക്ഷ്മഭാവങ്ങളാണു പഠനത്തിനു വിധേയമാകുന്നതു് എന്ന വ്യത്യാസമേ ഇവിടെയുള്ളൂ.

13. അറിവിൻെറ അന്തഃസംരചന

ഓരോരുത്തരും അവരവരുടെ ഉണ്മയുടെ മർമ്മമെന്ന നിലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന അറിവിൽ അഥവാ ബോധസത്തയിൽ എന്തെല്ലാം അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതു രണ്ടു സാധാരണ വാക്യങ്ങളുടെ സഹായത്തോടെ നമുക്കു പരിശോധിച്ചുനോക്കാം. നാരായണഗുരുവാണു് ഈ രീതി അവലംബിച്ചിരിക്കുന്നതു്. ''ഇതു കുടമാകുന്നു'' എന്ന വാക്യമെടുക്കാം. നേരിട്ടുകണ്ടു മനസ്സിലാക്കാവുന്നതരത്തിൽ നമ്മുടെ മുന്നിലിരിക്കുന്ന ഒരു വസ്തുവിനെയാണു് ഈ വാക്യം സൂചിപ്പിക്കുന്നതു്. അഥവാ ജീവിതത്തിലെ ഒരു പ്രത്യേകനിമിഷത്തിൽ ഉണ്ടായ ഒരനുഭവത്തെയാണതു കുറിക്കുന്നതു്. ഈ വാക്യത്തിലെ 'ഇതു്'' എന്നുള്ളതുമാത്രം എടുക്കുക. എന്തോ ഒന്നിനെപ്പററി പറയാൻ പോകുന്നു എന്നുമാത്രമേ 'ഇതു്'' എന്നതു സൂചിപ്പിക്കുന്നുള്ളൂ. എന്നാൽ തികച്ചും സാമാന്യസ്വഭാവമുള്ള ഒരർത്ഥമാണു ആ വാക്കു സ്ഫുരിപ്പിക്കുന്നതു്. ഒരു വ്യക്തമായ സ്വരൂപവും ആ അർത്ഥത്തിനില്ല. ഈ 'ഇതു്'' എന്നതാണു് വിശേഷങ്ങളിൽ നിന്നു് സാമാന്യത്തെ കണ്ടെത്തുന്ന ആഗമനാത്മകമായ ചിന്തയുടെ തുടക്കം കുറിക്കുന്നതു്. എന്നാൽ 'കുടം' എന്ന വാക്കുകൊണ്ടു് അർത്ഥമാക്കുന്നതാകട്ടെ, ബാഹ്യലോകത്തിൽ ഒരു പ്രത്യേക സ്ഥലത്തും സമയത്തും ഇരിക്കുന്ന ഒരു വസ്തുവിനെയാണു്. അതു് അറിവിനെ സാമാന്യത്തിൽ നിന്നു വിശേഷത്തിലേക്കു കൊണ്ടുവന്നു് അതിനു് ഒരു സുവ്യക്തത നല്കുന്നു. ആ വസ്തുവിനു് ഒരു നാമമുണ്ടു്, രൂപമുണ്ടു്. ആ വസ്തുവിനെയാണു നാം 'വിഷയം' എന്നു വിളിക്കുന്നതു്. വാക്യത്തിലെ ''ആകുന്നു' എന്ന വാക്കാകട്ടെ, ചിന്തയിൽ നടക്കുന്ന വൃത്തിയെ കുറിക്കുന്നു. ആ വൃത്തിയെയാണു് 'ഇതു്'', 'കുടം' എന്നീ രണ്ടിനേയും ഒരൊററ അനുഭവത്തിൽ സംയോജിപ്പിച്ചു നിറുത്തിയിരിക്കുന്നതു്. ചിത്രത്തിൻെറ കേന്ദ്രസ്ഥാനത്തു് O ആയി കാണിച്ചിരിക്കുന്നതു് ഈ വൃത്തിയെയാണു്.

ഇനി 'ഇതു് അറിവാണു്'' എന്ന ഒരു വാക്യമെടുക്കാം. ഇതു് ഏതുതരം അനുഭവത്തെയുംപററി ചെയ്യാവുന്ന ഒരു പ്രസ്താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനയാണ്. എന്നാൽ ബാഹ്യമായി ഇന്ദ്രിയഗോചരമായിട്ടുള്ള ഒന്നിനെയും സൂചിപ്പിക്കാതെ, ആന്തരികമായ കരുവായിരിക്കുന്ന അറിവിനെ മാത്രമേ ഈ വാക്യം കുറിക്കുന്നുള്ളു. അതിലുമുണ്ട് 'ഇതു്' എന്നും 'അറിവു്' എന്നും ഉള്ള രണ്ടു വശങ്ങൾ. അതിൽ 'ഇതു്' എന്നുള്ളതു മാത്രമെടുത്താൽ തു സൂചിപ്പിക്കുന്നതു് വിശേഷസ്വഭാവമുള്ള എല്ലാ അറിവുകൾക്കും സാമാന്യമായ കാരണസത്തയായിരിക്കുന്ന ബോധത്തെ മാത്രമാണ്. സർവ്വസാമാന്യതയും ദ്വൈതരാഹിത്യവുമാണ് അതിന്റെ സ്വരൂപം. അതിനെ ചിത്രത്തിലെ ഉപരിതനാക്ഷത്തിന്റെ (vertical-axis) താഴേയററത്തു ഋണാത്മകധ്രുവമായി (negative pole) കാണിച്ചിരിക്കുന്നു. ആ 'ഇതു്' എന്താണെന്നു ചോദിച്ചാൽ അതിനു് ഉത്തരമെന്നനിലയിൽ വ്യക്തത നല്കുന്ന വിശേഷമാണു് 'അറിവു്' അഥവാ ബോധം എന്നതു്. എന്നാൽ അതു സ്വഭാവത്തിലും സ്വരൂപത്തിലും സാമാന്യമാണുതാനും. മനുഷ്യന്റെ ഏതു് അനുഭവത്തെപ്പററിയും 'ഇതു് അറിവാണു്' എന്നു പറയാമല്ലോ. എന്നാൽ ഓരോ അനുഭവത്തേയും 'ഇതു് അറിവാണു്', 'ഇതും അറിവാണു്' എന്നതരത്തിൽ മനസ്സിലാക്കുമ്പോൾ ആ അനുഭവത്തിനു വസ്തുനിഷ്ഠതാസ്വഭാവം ഇല്ലാതാവുകയും ആത്മനിഷ്ഠതാസ്വഭാവം കൈവരുകയും ചെയ്യുന്നുണ്ടു്. ഇന്ദ്രിയഗോചരതയുടെയും യുക്തിപൂർവ്വകമായ ചിന്തയുടെയും തലത്തിലുള്ള അനുഭവങ്ങളെ മാത്രമല്ല 'ഇതു് അറിവാണു്' എന്നു വിശേഷിപ്പിക്കാവുന്നതു്. അന്തർദർശനപരമായ അനുഭൂതികളെയും അത്തരത്തിൽത്തന്നെ വിശേഷിപ്പിക്കാം. ഇത്തരത്തിൽ എല്ലാ വിശേഷജ്ഞാനങ്ങളേയും അനുഭവങ്ങളെയും 'ഇതു് അറിവാണു്' എന്ന സർവ്വസാമാന്യമായ വിശേഷജ്ഞാനത്തിന്റെ ഏകതയിൽപ്പെടുത്തി കാണുമ്പോൾ അറിവു് അതിന്റെ അന്തിമസ്ഥാനത്തിലെത്തി എന്നുപറയാം. അതുതന്നെയാണു സദ്ഗതി അഥവാ പരമപുരുഷാർത്ഥം. പ്ലേറേറായും ആ ഏകമായ അറിവിനെ പ്രാപിക്കുന്നതിനെയാണു മനുഷ്യജീവിതത്തെ തികച്ചും സഫലമാക്കുന്ന അന്തിമലക്ഷ്യമായി കാണുന്നതു്. ഇതൊരു സാമാന്യജ്ഞാനമല്ല, വിശേഷജ്ഞാനം തന്നെയാണു് എന്നുണ്ടെങ്കിലും അതു നിരുപാധികമാണു്. ഈ വിശേഷജ്ഞാനത്തിന്റെ കാരണസത്തയായിരിക്കുന്നതാണു് 'സകലം പെറുമാദിബീജ'മായ അറിവു്. ഇതു വെളിവായിക്കിട്ടു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതാകട്ടെ, നമ്മുടെ തപോനിരതമായ അന്വേഷണഫലമായിട്ടാണതാനും. ആ അന്വേഷണത്തെയാണ ഭജന എന്നു വിളിക്കേണ്ടതു്.



ചിത്രം – 4

വ്യക്തിഭാവത്തിന്റെ സാമാന്യസ്വരൂപത്തെ ഒരു സഹസംബന്ധപ്രയുക്തിയുടെ സഹായത്തോടെ, ഒരു വ്യവസ്ഥയുള്ളതായി നേരത്തേ കണ്ടതുപോലെ, അതിന്റെ ഏററവും സൂക്ഷ്മമായ മർമ്മമായിരിക്കുന്ന അറിവിന്റെ ഭാവങ്ങളെയും അതേ പ്രയുക്തിയിൽ തന്നെ പെടുത്തി കാണാവുന്നതാണ് എന്നർത്ഥം. അതു ചിത്രം 4-ൽ വ്യക്തമായി കാണിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ ചിത്രത്തിലെ എല്ലാ അംശങ്ങളും വിശദീകരിക്കാൻ ഞങ്ങൾ തുനിയുന്നില്ല. പകരം, നാരായണഗുരുവിൻെറ ശ്ലോകങ്ങൾതന്നെ വിശദീകരണരൂപത്തിൽ ഇവിടെ ഉദ്ധരിക്കാം. 'ആത്മോപദേശശതക'ത്തിലെ 36 മുതൽ 42 വരെയുള്ള ശ്ലോകങ്ങളാണിതു്:

അറിവിനു ശക്തിയനന്തമുണ്ടിതെല്ലാ-
മറുതിയിടാം സമയന്യയെന്നിവണ്ണം
ഇരുപിരിവായിതിലന്യസാമ്യമാനു-
ള്ളരുവിലമർന്നു തെളിഞ്ഞുണർന്നിടേണം.

വിഷമതയാർന്നെഴമന്യ വെന്നുകൊൾവാൻ
വിഷമമഖണ്ഡവിവേകശക്തിയെന്യേ;
വിഷമയെ വെന്നതിനാൽ വിവേകമാകും-
വിഷയവിരോധിനിയോടണഞ്ഞിടേണം.

പലവിധമായറിയുന്ന'തന്യ'യൊന്നായ്-
വിലസുവതാം 'സമ'യെന്നു മേലിലോതും-
നിലയെയറിഞ്ഞു നിവർന്നു സാമ്യമേലും
കലയിലലിഞ്ഞു കലർന്നിരുന്നിടേണം.

അരുളിയ ശക്തികളെത്തുടർന്നു രണ്ടാം-
പിരിവിവയിൽ സമതൻ വിശേഷമേകം;
വിരതിവരാ വിഷമാവിശേഷമൊന്നി-
ത്തരമിവ രണ്ടു തരത്തിലായിടുന്നു.

സമയിലുമന്യയിലും സദാപി വന്നി-
ങ്ങമരുവതുണ്ടതതിൻ വിശേഷശക്തി
അമിതയതാകിലുമാകെ രണ്ടിവററിൻ-
ഭ്രമകലയാലഖിലം പ്രമേയമാകും.

'ഇതു കട'മെന്നതിലാദ്യമാ'മിതെ'ന്നു-
ള്ളതു വിഷമാ 'കട'മോ വിശേഷമാകും;
മതിമുതലായ മഹേന്ദ്രജാലമുണ്ടാ-
വതി'നിതു'താൻ കരുവെന്നു കണ്ടിടേണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'ഇദമറിവെ'ന്നതിലാദ്യമാ'മിതെ'ന്നു-
ള്ളതു സമ; തന്റെ വിശേഷമാണു ബോധം;
മതി മുതലായവയൊക്കെ മാറി മേൽ സദ്-
ഗതിവരുവാനിതിനെബ്ഭജിച്ചിടേണം.

ഇവിടെ നാം കാണുന്നതു ഭാരതത്തിന്റെ ആദ്ധ്യാത്മിക ജ്ഞാനത്തിനും ആധുനികചിന്തയ്ക്കും ഒരു നിഷ്പക്ഷസ്ഥാനത്തു യോജിച്ച് ഒന്നായി നില്ക്കാൻ സാധിക്കുമെന്നാണ്. അഥവാ ഒരു നിഷ്പക്ഷതലത്തിൽ പൗരസ്ത്യവും പാശ്ചാത്യവുമായ ചിന്തകൾ സമനില കണ്ടെത്തുന്നു. ആ നിഷ്പക്ഷസ്ഥാനമാണ് 'ഏക ലോകവിദ്യാഭ്യാസം' കൈകാര്യം ചെയ്യുമ്പോൾ അതിനു കരുവായിരിക്കേണ്ടതു് എന്നതാണ് ഈ മാർഗ്ഗരേഖയിൽ സ്വീകരിച്ചിട്ടുള്ള നിലപാട്.

ഈ മാർഗ്ഗരേഖയിലെ ഈ വരികൾ ടൈപ്പ് ചെയ്തുകൊണ്ടിരിക്കുമ്പോൾ പത്രത്തിൽ താഴെ പറയുന്ന വാർത്ത വന്നതു കാകതാലീയ ന്യായേന മാത്രമാണ്.

''പാശ്ചാത്യ-പൗരസ്ത്യചിന്തകന്മാർ സംഭാഷണത്തിന് ഒരടിസ്ഥാനം കണ്ടെത്തിയിരിക്കുന്നു. നാലുദിവസം നീണ്ടുനിന്ന വാഴ്സാസമ്മേളനം അവസാനിച്ചു. പടിഞ്ഞാറു നിന്നും കിഴക്കുനിന്നുമായി അമ്പതോളം ചിന്തകന്മാർ പങ്കെടുത്തു. സമ്മേളനാവസാനം പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്നു; 'ഒരു സംവാദം തുടങ്ങിവച്ചിരിക്കുന്നു.''

ഏകലോകവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഈ മാർഗ്ഗരേഖയുടെയും ലക്ഷ്യം, കിഴക്കിനെയും പടിഞ്ഞാറിനെയും, വടക്കിനെയും തെക്കിനെയും മനുഷ്യന്റെ ആത്മസുഖം എന്ന പരമോന്നതമായ മൂല്യത്തിന്റെ പേരിൽ ഒന്നിപ്പിച്ചുകൊണ്ടുവരിക എന്നുള്ളതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗം-രണ്ട്

ഈ മാർഗ്ഗരേഖയുടെ ഒന്നാം ഭാഗത്തിൽ നാം സാധിച്ചത്, വിദ്യാഭ്യാസകാര്യത്തിൽ സംഗതമായിവരുന്ന വ്യക്തിഭാവത്തിന്റെ സമഗ്രമായ സ്വരൂപം എങ്ങനെയുള്ളതാണ് എന്നു കാണുകയാണ്. എല്ലാ ഘടകങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള, സാർവ്വലൗകികമായ ഒരു സാമാന്യസ്വരൂപത്തിനാണ് അവിടെ സ്ഥാനം നല്കിയത്. അതു സാധിച്ചതാകട്ടെ, പൗരസ്ത്യരും പാശ്ചാത്യരുമായ ചിന്തകർ പ്രാചീനകാലത്തും ആധുനികകാലത്തും ഒരുപോലെ മാനിച്ചുപോന്നിട്ടുള്ള അന്തർദശനപരമായ ഒരു സമീപനരീതിയെ പിൻപററിക്കൊണ്ടും. വ്യക്തിഭാവത്തിന്റെ സർവ്വസാമാന്യവും സമഗ്രവുമായ ഒരു ചിത്രം കണ്ടെത്തുക എന്നതായിരുന്നു അവിടെ നമ്മുടെ ലക്ഷ്യം. പ്രതീകാത്മകമായി മാത്രമേ ആ രൂപസംരചന അവതരിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. എല്ലാ മനുഷ്യരിലുമുള്ള സാമാന്യമായ വ്യക്തിഭാവം അവ്യക്തമായി കിടന്നിരുന്നത്, ഒന്നു വ്യക്തമാക്കിക്കൊണ്ടുവന്ന്, ഒരു പുനഃസൃഷ്ടി നടത്തുകയാണു ഞങ്ങൾ ചെയ്തതെന്നു പറയാം.

ഇങ്ങനെ രൂപപ്പെടുത്തിയെടുത്ത, സർവസാമാന്യമായ വ്യക്തിഭാവസ്വരൂപത്തെ അടിത്തറയായി സ്വീകരിച്ചുകൊണ്ടാണ്, രണ്ടാംഭാഗത്തിൽ അതേ വ്യക്തിഭാവത്തിന്റെ വൈജാത്യത്തെയും പ്രകാരഭേദങ്ങളെയും മനസ്സിലാക്കാനുള്ള ശ്രമം നടത്താൻ പോകുന്നത്. ഒന്നാം ഭാഗത്തിൽ വ്യക്തിഭാവത്തെ കണ്ടതു് സംശ്ലേഷണാത്മകമായിട്ടാണ്. ഇവിടെയാകട്ടെ അതു വിശ്ലേഷണാത്മകമാണ്. അതായത്, രാമൻ, കൃഷ്ണൻ എന്ന രണ്ടു വ്യക്തികളെ രണ്ടു മനുഷ്യർ എന്നു കണക്കാക്കുന്നതിനു പകരം സ്വന്തം വ്യക്തിത്വവിശേഷങ്ങളുള്ളവരെന്ന നിലയിൽ, ഓരോരുത്തരേയും പ്രത്യേകം മനസ്സിലാക്കാൻ ശ്രമിക്കേണ്ടതു് എങ്ങനെയെന്നതാണു രണ്ടാം ഭാഗത്തിലെ ചിന്താവിഷയം. ഒന്നാം ഭാഗത്തിൽ അവതരിപ്പിച്ച വ്യക്തിഭാവം ഒരുതരത്തിൽ നിർവികാരമാണെന്നു പറയാം. രണ്ടാമത്തേതിൽ ഊന്നൽ കൊടുക്കുന്നതു ഭാവാന്തരങ്ങളോടുകൂടി ജീവിക്കുന്ന വ്യക്തിയുടെ സവിശേഷതകൾക്കാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാഭ്യാസത്തെ കാണേണ്ടതു് മനുഷ്യനെ മനുഷ്യനെന്ന തരത്തിൽ മെച്ചപ്പെടുത്തിയെടുക്കുന്നതിനുള്ള വഴിയെന്ന നിലയിൽ വേണം. ആ മെച്ചപ്പെടൽ അവന്റെ സ്വഭാവത്തിലും പെരുമാററങ്ങളിലും തെളിഞ്ഞുകാണുകതന്നെവേണം.—വ്യക്തിയെന്ന നിലയിലെന്നപോലെ മനുഷ്യകുടുംബത്തിലെ ഒരംഗമെന്ననിലയിലും. ഈ രണ്ടാമതു പറഞ്ഞ സ്വഭാവഗുണങ്ങളെയാണല്ലോ നാം സംസ്കൃതി എന്നു വിളിച്ചുപോരുന്നതു്.

മാർഗ്ഗലക്ഷ്യങ്ങളുടെ ഏകതാനത

പാശ്ചാത്യലോകത്തു 'ജെൻറിൽമാൻ' എന്നും നമ്മുടെ നാട്ടിൽ മാന്യനെന്നും ഒക്കെ പറഞ്ഞുപോരാറുള്ള വ്യക്തിയെ കരുപ്പിടിപ്പിച്ചെടുക്കാനുള്ള വിദ്യാഭ്യാസരീതിയെപ്പററിയാണല്ലോ നാം ചിന്തിക്കാറുള്ളതു്. എന്നാൽ അതോടൊപ്പം കണക്കിലെടുക്കേണ്ടതാണു്, ലോകത്തിലെ മതങ്ങളെല്ലാം വിഭാവനംചെയ്യുന്ന ആദ്ധ്യാത്മികജീവിതത്തിന്റെ നല്ലൊരു മാതൃകയെ ലക്ഷ്യമാക്കുന്നതും. മനുഷ്യനിൽ വളർത്തിയെടുക്കുന്നതു വളരെ നല്ലതാണെന്നു തീർച്ചയുള്ള പല സദ്ഗുണങ്ങളും ഈ രണ്ടു മാതൃകയിലും ഉണ്ടു്. അവ നഷ്ടപ്പെട്ടുപോകാതെ നാം പരിരക്ഷിക്കുകതന്നെ വേണം. ഭാവിയിലെ യോഗ്യനെ, അഥവാ നല്ല മനുഷ്യനെ, വാർത്തെടുക്കുന്നതിനാവശ്യമായ മൂശയാണു് ആദ്യമായി ഉണ്ടാക്കേണ്ടിയിരിക്കുന്നതു്. ചരിത്രത്തിന്റെ ഗതിയിൽ ഉണ്ടായിട്ടുള്ള മാററങ്ങളുടെയും മറിയലുകളുടെയും കൂട്ടത്തിൽ അത്തരം പല മൂശകളും ഉരുക്കൂടി വന്നിട്ടുണ്ടു്. മനുഷ്യജീവിതത്തിലെ ഏതെങ്കിലും പ്രത്യേകതാല്പര്യത്തിന്റെ മേഖലയിൽ വളർന്നുവന്നിട്ടുള്ള യഥാസ്ഥിതികരായ മാമൂൽപ്രിയക്കാരാണു് അത്തരം മൂശകൾക്കു രൂപം നൽകാൻ ഇടയായിട്ടുള്ളതു്. എന്നാൽ ആ മൂശകൾ മിക്കതും പഴകി കല്ലിച്ചുപോയിരിക്കുന്നു. അവയ്ക്കു ചേതന നശിച്ചിരിക്കുന്നു. ഇനി അവയൊക്കെ ഒന്നുകൂടി ഉരുക്കിക്കൂട്ടി കാലത്തിനൊത്ത പുതിയൊരു മൂശയ്ക്കു രൂപം നല്കേണ്ടിവന്നിരിക്കുകയാണു്.

സാത്വികഗുണങ്ങൾ, 'സ്പോർട്ടസ്മാൻഷിപ്പ്' എന്നു് ഇംഗ്ലീഷിൽ പറയുന്ന ഗുണവിശേഷം, ധീരോദാത്തത, മനുഷ്യസമൂഹത്തോടുള്ള ഉത്തരവാദിത്വബോധം, രാജ്യതന്ത്രജ്ഞത എന്നിവയും, പൗരത്വബോധം പോലും, ഇണങ്ങിച്ചേർന്നിരിക്കുന്ന ഒരു ഉത്തമമനുഷ്യനെയാണു നമുക്കു വാർത്തെടുക്കേണ്ടിയിരിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു്. ഈ ഗുണങ്ങൾ ചലനമററ സങ്കല്പങ്ങളോ മൃതപ്രായമായ ആദർശങ്ങളോ ആയിരുന്നാൽ പോരാ. അവ കാലത്തിനൊത്തു ജീവിക്കുന്നവയായിരിക്കണം. അന്തസ്സാരം നഷ്ടപ്പെടാതെയുള്ള, കാലത്തിനൊത്ത തിരുത്തിയെഴുത്തു് അതിനു സംഭവിച്ചുകൊണ്ടിരിക്കണം. ഭാവിയിലെ മനുഷ്യനെ വാർത്തെടുക്കാനായി നാം തയ്യാറാക്കുന്ന മാതൃകാരൂപത്തിന്റെ മൂശയിൽ ഇപ്പറഞ്ഞ സദ്ഗുണങ്ങൾക്കെല്ലാം കാലാനുരൂപമായ സ്ഥാനമുണ്ടായിരിക്കണം. ഒപ്പംതന്നെ കാലാതിവർത്തിയായ മറെറാരു ഗുണത്തിനു കൂടി അതിൽ സ്ഥാനമുണ്ടായിരിക്കണം. ധ്യാനാത്മകമായ ചിന്താശീലമാണു് ആ ഗുണം. നാളത്തെ മനുഷ്യൻ നൂറു ശതമാനവും മനുഷ്യനായിരിക്കണം. ഉന്നതമായ മാനുഷികമൂല്യങ്ങളുടെ ഉത്തമമായ നിദർശനമായിരിക്കുകയും വേണം. ഇത്തരം സവിശേഷതകളോടുകൂടിയ നാളത്തെ മനുഷ്യനെ വാർത്തെടുക്കുന്നതിനുള്ള മൂശയ്ക്കാണു നാം രൂപം നല്കേണ്ടിയിരിക്കുന്നതു്.

ഈ ലക്ഷ്യം സാധിതപ്രായമായിത്തീരുന്നതിനു് ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തിന്റെ നൈസർഗികമായ ആന്തരികഭാവങ്ങളും പ്രവൃത്തിപരമായ ബാഹ്യഭാവങ്ങളും തമ്മിൽ പൊരുത്തമുണ്ടാക്കിയെടുക്കുകയും, അവയെ സന്തുലിതമായി നിലനിറുത്തുകയും ചെയ്താലേ മതിയാകൂ. നമുക്കു വാർത്തെടുക്കേണ്ട ബിംബത്തിനും മൂശയ്ക്കും തമ്മിൽ പൊരുത്തം വേണമെന്നർത്ഥം. ആ മൂശയ്ക്കും ബിംബത്തിനും ഒരേ സമയം തോതായിരിക്കുന്ന, ശാസ്ത്രയുക്തമായ, ഒരു സാമാന്യതത്ത്വം അവിടെ പ്രയോഗിച്ചാലേ ഇതു സാദ്ധ്യമാവൂ. മറെറാരു തരത്തിൽ പറഞ്ഞാൽ, ജീവിക്കുന്ന വ്യക്തിയിലെ വ്യക്തിത്വത്തിന്റെ ആത്മനിഷ്ഠമായ ആന്തരികവശങ്ങളും വസ്തുനിഷ്ഠമായ ബാഹ്യവശങ്ങളും ആ വ്യക്തിയിൽ പരസ്പരവൈരുദ്ധ്യം കൂടാതെ ഇണങ്ങിനില്ക്കണം, ന്യായയുക്തമായും വാസ്തവികമായും. അവ തമ്മിൽ അസന്തുലിതമായിത്തീരുന്ന അവസ്ഥിതിയും, ഒന്നു മറേറതിനു പൊരുത്തപ്പെടാതെ വരുന്ന സാഹചര്യവും, സ്വരലയമില്ലാതെ വന്നുപോകുന്ന മാനസികസംഘർഷത്തിനുള്ള അവസരവും പൂർണ്ണമായി ഒഴിവാക്കുകതന്നെ വേണം. തൊപ്പിയോ തലപ്പാവോ വാങ്ങുമ്പോൾ, ആദ്യം നോക്കുന്നതു്, അതു തലയ്ക്കിണങ്ങുന്നതാണോ എന്നാണല്ലോ. അതുപോലെ, വിദ്യാഭ്യാസം നേടിയ ഒരുവനു് യഥാർത്ഥജീവിതത്തിനു ലഭ്യമായിരിക്കുന്ന പ്രവൃത്തിപഥത്തിന്റെ സ്വഭാവം, അയാൾ ഏതു തരത്തിലുള്ള സഹജവാസനക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ളോട്ട കൂടിയവനാണ് എന്നതിന്ന് അനുയോജ്യമായിരിക്കണം. വിദ്യാഭ്യാസം കൊണ്ടു കൈവന്നിരിക്കേണ്ട പ്രധാനനേട്ടം ഇതായിരിക്കണം. അതായത്, വിദ്യാഭ്യാസത്തിൻെറ ലക്ഷ്യവും അതിനു സ്വീകരിക്കുന്ന മാർഗ്ഗവും തമ്മിൽ ആന്തരികമായ ഒരു പൊരുത്തവും ഏകതാനതയും സ്വയം ഉണ്ടായിത്തീരത്തക്കവണ്ണമുള്ളതായിരിക്കണം അത്. വിദ്യാഭ്യാസപ്രക്രിയയിലെ അവസാനഘട്ടത്തിൽ പ്രത്യേകിച്ചു പ്രാധാന്യമർഹിക്കുന്നതാണിത്. ഭാവാത്മകവും ക്രിയാത്മകവുമായ പൊരുത്തപ്പെടുത്തലിൽ സാധിച്ചെടുക്കേണ്ടതാണ്, വിദ്യാഭ്യാസത്തിലെ അവസാനഘട്ടം. ലക്ഷ്യവും മാർഗ്ഗവും സമാന്തരമായിക്കിടന്നാൽ പോരാ. അവ ഒരിടത്തു ചെന്നുമുട്ടണം കുറഞ്ഞപക്ഷം അനന്തതയിലെങ്കിലും. എങ്കിൽ മാത്രമേ തനിക്കിണങ്ങുന്ന ജീവിതവൃത്തിയുടേതായ ഒരു തൊപ്പി ഓരോരുത്തർക്കും തെരഞ്ഞെടുക്കാനാവൂ. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അങ്ങനെയൊരു തൊപ്പി ഓരോരുത്തരും തെരഞ്ഞെടുത്താലേ നിവൃത്തിയുള്ളൂ. അത്തരത്തിലുള്ളതാണ് മനുഷ്യ ജീവിതത്തിലെ നിരപേക്ഷമായ അനിവാര്യത. ഈ അനിവാര്യത ഒഴിവായിക്കിട്ടുന്നത്, പ്രായോഗികബുദ്ധ്യാ നോക്കിയാൽ മരണത്തോടുകൂടി മാത്രമാണ്. തത്ത്വപരമായി പറഞ്ഞാൽ അമൃതത്വപ്രാപ്തിയോടുകൂടിയും. തനിക്കിണങ്ങുന്ന ഒരു തൊപ്പി തെരഞ്ഞെടുക്കുന്നകാര്യത്തിൽ മനുഷ്യൻ പ്രതിസന്ധി നേരിടുന്നു എന്നുള്ളതാണു വാസ്തവം. പ്രായോഗികതലത്തിലെന്നപോലെ തത്ത്വപരമായും, അതിനെ നേരിടാൻ മനുഷ്യൻെറ കൈവശമുള്ള ഒരേയൊരു പോംവഴി അറിവാണ്. അറിവിൻെറ ഏറ്റവും ഉദാത്തമായ ഭാവങ്ങളെ വേണം ഇവിടെ ആശ്രയിക്കേണ്ടത്. അതു മനുഷ്യരാശിയുടെ മഹത്വത്തിൻെറ ഗൗരവത്തിനിണങ്ങുന്ന തരത്തിൽ വേണം താനും. ആ അറിവിനെ വേണ്ടവണ്ണം പ്രയോജനപ്പെടുത്തി പ്രതിസന്ധി തരണം ചെയ്യണം.

ഷേക്സ്പിയർ പറയുന്നു, ''ഒരുവൻെറ വേഷം വിളിച്ചു പറയും, അവൻ ആരാണെന്ന്''. ''യോയച്ഛ്രദ്ധഃ സ ഏവ സഃ'' (ഒരുവനു പൂർണ്ണവിശ്വാസം ഉള്ളത് ഏതൊന്നിലാണോ അതു തന്നെയാണ് അവൻ) എന്നു ഭഗവദ്ഗീതയും പറയുന്നു. ''പശു കറുപ്പായാൽ പാൽ കറുക്കുമോ?'' എന്നാണല്ലോ പഴഞ്ചൊല്ല്. ആധുനികമനഃശാസ്ത്രജ്ഞനായ റിബോ (Ribot)യും മനസ്സിലാക്കിയിരിക്കുന്നു: ''വികാരജീവിയെ അവൻെറ വികാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രം തന്നെ പിടിച്ചടക്കിയിരിക്കുന്നു. അവൻ അവൻെറ വികാരം തന്നെയാണ്.'' (1) മനുഷ്യൻെറ ജീവിതത്തിൽ മൗലിക നിയമമായിരിക്കുന്ന ഒരു യോഗരഹസ്യത്തിലാണു നാം ഇവിടെ ചെന്നുതൊട്ടുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമില്ല.

പ്രവൃത്തികളും അതിനുള്ള അവസരങ്ങളും ഓരോരുത്തരുടെയും മുന്നിൽ പരന്നുകിടക്കുകയാണ്. അവരവരുടെ അഭിരുചി, മനഃശുദ്ധി, സാഹചര്യത്തിൻെറ അനിവാര്യത ഇതൊക്കെ വച്ചുകൊണ്ടു് ഇതിൽ നിന്നു് ഏതെങ്കിലും ഒന്നു് ഓരോരുത്തരും തെരഞ്ഞെടുത്തേ നിവൃത്തിയുള്ളു. മനുഷ്യൻ എപ്പോഴും തനിക്കു താല്പര്യമുള്ള കാര്യങ്ങളിലും ചിന്തകളിലും തന്നെ കണ്ടുകൊണ്ടിരിക്കും എന്നതാണു സത്യം.

ഓരോ സ്ത്രീയും ഇഷ്ടപ്പെടുന്നതു് ഓരോ പ്രത്യേകനിറമുള്ളവേഷമായിരിക്കും. സദ്യ ഉണ്ണാൻ ചെന്നിരിക്കുന്ന പയ്യൻ തിന്നാൻ ഇഷ്ടപ്പെടുന്നതു സദ്യയിലെ ഏതെങ്കിലും ചില പ്രത്യേകവിഭവങ്ങളായിരിക്കും. ഓരോ പ്രത്യേക പ്രവർത്തനശൈലിയുമായിട്ടായിരിക്കും ഓരോരുത്തരും ഇണങ്ങിച്ചേരുക. തൻെറ സഹജവാസനയ്ക്കനുഗുണമായ തൊഴിലായിരിക്കും ഓരോരുത്തരും കണ്ടെത്തുന്നതു് എന്നതു പറയുകയും വേണ്ട. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഒരു യോഗ്യയുക്തത ഉണ്ടെന്നതത്രെ. ആ മൗലികതത്ത്വമാണ് ഇത്തരം കാര്യങ്ങളെ നിയന്ത്രിക്കുന്നതു് എന്നറിഞ്ഞുകൊണ്ടുവേണം അവയെ വിലയിരുത്തേണ്ടതു്. ഈ യോഗയുക്തതയെ ഓരോ സന്ദർഭത്തിലും, കാര്യമേതു്, അകാര്യമേതു് എന്നു തീരുമാനിക്കുന്നതിനു സഹായിക്കുന്ന ഒരു നിയമമായി സ്വീകരിക്കാം. അതോടൊപ്പം വ്യക്തികളെ മനസ്സിലാക്കുന്നതിനുള്ള ലക്ഷണങ്ങളായും ഉപയോഗിക്കാം. ശബ്ബത്തു മനുഷ്യനുവേണ്ടിയാണോ, മനുഷ്യൻ ശബ്ബത്തിനു വേണ്ടിയാണോ എന്നുള്ളതു സന്ദർഭത്തിൻെറ സ്വഭാവവും അനിവാര്യതയും അനുസരിച്ചിരിക്കുമല്ലോ. വിദ്യാഭ്യാസം വ്യക്തിക്കിണങ്ങുന്നതായിരിക്കണം. ലോകത്തിൽ ലഭ്യമായ പ്രവർത്തനമണ്ഡലങ്ങളുടെയും അവസരങ്ങളുടെയും സ്വഭാവത്തിനോടു് ഓരോ വ്യക്തിയും സ്വയം ഇണക്കിക്കൊള്ളുകയും വേണം.

....

1. p. 179: *Essay on Passions*, Alcan, Paris, 1923

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖണ്ഡം.1

വിദ്യാഭ്യാസത്തിൻെറ ഉള്ളം

1. ഇന്ദ്രിയസംവേദനം മുതൽ ഉന്നതമൂല്യംവരെ

സാധാരണനടക്കാറുള്ള ഇന്ദ്രിയസംവേദനത്തെ വിദ്യാഭ്യാസപ്രക്രിയയുടെ തുടക്കമായി കണക്കാക്കാം. അതിൻെറ ഒടുക്കമായി കണക്കാക്കേണ്ടതാകട്ടെ, ഉന്നതമായ മാനുഷികമൂല്യങ്ങളെ അറിഞ്ഞാദരിക്കുന്ന കഴിവുണ്ടായിത്തീരുന്നതിനെയാണ്. മനുഷ്യജീവിതം ഭാവപരതയോടുകൂടി മുന്നോട്ടു ഗമിക്കുന്ന സ്വഭാവമുള്ളതാണ്. അതിനനുസരിച്ചിരിക്കണം ഓരോരുത്തർക്കും ലഭിക്കുന്ന വിദ്യാഭ്യാസം. അതിൻെറ തുടക്കം സാമാന്യേന എല്ലാവർക്കും ഒരുപോലെയാവാം. എന്നാൽ ഓരോരുത്തർക്കും കൈയെത്തിപ്പിടിക്കാനാവുന്ന ഒടുക്കം ഓരോ തരത്തിലുള്ളതായിരിക്കും. ഇങ്ങനെയുള്ള തുടക്കം മുതൽ ഒടുക്കം വരെയുള്ള വിദ്യാഭ്യാസപ്രക്രിയയുടെ പുരോഗതി, അതിനു വിധേയനായിത്തീരുന്ന വ്യക്തിയുടെ ആന്തരികമായ കഴിവുകളും വാസനകളുമായി പൊരുത്തപ്പെട്ടുപോകുന്നതായിരിക്കണം. ഈ മാർഗ്ഗരേഖയിൽ സ്വീകരിച്ചിരിക്കുന്ന മൗലികമായ ഒരു നിലപാടാണിതു്.

വിദ്യാഭ്യാസം അന്തിമമായി അതിൻെറ പൂർണ്ണതയിലെത്തി നില്ക്കുമ്പോഴും തുടക്കത്തിലെ ഇന്ദ്രിയസംവേദനത്തെ തീരെ ഒഴിവാക്കാനാവുകയില്ല. ഒരുപക്ഷേ, അവ പിൻപുറത്തേയ്ക്കു പോയി അപ്രധാനമായൊരു സ്ഥാനത്തു മാത്രമായി ഒതുങ്ങിക്കൂടിയെന്നു വരും.

വ്യക്തിസത്ത ഒരിക്കലും ശൂന്യതയിൽ വർത്തിക്കുകയില്ല. ജീവിതവ്യാപാരങ്ങളുടേതായ ഒരു ശ്രേണി കണ്ടെത്തി, അതിൽ പ്രവൃത്തിനിരതനായിരിക്കാനേ ഓരോ വ്യക്തിയ്ക്കും സാധിക്കുകയുള്ളൂ. ജീവിതഭാവങ്ങൾ ക്രിയാത്മകമായി വെളിപ്പെട്ടു വരുമ്പോൾ സംജാതമാകുന്ന ഓരോ സന്ദർഭത്തിനോടും ഇണങ്ങിനില്ക്കുന്നതായിരിക്കണം വിദ്യാഭ്യാസംകൊണ്ടു രൂപപ്പെട്ടുവരുന്ന വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്തിസത്ത. ജീവിതരംഗങ്ങൾ അനാവൃതമായിത്തീരുന്നതിൻെറ തുടക്കം മുതൽ അന്തിമലക്ഷ്യത്തിലെത്തിച്ചേരുന്ന ഒടുക്കംവരെ ഈ പൊരുത്തം നിലനില്ക്കുകയും വേണം. ഈ ഇണക്കിയെടുക്കൽ നിരന്തരം തുടരുന്നതോടൊപ്പം, അതിലെ ഓരോ ഘട്ടത്തിനും അനുയോജ്യമായ പ്രവർത്തനമണ്ഡലത്തിൽ ഏർപ്പെടുന്നതിനു വേണ്ടതൊക്കെ ഒരുക്കിക്കൊടുക്കേണ്ടിയും വരും. ഒപ്പം തൻെറ വൈകാരികഭാവങ്ങളെ അതെങ്ങനെ ബാധിക്കുന്നു എന്നുള്ളതും ശ്രദ്ധിക്കണം. ഓരോ മനുഷ്യൻെറയും വ്യക്തിഭാവത്തിൽ ഉള്ളതായി നാം കണ്ട യോഗയുക്തതയെ ലംഘിക്കാതെ വേണം ഇതു സാധിക്കേണ്ടതു്. ഈ യോഗയുക്തതയുടെ വ്യാപ്തിയാകട്ടെ, വ്യക്തിയുടെ സദംശത്തെയും ചിദംശത്തെയും ആനന്ദാംശത്തെയും വിഴുങ്ങി നില്ക്കുന്നതുമാണു്. അതായതു്, വ്യക്തിയുടെ സത്തയിലും അവൻെറ ബോധവ്യാപാരങ്ങളിലും പ്രിയാപ്രിയങ്ങളിലും ഒക്കെ പ്രസക്തിയുള്ളതാണു് ആ യോഗയുക്തത. ഇപ്പറഞ്ഞ ഇണക്കിയെടുക്കൽ യാന്ത്രികമായിപ്പോകാനും പാടില്ല. അതു ജീവിക്കുന്ന ഒരു പ്രക്രിയയായിരിക്കണം. ഒപ്പം ക്രിയാത്മകവും നൈസർഗികവും ആയിരിക്കുകയും വേണം.

വെറും ഇന്ദ്രിയജ്ഞാനത്തിൻെറ കാര്യമെടുക്കാം. അതിൻെറ തുടക്കമായ ഇന്ദ്രിയോദ്ദീപനമുണ്ടാകുന്നതു ബാഹ്യതലത്തിലാണെന്നു നമുക്കറിയാം. ഉദ്ദീപനമുണ്ടായിക്കഴിഞ്ഞാൽ ഉടൻ അതു ബോധകേന്ദ്രത്തിലേയ്ക്കു് (core of consciousness) കടന്നുപോകുന്നു (centralization). അവിടെനിന്നാണു് പ്രതികരണമുണ്ടാകുന്നതു്. എന്നാൽ ഈ പ്രതികരണമുണ്ടാകുന്നതു്, ഒരു ഇന്ദ്രിയോദ്ദീപനത്തിനു് ഒരു പ്രതികരണമെന്ന തരത്തിലാണെന്ന ധാരണ തെററാണു്. യാന്ത്രികമായി ചിന്തിക്കുന്ന ചില ആധുനികമനഃശാസ്ത്രജ്ഞന്മാർ വളർത്തിയെടുത്തതാണു് ഈ ധാരണ. ഒററപ്പെട്ട ഓരോ സംവേദനവും ഉണ്ടാകുന്നതു് വ്യക്തിയുടെ ആകെ സത്തയുടെ പ്രതികരണത്താലാണു് എന്നതാണു വാസ്തവം. അതു സങ്കീർണ്ണമായിരിക്കും, സമഗ്രമായിരിക്കും. ഈ സമ്പൂർണ്ണസത്തയുടെ പ്രതികരണമാണു് പുതിയ ആശയങ്ങളായി രൂപപ്പെടുന്നതു്. ഇങ്ങനെ ആശയങ്ങൾ രൂപപ്പെടുന്നതിനും ഇന്ദ്രിയസംവേദനങ്ങൾ ബോധകേന്ദ്രത്തിൽ എത്തുന്നതിനും ഇടയിൽ ചെറിയൊരു വിളംബം (central delay) ഉണ്ടായിരിക്കും. അതിനു മുമ്പുതന്നെ, പ്രാഥമിക സംവേദനസന്ദേശം ബോധകേന്ദ്രത്തിലേയ്ക്കു സഞ്ചരിക്കുന്ന കൂട്ടത്തിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമീപവർത്തികളായ നാഡീകോശങ്ങളിലേയ്ക്കുകൂടി അതു പ്രസരിച്ചുകഴിഞ്ഞിരിക്കും (irradiation) ആ പ്രസരണം നടക്കുന്നതാകട്ടെ, നാഡീകോശങ്ങളുടെ സംവഹനക്ഷമത (facilitation) അനുസരിച്ചിരിക്കുകയും ചെയ്യും. ഈ സംവഹനക്ഷമത അനുലോമമോ പ്രതിലോമമോ ആകാം. തലച്ചോറിന്റെ ഉന്നതകേന്ദ്രങ്ങളിലേക്കോ അധോകേന്ദ്രങ്ങളിലേക്കോ ആകാം. ഈ സംവഹനക്ഷമത ജന്മവാസനകളും സ്വയമാർജ്ജിച്ച സംസ്കാരങ്ങളും അനുസരിച്ചുള്ള സഹജഗുണങ്ങളുടെ രൂപത്തിൽ ഓരോരുത്തരിലും മുൻകൂട്ടിത്തന്നെ ഉള്ളതാണ്. ഓരോരുത്തരിലും രൂപംകൊള്ളുന്ന ആശയങ്ങൾ ഉന്നതമാണോ അല്ലയോ എന്നതു്, ഇതൊക്കെയനുസരിച്ചിരിക്കും.

ഉദ്ദീപനപ്രതികരണങ്ങൾ വച്ചുകൊണ്ടു കാര്യങ്ങൾ വിലയിരുത്തുന്ന മനഃശാസ്ത്രജ്ഞന്മാരെ ആശ്രയിക്കാതെ, നമുക്കു റൂസ്സോയുടെ വിദ്യാഭ്യാസമനഃശാസ്ത്രത്തെ ആശ്രയിക്കാം. ഇപ്പറഞ്ഞ മനഃശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നതു് അളവുപകരണങ്ങളെയാണ്. പാശ്ചാത്യലോകത്തു പരീക്ഷണവിദ്യാഭ്യാസം എന്നപേരിൽ ഉണ്ടായിവന്നിട്ടുള്ള സമ്പ്രദായത്തിന്റെ ഭാഗമാണതു്. ഈ കാലഘട്ടത്തിന്റെ പ്രത്യേകതയെന്നു പറയാവുന്ന ഒരുതരം ശാസ്ത്രപരമായ അന്ധവിശ്വാസമാണതു് എന്നു കരുതാനേ നിവൃത്തിയുള്ളു. റൂസ്സോയെ ആശ്രയിക്കുമ്പോൾ അവിടെ നാം കാണുന്നതു്, ഒററയ്ക്കൊററയ്ക്കുണ്ടാകുന്ന ഇന്ദ്രിയസംവേദനങ്ങളുടെയും പ്രതികരണങ്ങളുടെയും ആകെത്തുകയാണ് വ്യക്തിയുടെ ജീവിതം എന്നു പറയാനാവുകയില്ല എന്നുള്ളതാണ്, ഓരോ വ്യക്തിയുമാണല്ലോ വിദ്യാഭ്യാസകാര്യത്തിൽ പ്രസക്തമായിരിക്കുന്നതു്. ഏററവും നിസ്സാരമായി ഉണ്ടാകുന്ന ഇന്ദ്രിയോദ്ദീപനത്തിനുപോലും ഭാവാന്തരം സംഭവിച്ചു്, ഉപരിതനസ്വഭാവമുള്ളതായിത്തീർന്നു് (verticalized), ആ വ്യക്തിയുടെ ഒരംശമായി മാറുകയാണു ചെയ്യുന്നതു്. അതു ജീവിതത്തിലെ പ്രിയാപ്രിയങ്ങളുടെ തലത്തിലേയ്ക്കുയർന്നു് വ്യക്തിസത്തയുടെ ഭാഗമായിത്തീരുന്നു. ഇന്ദ്രിയസംവേദനങ്ങളെയും അപരോക്ഷമായ അനുഭവങ്ങളെയും വേർപെടുത്തി വെയ്ക്കാനാവുകയില്ല എന്നു താല്പര്യം. റൂസ്സോ ചൂണ്ടിക്കാണിക്കുന്നതു നോക്കുക: "കേവലമായ ആശയങ്ങൾ എന്നതു് താരതമ്യവിവേചനത്തിനു പാത്രമായിക്കഴിഞ്ഞ ഇന്ദ്രിയജ്ഞാനങ്ങളല്ലാതെ മറെറാന്നുമല്ല. ഏററവും നിസ്സാരമായ ഇന്ദ്രിയജ്ഞാനത്തിൽപ്പോലുമുണ്ടു് ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂല്യനിർണ്ണയം. '(Emile· Book I)' ഒരാശയം വെറുമൊരാശയമായല്ല ഉണ്ടാകുന്നതു്, നമ്മുടെ പ്രിയാപ്രിയങ്ങളെക്കൂടി കണക്കിലെടുത്തു വിലയിരുത്തപ്പെട്ട ഒരാശയമായിട്ടായിരിക്കും എന്നു് തുടന്നു് നാം മനസ്സിലാക്കും. (ഈ ഭാഗത്തിൻെറ രണ്ടാം ഖണ്ഡം നോക്കുക.)

2. രണ്ടു മൂല്യതലങ്ങൾ

ആധുനികപാശ്ചാത്യതത്ത്വചിന്തയ്ക്കു ലൈബ്നിസ്സിൻെറ മോണാഡോളജി' (monadology) സ്വീകാര്യമാണു്. അതിൽ മൊണാഡുകളുടെയെല്ലാംമൊണാഡ്് എന്നൊരു സങ്കല്പവുമുണ്ടു്.[1] അതു മതവിശ്വാസികളുടെ ദൈവത്തിനു തുല്യമാണു്. ഡക്കാർട്ട്് എന്ന ചിന്തകൻ അവതരിപ്പിക്കുന്ന വിശ്വരചനയിൽ, അലൗകികമായ ചില ദ്രാവകങ്ങൾ ഒരു ചുഴിയായി നിന്നു കറങ്ങുന്നുണ്ടു് എന്നു സിദ്ധാന്തിക്കുന്നു. ഇപ്പോൾ നാം ജീവിക്കുന്നതാകട്ടെ, കാലദേശസാതത്യകത്തെ സത്യമായി അംഗീകരിച്ചിരിക്കുന്നയുഗത്തിലാണു്. അറിവിനെ സംബന്ധിക്കുന്ന സിദ്ധാന്തങ്ങളും പ്രമാണശാസ്ത്രങ്ങളും ചിന്താപദ്ധതികളും അപ്രതീക്ഷിതമായ തരത്തിൽ തിരുത്തിക്കുറിക്കേണ്ടിവരുന്നു. ആ സ്ഥിതിക്കു കാര്യങ്ങൾ ചുരുക്കിപ്പറയുന്നതിനു് നമ്മളും ഒരു കുറുക്കുവഴി സ്വീകരിച്ചാൽ അതിൽ അത്ഭുതപ്പെടേണ്ട കാര്യമൊന്നുമില്ല. ഉപരിതനം (vertical) എന്നും അനുപ്രസ്ഥം (horizontal) എന്നും വിളിക്കാവുന്ന രണ്ടു മൂല്യതലങ്ങൾ, അഥവാ പ്രിയാപ്രിയങ്ങളുടേതായ ലോകങ്ങൾ, ഉണ്ടു് എന്നതാണു് ഞങ്ങൾ അവതരിപ്പിക്കുന്ന പുതിയ ആശയം.

ഈ ആശയം തികച്ചും ഞങ്ങളുടേതാണെന്നു് അവകാശപ്പെടുന്നില്ല. റൂസ്സോയും രണ്ടുതരം മൂല്യങ്ങളുള്ളതിനെപ്പററി 'സോഷ്യൽ കോൺട്രാക്ററ്' (Social Contract) എന്ന ഗ്രന്ഥത്തിൽ എടുത്തു പറയുന്നു. അതിങ്ങനെയാണു്,

....

1 പ്രപഞ്ചരചനയ്ക്കു കാരണമായിരിക്കുന്ന ആദിമസത്യം അവിഭാജ്യവും അണുസമാനവുമായ ഒരു സദ്വസ്തുവാണെന്നും, അതു ബോധാത്മകമാണെന്നും, ലൈബ്നിസ് സിദ്ധാന്തിക്കുന്നു. ഈ അണുസമാനമായ ചിദ്വസ്തുവിനു് അദ്ദേഹം കൊടുത്ത പേരാണു് മൊണാഡ്' (Monad) ഈ മൊണാഡുകൾക്കെല്ലാംമൊണാഡായിരിക്കുന്ന ഒന്നുണ്ടു്; അതാണു് എല്ലാ മൊണാഡുകളെയും ചേർത്തുനിറുത്തി പ്രപഞ്ചത്തിനു രൂപകല്പന നടത്തിയിരിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"മനുഷ്യന്റെ പ്രകൃതത്തെപ്പററി ചിന്തിച്ചു നോക്കിയപ്പോഠം വ്യത്യസ്തമായ രണ്ടു താത്ത്വികഭാവങ്ങഠം അതിലുണ്ടെന്നു് എനിക്കു തോന്നി. ഒന്നു നിത്യസത്യങ്ങളിലേക്കും, സ്നേഹം, നീതി, യഥാൎത്ഥ സദാചാരം, പുണ്യാത്മാക്കഠം ധ്യാനവിഷയമാക്കാൻ ഇഷ്ടപ്പെടുന്ന ചിന്താതലങ്ങഠം എന്നിവയിലേക്കു് ഊദ്ധ്വമുഖമായി പോകുന്നതാണു്. മറേറതാകട്ടെ, അധോമുഖമാണു്. ഇന്ദ്രിയങ്ങളും വികാരാവേശങ്ങളുമാണു് അതിന്റെ കരുക്കഠം. ഈ കരുക്കഠം മനുഷ്യനെ അടിമയാക്കിക്കളയുന്നു. അതു് ആദ്യം പറഞ്ഞതിനു, കടകവിരുദ്ധവുമാണു്.

ഇന്ദ്രിയസംവേദനം വ്യക്തിയുടെ പ്രിയാപ്രിയങ്ങളോടു് അലിഞ്ഞുചേൎന്നു് ഒരാശയമായി ഉരുത്തിരിഞ്ഞുകഴിഞ്ഞാൽ, അതു് അയാളിൽ ഉളവാക്കുന്ന താല്പര്യത്തിന്റെ സ്വാധീനം ഒന്നുകിൽ അയാളെ ഊദ്ധ്വമുഖത്വമുള്ളവനാക്കിത്തീൎക്കും; അല്ലെങ്കിൽ അതൊരു വൻഭാരംപോലെ അവനെ പിടിച്ചുതാഴ്ത്തും. ജീവിതത്തെ നിലനിറുത്തുക, രസിക്കുക എന്നീ താല്പര്യങ്ങഠം മാത്രമുള്ള കേവലമായ നിലനില്പിന്റെ തലത്തിലേയ്ക്കാണു് ആ താഴ്ച സംഭവിക്കുന്നതു്. ഊദ്ധ്വമുഖമായാലും അധോമുഖമായാലും, ഈയൊരു താല്പര്യസങ്കല്പവുമായി വ്യക്തി യോഗയുക്തനായിത്തീരുകയാണു ചെയ്യുന്നതു്. ഒന്നിൽ അതു് ആരോഹണാത്മകം, മറേറതിൽ അവരോഹണാത്മകം, ഈ വ്യത്യാസമേയുള്ളു.

ശബ്ദം, സ്പൎശം, രൂപം, രസം, ഗന്ധം എന്നീ ഇന്ദ്രിയവിഷയങ്ങളെ ഒരററത്തും, സഹജമായ ആന്തരികഭാവങ്ങഠം സ്വന്തം പ്രിയാപ്രിയങ്ങളായി ഉരുത്തിരിയുന്നവയെ മറേറ അററത്തുമായി സ്ഥാനം നല്കാവുന്ന ഒരു ശ്രേണിക്കുള്ളിൽ വ്യക്തിയുടെ എല്ലാ പ്രിയാപ്രിയങ്ങഠംക്കും സ്ഥാനം നല്കാം. അതിന്റെ താഴേയററം കേവലമായ നിലനില്പിനുവേണ്ടിയുള്ള താല്പര്യമായിരിക്കും. ഉന്നതമായ ആഗ്രഹമാകട്ടെ, കേവലം ബുദ്ധിഗ്രാഹ്യം മാത്രമായ ഉന്നതാശയങ്ങളുടെ ലോകത്തെ തൊട്ടുനില്ക്കുന്നു. ഈ മൂല്യശ്രേണിയുടെ സ്വരൂപം നിശ്ചയിക്കുന്നതിൽ, അന്തൎഭവിച്ചിരിക്കുന്ന പലതുമുണ്ടു്. അറിവിന്റെ വ്യാപാരങ്ങളെ അന്തൎമുഖമായി അറിയുന്ന ഒരു ബോധശാസ്ത്രവും, തദനുസൃതമായ ഒരു പ്രമാണശാസ്ത്രവും ചിന്താപദ്ധതിയും ഒക്കെ അതിൽപ്പെടും. അതൊക്കെ വിശദമായി ഈ മാൎഗ്ഗരേഖയിൽ ചൎച്ചചെയ്യാൻ നിവൃത്തിയില്ല. എന്നാലും വ്യക്തിഭാവത്തെ അന്തൎമുഖമായും ധ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാത്മകമായും ഇപ്പറഞ്ഞതരത്തിൽ സമീപിക്കുന്നതിൽ അന്തർഭവിച്ചിട്ടുള്ള പ്രമാണശാസ്ത്രപരവും മററുമായ ചില അന്തർരഹസ്യങ്ങറം തുടന്നുവരുന്ന ചില പ്രകരണങ്ങളിൽ ചച്ച്ചെയ്യാനുള്ള അവസരമുണ്ടാവും.

3. ലക്ഷ്യത്തിലെ വൈപരീത്യവും സമന്വയവും

ഒരടിമയും രണ്ടടമയും ആയിരിക്കാൻ പാടില്ല. ദൈവത്തിനുള്ളതു വേറെ, സീസറിനുള്ളതു വേറെ. ഇതൊക്കെയാണല്ലോ നിയമങ്ങറം. വിദ്യാഭ്യാസകാര്യത്തിലും ഈ നിയമം പ്രസക്തമാണ്. അക്കാര്യം റൂസ്സോ തറപ്പിച്ചുതന്നെ പറയുകയും ചെയ്യുന്നു. ''ഒരേസമയം ഒരുവനെ നല്ലമനുഷ്യനും നല്ലപൗരനും ആക്കിയെടുക്കുവാൻ സാധിക്കുകയേയില്ല.'' വിദ്യാഭ്യാസസംബന്ധിയെന്നു് അവകാശപ്പെടുന്ന ഏതു ശാസ്ത്രവും, വിദ്യാഭ്യാസലക്ഷ്യത്തിലുള്ള ഈ വൈപരീത്യത്തെ പൂർണ്ണമായും കണക്കിലെടുത്തേ മതിയാവൂ. ഏതൊരു വ്യക്തിയുടേയും ഉറംക്കരുത്തിൽ അന്തർലീനമായിരിക്കുന്ന പ്രവണത ഈ വൈപരീത്യത്തോടുകൂടിയതാണ് എന്നതു് ഒരിക്കലും മറന്നുപോകാൻ പാടില്ല. ഈ മാർഗ്ഗരേഖയിൽ ഞങ്ങറം സ്വീകരിച്ചിട്ടുള്ള പ്രതിപാദനശൈലിയനുസരിച്ച്, ഈ ലക്ഷ്യങ്ങളെ, അഥവാ ആന്തരികപ്രവണതകളെ കാണുന്നതു് ഒരു സഹസംബന്ധപ്രയുക്തിയിലെ (scheme of correlation) രണ്ടക്ഷങ്ങളായിട്ടാണ്. അവ പരസ്പരം ലംബമായി ഒരു നിഷ്പക്ഷബിന്ദുവിൽ ഖണ്ഡിക്കുന്നു. വ്യക്തിജീവിതത്തിൽ പ്രകടമായിത്തീരുന്ന ഓരോ അംശത്തിലുമുണ്ടായിരിക്കും ഈ വൈപരീത്യത്തിൻെറ പ്രതിഫലനം; ആ ജീവിതാംശം ബാഹ്യമായാലും കൊള്ളാം, ആന്തരികമായാലും കൊള്ളാം. ഈ വൈപരീത്യത്തിനു പരിഹാരം കണ്ടെത്തി, ദ്വൈതരഹിതമായ ഒരു സമനില വ്യക്തിയ്ക്കുകൈവരുത്തിക്കൊടുക്കുക എന്നതാണ് വിദ്യാഭ്യാസകാര്യത്തിൽ ധ്യാനാത്മകചിന്തയ്ക്കു നിർവഹിക്കുവാനുള്ള പങ്ക്. ഈ വൈപരീത്യത്തെ തരണം ചെയ്യു്, അതുണ്ടാക്കിത്തീർക്കുന്ന ആശയക്കുഴപ്പത്തിൽനിന്നു വ്യക്തിയെ രക്ഷിച്ചെടുക്കുന്നതിനായി, വിദ്യാഭ്യാസകാര്യത്തിൽ സംഗതമായ മൂല്യങ്ങളുടെ ഒരു സംരചനാക്രമം വ്യവസ്ഥപ്പെടുത്തിയെടുക്കേണ്ടിയിരിക്കുന്നു. അതിനു് അനുയോജ്യമായ ഒരു ചിന്താപദ്ധതിയും പ്രമാണശാസ്ത്രവും സഹായത്തിനുണ്ടായിരിക്കുകയും വേണം. ഈ എളിയ മാർഗ്ഗരേഖയുടെ വ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പ്തി വളരെ പരിമിതമാണ്. ഇതിനുള്ളിൽ നിന്നുകൊണ്ട്, സർവ്വപ്രധാനമായ ഇക്കാര്യത്തെക്കുറിച്ചു ചില സാമാന്യസൂചനകൾ നല്കാൻ മാത്രമേ ഇവിടെ സാധിക്കുകയുള്ളു. ഇതിനെ നമുക്ക്, 'വിദ്യാഭ്യാസത്തിലെ താല്പര്യവൈപരീത്യ നിയമം' (The Law of Conflicting Interests in Education) എന്നു താല്കാലം വിളിക്കാം. ഇതു രണ്ടാംനിയമമാണ്. ഒന്നാംനിയമം ഈ മാർഗ്ഗരേഖയുടെ ഒന്നാം ഭാഗത്തു സൂചിപ്പിച്ചുകഴിഞ്ഞു. 'സർവ്വസാമാന്യമായ മൂല്യത്തിന്റെ ഏകത' (The Law of Unity, Equality or Identical Total Value) ആണ് ഒന്നാംനിയമം.

4. ധ്രുവാഭിമുഖത്വനിയമം

മനുഷ്യന്റെ ചേതനയോടുകൂടിയ വ്യക്തിഭാവത്തിൽ, വീഴ്ച വരാത്തതരത്തിൽ രൂപപ്പെടുത്തിയെടുക്കേണ്ട തത്ത്വപരമായ മറെറാരംശം കൂടിയുണ്ട്. അതാണ് വിദ്യാഭ്യാസകാര്യത്തിലെ മൂന്നാംനിയമം. അതിനെ ധ്രുവാഭിമുഖത്വനിയമം (The-Law of Polarity or Ambivalence) എന്നു നമുക്കു വിളിക്കാം. കയ്ച്ചിട്ടിറക്കാനുംവയ്യ, മധുരിച്ചിട്ടു തുപ്പാനുംവയ്യ എന്നതരത്തിലുള്ള സാഹചര്യങ്ങളെ നേരിടേണ്ടിവരുന്ന സന്ദർഭങ്ങളെ സംബന്ധിക്കുന്നതാണിതു്. അതിനെ വികല്പം എന്നും വിളിക്കാം. ആധുനികജീവശാസ്ത്രത്തിൽ ഈ നിയമത്തെ വ്യക്തമായി നിർവചിച്ചിട്ടുള്ളതു ബ്യൂളറാണ്. മനഃശാസ്ത്രം, ദൈവശാസ്ത്രം, തത്ത്വചിന്ത, വിശ്വരചനാവിജ്ഞാനീയം എന്നീ വിജ്ഞാനശാഖകളിലൊക്കെ ഈ വികല്പം ഒളിഞ്ഞും തെളിഞ്ഞും കയറിക്കൂടിയിട്ടുണ്ട്. ഇതിൽ കയ്പിന്റെയും മധുരത്തിന്റെയും വശങ്ങൾ അന്യോന്യാശ്രയസ്വഭാവമുള്ളതാണെന്ന പ്രത്യേകതയുണ്ട്. അവ പരസ്പരപൂരകമായിരിക്കും. ഓരോ ശാസ്ത്രത്തിലും ഈ വികല്പത്തിനു് ഓരോ പേരാണു കൊടുത്തിട്ടുള്ളതു്. ഇംഗ്ലീഷിൽ ഡൈക്കോട്ടമി (dichotomy), പൊളാരിററി (polarity), സിനർജിസം (synergism), ആൻറിനോമിയൻ പ്രിൻസിപ്പിൾസ് (antinomian principles) എന്നൊക്കെ പറഞ്ഞുപോരാറുള്ളതു് ഈ തത്ത്വത്തെ തന്നെയാണ്. വിരോധപ്രതിഭാസം അഥവാ ദ്വന്ദച്ഛായയുള്ള ഈ പൊരുത്തക്കേടു് നമ്മുടെ ഉണ്മയുടെ ഉള്ളറകളിൽ കയറി സ്ഥാനം പിടിച്ചിട്ടുണ്ട്. ഷേക്സ്പീയറുടെ ഹാംലററ്, ഈ പ്രതിസന്ധിയുടെ മൂർദ്ധന്യഭാവത്തെ നേരിടുമ്പോൾ, ജീവിച്ചിരിക്കണമോ വേണ്ടയോ എന്നുപോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്യം സ്വയം ചോദിക്കേണ്ടിവരുന്നു. ദുഷ്ഷന്തനാൽ തിരസ്കൃതയാകുന്ന ശകുന്തളയും, ശ്രീരാമൻെറ അശ്വമേധയാഗശാലയിലെത്തുന്ന സീതയും നേരിടുന്നതു് ഇത്തരം പ്രതിസന്ധികളെയാണ്. ജീവിതത്തിലെ ഓരോ ചുവടുവയ്പിലുമുണ്ടു് ഈ പ്രതിസന്ധിയുടെ നിഴൽപ്പാടു് എന്നതാണു സത്യം. വിദ്യാഭ്യാസമാണു് അതിനെ തരണംചെയ്യാനുള്ള കഴിവു നമുക്കു നല്കേണ്ടതു്. ഈ വികല്പം ബുദ്ധിപരമാവാം, ശാരീരികമാവാം, ജ്ഞാനമാർഗ്ഗവും കർമ്മമാർഗ്ഗവും തമ്മിലുള്ള പൊരുത്തക്കേടു മുഖാന്തിരമുള്ളതുമാവാം. ദൈവാനുഗ്രഹത്തിനുവേണ്ടിയുള്ള അഭിലാഷവും പാപബോധവും തമ്മിൽ പൊരുത്തപ്പെടാതെ നിൽക്കും. എന്തിനു്, ശരീരത്തിലെ മാംസപേശികൾ പോലും വിപരീതസ്വഭാവത്തോടുകൂടി പ്രവർത്തിച്ചാണു് ശരീരഭാവങ്ങളുടെ സമനില കാത്തു സൂക്ഷിക്കുന്നതു്. ഹൃദയഭിത്തികൾക്കു ശക്തിപകരുന്ന നാഡികൾപോലും ഒന്നിനൊന്നു വിപരീതമായി പ്രവർത്തിച്ചാണു് ഹൃദയത്തിൻെറ സൂക്ഷ്മമായ സമനില കാത്തുപോരുന്നതു്. ഇതു തന്നെയാണു വ്യക്തിസത്തയുടേയും കഥ. വിപരീതസ്വഭാവമുള്ള താല്പര്യങ്ങളുടെ നടുവിലാണു് വ്യക്തി തൻെറ നടുനില കണ്ടെത്തേണ്ടതു്. ഈ വിരുദ്ധഭാവങ്ങളെയെല്ലാം ഒരു വണ്ടിച്ചക്രത്തിലെ ആരക്കാലുകളായി ഭാവനചെയ്താൽ, അതെല്ലാം വന്നു സന്ധിക്കുന്ന ചക്രനാഭിയാണു്, കേവലമായ ബോധസത്ത. ഇതാണു് ഉപനിഷത്തുകളിലെ മതം. ദാവോമതവും ഇതേ കാഴ്ചപ്പാടോടുകൂടിയതാണു്.

ഈ ധ്രുവാഭിമുഖത്വനിയമത്തിൽനിന്നു് ഉപപന്നമാകുന്ന രണ്ടു നിയമങ്ങൾ കൂടിയുണ്ടു്. അതു് ഉപശാന്തിനിയമവും (Law of Compensation) സമീകരണനിയമവുമാണു്. തല്ക്കാലം ഇങ്ങനെ രണ്ടു നിയമങ്ങൾകൂടി ഉണ്ടെന്നതു് അംഗീകരിച്ചുകൊണ്ടു മുന്നോട്ടുപോകാനേ നമുക്കു സാധിക്കുകയുള്ളു. അവയുടെ സ്വഭാവം തുടർന്നു വ്യക്തമായിക്കൊള്ളും.

5. വിദ്യാഭ്യാസം ഒരു സമീകരണധാര

വിദ്യാഭ്യാസത്തിനു് ഒട്ടധികം നിർവചനങ്ങളുണ്ടു്. ഉള്ളിലിരിക്കുന്നതിനെ പുറത്തേയ്ക്കു വലിച്ചെടുക്കുന്ന പ്രക്രിയയാണതു്. സത്യാവബോധമുണ്ടാക്കിക്കൊടുക്കലാണു്. ജീവിതസമരത്തെ നേരിടാനുള്ള തയ്യാറെടുക്കലാണു്. തലച്ചോറിൻെറയും ഹൃദയത്തിൻെറയും വികസനമാണു്. വ്യക്തിയിലെ ആകെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനുഷ്യനെ വികസിപ്പിച്ചെടുക്കലാണ്. പ്രായോഗികാവശ്യങ്ങളോടു സാമൂഹികമായി പൊരുത്തപ്പെട്ടുപോകാനുള്ള കഴിവുണ്ടാക്കിയെടുക്കുകയാണ്. വിശ്രമവേളയ്ക്കു വേണ്ടിയുള്ളതാണ്. ഉത്തമപൗരന്മാരെ വാർത്തെടുക്കുന്ന പ്രക്രിയയാണ്. ഇങ്ങനെ പോകുന്ന ആ നിർവചനങ്ങൾ ഓരോന്നും ഭാഗികമായി ശരിയായിരിക്കാം. എന്നാൽ ലക്ഷ്യത്തെയും മാർഗ്ഗത്തെയും ഏകതാനതയുള്ളതാക്കുന്ന പ്രക്രിയയായി വിദ്യാഭ്യാസത്തെ കാണുന്നതാണ് സർവ്വോത്തമമായ നിർവചനം എന്നതിൽ സംശയമില്ല. ജീവിതം മുന്നോട്ടുള്ള ഒരു പോക്കാണ്. അതിലെ ഓരോ നിമിഷത്തെയും ഒരു സ്വരലയവും ആനുപാതികതയും സമനിലയും രമണീയതയും ഉള്ളതാക്കിത്തീർക്കാനാണ്, ഒരുവൻ നേടുന്ന വിദ്യാഭ്യാസം മുഖ്യമായും അവനെ സഹായിക്കേണ്ടതു്. ആന്തരികചോദനയും ബാഹ്യസാഹചര്യങ്ങളും ആകുന്ന രണ്ടു ധ്രുവങ്ങൾ തമ്മിലുള്ള നിരന്തരമായ ഒരു നിരാകരണവും, അവ തമ്മിൽ പൊരുത്തപ്പെട്ട് ഒന്നായിത്തീർന്നു ജീവിതത്തിൽ ശാന്തി നിലനിറുത്താനുള്ള നിരന്തരമായ യത്നവുമാണ് ഏററവും ഉത്തമമായ വിദ്യാഭ്യാസം. അതായതു്, തന്റെ ആന്തരികഭാവത്തോടും ബാഹ്യലോകത്തോടും ഇണക്കിക്കൊണ്ടു സ്വസത്തയെ നിലനിറുത്തുക. ഈ ഇണക്കം ധാരാവാഹിതയുള്ളതായിരിക്കണം. അതായതു്, അതു് ഇടതടവില്ലാതെ ജീവിതത്തിലൂടെ തുടന്നുപോകണം. ഉദാഹരണത്തിനു്, കുട്ടിക്കാലത്തു കളിക്കുന്നതിലാണു താല്പര്യം. അപ്പോൾ കളിയുടെ സാഹചര്യവുമായാണ് വ്യക്തിസത്തയെ ഇണക്കിക്കൊടുക്കേണ്ടതു്. യൗവ്വനമാകുമ്പോഴേയ്ക്കും കൂട്ടുകൂടുന്നതിലാവും താല്പര്യമുണരുന്നതു്. അപ്പോൾ അതിനോടിണങ്ങുന്നതായിത്തീരണം വ്യക്തിസത്ത. വാർദ്ധക്യമായാൽ, ജീവിതത്തിന്റെ അർത്ഥത്തെപ്പററിയും നന്മതിന്മകളെപ്പററിയുമൊക്കെ ചിന്തിക്കുന്നതിലേയ്ക്കാണു താല്പര്യം തിരിയുന്നതു്. ഒരു താല്പര്യമേഖല അടുത്തതിലേയ്ക്കു വളന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. അതിനു് ഇടതടവില്ല. മുന്നോട്ടുള്ള ഈ ഗതിയിലെ ഓരോ ചുവടുവെയ്പിലുമുണ്ടാവും, സംഗതമായിവരുന്ന ഒരു ആന്തരികവശവും ബാഹ്യവശവും. ഇവ തമ്മിലുള്ള അനുയോജ്യത, മാറിമാറിവരുന്ന ഓരോ ചുവടുവെയ്പിലും ഉറപ്പുവരുത്തുന്നതു് ഒഴിവാക്കാനാവുകയില്ല. ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ഓരോരുത്തരും വലുതായി കരുതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ന ജീവിതതാല്പര്യങ്ങളുടെ ഒരു ശ്രേണിയുണ്ട്. അതിൻെറ കാര്യത്തിലും ഇപ്പറഞ്ഞ തത്ത്വം ബാധകമാണ്. ജന്മസിദ്ധമായ ബുദ്ധിയും കഴിവുകളും വച്ചുകൊണ്ട് ഓരോരുത്തരും ഈ മൂല്യശ്രേണിയിലെ ഉന്നതതലങ്ങൾ എത്തിപ്പിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. അതു് ഉപരിതനമായ ഒരു യത്നമാണ്. അതു നടന്നുകൊണ്ടിരിക്കുമ്പോഴെല്ലാം ഓരോ മൂല്യത്തിലും സംഗതമായി വരുന്ന ആന്തരികബാഹ്യവശങ്ങൾ തമ്മിൽ അനുപ്രസ്ഥതലത്തിലുള്ള ഒരു സമനില കണ്ടെത്തൽ നടന്നുകൊണ്ടിരിക്കണം. സ്വന്തം ആന്തരികസത്തക്കിണങ്ങാത്തതിനെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നതു് അസ്വസ്ഥത ഉണ്ടാക്കുകയേയുള്ളു. ചുരുക്കിപ്പറഞ്ഞാൽ, ശാസ്ത്രീയമായി രൂപം നല്കിയിട്ടുള്ള വിദ്യാഭ്യാസപ്രക്രിയയുടെ മാർഗ്ഗത്തിലും ലക്ഷ്യത്തിലും ഒരു സന്തുലനതത്ത്വം (Law of Equilibrium) അന്തർഭവിച്ചിരിക്കും.

6. ഭാവാത്മകവിദ്യാഭ്യാസത്തിൻെറ അന്തഃസത്ത

വിദ്യാഭ്യാസത്തിൻെറ പ്രാരംഭഘട്ടം നിഷേധാത്മകമായിരിക്കണമെന്നാണ് റൂസ്സോ വിഭാവന ചെയ്തതെന്നു നാം കണ്ടുകഴിഞ്ഞു. തുടർന്നുവരുന്ന ഘട്ടങ്ങൾ ഭാവാത്മകമായിരിക്കണമെന്നാണോ ഇതുകൊണ്ടർത്ഥമാക്കുന്നതു്? ആണെങ്കിൽ, ഭാവാത്മകമായ ആ വിദ്യാഭ്യാസപരിപാടിയുടെ അന്തസ്സത്ത കൃത്യമായും എന്തായിരിക്കണം?

കുട്ടി വളർന്നു യുവത്വത്തിലേക്കു കടക്കുമ്പോൾ അവൻെറ താല്പര്യം, ബോധപൂർവകവും ക്രിയാത്മകവുമായി അവൻ ബന്ധപ്പെടാൻ ഉദ്ദേശിക്കുന്ന വസ്തുക്കളിലേയ്ക്കും വസ്തുതകളിലേയ്ക്കും തിരിയും. അനുദിനം അവൻ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഭൗതികലോകത്തെ സംബന്ധിച്ചുണ്ടാകുന്ന ശാസ്ത്രീയവിജ്ഞാനം അവനു രസകരമായ പുതിയ അനുഭവങ്ങളായിരിക്കും. ഒററനോട്ടത്തിൽ ശരിയെന്നു കരുതിയിരുന്ന പല ധാരണകളും അങ്ങനെ പടിപടിയായിത്തിരുത്തി, അതിൻെറ സ്ഥാനത്തു ശരിയായ ധാരണകൾ ഉറപ്പിക്കും. പ്രത്യക്ഷാനുഭവത്തിൻെറ മറയ്ക്കുപിന്നിലുള്ള രഹസ്യത്തിലേയ്ക്കു് അങ്ങനെ അവൻെറ നോട്ടം ചൂഴ്ന്നിറങ്ങുന്നതു സ്വാഭാവികമായിത്തീരുമ്പോൾ, അവൻെറ വിദ്യാഭ്യാസത്തിനു് സഹജമായ ഒരു ഭാവാത്മകത കൈവരുകയാണെന്നു പറയാം. ഇതാണ് ഭാവാത്മകമായ വിദ്യാഭ്യാസത്തിൻെറ (positive education) ഒന്നാം ഘട്ടം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഘുവും നിസ്സാരവുമായ ഓരോ താല്പര്യവും ഗൗരവതരമായ മററൊന്നിനു വഴിമാറിക്കൊടുത്തുകൊണ്ടിരിക്കും. അങ്ങനെ ഒരു ദിവസം അവനു മനസ്സിലാകും, അവനിൽ ശ്രദ്ധേയമായ ചില മാററങ്ങൾ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു എന്നു്. തന്നെ അപ്പോൾ മററുള്ളവരോടു തട്ടിച്ചുനോക്കും. ഇതാണ്, വിദ്യാഭ്യാസത്തിൻെറ ഭാവാത്മകമായ ഗതിയിലെ രണ്ടാം ഘട്ടം.

സ്വയംപര്യാപ്തത വേണമെന്നു് അപ്പോൾ അവനു തോന്നും. സ്വന്തമായ ഒരു ഉപജീവനമാർഗ്ഗം വേണമെന്നും തോന്നും. അവസാനം, ജീവിതത്തിൽ ഒരു പങ്കാളി വേണമെന്നും. ജീവിതഗതിയിൽ സരളമായും സ്വാഭാവികമായും വന്നുചേരുന്ന ഇത്തരം ഭാവാത്മകമായ ക്രമീകരണങ്ങൾ ഈ ഘട്ടംവരെ സംഭവിക്കുന്നതു് കാര്യമായ ദുര്യോഗത്തിൻെറ ഛായയൊന്നും കൂടാതെയാണ്. പിൽക്കാലത്താണു, വെളിപ്പെടുന്നതു് ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും ദുര്യോഗങ്ങൾ സംഭവിക്കാമെന്നു്. സമനില തെററാതെ നിന്നു് അവയെ നേരിടുന്നതിനും അതിജീവിക്കുന്നതിനും, ഉന്നതമായ ചില ആശയങ്ങളുടെയും ആദർശങ്ങളുടെയും അടിസ്ഥാനത്തിലുള്ള ചില പുതിയ ക്രമീകരണങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണെന്നു് അപ്പോൾ ബോധ്യപ്പെടുന്നു. വിദ്യാഭ്യാസപരമായി നടക്കുന്ന ഈ ക്രമീകരണം ഭാവാത്മകമാണ്, അദ്വൈതപരവുമാണ്.

അതായതു്, ആദ്യത്തെ ഘട്ടം കഴിഞ്ഞാൽ ബാക്കിയുള്ള വിദ്യാഭ്യാസം മുഴുവൻ ഭാവാത്മകമായ ഒരു സത്തയുള്ളതായിരിക്കണം. ജീവിതത്തിനു സ്വരലയത്തോടുകൂടിയ ഒരു ഉദ്ഗതിയുണ്ടാകുന്ന രൂപത്തിലാണ് ഈ ഭാവാത്മകവിദ്യാഭ്യാസപ്രക്രിയ സഹജമായി വികസിച്ചുവരേണ്ടതു്. അഥവാ, ജീവിതമൂല്യങ്ങളിൽ നടക്കുന്ന ഉപരിതനമായ (vertical) ഒരു ക്രമീകരണത്തിൻെറ രൂപമാണ് അതിനുള്ളതു്. ജീവിതത്തിൽ പ്രതിസന്ധിയുണ്ടാക്കുന്ന തരത്തിലുള്ള ദുര്യോഗപരമായ എല്ലാ മൂല്യങ്ങളും കൂട്ടംകൂടിയിരിക്കുന്നതു് അനുപ്രസ്ഥമായ (horizontal) വ്യാവഹാരികതലത്തിലാണ്. അതിൽനിന്നു് അധ്യേതാവിനെ പരമാവധി രക്ഷപ്പെടുത്തിയെടുക്കേണ്ടതുമാണ്. ഇത്തരം ദുര്യോഗങ്ങളിൽനിന്നും ജീവിതത്തിലെ കാർക്കശ്യങ്ങളിൽനിന്നും അധ്യേതാവിനെ രക്ഷപ്പെടുത്തിയെടുക്കേണ്ടതു് അയാളുടെ ആന്തരികചോദനകളെ ഊർദ്ധ്വമുഖമായും സ്വരലയത്തോടുകൂടിയും ക്രമീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരിച്ചുകൊണ്ടുവേണം. അങ്ങനെയൊരു സന്മാർഗ്ഗം ജീവിതത്തിൽ കണ്ടെത്തുന്നതിനു് അധ്യേതാവിനെ സഹായിക്കുക എന്നതാണ് അദ്ധ്യാപകന്റെ കർത്തവ്യം.

7. അദ്ധ്യാപകൻ മേൽനോട്ടക്കാരൻമാത്രം

ദുരുപയോഗമുണ്ടാകുന്ന സന്ദർഭങ്ങൾ അദ്ധ്യേതാവിന്റെ ജീവിതത്തിൽ നിന്നു് ഒഴിവാക്കേണ്ടതാണെന്നു് പറഞ്ഞല്ലോ. എന്നാൽ അയാളുടെ വ്യക്തിജീവിതത്തിൽ കടന്നുകയറി ഇടപെട്ടോ ദുർഘടങ്ങളിൽനിന്നു രക്ഷപെടാൻവേണ്ടി പലായനശീലം പ്രോത്സാഹിപ്പിച്ചോ പ്രയോഗത്തിൽ വരുത്തേണ്ട ഒന്നല്ല ഇതു്. ദുരുപയോഗങ്ങൾ നേരിടാൻവേണ്ടി ജന്മമെടുത്ത ചിലരുണ്ടു്. അവർക്കു സ്വന്തം വ്യക്തിപ്രഭാവം പ്രകടമാക്കണമെന്നുണ്ടെങ്കിൽ ദുർഘടസന്ധികൾ വന്നു കൂടുക തന്നെ വേണം. അത്തരക്കാർക്കു് അവരുടെ ഉള്ളിലിരിക്കുന്നതു പുറത്തു കൊണ്ടുവന്നു തൃപ്തിയടയുവാനുള്ള അവസരം നിഷേധിക്കാൻ പാടില്ല. ഓരോതരം ആളുകൾക്കും ഓരോതരം വൃത്തികളാണു് ജീവിതത്തിൽ അനുയോജ്യമായിട്ടുള്ളതു്. ഇതിനെയാണു ഭഗവദ്ഗീത സ്വധർമ്മം എന്നു വിളിക്കുന്നതു്. ഈ തത്ത്വം എപ്പോഴും മാനിച്ചേ പറ്റൂ. മനുഷ്യന്റെ ഉള്ളിലിരിക്കുന്നതിനോടു നൂറു ശതമാനവും യോജിച്ചതായിരിക്കണം അയാൾ ജീവിക്കുന്ന ബാഹ്യസാഹചര്യം. അതു രണ്ടു തെറ്റുകളെ ചേർത്തുവെയ്ക്കുന്നതു പോലെയായിത്തീർന്നെന്നു വന്നേയ്ക്കും. ചിലപ്പോൾ ആ രണ്ടു തെറ്റു ചേർന്നു് ഒരു ശരിയായിത്തീർന്നെന്നും വരാം. റൂസ്സോയും സ്പെൻസറും ഒരുപോലെ മാനിക്കുന്ന ഒരു വിദ്യാഭ്യാസതത്ത്വമുണ്ടു്. വിദ്യാഭ്യാസം സ്വാഭാവികമായ പരിണതഫലമെന്നതരത്തിൽ സംഭവിക്കേണ്ടതാണു് (discipline by natural consequences) എന്നതാണതു്. തികച്ചും ഈ തത്ത്വത്തിനു നിരക്കുന്നതാണ്, അദ്ധ്യാപകർ കടന്നുകയറി ഇടപെടാതെയുള്ളതായിരിക്കണം ശിക്ഷണം എന്ന നമ്മുടെ നിലപാടു്.

നേരത്തേ പറഞ്ഞ സമീകരണതത്ത്വത്തിന്റെയും, വിദ്യാഭ്യാസപ്രക്രിയയിലുടനീളം അദ്ധ്യേതാവിന്റെ ആന്തരികചോദനകളിലുണ്ടാകുന്ന വിരുദ്ധഭാവങ്ങളെ ഒരു സമനിലയിൽ നിറുത്തേണ്ടതാണ് എന്ന തത്ത്വത്തിന്റെയും അനുബന്ധമായിവരുന്നതു മാത്രമാണു മേല്പറഞ്ഞ തത്ത്വം. അദ്ധ്യേതാവിന്റെ ഓരോ പ്രത്യേകതാല്പര്യമെടുത്താലും അതിനെ സംബന്ധിച്ചു് അനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൂലവും പ്രതികൂലവുമായ മനോഭാവങ്ങൾ അയാളുടെ ഉള്ളിലു ണ്ടാവും. ഈ രണ്ടുതരം മനോഭാവങ്ങളുടെയും വശത്തേക്ക് ആ ടിയാടി മനസ്സ് അവസാനം ഒരു സമനിലയിൽ വന്നു നിന്ന്, സ്വന്തം രക്ഷ സ്വയം കണ്ടെത്താൻ അനുവദിച്ചുകൊടുക്കുകയാണു വേണ്ടതു്. ഇതിനു സഹായിക്കുന്നതു് അയാളുടെ സ്വധർമ്മത്തി നുചേരുന്ന തൊഴിലായിരിക്കുകയും വേണം. ഏതുതരം സമ്മ ർദ്ദം ചെലുത്തുന്നതും അയാളുടെ ആന്തരികപ്രവണതകളെ വികല മാക്കുകയേയുള്ളു. അദ്ധ്യേതാവിനു് ഇവിടെ അനുവദിച്ചുകൊടു ക്കുന്ന സ്വാതന്ത്ര്യം ദുർമാർഗ്ഗത്തിലേക്കു വഴിപിഴച്ചുപോകാനുള്ള സ്വാതന്ത്ര്യമാകാൻ പാടില്ല; വൈകാരികശൈഥില്യമുണ്ടാ യിപ്പോകാനുള്ള അവസരമാകാനും പാടില്ല. അദ്ധ്യാപകൻ ഓരോ അദ്ധ്യേതാവിൽ നിന്നും അവൻെറ കഴിവിനനുസരിച്ചുള്ള തു മാത്രമേ പ്രതീക്ഷിക്കാവൂ. ഓരോരുത്തരുടെയും ആവശ്യമനു സരിച്ചുള്ളതു കൊടുക്കുകയുംവേണം. ഒരു നിഷ്പക്ഷഭാവം വേണം അദ്ധ്യാപകൻ പുലർത്തേണ്ടതെന്നർത്ഥം. അന്യോന്യം പോരായ്മ നികഴ്ത്തുന്ന തരത്തിലുള്ള ബന്ധം അദ്ധ്യാപകനും അദ്ധ്യേതാ വും തമ്മിലുണ്ടായിരിക്കുന്നതാണ് അതിൻെറ അടിസ്ഥാനം. ഈ ബന്ധത്തെയാണ് ഗുരുശിഷ്യപാരസ്പര്യം എന്നു ഞങ്ങൾ വിളിക്കുന്നതു്.

ഈ അർത്ഥത്തിലാണു് അദ്ധ്യാപകനെ നിപുണനായ ഒരു തോട്ടക്കാരനോടുപമിക്കാറുള്ളതു്. അയാൾ ചെടികളെ ശ്രദ്ധ യോടെ നോക്കുകയും പരിപാലിക്കുകയും ചെയ്യും. ചിലപ്പോൾ നല്ലൊരു ഇടയനോടും അദ്ധ്യാപകനെ ഉപമിക്കാറുണ്ടു്. അ യാൾ തൻെറ ആട്ടിൻപററത്തെ നല്ല തീററയും വെള്ളവുമുള്ള പ്രദേശങ്ങളിലേക്കു തെളിച്ചുകൊണ്ടുപോകും. വിദ്യാഭ്യാസത്തി നു ജീവിതത്തിലുള്ള ഏററവും ഉദാത്തമായ പങ്കിനെപ്പററി ചി ന്തിച്ച ഗ്രീക്കുചിന്തകനാണു സോക്രട്ടീസ്. അദ്ധ്യാപകനെ അ ദ്ദേഹം കണ്ടതു ജ്ഞാനദാതാവായാണു്. എങ്കിലും തന്നെത്തന്നെ അദ്ദേഹം ഉപമിച്ചതു് വയററാട്ടിയോടാണു്. ഉള്ളിലുള്ള കു ഞ്ഞിനെ കേടുകൂടാതെ പുറത്തെടുക്കുകയാണല്ലോ വയററാട്ടി ചെയ്യുന്നതു്. വിദ്യാഭ്യാസപ്രക്രിയയിൽ അന്തർഭവിച്ചിട്ടുള്ള അതിസൂക്ഷ്മമായ പാരസ്പര്യത്തെ ടോൾസ്റ്റോയി കണ്ടതു് ലോ ലമായ പാടകൊണ്ടു വേർതിരിക്കപ്പെട്ട രണ്ടു ദ്രാവകങ്ങൾ ത മ്മിൽ നടക്കുന്ന വ്യതിവ്യാപനത്തിനു തുല്യമായിട്ടാണു്. ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാരമ്പര്യത്തെ നമുക്ക്, അന്യോന്യം ചേർത്തുവച്ചിരിക്കുന്ന രണ്ടു വളഞ്ഞ കാന്തക്കഷണങ്ങളോടും ഉപമിക്കാവുന്നതാണ്. ഓരോ കഷണത്തിലെയും കാന്തശക്തി ക്ഷയിച്ചുപോകാതെ നിലനിറുത്തുന്നതാണ മറേറതിലെ കാന്തശക്തി. ഈ പാരസ്പര്യം യോഗാത്മകസ്വഭാവമുള്ള (dialectical) ഒന്നാണ്. ഗുരുവും ശിഷ്യനും തമ്മിലുണ്ടായിരിക്കേണ്ടതെന്ന്, പ്രാചീനകാലം മുതൽ ഭാരതീയർ നിഷ്കർഷിച്ചുവെയ്ക്കുന്ന പാരസ്പര്യം ഇത്തരത്തിലുള്ളതാണ്. ഭാരതത്തിലെ കുഗ്രാമങ്ങളിൽ വസിക്കുന്ന നിരക്ഷരകുക്ഷികളായ വയസ്സിത്തള്ളമാർക്കുപോലും, ഒരു സഹജവാസനയെന്ന നിലയിൽ ഈ ഗുരുശിഷ്യ ബന്ധത്തെപ്പററിയറിയാം.

8. അദ്ധ്യേതാവിനെ പഠിപ്പിച്ചെടുക്കാനുള്ള സാദ്ധ്യതയെ സംശയിക്കരുത്

എത്രത്തോളം പഠിപ്പിച്ചുമാററിയെടുക്കാമെന്ന കാര്യത്തിൽ അദ്ധ്യേതാക്കളെ സംശയിക്കുന്നവരാണ പല ആധുനികചിന്തകരും. അവരുടെ കൂട്ടത്തിൽ പെട്ട റിബോ (Ribot) പ്രശ്നത്തിന്റെ മർമ്മത്തിൽ തന്നെ ഊന്നിക്കൊണ്ടാണ് ഇങ്ങനെ പറഞ്ഞത്, ''തനിസ്വഭാവം മാറുന്നതല്ല.'' ''ജാത്യാലുള്ളതു തൂത്താൽ പോവില്ല'' എന്ന ചൊല്ലു മലയാളത്തിലും ഉണ്ടല്ലോ. യുക്തിചിന്തായുഗത്തിന്റെ വക്താവെന്നു പ്രസിദ്ധനായ വോൾട്ടയർ കുറിക്കുകൊള്ളത്തക്കവണ്ണം തന്നെ പറഞ്ഞു, ''ഒരു മനുഷ്യന്റെ ജാത്യാ ഉള്ള ഗുണം മാററിയെടുക്കണമെന്നു നിങ്ങൾക്കു നിർബന്ധമാണോ? എങ്കിൽ അയാൾക്കു ദിവസവും വിരേചനൗഷധം കൊടുത്തു വയറിളക്കിക്കൊണ്ടിരിക്കുക. അയാൾ ചാകുന്നതുവരെ കൊടുക്കുകയും വേണം!'' ഗയാവ്, സ്പിനോസ, ഗാൾ, ഷോപ്പനോവർ, ടെയ്നോ, സ്പെൻസർ എന്നീ ചിന്തകരും കരുതുന്നതു്, മനുഷ്യന്റെ സഹജസ്വഭാവം മാററിയെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനു കാര്യമായൊന്നും ചെയ്യാൻ സാധിക്കുകയില്ല എന്നാണ്.

മഹമ്മദ് നബി സ്വീകരിച്ച നിലപാടുവച്ചുകൊണ്ടു നോക്കിയാൽ ഇപ്പറഞ്ഞ വാദത്തിന്റെ എല്ലാ മുനകളും തേഞ്ഞുപോകുന്നതു കാണാം. പർവതം തന്റെയടുത്തു വന്നില്ലെങ്കിൽ താൻ പർവതത്തിന്റെയടുത്തു ചെല്ലും എന്നതാണ നബിയുടെ നിലപാട്. വിദ്യാഭ്യാസത്തിന്റെ ഉദാത്തമായ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ പൂർണ്ണമായ വിജയം കൈവരിക്കുന്നതിനുള്ള സാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ധ്യത ഇനിയും അവശേഷിക്കുന്നു എന്നാണു ഞങ്ങൾ അവകാശപ്പെടുന്നതു്. എന്നാൽ അതതു സന്ദർഭത്തിന്റെ യോഗാത്മക സ്വഭാവം കണ്ടെത്തി അതനുസരിച്ചുള്ള സമീപനമായിരിക്കണം സ്വീകരിക്കേണ്ടതെന്നു മാത്രം. യോഗാത്മകമായി ഊനമില്ലാത്ത ഒരു തത്ത്വത്തിൽ അധിഷ്ഠിതമായിരിക്കണം ആ സമീപനം. മാത്രമല്ല, അതാതു സന്ദർഭത്തിനനുസൃതമായി, വ്യതിവ്യാപനം പോലെ രണ്ടു വശങ്ങൾ തമ്മിൽ നടക്കേണ്ട ആന്തരികമായ വ്യാപനം വേണ്ടവണ്ണം നടക്കുന്നതിനാവശ്യമായ പാരസ്പര്യം ആ രണ്ടുവശങ്ങൾ തമ്മിലുണ്ടാകുന്ന കാര്യം ഉറപ്പുവരുത്തുകയും വേണം. ഇത്രയുമായാൽ ജാത്യാ ഉള്ളതു തൂത്തുകളയുന്നതു് അസാദ്ധ്യമായിവരുകയില്ല. വോൾട്ടയറെപ്പോലെയുള്ള ചില ചിന്തകരിൽ ഒരു തരം ചിന്താവൈകല്യം കണ്ടുപോരാറുണ്ടു് എന്നു പറയാതെ തരമില്ല. ഇരുവശത്തിനും ഗുണം ചെയ്യത്തക്ക നിഗമനങ്ങളിൽ ചെന്നെത്താൻ സാദ്ധ്യതയുള്ളിടത്തു്, ഇരുവശത്തിനും ദോഷം ചെയ്യുന്ന തീരുമാനത്തിൽ ചെന്നുപെടാനുള്ള ഒരു പ്രവണതയാണു് ആ ചിന്താവൈകല്യം. യുക്തിചിന്തയെ ശരിയായിട്ടു പ്രയോഗിക്കുന്നതുപോലെ തെററായിട്ടും പ്രയോഗിച്ചുപോയേക്കാം. ദൂരദർശിനിക്കുഴലിനെ (ടെലസ്ക്കോപ്പ്) തല തിരിച്ചുപിടിച്ചു് അതിലൂടെ നോക്കുന്നതുപോലെയുള്ള ഒരു സ്ഥിതിയാണിതു്. തികച്ചും തെററായ ചില അഭിപ്രായങ്ങൾ പോലും ചിലപ്പോൾ അതിന്റെ എതിരഭിപ്രായം എത്ര ശരിയാണെന്നു ബോദ്ധ്യപ്പെടാൻ ഉപകരിക്കാറുണ്ടല്ലോ. യോഗാത്മകരഹസ്യം കണ്ടറിയുന്നതു്, ഇരുവശത്തിനുമുള്ള നാശത്തെ ഇരുവശത്തിനും ലഭിക്കുന്ന അനുഗ്രഹമാക്കി മാററിയെടുക്കാൻ സഹായിക്കും.

9. യോഗാത്മകത, ദൈനന്ദിന അദ്ധ്യാപനത്തിൽ

ഇവിടെ ഒരു തടസ്സമുന്നയിച്ചേക്കാം: ഈ യോഗാത്മകസമീപനമെന്നു പറയുന്നതു്, വ്യർത്ഥമായ ഒരു സൂക്ഷ്മഭാവന മാത്രമാണു്. സ്കൂളുകളിൽ നടക്കുന്ന അദ്ധ്യാപനപരിപാടികളിൽ പ്രയോഗക്ഷമവും പ്രയോജനകരവുമായ ഒരു സ്ഥാനം അതിനു കണ്ടെത്താൻ കഴിയുകയില്ല. ഈ ആക്ഷേപത്തിനുള്ള മറുപടിയെന്ന നിലയിൽ ഞങ്ങൾക്കു നല്കുവാനുള്ളതു്, ഈ യോഗാത്മകരീതിയനുസരിച്ചുള്ള ചില പ്രായോഗികനിർദ്ദേശങ്ങളാണു്. പ്രൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മറി മുതൽ യൂണിവേഴ്സിററിവരെയുള്ള വിവിധതലങ്ങളിൽ ലോകത്തിൻെറ വിവിധഭാഗങ്ങളിൽ അദ്ധ്യാപനം നടത്താൻ അവസരം ലഭിച്ചിട്ടുള്ള ഒരദ്ധ്യാപകനെന്നനിലയിൽ ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ നല്കുന്നതാണ് ഈ നിർദ്ദേശങ്ങൾ:

(a) സഹജവാസനകളുടെയും സംസ്കാരങ്ങളുടെയും ഓർമ്മകളുടെയും വൈകാരികഭാവങ്ങളുടെയും ഒക്കെ കലവറ ഓരോ കുട്ടിയിലും ഓരോ തരത്തിലായിരിക്കുമുള്ളത്. ഇപ്പറഞ്ഞ വൈകാരികഭാവങ്ങളോടു ബന്ധപ്പെട്ടു കിടക്കുന്നതാണ്, ഒരു കുട്ടി മററുള്ളവരോടും ആകെ പ്രകൃതിയോടും പ്രതികരിക്കുന്നതിൻെറ പ്രത്യേകതയും, വിശ്രമം, ശയനം തുടങ്ങിയ ആവശ്യങ്ങളും. ഇന്നു വൻതോതിൽ നടത്തപ്പെടുന്ന പബ്ലിക് സ്കൂളുകളിൽ ഈ കലവറയുടെ സവിശേഷതയെ തീരെ അവഗണിച്ചു തള്ളിയിരിക്കുകയാണ് എന്നു പറയേണ്ടിയിരിക്കുന്നു. ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിത്വത്തിൻെറ അടിസ്ഥാനപശ്ചാത്തലമായിരിക്കുന്ന ഈ അംശത്തെ അദ്ധ്യാപകൻ കണ്ടെത്തുകതന്നെ വേണം. അതു കണ്ടെത്തുമ്പോൾ കുട്ടിയുമായുള്ള യോഗാത്മകമായ പാരസ്പര്യം അദ്ധ്യാപകൻ സ്ഥാപിക്കുകയാണു ചെയ്യുന്നത്. ചില കുട്ടികൾ ചോദ്യത്തിനുത്തരം പറയാനും ഉള്ളിലുള്ളതിനെ പുറത്തു കൊണ്ടുവരാനും മററു കുട്ടികളെക്കാൾ കൂടുതൽ സമയമെടുക്കുന്നതും അറച്ചു നിൽക്കുന്നതും കാണാം. ഇതുവച്ചുകൊണ്ടു കുട്ടികളുടെ ഈ അടിസ്ഥാനപശ്ചാത്തലത്തിൻെറ സ്വഭാവം നിർണ്ണയിക്കാവുന്നതാണ്. പക്ഷേ, ഇങ്ങനെ അറച്ചു നിൽക്കുന്ന കുട്ടികൾ അവർക്കറിയാവുന്നതു പ്രകടിപ്പിക്കാൻ തുടങ്ങുമ്പോഴാണു മനസ്സിലാകുന്നത്, പെട്ടെന്ന് ഉത്തരം പറയുന്നവരെക്കാൾ എത്രയോ നന്നായിട്ടാണ് അവർ പ്രതികരിക്കുന്നത് എന്ന്. മനസ്സിൽ പതിഞ്ഞതിനെയൊക്കെ ശേഖരിച്ചു വെയ്ക്കുകയും, സ്വന്തം ആശയമായി പുറത്തുകൊണ്ടുവരുന്നതിനു മുമ്പ് ഒരു പുനഃക്രമീകരണം അവയ്ക്കു വരുത്തത്തക്കവണ്ണം അവിടെ വച്ചു താമസിപ്പിക്കുകയും ചെയ്യുന്ന സ്വഭാവത്തോടു കൂടിയതാണു മനസ്സിൻെറ അപബോധതലത്തിലുള്ള ഈ കലവറ. ഈ കലവറയ്ക്ക് എന്തെല്ലാം എത്രമാത്രം ഉൾക്കൊള്ളാൻ കഴിയുമെന്നതു് ഓരോ കുട്ടിയിലും വ്യത്യസ്തമായിരിക്കും. ഈ വ്യത്യാസം കണ്ടെത്തി അതിനെ മാനിക്കാൻ കഴിയാത്ത അദ്ധ്യാപകൻ, പെട്ടെന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതികരിക്കുന്ന മററു കുട്ടികളോടൊപ്പം വരാൻ ഈ കുട്ടിയെ നിർബന്ധിച്ചെന്നു വരും. ഇതു് ആ കുട്ടിയോടുചെയ്യുന്ന ഒരപരാധമാണു്. ഇതു കുട്ടിയിൽ മാനസികവൈകല്യങ്ങളുണ്ടാകുന്നതിനു് ഇടയാക്കും. പിന്നീടു് അതിനെ തിരുത്താനൊട്ടു സാധ്യവുമല്ല. വൈമുഖ്യത്തോടുകൂടി അറച്ചുനിൽക്കുന്ന സ്വഭാവം ഒരു കുട്ടിയിൽ എത്രത്തോളം ഉൾക്കട്ടിയുള്ളതാണോ അത്രത്തോളം ആ കുട്ടി ഭാവിയ്ക്കൊരു വാഗ്ദാനമായിരിക്കും എന്നതാണു വാസ്തവം.

(b) താല്പര്യജനകമായ ഒരു പ്രത്യേകകാര്യത്തിനോടോ സന്ദർഭത്തിനോടോ ഓരോ കുട്ടിയും പ്രതികരിക്കുന്നതു് ഓരോതരത്തിലായിരിക്കും. വിദ്യാഭ്യാസത്തെ യാന്ത്രികമായ ഒരു പ്രക്രിയയെന്നപോലെ കരുതുന്ന സമീപനരീതിയിൽ, കണക്കിലെടുക്കാതെ പോകാറുള്ള ഒരു പ്രധാനവശമാണിതു്. അതു വിദ്യാഭ്യാസത്തെ അപകടത്തിൽ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. ചില വൈകല്യങ്ങളുള്ള കുട്ടികൾ ചിലപ്പോൾ പ്രായത്തിൽ കവിഞ്ഞ പക്വതയുള്ളവരായി കാണപ്പെടാറുണ്ടു്. അതിനെ ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. പഠിത്തത്തിൻെറ നിലവാരം തല്ക്കാലം അല്പം മോശമായിരുന്നാലും, സ്വാഭാവികവും ആരോഗ്യകരവുമായ പ്രതികരണങ്ങളെയാണു് പ്രോത്സാഹിപ്പിക്കേണ്ടതു്.

(c) ഓരോ കുട്ടിയ്ക്കും ഉണ്ടാകുന്ന ഉദ്ഗതിയ്ക്കു് ഓരോ താളക്രമമായിരിക്കും ഉണ്ടായിരിക്കുക. ഈ താളക്രമം കണ്ടെത്താതിരിക്കുന്നതു കുട്ടിയെ വളരെ ദോഷകരമായി ബാധിക്കും. എങ്കിലും അനേകം കുട്ടികൾക്കുവേണ്ടി ഒരുമിച്ചു നടത്തുന്ന പഠിപ്പിക്കലിനിടയിൽ ഈ അംശം ശ്രദ്ധിക്കുന്നതിനുള്ള അവസരമോ താല്പര്യമോ ഉണ്ടാകാറില്ല. അവധാനതയോടു കൂടിയും ഉറച്ച ചുവടുവെയ്പോടു കൂടിയും കുട്ടിയിലുണ്ടാകുന്ന ഉദ്ഗതിയാണു മെച്ചപ്പെട്ടതു്. താളക്രമത്തിൽ പെട്ടെന്നുണ്ടാകുന്ന മാററം ഒരു പക്ഷേ മനസ്സു, രോഗഗ്രസ്തമായതിൻെറ ലക്ഷണമാണെന്നു വരാം.

(d) ഒരൊററ ദിവസത്തിനുള്ളിൽത്തന്നെ ഓരോ സമയവും കുട്ടികളിൽ നടക്കുന്ന വിദ്യാഭ്യാസപരമായ പ്രവർത്തനത്തിൻെറ സ്വഭാവത്തിനു വ്യത്യസ്തമായ ഓരോ മുഖമായിരിക്കും ഉണ്ടാവുക. ചില സമയങ്ങളിൽ ബുദ്ധിപരമായ പ്രവർത്തനത്തിനു മുൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുക്കമുള്ള കാര്യങ്ങൾ നടക്കും. മററു ചില സമയത്ത് വൈകാരികഭാവങ്ങൾക്ക മുൻതൂക്കമുള്ള കാര്യങ്ങൾ നടക്കും. ചിലപ്പോൾ ഉന്മുഖതയുള്ള പ്രവത്തനങ്ങൾ നടക്കും. മററു ചിലസമയത്തു ഫലിക്കുന്നതു് ഉൾവലിഞ്ഞുപോകുന്നതരം പ്രബോധനങ്ങളായിരിക്കും. ചിലപ്പോൾ പ്രഭാവാത്മകമായ ഒരു മുഖമായിരിക്കും അതിനുള്ളതു്. മററുചിലപ്പോൾ നിഷേധാത്മകമായ മുഖവും. ക്ലാസ്സിൻെറ ടൈംടേബിൾ തയ്യാറാക്കുന്നതിലും പാഠ്യവിഷയങ്ങൾ ക്രമീകരിക്കുന്നതിലും ഓമ്മിച്ചിരിക്കേണ്ട ഒരു പ്രധാനകാര്യമാണിതു്. പ്രകൃതിയോടൊത്തു മനസ്സും ചാക്രികമായി മാറിക്കൊണ്ടിരിക്കുന്നതിനെ വിദ്യാഭ്യാസസന്ദർഭവുമായി യോജിപ്പിച്ചുകാണേണ്ട ഒരു യോഗാത്മകസന്ദർഭമാണിതു്. ചിന്താപ്രധാനവും വിശ്ലേഷണാത്മകവുമായ പഠനങ്ങളൊക്കെ ഉച്ചയ്ക്കുമുമ്പുള്ള സമയത്താണു നടക്കേണ്ടതു്. ചരിത്രം, ലളിതമായ സാഹിത്യവിഷയങ്ങൾ തുടങ്ങിയവ ഉച്ചയ്ക്കുശേഷമാകാം. മനസ്സു വിശ്രമം കൊതിക്കുന്ന ആ സമയത്തു ഗൗരവമുള്ള ചിന്തകൾ നടക്കുകയില്ല.

(e) കുട്ടികളിൽ നിന്നു്, ഒററതിരിഞ്ഞതും ഭാഗികവുമായ പ്രതികരണം ഉണ്ടാകുന്നതിനെക്കാൾ നല്ലതു സാകല്യേനയുള്ള പ്രതികരണമുണ്ടാകുന്നതാണു്. ബഹുജനവിദ്യാഭ്യാസത്തിൽ വിഗണിക്കപ്പെട്ടുകിടക്കുന്ന മറെറാരു മുഖ്യതത്ത്വമാണിതു്. ഓരോരുത്തരുടേയും ജീവിതചര്യയുടെയും പെരുമാററങ്ങളുടെയും രീതി ഒരു ശൃംഖലപോലെ രൂപപ്പെട്ടുവരുന്നതിൽ ഒട്ടധികം അവസ്ഥാഭേദങ്ങൾക്കു സ്ഥാനമുണ്ടായിരിക്കും. അതിൻെറ സാമാന്യസ്വഭാവം നാം ഈ മാർഗ്ഗരേഖയുടെ ഒന്നാംഭാഗത്തിൽ പരിശോധിച്ചുകഴിഞ്ഞതാണു്. ഒരുവൻെറ ദൈനന്ദിന ജീവിതത്തിലെ ചര്യാക്രമം ഈ അവസ്ഥാഭേദങ്ങളിലൂടെ ഏറിമാറിത്തിരിയുന്നതിൻെറ സ്വഭാവം പരിശോധിച്ചാൽ, സ്വാഭാവികമായ ഒരു പൂർവ്വാപരബന്ധം ആ അവസ്ഥകൾ തമ്മിൽ ഉള്ളതായിക്കാണാം. വ്യക്തിയുടെ അസ്തിത്വത്തിൻെറ ഭാഗം തന്നെയായ ഈ പൂർവാപരബന്ധത്തിലെ കണ്ണികൾ ഓരോരുത്തരിലും ഓരോതരത്തിലുള്ളതായിരിക്കും. ഒരാ സൂര്യാസ്തമയസമയത്തു സൈക്കിളോടിച്ചു പോകുന്നു എന്നിരിക്കട്ടെ. സൈക്കിൾ ചവിട്ടുന്നതോടൊപ്പം സൂര്യാസ്തമയത്തിൻെറ ഭംഗി നോക്കി ആസ്വദിക്കുകകൂടി ചെയ്യുന്നതിനു് ഒരു തടസ്സവുമില്ല. അതുപോലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരു സന്ദർഭമാണ വിദ്യാർത്ഥികളുടെ ദൈനന്ദിന പഠനപരിപാടി തയ്യാറാക്കുന്നതു്. ''ഒരുനേരത്തൊരു കാര്യം'' എന്നതു നല്ലൊരു നിയമമാണു്. എന്നാലും ദൈനന്ദിനവിദ്യാഭ്യാസ പരിപാടിയിൽ ഒന്നിലധികം കാര്യങ്ങൾ അന്യോന്യം പരിപൂരകമാക്കി ചേർത്തിണക്കി അവയുടെ ഏറിമാറിത്തിരിയലിനെ ജീവിക്കുന്ന ഒരനുഭൂതിയാക്കിത്തീർക്കുവാൻ സാധിക്കും. അതു് അദ്ധ്യാപകനും അധ്യേതാവിനും ഒരുപോലെ ആനന്ദദായകമായിരിക്കും. വൈരുദ്ധ്യമുണ്ടെന്നു പ്രത്യക്ഷത്തിൽ തോന്നുന്ന രണ്ടുവശങ്ങൾ തമ്മിൽ ചേർന്നിണങ്ങി ജീവിതത്തിന്റെ ഗതിക്കു് ഒരു സമനില സ്വയമുണ്ടാകുവാൻ യോഗാത്മകരീതി സഹായത്തിനെത്തുന്ന മറെറാരു സന്ദർഭമാണിതു്. അവിടെ കളിയും കാര്യവും കുട്ടികളിൽ ചേർന്നിണങ്ങി നില്ക്കും.

(f) ഓരോ കുട്ടിയും സ്വയം കാണുന്നതു് ഒരു വ്യക്തിയായിട്ടാണു്. അതുപോലെ തനിക്കു ചുററും ഇടപഴകേണ്ടി വരുന്ന ഓരോന്നിനെയും ഓരോ വ്യക്തിയായി അവൻ കാണും—ജീവിക്കുന്നവയായാലും അല്ലെങ്കിലും. കുട്ടികളിൽ സ്വാഭാവികമായുള്ള ഈ ആന്തരികഭാവത്തെ വളരെ പ്രയോജനം ചെയ്യുന്ന ഒരു പ്രബോധനോപകരണമാക്കിത്തീർക്കാവുന്നതിന്റെ സാധ്യത വളരെ വലുതാണു്. ബാല്യകാലത്തിന്റെ ഒരു പ്രത്യേകതയാണ എല്ലാററിനെയും ജീവനുള്ളവയായി കാണുക എന്നതു്. വെറും ശുഷ്കമായൊരു വിഷയമാണല്ലോ വ്യാകരണം. അതു പഠിപ്പിക്കുന്നതു വളരെ രസകരമാക്കിത്തീർക്കുന്നതിനു കുട്ടികളുടെ ഈ പ്രവണതയെ വളരെയധികം പ്രയോജനപ്പെടുത്താമെന്നു് അനുഭവം കൊണ്ടു മനസ്സിലാക്കിയിട്ടുണ്ടു്. ഉദാഹരണത്തിനു്, നാമത്തെയും സർവ്വനാമത്തെയും രണ്ടാളുകളായി സങ്കല്പിച്ചാൽ ഇവർ രണ്ടുപേരും ഒരേസ്ഥാനത്തു മാറി മാറി കയറിനില്ക്കുന്ന സ്വഭാവമുള്ളവരാണു്. ഇതൊരു നിസ്സാരഉദാഹരണം മാത്രമാണു്. വാസ്തവത്തിൽ വസ്തുതകളെയും വസ്തുക്കളെയും ആളുകളായി കാണുന്നതു കുട്ടികളുടെ അന്തരംഗത്തിന്റെ ആഴത്തിൽ കുടികൊള്ളുന്ന ഒരു വാസനയാണു്. ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട ഒന്നുമാണിതു്. വിദ്യാഭ്യാസകാര്യത്തിൽ വളരെ കാര്യക്ഷമമായ ഒരു ഉപകരണവുമാണതു്.

(g) അദ്ധ്യാപകനും അദ്ധ്യേതാവും തമ്മിലുള്ള വ്യക്തിപരമായ പാരസ്പര്യത്തെയും ആരാധനാമനോഭാവത്തെയും, അറിവുപക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുന്നതിനുള്ള ഒരു നല്ല ഉപാധിയായി വളർത്തിയെടുക്കുക എന്നതു വിദ്യാഭ്യാസലോകത്തു ചിരസമ്മതിയാർജ്ജിച്ചിട്ടുള്ള ഒന്നാണല്ലോ. പരസ്പരമുള്ള ഈ ആരാധനാമനോഭാവം വ്യക്തിപൂജ വരെ എത്തിയെന്നുവരാം. അത്രയുമായാൽ, അദ്ധ്യേതാവിനെ വേണ്ടവണ്ണം രൂപപ്പെടുത്തിയെടുക്കുന്നതിൽ യഥാർത്ഥഅദ്ധ്യാപകനു ലഭിച്ചിരിക്കുന്ന അവസരം വളരെ മഹത്താണ്. അത്തരം സന്ദർഭങ്ങളിൽ, ഒരിക്കലും അഴിഞ്ഞു പോകാത്ത വ്യക്തിമുദ്ര അദ്ധ്യേതാവിൽ പതിപ്പിക്കുവാൻ കർത്തവ്യബോധമുള്ള അദ്ധ്യാപകനു സാധിക്കും. അതു് കുട്ടിയുടെ സ്വഭാവത്തിൽ ത്തന്നെ സമൂലപരിവർത്തനം വരുത്തിയെന്നിരിക്കും. ഒരു വലിയ കൂട്ടം വിദ്യാർത്ഥികളിലെ ഒരു ചെറിയശതമാനം പേരിലെങ്കിലും ഇത്തരമൊരു പരിവർത്തനം വരുത്തിയെടുക്കാൻ സാധിച്ചെന്നിരിക്കട്ടെ. മനുഷ്യരാശിയുടെ ആകെ നന്മവച്ചുകൊണ്ടു നോക്കുമ്പോൾ ആ വിദ്യാഭ്യാസം പൊതുവേ പ്രയോജനം ചെയ്യുന്നതാണെന്നു കരുതാം.

(h) കുട്ടികളിലുണ്ടാകുന്ന മാനസികമായ പ്രതിസന്ധികളെയും പ്രയാസങ്ങളെയും തരണം ചെയ്യുന്നതിൽ അവരെ സഹായിക്കാൻ അദ്ധ്യാപകൻെറ വ്യക്തിപ്രഭാവത്തിനു വളരെയേറെ സാധിക്കും. ഊർദ്ധ്വമുഖതയോടുകൂടിയ ജീവതഗതിയിൽ സമനില നിലനിറുത്തുന്നതിനായി വരുത്തേണ്ട ക്രമീകരണങ്ങളെയാണല്ലോ നാം ഇവിടെ 'വിദ്യാഭ്യാസം' എന്നു വിളിക്കുന്നതു്. അതിൽ പലപ്പോഴും പ്രതിസന്ധികൾ വന്നുകൂടും. അവയിൽ ചിലതൊക്കെ തരണം ചെയ്യാൻ വിദ്യാർത്ഥിക്കു പരസഹായം വേണ്ടിവരും. ഈ സഹായം കായികമായിരിക്കണമെന്നില്ല, ധാർമ്മികമായാലും മതി. കുട്ടികളുടെ ജീവിതത്തിൽ വന്നുപെടുന്ന അത്തരം സന്ദർഭങ്ങൾ വൈവിധ്യവും വൈചിത്ര്യവുമുള്ളതായിരിക്കും. അതു ക്ലാസ്സുമുറിയിൽ സംഭവിക്കുന്നതാകാം, കളിസ്ഥലത്തു വച്ചാകാം, വിദ്യാലയത്തിനു പുറത്തുള്ള വിശാലലോകത്തിൽ വച്ചുമാകാം. കുട്ടി ആരാധനാമനോഭാവത്തോടു കൂടി കാണുകയോ ഇഷ്ടപ്പെടുകയോ, അതിനപ്പുറം പോയി മാതൃകാപുരുഷനായി കരുതുകയോ ചെയ്യുന്ന ഒരദ്ധ്യാപകനുണ്ടെങ്കിൽ അദ്ദേഹവുമായി അയാൾക്കുള്ള പാരസ്പര്യത്തിനു് ഇത്തരം സന്ദർഭങ്ങളിൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാൻ കഴിയും. മനോവരുത്തത്തോടുകൂടി അറച്ചു നില്ക്കുന്ന കുട്ടിയിൽ ആത്മീയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മോ ബുദ്ധിപരമോ ആയി ഉയൻവന്നിട്ടുള്ള കടമ്പകഠം കടന്നു പോകുന്നതിൽ ഈ ഗുരുശിഷ്യപാരസ്പര്യത്തിനു കൈവരിക്കാവുന്ന നേട്ടം അത്ഭുതകരമാണ്. കുട്ടിയുടെ ജീവിതത്തിൽ വന്നു പെടുന്ന ഈ കടമ്പകഠം ഏതു തരത്തിലും തലത്തിലുമുള്ളതാണെന്നതു് ഇവിടെ പ്രസക്തമല്ല. അതോടൊപ്പം അദ്ധ്യാപകൻെറ മുമ്പിൽ പുതിയ പ്രബോധനമാർഗ്ഗങ്ങഠം നൂറുകണക്കിലായിരിക്കും തുറന്നുകിട്ടുന്നതു്. അദ്ധ്യാപകൻ വാസ്തവത്തിൽ അദ്ധ്യാപകനാകാൻ ജനിച്ചയാളായിരിക്കണമെന്നു മാത്രം. അതുപോലെ വിദ്യാർത്ഥി വിദ്യാർത്ഥിയായിരിക്കാനും. അപ്പോഠം അദ്ധ്യാപകനും അദ്ധ്യേതാവും വിദ്യാഭ്യാസം എന്ന ജീവിതസന്ദർഭത്തിലെ, വേർപെടുത്തിവെയ്ക്കാനാവാത്ത രണ്ടു പങ്കാളികളായിത്തീരുകയാണു ചെയ്യുന്നതു്. ഇത്തരം സന്ദർഭങ്ങഠം സംജാതമാകുമ്പോഠം അവയെ പരമാവധി പ്രയോജനപ്പെടുത്തുന്നിടത്താണു വിദ്യാഭ്യാസം എന്ന പ്രക്രിയ യഥാർത്ഥത്തിൽ അർത്ഥവത്തായിത്തീരുന്നതു്. ഭാരതത്തിൽ പുരാതനകാലം മുതൽ ആദരിച്ചു പോന്നിട്ടുള്ള വിദ്യാഭ്യാസരീതിയുടെ മർമ്മത്തിലാണു നാം ഇവിടെ ചെന്നു തൊട്ടിരിക്കുന്നതു്. അതിൽ ഗുരുവിനുള്ള പങ്കിലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖണ്ഡം-2

വ്യക്തിഭാവം-അതിൻെറ അകപ്പൊരുൾ

ഈ മാർഗ്ഗരേഖയുടെ ഒന്നാംഭാഗത്തിൽ നാം പരിശോധിച്ചത്, വിദ്യാഭ്യാസകാര്യത്തിൽ സംഗതമായി വരുന്ന വ്യക്തിഭാവത്തിൻെറ സാമാന്യരൂപമാണ്. എന്നാൽ മനസ്സിനെയും ശരീരത്തെയും രണ്ടായിക്കാണുന്ന 'കാർട്ടീഷ്യൻ രീതി' പിൻതുടരുന്ന ചിലർ ചെയ്യുന്നതുപോലെ വ്യക്തിഭാവത്തെ നിശ്ശേഷമായിട്ടല്ല അവിടെ കണ്ടത്. ദൈനന്ദിന അദ്ധ്യാപനകാര്യത്തിൽ കണക്കിലെടുക്കേണ്ട ചില പൊതുതത്ത്വങ്ങളും, ഇന്നു നിലവിലുള്ള സാഹചര്യങ്ങളും വച്ചുകൊണ്ടു നാം പരിശോധിക്കുകയുണ്ടായി. ഇനി ശേഷിക്കുന്നത്, ഈ വ്യക്തിഭാവത്തിൻെറ അകപ്പൊരുളെന്താണ് എന്നുള്ളതിൻെറ ഒരു വിഹഗവീക്ഷണമാണ്. ജീവിതത്തിൽ വന്നുകൂടുന്ന ബാഹ്യസാഹചര്യങ്ങളുമായി വ്യക്തിസത്തയെ നിരന്തരം പൊരുത്തപ്പെടുത്തി നിറുത്തുന്ന ഒരു ക്രമീകരണപ്രക്രിയയെന്ന നിലയിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതാണല്ലോ വിദ്യാഭ്യാസം. സദാ സർഗ്ഗാത്മകമായിരിക്കേണ്ട ഈ ക്രമീകരണപ്രക്രിയ വ്യക്തിപരമായ ജീവിതത്തിലെന്നപോലെ സമൂഹത്തിൻെറ ആകെ ജീവിതത്തിലും പ്രതിഫലിക്കുന്നതായിരിക്കണം. അത്തരമൊരു സന്ദർഭത്തിനോടു ചേർത്തു വച്ചുകൊണ്ടാണ്, വിദ്യാഭ്യാസപ്രക്രിയയ്ക്കു വിധേയമാകുന്ന വ്യക്തിയുടെ അകപ്പൊരുൾ പരിശോധിക്കുവാൻ നാം ശ്രമിക്കുന്നത്.

ഇപ്പറഞ്ഞ അകപ്പൊരുളിനെ വ്യക്തിഭാവത്തിൻെറ 'ചേതനാവൃത്തി' (psycho-dynamical aspect) എന്നു വിളിക്കുന്നതിലും തെററില്ല. എന്നാൽ ഒന്നാം ഭാഗത്തിൽ നാം പരിശോധിച്ച സാമാന്യസ്വരൂപത്തെ വ്യക്തിഭാവത്തിൻെറ അചേതനവശമെന്നു (psycho-static aspect) വിളിക്കാൻ പാടില്ലെന്നു മാത്രം. വിദ്യാഭ്യാസവിഷയത്തിൽ നടക്കുന്ന പഠനങ്ങളിൽ വ്യക്തിഭാവത്തെ പലപ്പോഴും നിരീക്ഷിച്ചുപോരാറുള്ളത്, സചേതനം, അചേതനം എന്ന രണ്ടു വശങ്ങൾ അതിനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു് എന്ന തരത്തിലാണു്. ഉദാഹരണത്തിനു് അക്കിലേ–ഡെൽമാസ് (Achelle-Delmas), മാഴ്സൽ ബോൾ (Marcel Boll) എന്നിവർ ചേർന്നെഴുതിയ 'മനുഷ്യന്റെ വ്യക്തിത്വവും അതിന്റെ അകപ്പൊരുളും' (Human Personality and Its Analysis)എന്ന ഗ്രന്ഥം നോക്കാവുന്നതാണു്.*

വ്യക്തിസത്തയുടെ ഒരു വശത്തെ അചേതനമെന്നപോലെ കാണുമ്പോൾ, നാം അറിഞ്ഞുകൊണ്ടല്ലാതെ ഒരു തെറ്റു ചെയ്തു പോവുകയാണു്. വ്യക്തിസത്ത ജീവിച്ചുകൊണ്ടിരിക്കുന്നതാണു്, ഏകമാണു്. അതിനെ രണ്ടാക്കിക്കളയുന്ന, ജീവിക്കുന്നതല്ലാതാക്കിക്കളയുന്ന എന്നതാണു് ആ തെററു്. ഈ ദോഷം സംഭവിച്ചുപോകുന്നതു്, 'മനസ്സു വേറെ, ശരീരം വേറെ' എന്ന ധാരണ നമ്മിൽ ഉറച്ചുപോയതുകൊണ്ടാണു്. ഇപ്പറഞ്ഞ ദോഷം, വിദ്യാഭ്യാസസന്ദർഭത്തിൽ പ്രസക്തമായിവരുന്ന വ്യക്തിസത്തയെ മനസ്സിലാക്കുന്ന കാര്യത്തിൽ കടന്നുകൂടിയിട്ടുണ്ടെന്നു മാത്രമല്ല, അതിനെ അപകടപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ടെന്നു പറയാതെ തരമില്ല.

ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ അവകാശപ്പെടുന്നതു്, വിദ്യാഭ്യാസസന്ദർഭത്തിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തിയുടെ, ഏകവും അവിഭാജ്യവും ജീവിക്കുന്നതുമായ സത്തയുടെ സ്വഭാവത്തിനും സ്വരൂപത്തിനും അതർഹിക്കുന്ന സ്ഥാനം വിദ്യാഭ്യാസചർച്ചകളിലും പരിചിന്തകളിലും ഇതുവരെ ലഭിച്ചിട്ടില്ലെന്നാണു്. അത്തരം ചർച്ചകളൊന്നും വ്യക്തിസത്തയുടെ സമഗ്രഭാവത്തെ ഒരിക്കലും അവയുടെ മദ്ധ്യബിന്ദുവായി കണക്കാക്കിയിട്ടുമില്ല. വിദ്യാഭ്യാസസംരംഭങ്ങളെപ്പററി ഗൗരവബുദ്ധ്യാ ആലോചിക്കുമ്പോൾ ആദ്യം നോക്കാറുള്ളതു്, സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങളും പരിപാടികളും എന്തൊക്കെ എന്നായിരിക്കും. കുറച്ചുകൂടി വ്യാപകമായി ചിന്തിക്കുന്നവർ, ഐക്യരാഷ്ട്രസംഘടന, യുനെസ്കോ എന്നിവയുടെ വിദ്യാഭ്യാസപരിപാടികൾ എന്തൊക്കെയാണെന്നു നോക്കും. എന്നാൽ സർക്കാരുകളോ മേല്പറഞ്ഞ സംഘടനകളോ, വിദ്യാഭ്യാസസന്ദർഭത്തിൽ ഉൾപ്പെട്ടിരിക്കുന്ന വ്യക്തിയെ കണക്കിലെടുക്കുന്നതേയില്ല. ഈ അവഗ

....

* Achelle-Delmas and Marcel Boll, in their work with this title, Paris, 1922.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണനന കരുതിക്കൂട്ടിയുള്ളതാവാം; ശ്രദ്ധിക്കാതെ വിട്ടുപോയതുമാവാം. രണ്ടായാലും ഇതു സംഭവിച്ചതിനൊരു കാരണമുണ്ട്. സ്വന്തം രാജ്യത്തോടു കൂറുള്ളവരും രാജ്യാതൃത്തി സംരക്ഷിക്കുന്നതിനു ജീവൻ ബലിചെയ്യാൻ സന്നദ്ധരുമായ പൗരലക്ഷങ്ങളെ വാർത്തെടുക്കുന്നതിലുള്ള അമിതമായ അഭിനിവേശമാണ് ആ കാരണം. ഈ അഭിനിവേശം ഏതെങ്കിലും രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെ വക്താക്കളെ വാർത്തെടുക്കുന്നതിലും ആകാറുണ്ട്. രാജ്യാതൃത്തിയുടെയോ രാഷ്ട്രീയപ്രത്യയശാസ്ത്രത്തിന്റെയോ അതിർവരമ്പുകൾക്കുള്ളിലൊതുങ്ങി ജീവിക്കുന്നതാണ് അഭികാമ്യം എന്നവർ വിശ്വസിക്കുന്നു. വിദ്യാഭ്യാസനയം രൂപീകരിക്കുകയും ആധികാരികമായി അഭിപ്രായം പറയുകയും ചെയ്യുന്നവരിൽനിന്ന്, 'വിദ്യാഭ്യാസം ജനാധിപത്യത്തിനുവേണ്ടി,' 'വിദ്യാഭ്യാസം വർഗ്ഗരഹിതസമൂഹത്തിനുവേണ്ടി' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങൾ അങ്ങനെ നാം കേൾക്കാനിടയാകുന്നു. ഇത്തരം മുദ്രാവാക്യങ്ങൾ പ്രചരിക്കുന്നതിനിടയിൽ യഥാർത്ഥവിദ്യാഭ്യാസതത്ത്വത്തിനു വേരൂന്നാൻ വേണ്ട ഉറച്ച തറ കിട്ടാതെയായി. അതിനാൽ അതിനു തഴയ്ക്കാനോ വളരാനോ അവസരമില്ലാതെപോയി. സർവ്വസാമാന്യമായ മനുഷ്യത്വത്തിന്റേതായ തറയിലേ യഥാർത്ഥവിദ്യാഭ്യാസതത്ത്വത്തിന്റെ വേരോട്ടമുള്ളൂ.

വിദ്യാഭ്യാസപരമായി നിലവിലുള്ള സിദ്ധാന്തങ്ങളുടെ എല്ലാ വശങ്ങളും പരിശോധിച്ച് അവയെ തിരുത്തിയെടുക്കുകയല്ല ഈ മാർഗ്ഗരേഖയുടെ ലക്ഷ്യം. പൊതുവിൽ സാമാന്യജനങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളതും പ്രബോധനപ്രധാനവുമാണല്ലോ നമുക്കു പരിചിതമായ വിദ്യാഭ്യാസസമ്പ്രദായം. അവിടെപ്പോലും, താത്ത്വികമായ പരിചിന്ത നടത്തുമ്പോഴും നയങ്ങൾ രൂപീകരിക്കുമ്പോഴും അതൊക്കെ, ഒരു മുഖ്യതത്ത്വത്തെ അഥവാ വിവക്ഷയെ കേന്ദ്രമാക്കിക്കൊണ്ടുവേണം നിന്നു തിരിയേണ്ടതു്. ആ കേന്ദ്രമായിരിക്കേണ്ടതു് ഇപ്പറഞ്ഞ വ്യക്തിഭാവമാണെന്നു് എടുത്തുപറയാൻ മാത്രമേ ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ ശ്രമിക്കുന്നുള്ളൂ. ഇങ്ങനെയൊരു വിവക്ഷയെ കേന്ദ്രമാക്കാത്തതുകൊണ്ടു വിദ്യാഭ്യാസചിന്തകൾക്കു വിനാശകരമായ ശൈഥില്യം സംഭവിച്ചിട്ടുണ്ടെന്നും ഞങ്ങൾ കരുതുന്നു. വ്യക്തിഭാവം അഥവാ വ്യക്തിസത്ത (personal factor) എന്ന ഒരൊററ കുററിയിൽ പിടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ചുരുങ്ങി കറങ്ങുന്നതായിരിക്കണം, താത്ത്വികമായ എല്ലാ വിദ്യാഭ്യാസചിന്തകളും. അത്തരത്തിൽ പരിപൂർണ്ണതയുള്ള കേന്ദ്രതത്ത്വമായിട്ടാണ വ്യക്തിഭാവത്തെ ഈ മാർഗ്ഗരേഖയിൽ കാണുന്നതു്. ഈ നിലപാടു സമ്മതിച്ചുതരാൻ നിവൃത്തിയില്ലെങ്കിൽ, പോകട്ടെ, കുറഞ്ഞപക്ഷം ഭാവിയിൽ നടക്കേണ്ട വിദ്യാഭ്യാസപരമായ പരിചിന്തകൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ട ഒരടിസ്ഥാനമെന്ന നിലയിലെങ്കിലും ഇതിനെ കണക്കാക്കാമല്ലോ.

1. ദ്വൈതനിരാകരണം

ഒരു ശാസ്ത്രത്തെ യോഗബുദ്ധിയോടു കൂടി കൈകാര്യം ചെയ്യാം; യുക്തിയുക്തമായും കൈകാര്യം ചെയ്യാം. ഇതു രണ്ടും തികച്ചും വ്യത്യസ്തമായ രീതികളാണു്. യുക്തിയുക്തമായ സമീപനം എപ്പോഴും യാന്ത്രികമായിരിക്കും; ഏകപക്ഷീയമായിരിക്കും; ദ്വൈതത്തിനു സ്ഥാനമുള്ളതുമായിരിക്കും. ഇവ തമ്മിലുള്ള വ്യത്യാസമാകട്ടെ വളരെ സൂക്ഷ്മമാണു്. എന്നാൽ അതു കണ്ടെത്താതിരുന്നാൽ, വിദ്യാഭ്യാസവിഷയകമായ നമ്മുടെ ഈ പഠനം നിരർത്ഥകമായിപ്പോകും; നാം എങ്ങും എത്തിച്ചേരുകയുമില്ല. പഠനങ്ങളെല്ലാം വസ്തുനിഷ്ഠമായിരിക്കണമെന്നാണല്ലോ നമുക്കു നിർബന്ധം. അതിൻെറ പേരിൽ, പ്രത്യക്ഷാനുഭവഗോചരമായ വശത്തിനുമാത്രം നാം സ്ഥാനം നല്കുന്നു എന്നിരിക്കട്ടെ. അപ്പോൾത്തന്നെ, വ്യക്തിസത്തയിലെ ആനുഭൂതികമായ വശത്തെ അവഗണിക്കുക എന്ന തെററു നാം ചെയ്തുകഴിഞ്ഞു. എന്നാൽ അനുഭൂതിപ്രധാനമായ ആദ്ധ്യാത്മികതത്ത്വപ്രാധാന്യം കൊടുക്കുന്ന വശത്തേക്കു് അല്പമൊന്നു ചാഞ്ഞാൽ മതി, മറെറാരു ആപത്തിൽ അഥവാ ദ്വൈതത്തിൽ നാം ചെന്നു പെടുകയായി. വ്യക്തിസത്തയിൽ സഹജമായുള്ള വിശേഷഗുണങ്ങളെ വേണ്ടവണ്ണം മനസ്സിലാക്കുന്ന കാര്യത്തിൽ അവിടെ വീഴ്ച സംഭവിക്കും. ഇങ്ങനെ രണ്ടു വശത്തേയ്ക്കും ചാഞ്ഞുപോകാതെയുള്ള ഒരു നടുനിലയുണ്ടു്. അതിനെയാണു് അദ്വൈതം എന്നു വിളിച്ചുപോരുന്നതു്. ദ്വൈതഭാവങ്ങൾക്കപ്പുറത്തുള്ള അദ്വയമായ ഒരു പരമസത്യത്തിൻെറ (ബ്രഹ്മസത്യത്തിൻെറ) ഭാവസ്ഫുരണമെന്ന നിലയിൽ ഈ ഇരുവശങ്ങളെകാണുന്ന രീതിയാണിതു്. ഈ സമീപനരീതി ഭാരതീയമാണെന്നുണ്ടെങ്കിലും ആധുനികപാശ്ചാത്യചിന്തകർക്കും ഇത്തരം മനോഭാവം സമ്മത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായി വന്നിട്ടുണ്ട്. അതിനു നല്ലൊരുദാഹരണമാണ്, ബർട്രാൻഡ് റസ്സൽ. അദ്ദേഹം തന്റെ നിലപാടിനെ 'ന്യൂട്രൽ മോണിസം' (Neutral Monism) എന്നാണ വിളിക്കുന്നത്. അതായത്, നടുനിലയിൽ നില്ക്കുന്ന ഒരു ഏകത്വവാദം.*

ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ടും മററും അളന്നു നിർണ്ണയിച്ച് മനോവ്യാപാരപരമായ കാര്യങ്ങൾ മനസ്സിലാക്കുന്ന കാലമാണിത്. ബാഹ്യമായ ഉദ്ദീപനം, അതിനുണ്ടാകുന്ന ശാരീരികമായ പ്രതികരണം എന്നീ രണ്ടു ഭൗതിക വശങ്ങളെ മാത്രം കണക്കിലെടുക്കുന്ന മനശ്ശാസ്ത്രമാണിത്. ഒരിക്കലും വേറിട്ടിരിക്കാത്ത ചിത്ത്-ജഡം അഥവാ മനസ്സ്-ശരീരം എന്നിവ, ഇത്തരം ശാസ്ത്രങ്ങളുടെ കൈയ്യിലെത്തുമ്പോൾ രണ്ടായിത്തീരുന്നു. ഈ ദോഷം ഈ മനശ്ശാസ്ത്രപഠനങ്ങളെയെന്ന പോലെ, നമ്മുടെ വിദ്യാഭ്യാസചിന്തയേയും അപകടകരമാം വണ്ണം ബാധിച്ചിട്ടുണ്ട്. മനുഷ്യന്റെ ശരീരഘടന പഠിക്കുന്നതിനു വൈദ്യശാസ്ത്രവിദ്യാർത്ഥികൾ ചെയ്യുന്നത് മേശപ്പുറത്തു കിടക്കുന്ന ശവശരീരം കീറിമുറിച്ചു പരിശോധിക്കുകയാണ്. ഇതു് ആ ശാസ്ത്രത്തെത്തന്നെ മരണത്തിന്റെ പിടിയിലമർത്തിക്കളഞ്ഞിരിക്കുന്നതായി അലക്സിസ് കാരലിനെപ്പോലെയുള്ള മനീഷികൾ കണ്ടെത്തുകയും, അതിനെ ഈ ആപത്തിൽനിന്നു രക്ഷിക്കാനുള്ള വഴി അന്വേഷിക്കുകയും ചെയ്യുന്നു.** അതായത്, യാഥാസ്ഥിതികത്വം മതത്തിലെന്നപോലെ ശാസ്ത്രത്തിലും കടന്നുകയറി അവിടെ വേരൂന്നി ഉറച്ചിരിക്കുന്നു. ഇത്തരം യാഥാസ്ഥിതികത വരുത്തിവച്ച വിനകൾക്ക്, അഥവാ ദ്വൈതഭാവങ്ങൾക്ക് ഇടം നല്കാത്ത—അദ്വയമായ—ഒരു നിലപാടാണ് വ്യക്തിസത്തയെ സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ ധൈര്യമായി സ്വീകരിക്കുന്നത്. അതുകൊണ്ട്, അദ്ധ്യാപകൻ എന്ന വ്യക്തിയെ ഇവിടെ കണക്കാക്കുന്നതു്, വെറുമൊരു യന്ത്രംപോലെ പ്രവർത്തിക്കുന്ന, ചൈതന്യമററ, പാറപോലെ ഇളക്കമില്ലാത്ത, ഒരു സത്തയായിട്ടല്ല; സഹാനുഭൂതിയുള്ള ഒരു മാർഗ്ഗദർശിയായിട്ടാണ്.

....

* അത്യന്താധുനിക ഭൗതികശാസ്ത്രജ്ഞനായ ഡേവിഡ് ബോമിന്റെ ''ഇംപ്ലിക്കേററ് ഓർഡർ'' (Implicate order) സിദ്ധാന്തവും ഇതേ തരത്തിൽ ദ്വൈതത്തെ നിരാകരിക്കുന്നതാണ്-വിവർത്തകൻ

** See, *Man the Unknown*, by Alexis Carel.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുപോലെ, കുട്ടിയെ കാണുന്നതും വെറും ഉദ്ദീപനപ്രതികരണങ്ങളുടെ ഒരു ചുമടുകെട്ടായിട്ടല്ല. എന്തിനേറെ, കുട്ടിയെ പെരുമാററരീതികളുടെ ഒരു യന്ത്രസംവിധാനമായിട്ടുപോലും കാണുന്ന വിദ്യാഭ്യാസചിന്തകരുണ്ട്, അവിടെ കുട്ടിയ്ക്ക് ഒരു മനസ്സേ ഇല്ല. ജെ. ബി. വാററ്സൺന്റെ അഭിപ്രായവും ഇതാണ്. വിദ്യാഭ്യാസരംഗത്തു വളരെ പ്രചാരത്തിലിരിക്കുന്നതാണ് അദ്ധ്യാപകനെയും വിദ്യാർത്ഥിയേയും ഒരുപോലെ യന്ത്രസംവിധാനങ്ങളായി കാണുന്ന സമ്പ്രദായം. എന്നാൽ ഒരു കുട്ടി കളിച്ചുരസിക്കുന്നതെങ്ങനെയെന്നുപോലും തത്ത്വപരമായി വിശദീകരിച്ചുതരാൻ ഇത്തരം സമ്പ്രദായങ്ങൾക്ക സാധിച്ചിട്ടില്ല. പിന്നെയല്ലേ, യഥാർത്ഥപഠനത്തിന്റെ കഥ?

ഇതു യുക്തിവിചാരത്തിന്റെ യുഗമാണ്. ശാസ്ത്രത്തിലും അതിന്റെ വിജയത്തിലും നാം അഭിമാനം കൊള്ളുന്നു. ഈ സാഹചര്യത്തിൽ, ഒരു കുട്ടിയെ വിദ്യാഭ്യാസത്തിനു വിധേയമാക്കി എത്രത്തോളം പൂർണ്ണതയിലെത്തിക്കാമെന്നതിൽ സംശയമുണ്ടായിപ്പോയാൽ അത്ഭുതമില്ല. കാരണം, ഇതു് ഇപ്പറഞ്ഞ യുക്തിക്കോ ശാസ്ത്രത്തിനോ വഴങ്ങിത്തരുന്ന ഒരു കാര്യമല്ല. ഒരു മനുഷ്യന്റെ ജന്മസിദ്ധമായുള്ള സ്വഭാവവിശേഷങ്ങളെ പാടേ മാററി പുതിയൊരു മനുഷ്യനാക്കിത്തീർക്കുന്നതിനുള്ള സകല ശക്തിയും വിദ്യാഭ്യാസത്തിനുണ്ട് എന്നു് അവകാശപ്പെടാനാവുകയില്ല. എന്നാൽ ഒരു വ്യക്തിയുടെ വ്യക്തിത്വത്തിൽ ഒരു മാററവും വരുത്താൻ വിദ്യാഭ്യാസത്തിനു സാധിക്കുകയില്ല എന്നു സ്ഥാപിക്കുന്നതിനു് ഇതൊരു തെളിവുമല്ല. ദൈവതഭാവങ്ങൾക്കിടം നല്കാത്തതും, നട്ടനില കാത്തുസൂക്ഷിക്കുന്നതുമായ ഒരു വിദ്യാഭ്യാസപ്രക്രിയകൊണ്ടു വ്യക്തിത്വത്തിൽ അഭികാമ്യമായ മാററങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതെങ്ങനെയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു എന്നർത്ഥം. ആ വിദ്യാഭ്യാസം ക്രിയാത്മകമായ ലക്ഷ്യബോധമുള്ളതുമായിരിക്കണം. ഇതിനുവേണ്ടിയാണ് ഈ മാർഗ്ഗരേഖ നിലകൊള്ളുന്നതു്.

2. സർവ്വസാമാന്യമായൊരു ചിന്താപദ്ധതി വേണം

ക്രിസ്തുവിനുമുമ്പ് അഞ്ചാം ശതകത്തിലാണ പ്രോട്ടഗോറസ് പറഞ്ഞതു്, ''മനുഷ്യനാണ് എല്ലാ പ്രിയാപ്രിയങ്ങളുടെയും മാനദണ്ഡം'' എന്നു്. പുരാതന ഗ്രീസിലെ ഡൽഫി ദേവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലയത്തിൽ എഴുതിവച്ചിട്ടുണ്ടായിരുന്നത്രേ, ''നീ നിന്നെത്തന്നെ അറിയുക'' എന്നു്. ഒരേ ആശയം തന്നെയാണു് ഈ രണ്ടു സന്ദേശങ്ങളിലും മുഴങ്ങുന്നതു്. കാലം വീണ്ടും മുന്നോട്ടു പോയി. പിന്നീടു് അലക്സാണ്ഡർ പോപ്പ് എന്ന കവിയെഴുതി, ''മനുഷ്യവംശത്തെ അറിയാൻ, പഠിക്കേണ്ടതു മനുഷ്യനെത്തന്നെയാണു്'' എന്നു്. പോപ്പിന്റെ കാലത്തിനും മുമ്പു്, പതിനാറാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ ഇംഗ്ലണ്ടിൽ ഒരു യുവാവുണ്ടായിരുന്നു. പതിനേഴാമത്തെ വയസ്സു മുതൽ അയാളൊരു അഭിലാഷം വച്ചുപുലർത്തി. സകല വിജ്ഞാനശാഖകളെയും ഒരൊററ ശാസ്ത്രത്തിനു കീഴിലാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഫ്രാൻസിസ് ബേക്കണായിരുന്നു ആ യുവാവു്. ''നോവം ഓർഗാനം'' (Novum Organum) എന്ന ബൃഹദ്ഗ്രന്ഥം ഇതിനുവേണ്ടി അദ്ദേഹം എഴുതിത്തീർത്തപ്പോൾ, അതു തന്റെ സഹപ്രവർത്തകനായ സർ എഡ്വേർഡ് കോക്കിനെ കാണിച്ചു. ആ മാന്യൻ ഗ്രന്ഥത്തിന്റെ പുറത്തെഴുതിച്ചേർത്തു, ''സ്കൂളുകളിൽ പഠിപ്പിക്കാനല്ല, വിഡ്ഢികളുടെ കപ്പലിൽ കയററിയയയ്ക്കാനാണു് ഇതു കൊള്ളാവുന്നതു്.'' ബേക്കണുശേഷം ഇങ്ങനെയൊരു സംരംഭത്തിലേക്കു പ്രത്യാശയോടുകൂടി ഇറങ്ങി പുറപ്പെടാൻ അധികമാരും ധൈര്യപ്പെട്ടില്ല വെറുതേ ചീത്തപ്പേരു കേൾക്കാനിടയാകുമെന്നതാണു് അവരെയൊക്കെ അതിൽ നിന്നും പിന്തിരിപ്പിച്ചതു്.

എന്നാൽ പൗരസ്ത്യചിന്ത എക്കാലത്തും മേല്പറഞ്ഞ കാഴ്ചപ്പാടു തെളിഞ്ഞും മറഞ്ഞും വച്ചു പുലർത്തിപ്പോന്നിട്ടുണ്ടു്. 'അഹം ബ്രഹ്മാസ്മി', 'തത്ത്വമസി', 'അയമാത്മാ ബ്രഹ്മ' 'പ്രജ്ഞാനം ബ്രഹ്മ', 'സർവം ഖല്വിദം ബ്രഹ്മ' എന്നിങ്ങനെയുള്ള വേദാന്ത മഹാവാക്യങ്ങളിൽ ഉള്ളടങ്ങിയിരിക്കുന്നതും, പ്രോട്ടഗോറസ്സിന്റെയും ഡൽഫിയിലെ ദേവതയുടെയും വാക്കുകളിലെ സന്ദേശസാരം തന്നെയാണു്. സന്ദേശം ഗ്രഹിക്കുന്ന വ്യക്തിയെ ഉത്തമപുരുഷനാക്കിയിരിക്കുന്നോ, പ്രഥമപുരുഷനാക്കിയിരിക്കുന്നോ, മധ്യമപുരുഷനാക്കിയിരിക്കുന്നോ, അതോ വ്യക്തിയ്ക്കു സ്ഥാനം നല്കാതെ തത്ത്വം പറയുന്നോ, എന്നതനുസരിച്ചുള്ള വ്യത്യാസമേ അവരുടെ വാക്യങ്ങൾ തമ്മിലുള്ളു. മനുഷ്യന്റെ അന്തരാത്മാവിലുള്ള ഒരഭിനിവേശമാണു് ഈ വാക്യങ്ങളെല്ലാം കാണിക്കുന്നതു്. എന്നാൽ ഭാരതത്തിൽ മാത്രമാണു് പണ്ഡിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെന്നോ പാമരനെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാവരു ടെയും നാവിൻതുമ്പിൽ, മേല്പറഞ്ഞ മഹാവാക്യങ്ങളുടെ രൂപ ത്തിൽ ഈ സന്ദേശം വന്നെത്തുന്നതു്. അത്തരത്തിലുള്ളതാണ ഭാരതഭൂമിയുടെ ആദ്ധ്യാത്മികസംസ്കൃതി.

ഭാരതമണ്ണിൽ നിന്നു പറിച്ചുനട്ടാൽ ഈ മഹാവാക്യങ്ങൾ ഒരുപക്ഷേ അസാധാരണമായ എന്തോ ആയി തോന്നിയേക്കാം. വിശേഷിച്ചും പാശ്ചാത്യനാടുകളിൽ. ആ നാടുകൾക്കു വേറൊ രു സാംസ്കാരികപശ്ചാത്തലമാണല്ലോ ഉള്ളതു്. അവസ്ഥ് അവ യുടേതായ ചരിത്രവുമുണ്ടു്. ആ ചരിത്രത്തിലാകട്ടെ, 'ഇംക്വി സിഷ'ന്റെ കറുത്ത പാടുകൾ വീണിട്ടുണ്ടു്. അതുകൊണ്ടു മനു ഷ്യന്റെ ആത്മസത്തയെ ദൈ്വതബുദ്ധികൂടാതെ കാണുന്ന ഒരു സമ്പ്രദായമുണ്ടെന്നു കേട്ടാൽ അതിനെ മതപരമായ ഏതോ അ ന്ധവിശ്വാസമെന്നു മുദ്രകുത്തി സംശയദൃഷ്ടിയോടുകൂടി വീക്ഷി ക്കുന്നതു പാശ്ചാത്യലോകത്തു പതിവായിപ്പോയതിൽ യാതൊ രത്ഭുതവുമില്ല. മനുഷ്യന്റെ ആത്മസത്തയെ സംബന്ധിച്ചു് സമഗ്രവും സാർവജനീനവുമായ ഒരു വിവക്ഷ ഉണ്ടായിരിക്കേ ണ്ടതു് ആവശ്യമാണു്. ആ വിവക്ഷയിൽ തികച്ചും മാനുഷി കമായ താല്പര്യങ്ങൾക്കും മൂല്യങ്ങൾക്കും സ്ഥാനമുണ്ടായിരിക്കു കയും വേണം. അതിനു് ആധാരമായി സാർവജനീനമായ ഒരു ചിന്താപദ്ധതിയും പ്രമാണശാസ്ത്രവും ഉണ്ടായിരിക്കേണ്ടതുമാ ണു്. അങ്ങനെയൊരു വിവക്ഷയ്ക്കു സ്ഥാനം ലഭിച്ചിട്ടില്ലാത്തതു കൊണ്ടാണ പാശ്ചാത്യലോകത്തു മേല്പറഞ്ഞ തരത്തിൽ സംഭ വിയ്ക്കാനിടയായതു്.

പ്രായോഗിക പ്രയോജനവാദത്തിനെതിരേ

ഷിക്കാഗോ യൂണിവേഴ്സിററിയുടെ കീഴിൽ 'സാമൂഹി ക പരിചിന്തന സമിതി'(Committee on Social Thought) എന്നൊരു വിഭാഗം വളരെ പ്രയാസം സഹിച്ചു് ഉണ്ടാക്കിയെടു ക്കാൻ മുൻകൈയെടുത്തയാളാണു് പ്രൊ. ജോൺ യു. നെഫ്. അദ്ദേഹം പ്രസ്തുത സമിതിയെപ്പററി നടത്തിയ ഒരു റേഡി യോ പ്രഭാഷണത്തിൽ, ''ആകെ മനുഷ്യനെ'' പഠനവിഷയ മാക്കുന്ന കാര്യത്തിൽ വന്നുപോയിട്ടുള്ള വീഴ്ചയും അവഗണന യും മൂലം വന്നുചേർന്നിട്ടുള്ള അസംതൃപ്തി നാൾക്കുനാൾ വർദ്ധിച്ചു വരുന്നതായി എടുത്തുപറഞ്ഞിരിക്കുന്നു. അതുകൊണ്ടു്, മനുഷ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നെ പഠിക്കുന്നതിൽ സംഭവിച്ച ഈ അവഗണന ഉണ്ടാക്കിത്തീ ർത്തിട്ടുള്ള വിടവു് ഗുരുതരമാണു് എന്നു് ഈ മാർഗ്ഗരേഖയിൽ അവ കാശപ്പെടുമ്പോൾ ഞങ്ങൾ ഒററയ്ക്കല്ല. വിദ്യാഭ്യാസത്തിൻെറ ലോകത്തു വന്നുപോയിട്ടുള്ള ഈ വിടവു് നികത്തേണ്ട സമയം അതിക്രമിച്ചുപോയിരിക്കുന്നു എന്നുതന്നെ പറയട്ടെ. ഇങ്ങനെ യൊരു തിരുത്തൽ വരുത്തുന്നതിനു് ഇനി ആർക്കും മനഃപ്രയാ സം തോന്നേണ്ട കാര്യമില്ല. മേല്പറഞ്ഞ റേഡിയോ പ്രഭാഷ ണത്തിൽ പ്രൊ. നെഫ് ഇങ്ങനെയൊരു ധീരമായ വിശ്വാസ പ്രഖ്യാപനം അസന്ദിഗ്ദ്ധമായ ഭാഷയിൽ നടത്തിയിരിക്കുന്നു. ''പ്രായോഗിക പ്രയോജനവാദികൾക്കു് (pragmatists) നിരൂ പണദൃഷ്ടി നഷ്ടപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല, അവരുടെ വി ദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും നിരൂപണദൃഷ്ടിക്കു മങ്ങലേല്പിക്കുക കൂടി ചെയ്തിരിക്കുന്നു എന്നാണു ഞാൻ വിശ്വ സിക്കുന്നതു്. സർഗ്ഗാത്മകമായ സാംസ്കാരികജീവിതത്തിനു് അ ധിഷ്ഠാനമായിരിക്കേണ്ടതു് ഉത്കൃഷ്ടമായ നിരൂപണദൃഷ്ടിയും സാമാന്യതത്ത്വങ്ങളുമാണു്.''

'സാമൂഹിക പരിചിന്തന സമിതി' ഉണ്ടാക്കാനിടയായ സാഹചര്യങ്ങൾ വിവരിക്കുന്ന ഒരു ലഘുലേഖ പ്രൊ. നെഫ് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സർഗ്ഗാത്മകമായ ജീവിതരംഗത്തും വിദ്യാഭ്യാസരംഗത്തും ആധുനികമനുഷ്യസമൂഹം നേരിടുന്ന പ്രശ്നങ്ങൾ അതിൽ എണ്ണിപ്പറയുന്നു. കൂട്ടത്തിൽ ആദ്യംതന്നെ പറയുന്നു: ''ചിരന്തനവും സർവസാമാന്യവുമായ പരമ്പരാഗത ക്രിസ്തീയമൂല്യങ്ങൾക്കു ചിന്താലോകത്തിൽ സ്ഥാനമില്ലാതായ താണു് ഒരു പ്രശ്നം.'' പാശ്ചാത്യലോകത്തിനു പരിചിതമായ ഒരു ശൈലിയിലാണു് അദ്ദേഹം പ്രശ്നം അവതരിപ്പിക്കുന്നതെ ന്നുള്ളതു വ്യക്തമാണല്ലോ. അതേ റേഡിയോപ്രഭാഷണത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു, ''ഇക്കാലത്തു്, ഷിക്കാഗോ യൂണിവേ ഴ്സിററിയിലുള്ള ചിലർ, ബിരുദതലത്തിലുള്ള പഠനങ്ങളിൽ ഒരു സ്വതന്ത്രമായ സംരംഭം തുടങ്ങാനുള്ള ശ്രമത്തിലായിരുന്നു. യൂണിവേഴ്സിററിയിലെ ഡിപ്പാർട്ട്മെൻറുകൾ തമ്മിലുള്ള അ തിർവരമ്പുകളെ ഭേദിച്ചുകൊണ്ടുപോകുന്ന ഒന്നായിരിക്കും അതു് എന്നാണു ഞങ്ങൾ വിഭാവനം ചെയ്തതു്. വിഗണിക്കപ്പെട്ടുകിട ക്കുകയോ സ്വയം ധീരന്മാരെന്നു നടിക്കുന്നവരുടെ വിഹാരരംഗ മായി മാറിക്കഴിയുകയോ ചെയ്തിരിക്കുന്ന മേല്പറഞ്ഞ മൗലിക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രശ്നങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയായിരിക്കും ഈ പഠനത്തിന്റെ ലക്ഷ്യം.''

അറച്ചുനില്പ്

പ്രൊഫ: നെഫ് സ്വയം ധീരന്മാരെന്നു വിളിച്ചിരിക്കുന്നത് ആരെയാണെന്നു വ്യക്തമല്ല. എന്തു കാര്യത്തിലാണ് അവർ സ്വയം ധീരത്വം കാണിച്ചതെന്നും അദ്ദേഹം എടുത്തു പറയുന്നില്ല. എന്തായാലും ചിരന്തനവും ക്രൈസ്തവവുമായ പരമ്പരാഗതമൂല്യങ്ങൾ അതിൽ ഉൾപ്പെടുന്നുണ്ടെന്നുള്ളതു വ്യക്തമാണ്. അതൊക്കെ എന്തുമായിക്കൊള്ളട്ടെ. ഇവിടെ ഒരു കാര്യം നമ്മുടെ ശ്രദ്ധയിൽപെടുന്നു. ആധുനിക വിദ്യാഭ്യാസരംഗത്തു് ആശാവഹമായ പുതിയ നീക്കങ്ങളുണ്ടാകുന്ന കാര്യത്തിൽ ധീരവും തുറസ്സായതുമായ ഒരു മനോഭാവം കൈക്കൊള്ളുന്നതിനു പകരം ഒരറച്ചു നില്പിന്റെ മനോഭാവമാണ് പ്രകടമായികാണുന്നത്. ഈ അറച്ചുനില്പ് യൂണിവേഴ്സിററി അധികൃതരിൽ പോലും ഉണ്ടെന്നു പ്രൊ. നെഫിന്റെ റേഡിയോ പ്രഭാഷണത്തിൽ നിന്നു മനസ്സിലാകുന്നു. അദ്ദേഹം തുടൻ പറയുന്നു, ''യൂണിവേഴ്സിററിയുടെ പ്രസിഡൻറും സാമൂഹ്യശാസ്ത്രവിഭാഗത്തിന്റെഡീനും ഞങ്ങളുടെ സമിതിയിൽ അംഗങ്ങളാണ്. എന്നിട്ടും ഞങ്ങൾക്കു പ്രയാസങ്ങൾ നേരിടേണ്ടിവന്നു......സമിതിയുടെ പ്രവർത്തനം തുടങ്ങുന്നതു സംബന്ധിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്ന സമയത്തു ഡീൻ എനിക്കു ഫോൺ ചെയ്തിട്ടു വേദനയോടു കൂടി പറഞ്ഞു, ''സംസ്കൃതിപഠനസമിതി (Committee on Civilization) എന്ന പേരിൽ ഈ സമിതി നിലവിൽ കൊണ്ടുവരാൻ എന്നെക്കൊണ്ടു് ഒരിക്കലും സാധിക്കുകയില്ല.'' ഞാൻ ചോദിച്ചു '' വേറെ എന്തെങ്കിലും പേരു നിർദ്ദേശിക്കാനുണ്ടോ?'' അദ്ദേഹം പറഞ്ഞു, ''സാമൂഹിക പരിചിന്തന സമിതി.'' ഞാൻ തിരക്കി, ''എന്താണതിന്റെ അത്ഥം?'' ''അതെനിക്കുമറിഞ്ഞുകൂടാ'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദേഹം തുടൻ, ''പക്ഷേ ഈ പേരിട്ടാൽ എക്സിക്യൂട്ടീവ് കമ്മിററിയിൽ ഇതു പാസ്സായിക്കിട്ടും. കാരണം, സാമൂഹ്യപരിചിന്തനത്തെ സംബന്ധിക്കുന്ന ഒരു പഠനവും ഇപ്പോൾ ഈ യൂണിവേഴ്സിററിയിൽ നടക്കുന്നില്ല,'' പ്രായോഗികഫലമാണ് ഏതിനും പ്രമാണമായിരിക്കേണ്ടതെന്ന വാദം, അഥവാ 'പ്രാഗ്മാററിസം' ഇവിടെ ഒരുമാതിരി വൈരനിര്യാതന ബുദ്ധിയോടെ വന്നുനി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലുന്നതുപോലെയാണ തോന്നിപ്പോകുന്നതു്. ആധുനികലോകത്തിലെ വിദ്യാഭ്യാസരംഗത്തു നിലനില്ക്കുന്ന സംശയദൃഷ്ടിയുടെയും അറച്ചുനില്പിന്റെയും യഥാതഥമായ ഒരപൂർവ്വചിത്രമാണു നമുക്കിവിടെ കാണാവുന്നതു്. അതുകൊണ്ടുതന്നെയാണ ഷിക്കാഗോ യൂണിവേഴ്സിററിയിൽ നടന്ന സംഭവം അല്പം ദീർഘമായി ഇവിടെ ഉദ്ധരിച്ചതു്. ആധുനികവിദ്യാഭ്യാസരംഗത്തു ഷിക്കാഗോ യൂണിവേഴ്സിററി ഒട്ടും അപ്രധാനമല്ലാത്ത ഒരു കേന്ദ്രമാണല്ലോ.

പാശ്ചാത്യസംസ്കാരവും പൗരസ്ത്യസംസ്കാരവും തമ്മിൽ എന്നെങ്കിലും എവിടെയെങ്കിലും യോജിപ്പു കണ്ടെത്തണമെന്നുണ്ടെങ്കിൽ, കുറേക്കൂടി ധീരമായും നിരപേക്ഷമായും പ്രശ്നത്തെ സമീപിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. കിഴക്കും പടിഞ്ഞാറും ഒരിക്കലും യോജിപ്പു കണ്ടെത്തുകയില്ല എന്ന തരത്തിലുള്ള 'കിപ്ലിംഗ് മനോഭാവ'മല്ല ഇവിടെ വേണ്ടതു്. ഭാഗ്യവശാൽ ചിന്തകന്മാർ പടിഞ്ഞാറു് ഇല്ലാതായിട്ടില്ല; കിഴക്കു ഗുരുക്കന്മാരും. രണ്ടിലെയും ഏററവും നല്ല അംശങ്ങൾ കണ്ടെത്തി, അവയെ അടുപ്പിച്ചുകൊണ്ടു വരാൻ ഇനിയും സാധിക്കും. അങ്ങനെ, രണ്ടിനും സ്വീകാര്യമായ ഒരുതലം കണ്ടെത്തുകയും ചെയ്യാം. ഇതു കാലത്തിന്റെ ഒരാവശ്യമായി വന്നിരിക്കുന്നു. നാമതിൽ പ്രതീക്ഷയുള്ളവരായിരിക്കുകയും വേണം. തുറസ്സായ സമീപനരീതി കിഴക്കിന്റെയോ പടിഞ്ഞാറിന്റെയോ കുത്തകയല്ല എന്നു് ഓർത്തിരുന്നാൽ മതി.

3. പ്രതീക്ഷ കൈവെടിയേണ്ടതില്ല

ഡക്കാർട്ടിന്റെയും അരിസ്റ്റോട്ടിലിന്റെയും സിദ്ധാന്തപരമായ നിലപാടുകളെ യോജിപ്പിച്ചെടുക്കാനായി ലൈബ്നിസ് 'പ്രിൻസിപ്പിൾ ഓഫ് ദ് ബെററർ' (The Principle of the Better) എന്ന ഒരു തത്ത്വം അവതരിപ്പിച്ചു. (ഇപ്പോൾ കാണുന്ന വ്യവസ്ഥയോടു കൂടി ഈ പ്രപഞ്ചത്തെ ഇത്തരത്തിൽ സൃഷ്ടിക്കുക എന്നതാണ ദൈവം കണ്ട ഏററവും നല്ല കാര്യം എന്നതാണു് അതിന്റെ സാരം.) ജീവിതത്തെ അർത്ഥമുള്ളതാക്കിത്തീർക്കുന്ന മാനുഷികതാല്പര്യങ്ങളുടേതായ ഒരു ശ്രേണിയുണ്ടെന്നും, ആ താല്പര്യങ്ങൾ ഉപരിതനം, അനുപ്രസ്ഥം എന്ന രണ്ടു ഗണത്തിൽ പെട്ടതാണെന്നും നേരത്തേ നമ്മൾ കണ്ടല്ലോ. (ഭാഗം II, ഖണ്ഡം 1, വിഭാഗം 1, 2 നോക്കുക.) ലൈബ്നിസ് അവതരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പിച്ച തത്ത്വവും ഞങ്ങളുടെ ഈ കാഴ്ചപ്പാടും പൊരുളിൽ രണ്ടല്ല. രണ്ടിലും മനുഷ്യന്റെ പ്രിയാപ്രിയങ്ങൾക്കു സ്ഥാനമുണ്ട്. പ്രിയാപ്രിയങ്ങളിൽ, സചേതനസത്തയായി ജീവിക്കുന്ന വ്യക്തിക്കു താല്പര്യമുണരുന്നു. കാരണം, ഓരോരുത്തരും ജീവിക്കാൻ വെമ്പുന്നതു്, തുടരെ വന്നുപെട്ടുകൊണ്ടിരിക്കുന്ന താല്പര്യങ്ങളിലും പ്രിയാപ്രിയങ്ങളിലും സ്വയം അലിഞ്ഞു ചേർന്നുകൊണ്ടു ജീവിക്കാനാണു്. ഏററവും അടുത്ത കാലത്തുണ്ടായിട്ടുള്ള പാശ്ചാത്യചിന്തകർക്കും ഇക്കാര്യം സമ്മതമാണെന്നാണു നാം കാണുന്നതു്. ചിന്തകന്മാർക്കു് ഇതൊരു പഴഞ്ചരക്കായിപ്പോയിട്ടില്ല എന്നർത്ഥം. ലൈബ്നിസ്സിനു പോലും.

'കോളജ് ഡി ഫ്രാൻസി'ലെ ദർശനശാസ്ത്രവിഭാഗത്തിന്റെ ഇന്നത്തെ തലവൻ നല്കിയിരിക്കുന്ന ഒരു റിപ്പോർട്ടു് ഞങ്ങൾ ഇപ്പറഞ്ഞതിനു തെളിവാണു്. 'കോളജ് ഡി ഫ്രാൻസാ' കട്ടെ ഫ്രാൻസിലെ ഏററവും പഴക്കം ചെന്നതും സുപ്രസിദ്ധവുമായ ഉന്നതവിദ്യാഭ്യാസസ്ഥാപനമാണു്. 1530-ൽ ഫ്രാൻസിസ് ഒന്നാമന്റെ ഒത്താശയോടെ സ്ഥാപിച്ചതാണു് ഈ സ്ഥാപനം. 1948-ലെ അതിന്റെ വാർഷികറിപ്പോർട്ടിൽ. പ്രൊ. ലൂയി ലാവൽ (Prof. Louis Lavalle) തന്റെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടു പറയുന്നു. ''ആശയം എന്നതു് ആദ്ധ്യാത്മികസത്തകൾക്കിടയിൽ നടുനിലക്കാരനായിരിക്കുന്ന ഒന്നാവുകയില്ല. ആ ആദ്ധ്യാത്മികസത്തകളിൽ ഓരോന്നിനും ഓരോ ലക്ഷ്യം നിർദ്ദേശിച്ചുകൊടുക്കുന്നതിനപ്പുറം അതിനു് ഒന്നും ചെയ്യാനാവുകയില്ല. ഈ ലക്ഷ്യമാകട്ടെ, ആ ആദ്ധ്യാത്മികസത്തയ്ക്കു് (spiritual entity) ഇച്ഛിക്കാം; വിലയിരുത്താം; ഇഷ്ടപ്പെടുകയോ തള്ളിക്കളയുകയോ ചെയ്യാം. ഈ ആശയം എപ്പോഴും ഒരു മൂല്യത്തെ സംബന്ധിക്കുന്ന അർത്ഥത്തിലാണു് ആശയമായിരിക്കുന്നതു്.''

അദ്വൈതവേദാന്തവും ഇപ്പറഞ്ഞ റിപ്പോർട്ടും കാര്യമായ അടുപ്പമൊന്നുമില്ലാത്ത രണ്ടു വിഷയങ്ങളാണു്. എങ്കിലും രണ്ടിന്റെയും ചിന്തയിൽ സമാനമായ ചിലതൊക്കെ ഉള്ളതായി നാമിവിടെ കാണുന്നു. അസ്തി, ഭാതി, പ്രിയം എന്നിവ അന്തർഭവിച്ചിരിക്കുന്നതായാണു ജ്ഞാനത്തെ വേദാന്തം കാണുന്നതു്. അതായതു് ഉണ്ടായിരിക്കുക, വ്യക്തമായ രൂപത്തിൽ പ്രകാശിക്കുക, പ്രിയാപ്രിയങ്ങളോടുകൂടിയതായിരിക്കുക എന്ന മൂന്നും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറിവിലുണ്ടായിരിക്കും. അറിവ് എപ്പോഴും പ്രിയാപ്രിയങ്ങളും കൂടി ഉൾക്കൊള്ളുന്നതാണ് എന്നർത്ഥം. പാശ്ചാത്യവും പൗരസ്ത്യവുമായ ചിന്തകൾക്ക് യോജിപ്പുള്ള ഒരടിസ്ഥാനതത്ത്വം കണ്ടെത്താമെന്നുള്ള പ്രതീക്ഷ നാം കൈവെടിയേണ്ടതില്ല എന്നാണിതു കാണിക്കുന്നത്.

4. അറിവിനുള്ളിൽത്തന്നെ കുടിയിരിക്കുന്ന വൈപരീത്യം

ഈ മാർഗ്ഗരേഖയുടെ ഒന്നാംഭാഗത്തിൻെറ ഏററവും അവസാനം നമ്മൾ അറിവിൻെറ അകപ്പൊരുൾ കണ്ടെത്താൻ നടത്തിയ ശ്രമത്തിലേക്കു വീണ്ടുമൊന്നു തിരിച്ചുപോകേണ്ടിയിരിക്കുന്നു. അറിവിൽ നടക്കുന്ന ആന്തരികവ്യാപാരങ്ങളുടെ സൂക്ഷ്മതലങ്ങളിലേക്കു കടന്നുചെന്നു നോക്കുകയാണല്ലോ നാമവിടെ ചെയ്തതു്.

അവിടെ ഉദ്ധരിച്ച ശ്ലോകങ്ങളിൽ കണ്ടതു്, മനുഷ്യൻെറ അറിവു വ്യാപരിക്കുന്നതിനെ രണ്ടു പിരിവുകളിൽ പെടുന്നതായി മനസ്സിലാക്കണമെന്നാണല്ലോ—'സമ'യെന്നും 'അന്യ'യെന്നും. ഈ പിരിവുകൾ വിരുദ്ധസ്വഭാവത്തോടുകൂടിയതുമാണ്. ഉപരിതനമെന്നും അനുപ്രസ്ഥമെന്നും (vertical and horizontal) ആണ് ഈ വൈരുദ്ധ്യത്തെ ഞങ്ങൾ വിശേഷിപ്പിച്ചതു്. അനുപ്രസ്ഥമായ 'അന്യ' എന്ന അറിവ് അവധിയില്ലാത്ത ബാഹ്യവിഷയങ്ങളിൽ താല്പര്യമൂന്നിക്കൊണ്ടുള്ളതാണ്. അതിനെ വെല്ലുവാൻ പ്രയാസമാണ്. എന്നാൽ അഖണ്ഡവിവേകശക്തികൊണ്ട് ഇതിനെ വെല്ലാതെ വിഷയവിരോധിനിയായ നിർമുക്തത ജീവിതത്തിനു ലഭിക്കുകയില്ല എന്നുള്ളതും ഗുരു അവിടെ വ്യക്തമാക്കി.

ഈ വൈരുദ്ധ്യത്തിനു പുറമേ 'സമ'യിലും 'അന്യ'യിലും അതാതിൻെറ രണ്ടുമുഖങ്ങൾ മൂല്യപരമായി എതിർധ്രുവങ്ങളായി നില്ക്കുന്നു എന്നുള്ളതും 39, 40 ശ്ലോകങ്ങളിൽ കണ്ടു. സാമാന്യവും വിശേഷവുമാണ് ഈ എതിർധ്രുവങ്ങൾ. ലൗകികതാല്പര്യങ്ങളിലേക്കു നമ്മെ വലിച്ചിഴച്ചുകൊണ്ടു പോകുന്നതാണ് അനുപ്രസ്ഥമായ 'അന്യ' എന്ന അറിവിൻെറ വൃത്തി. അതിൽ സാമാന്യമായിരിക്കുന്നതു് 'ഇതു്' ഇന്നതു്' എന്നു താല്പര്യപൂർവ്വം വകതിരിച്ചറിയുന്നതിൽ സർവ്വസാമാന്യമായിരിക്കുന്ന 'ഇതു്' എന്ന അവ്യക്തമായ പൊരുളാണ്. 'സമ'യായ ബോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധവൃത്തിയിലാകട്ടെ അതിന്റെ സാമാന്യമായിരിക്കുന്നതു്, 'ഇതു് അറിവു്,' 'ഇതും അറിവു്' എന്ന തരത്തിൽ എല്ലാ അനുഭവങ്ങളെയും അറിവിൽ ഒന്നാക്കിക്കൊണ്ടുന്നതിലെ 'ഇതു്' എന്ന സർവ്വസാമാന്യവും ദ്വൈതരഹിതവുമായ പൊരുളാണു്. 'അന്യ'യുടെയും 'സമ'യുടെയും സാമാന്യത്തിൽ വന്നണഞ്ഞു് അതിൽ അമരുന്ന സ്വഭാവത്തോടുകൂടിയതാണു് അതാതിന്റെ വിശേഷശക്തി. അതേസമയം ഈ വിശേഷശക്തി സാമാന്യത്തിൽ നിന്നു വ്യതിരിക്തമാണുതാനും. അതായതു്, രണ്ടു് അക്ഷങ്ങൾ തമ്മിലും, ഓരോ അക്ഷത്തിലെയും രണ്ടു ധ്രുവങ്ങൾ തമ്മിലും വൈപരീത്യമുള്ള തരത്തിൽ വൃത്തിയോടുകൂടി ഇരിക്കുന്നതാണു മനുഷ്യന്റെ ബോധം. അനുപ്രസ്ഥമായ 'അന്യ' യെന്ന അറിവും അതിനോടു ചേർന്നിരിക്കുന്ന താല്പര്യവും മനുഷ്യമനസ്സിനെ കൂടുതൽ കൂടുതൽ ബദ്ധമാക്കിക്കൊണ്ടിരിക്കുന്നു. അതേസമയം ഉപരിതനമായ 'സമ' എന്ന അറിവും താല്പര്യവും, വിശേഷിച്ചും അതിന്റെ സാമാന്യമായ മുഖം, മനുഷ്യനെ നിർമുക്തതയിലേക്കു നയിക്കുകയും ചെയ്യുന്നു.

ചിന്തയുടെ സൂക്ഷ്മതലങ്ങളിലൂടെയാണു് ഇവിടെ നമ്മൾ കടന്നു പോകുന്നതെന്നറിയാം. അതുകൊണ്ടു ഞങ്ങൾ പറയുന്നതിനുപോദ്ബലകമായി പുരാതനചിന്തകന്മാർ പറഞ്ഞിട്ടുള്ളതിലേക്കുകൂടി അല്പമൊന്നു പിൻതിരിഞ്ഞു നോക്കാം. വചനത്തെ അഥവാ കേവലമായ അറിവിനെ (logos) വിവരിക്കുന്ന കൂട്ടത്തിൽ അരിസ്റ്റോട്ടിൽ പറയുന്നു. 'വചനത്തെ രണ്ടു വശങ്ങളിൽ നിന്നുകൊണ്ടു കാണേണ്ടിയിരിക്കുന്നു—(a) വിശേഷഭാവങ്ങളുടേതായ നാനാത്വത്തിന്റെ വശത്തുനിന്നും, (b) എല്ലാ വിശേഷഭാവങ്ങൾക്കും ആധാരമായിരിക്കുന്ന സാമാന്യതത്ത്വങ്ങളുടെ ആകെത്തുകയുടെ വശത്തുനിന്നും'. യുക്തിവിചാരമെന്നതു മനുഷ്യചേതനയുടെ ഭാഗമല്ല, അതിൽ നിന്നു വ്യതിരിക്തമാണു്, എന്നു് അദ്ദേഹത്തിനു സമ്മതിക്കേണ്ടിവരുന്നു. ചിന്ത (nous) മനുഷ്യചേതനയിലേക്കു് അധികമായി അനുവേശിപ്പിച്ചിട്ടുള്ളതു മാത്രമാണു്. അതാണു് മനുഷ്യനിലുള്ള ദൈവീകാംശം എന്നു് അരിസ്റ്റോട്ടിൽ കരുതുന്നു.* നമുക്കിവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതു് ചിന്താശീലം ഒരു അധികപ്പററായി മനുഷ്യനി

....

* *Britannica Encyclopaedia* യിൽ Theory of Knowledge എന്ന ലേഖനം നോക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലുള്ള ദൈവീകാംശമാണ് എന്നുള്ളതാണ്. നാം ഇവിടെ പറയുന്ന, ബോധത്തിന്റെ വിശേഷഭാവത്തെത്തന്നെയാണ് അത് അർത്ഥമാക്കുന്നത്.

5. അന്തിമമായ ദ്വൈതനിരാകരണം

വൈപരീത്യം മനുഷ്യബോധത്തിന്റെ ഹൃദയസ്ഥാനത്തു തന്നെ കുടിയിരിക്കുന്നു എന്നാണ് ഞങ്ങൾ പറഞ്ഞുവന്നത്. എന്നാൽ അറിവിന്റെ വൃത്തികളുടെ തലത്തിൽ മാത്രമേ ഈ വൈപരീത്യത്തിനു പ്രസക്തിയുള്ളു എന്നുകൂടി അറിഞ്ഞിരിക്കണം. എല്ലാ വൃത്തികളും സംഭവിക്കുന്നതു ബോധത്തിലാണ്. ആ ബോധമാകട്ടെ, എല്ലാ വൃത്തികൾക്കും ആധാരമായ സത്തയായിരിക്കുന്നതേയുള്ളു. വൃത്തിരഹിതമായ ബോധത്തിൽ വൈപരീത്യങ്ങൾക്കൊന്നും സ്ഥാനമില്ല എന്നർത്ഥം. തത്ത്വപരമായിട്ടെങ്കിലും, വൃത്തിരഹിതമായ അറിവിനെ, എല്ലാ വിപരീതഭാവങ്ങളുടെയും സന്ധിസ്ഥാനമായ കേന്ദ്രബിന്ദുവായി കണക്കാക്കാം. ചിത്തിനെയും ജഡത്തെയും രണ്ടു സത്യങ്ങളായി കാണുന്ന പ്രമാദം വരുത്തിയ ചിന്തകനാണ് ഡക്കാർട്ട്. അദ്ദേഹത്തിനുപോലും പറയാൻ കഴിഞ്ഞു, 'ആത്മബോധം ഒരു വസ്തുതയായിരിക്കുമ്പോൾ അതിൽ പരമാർത്ഥവും സത്തയും ഏകീഭവിക്കുന്നു' എന്ന്. യോഗാത്മകചിന്തയുടെ ശൈലിയിൽ പറഞ്ഞാൽ, അരിസ്റ്റോട്ടിൽ ചിന്തിച്ചതു് അവരോഹണാത്മകമായിട്ടാണ്. സാമാന്യമായ ഒരു കാരണസത്തയിൽ നിന്ന് എല്ലാം ഉണ്ടായി വരുന്നതായി അദ്ദേഹം ഭാവന ചെയ്തു. പ്ലേറ്റോ ചിന്തിച്ചതാകട്ടെ, ആരോഹണാത്മകമായിട്ടും. വിശേഷഭാവങ്ങളുടെ നാനാത്വത്തിന്റെ ലോകത്തുനിന്ന് സാമാന്യമായ ഏകസത്യത്തിന്റെ പരമാർത്ഥലോകത്തിലേയ്ക്കുയരുന്നതാണ്, ആ ചിന്ത. യൂറോപ്പിലെ 'സ്കോളാസ്റ്റിക്'' ചിന്തകർ ഇവരെ തമ്മിലടുപ്പിച്ചുകൊണ്ടു വരാൻ നോക്കി. സ്പിനോസാ, ആ ശ്രമം തുടർന്നു. ഉന്നതതലത്തിലുള്ള അപരോക്ഷജ്ഞാനത്തിന്റെ ഭാഷയിലാണ് അദ്ദേഹം സംസാരിച്ചതു്. ശാസ്ത്രീയമായ അപരോക്ഷജ്ഞാനത്തെപ്പററി (scienta intuitiva) അദ്ദേഹം എടുത്തുപറയുന്നു. അതു ധ്യാനപ്രധാനമായൊരു ചിന്താസരണിയാണ്. ''അവിടെ ഭാവനാപരമായ അനുഭവങ്ങളിലെ സ്ഥൂലമായ വ്യക്തിഭാവങ്ങളെയൊന്നും നഷ്ടപ്പെടുത്തുന്നില്ല. എന്നാൽ ഉന്നതമായൊരു തലത്തിൽ, ഓരോന്നിനെയും വെവ്വേറെയെടുത്തറിയേണ്ട ആവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്യമില്ലാതെ വരുന്നു. അനാദ്യന്തമായ ഒരു ആധാരസത്തയിൽ ഈ വെവ്വേറെ കാണപ്പെടുന്നതെല്ലാം എങ്ങനെ ചേർന്നിണങ്ങിയിരിക്കുന്നു എന്നു മാത്രമേ അവിടെ നോക്കുന്നുള്ളു.''

ദാർശനികമായ തത്ത്വവിചാരത്തിന്റെ കൂടുതൽ സൂക്ഷ്മമായ വശങ്ങളിലേക്കു കടന്നുപോകാൻ ഞങ്ങളിവിടെ മുതിരുന്നില്ല. വൃത്തിരഹിതമായ ബോധമെന്നു പറഞ്ഞാലും (logos) വൃത്തിരൂപത്തിലുള്ള അറിവെന്നു പറഞ്ഞാലും (nous) എല്ലാ ഭേദഭാവനകളും ഇല്ലാതായിത്തീരുന്ന ഒരു ബിന്ദുസ്ഥാനമുണ്ട്. അവിടെ വൃത്തികളും വൃത്തിരഹിതമായ അറിവും അഭേദമായിരിക്കുന്നു; അദ്വയമായിരിക്കുന്നു. ആ ഏകത നിരപേക്ഷമാണ്. ഈ രഹസ്യം ചൂണ്ടിക്കാണിക്കുക മാത്രമാണ് ഇവിടെ ഞങ്ങളുടെ ലക്ഷ്യം. പൗരസ്ത്യചിന്തയിലായാലും പാശ്ചാത്യചിന്തയിലായാലും, ചിന്ത അതിന്റെ പരിസീമ കണ്ടെത്തുന്നത് ഈ ദ്വൈതരാഹിത്യത്തിലാണ്.

6. യോഗബുദ്ധി ന്യായബുദ്ധിയെക്കാൾ മഹത്തരം

സത്യത്തെ സംബന്ധിച്ച താർക്കികമായ ന്യായബുദ്ധിയോടുകൂടി ചിന്തിക്കാം. പക്ഷേ അതു നമ്മെ കൊണ്ടെത്തിക്കുന്നതു, വളരുകയോ പൂക്കുകയോ കായ്ക്കുകയോ ചെയ്യാത്ത ശുഷ്കമായ ഒരാശയത്തിലായിരിക്കും. സത്യം ഉണ്ടായിരിക്കുന്നതും പുലരുന്നതും അതിനെ അറിയുന്നതും ഒക്കെ ജീവിക്കുന്നതായിട്ടായിരിക്കണം. സത്യം നിർജ്ജീവമല്ല, ശൂന്യവുമല്ല. ശൂന്യതയിൽ അതു പുലരുകയുമില്ല. സാധാരണ ജീവിതത്തിൽ മനുഷ്യനു് അനുഭവഗോചരമായിത്തീരുന്ന സഹജവും സ്വാഭാവികവുമായ പ്രിയാപ്രിയങ്ങളുടെ അഥവാ മൂല്യങ്ങളുടെ രൂപത്തിൽ സാക്ഷാത്കൃതമായിത്തീരുന്നതായിരിക്കണം, സത്യം. വൃത്തിയോടുകൂടിയ ബോധത്തിൽ സംഗതമായി വരുന്ന വിപരീതഭാവങ്ങളെ അന്യോന്യം നിരാകരിക്കുമ്പോഴാണ്, അഥവാ വിപരീതഭാവങ്ങളെ ഉപരിതനമായ സമയുടെ ഏകതയിൽ വിലീനമാക്കുമ്പോഴാണ്, മാനുഷികമൂല്യങ്ങൾ അഥവാ പ്രിയാപ്രിയങ്ങൾ ജീവിതത്തിൽ ദ്വൈതഭാവമററു സഫലമായിത്തീരുന്നതു്. കഴിഞ്ഞ ഏതാനും വിഭാഗങ്ങളിലും, ഈ മാർഗ്ഗരേഖയുടെ ഒന്നാംഭാഗത്തിന്റെ അവസാനത്തിലും ശ്രമിച്ചതു്, വ്യക്തിയിൽ സഹജമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരിക്കുന്ന ഈ പ്രിയങ്ങളുടെ യോഗയുക്തമായ സാക്ഷാത്കാരത്തിന്റെ സ്വഭാവം വ്യക്തമാക്കാനാണ്.

കേവലമായ കാലം രാത്രിയേയോ പകലിനേയോ ആധാരമാക്കിയുള്ളതല്ല. നാം നിലനില്ക്കുന്നതായ നമ്മുടെ അനുഭവം മാത്രമാണത്. നമ്മതം നിലനില്ക്കുന്നു എന്ന തരത്തിലുള്ള കാലാനുഭവത്തിൽ പകലും രാത്രിയും വന്നും പോയുമിരിക്കുന്നവ മാത്രമാണ്. ഇതുപോലെ, സഹജവും സ്വാഭാവികവും നീതിയുക്തവും നന്മയുററതും സത്യവും സുന്ദരവുമായി ഓരോ വ്യക്തിയിലുമിരിക്കുന്ന പ്രിയങ്ങളെ പരസ്പരവിരുദ്ധമായ രണ്ടു മുഖങ്ങളോടു കൂടിയതും അതേസമയം ദ്വൈതത്തിന്നതീതവുമായ പൊരുളായി കാണാൻ സാധിക്കും. ഇതിന്റെ വെളിച്ചത്തിലാണ് ഏതു വിദ്യാഭ്യാസപരിപാടിയുടെയുംമൂല്യത്തെ വിലയിരുത്തേണ്ടതു്.

ജീവിതത്തിന്റെ വിവിധഘട്ടങ്ങളും ഒന്നൊന്നായി വിരിഞ്ഞു വികസിച്ചു വരുന്നതനുസരിച്ച്, വ്യക്തിസത്തയിൽ നിന്നു് അഭേദമായി ഉണ്ടായിവരുന്ന താല്പര്യങ്ങളുമായി ഉന്നതമൂല്യങ്ങളെ യോഗയുക്തമായി ഇണക്കിച്ചേർത്തു വ്യക്തിസത്തയ്ക്കു് ഒരു താളക്രമവും സ്വരലയവും ഉണ്ടാക്കിയെടുക്കുക എന്നതു് എത്രത്തോളം നേടിയെന്നതു വച്ചുകൊണ്ടുവേണം ഏതു വിദ്യാഭ്യാസസമ്പ്രദായവും അടിയുറപ്പുള്ളതാണോ എന്നു പരിശോധിക്കേണ്ടതു്.

വിദ്യാഭ്യാസത്തെ ഇങ്ങനെ യോഗശാസ്ത്രത്തിനു ചേരുന്ന രീതിയിൽ കാണുന്നതു ഭാരതത്തിനു് അപരിചിതമല്ല. യോഗികളുടെ ചിരപുരാതനമായ ഈ സമ്പ്രദായത്തിന്റെ പ്രമാണഗ്രന്ഥം ഭഗവദ്ഗീതയാണ്. വ്യക്തികളിൽ സഹജമായിരിക്കുന്ന, അവരുടെ അസ്തിത്വത്തിനു്, അർത്ഥം നല്കുന്ന ജീവിതതാല്പര്യങ്ങളെ, ആകെ സത്യവുമായുള്ള അവരവരുടെ അഭേദതയെ കണ്ടുകൊണ്ടു ജീവിതത്തിൽ സാഫല്യമാക്കി, ജീവിതത്തെ സഫലമാക്കിത്തീർക്കേണ്ടതെങ്ങനെയെന്നതാണ് അതിലെ മുഖ്യചിന്താവിഷയം. യോഗയുക്തമായ ഈ സമീപനരീതിയുടെ സ്വഭാവം ശാസ്ത്രീയമായ സൂക്ഷ്മതയോടുകൂടി അതിൽ നിർവചിക്കുകയും ചെയ്യുന്നുണ്ടു്. യോഗയുക്തമായ അറിവിനെ സാധാരണ അറിവിനെക്കാൾ മഹത്തായിട്ടാണു ഗീത കാണുന്നതു്. സാധാരണ അറിവു ജീവിക്കുന്ന സത്തയല്ല. അതു വെറും ശുഷ്കമായ ആശയങ്ങൾ മാത്രമാണ്. യോഗയുക്തമായ അറിവാകട്ടെ ജീവിക്കുന്നതാണ്, ജീവിതത്തിന്റെ ഭാവസ്ഫുരണമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതുകൊണ്ട് ഒരു വിദ്യാഭ്യാസസമ്പ്രദായം വിഭാവനചെയ്യുമ്പോൾ അതിന്റെ മൂല്യം വിലയിരുത്തേണ്ടതു്, നൂറുശതമാനം മാനുഷികതകൊണ്ടു നിറഞ്ഞിരിക്കുന്ന, ജീവിക്കുന്ന മനുഷ്യനെ വാർത്തെടുക്കാൻ അതു് ഉപകരിക്കുമോ എന്നു ശ്രദ്ധിച്ചു കൊണ്ടു വേണം.

7. വിദ്യാഭ്യാസം സമഗ്രമനുഷ്യനുവേണ്ടി

വിദ്യാഭ്യാസപരിഷ്കർത്താക്കളുടെയിടയിൽ ഈയിടെയായി കേട്ടുതുടങ്ങിയിരിക്കുന്ന മറ്റൊരു പ്രയോഗമാണ് ''ആകെ മനുഷ്യനു വേണ്ടിയുള്ള വിദ്യാഭ്യാസം'' എന്നതു്. അതായതു്, ഓരോ മനുഷ്യനെയും ഒരു സമഗ്രസത്തയായി കണ്ടുകൊണ്ട് അതിനെ പൂർണ്ണതയിലെത്തിക്കാൻ വേണ്ടിയുള്ള വിദ്യാഭ്യാസം. മനുഷ്യനെ വാർത്തെടുക്കാനുള്ള വിദ്യാഭ്യാസം, സ്വഭാവരൂപീകരണത്തിനുള്ള വിദ്യാഭ്യാസം, സദാചാരപരവും ആദ്ധ്യാത്മികവുമായ വിദ്യാഭ്യാസം, എന്നിങ്ങനെയുള്ള സങ്കല്പങ്ങൾ ഏതാണ്ട് ഇതേ അർത്ഥത്തിൽത്തന്നെ പണ്ടുതൊട്ടേ പ്രചാരത്തിലിരിക്കുന്നതാണ്. ജനിക്കുമ്പോൾത്തന്നെ ഓരോ വ്യക്തിയുടെയും സ്വഭാവവിശേഷങ്ങൾ, പ്രത്യേകതരത്തിലുള്ള നാഡീവ്യവസ്ഥയും മറ്റും കൊണ്ടു, തീരുമാനിക്കപ്പെട്ടുകഴിഞ്ഞതാണെന്നുണ്ടെങ്കിൽ, ഇപ്പറഞ്ഞതിനൊക്കെ എന്തു പ്രായോഗികപ്രസക്തിയാണുള്ളതു്? സമഗ്രമായ വ്യക്തിയെ ഓരോരുത്തരിലും പൂർത്തിയിലെത്തിക്കുന്നതിൽ കാര്യമായ എന്തെങ്കിലും ഫലമുളവാകണമെന്നുണ്ടെങ്കിൽ പല ഘടകങ്ങൾ ഒത്തുചേരേണ്ടിയിരിക്കുന്നു എന്നുള്ളതു വാസ്തവമാണ്. വ്യക്തിസത്തയുടെ സ്വരൂപസംരചനയെ അതിന്റെ എല്ലാ വശങ്ങളിൽ നിന്നു കൊണ്ടും ആകെ പ്രപഞ്ചസത്തയിൽ നിന്ന് അഭേദമായും കണ്ടു മനസ്സിലാക്കുക, ഊനമററതും തത്ത്വാധിഷ്ഠിതവുമായ ഒരു വിദ്യാഭ്യാസപദ്ധതി ഉണ്ടായിരിക്കുക, തന്റെ വിദ്യാർത്ഥികൾക്കനുയോജ്യമായ തരത്തിൽ ഈ പദ്ധതി വേണ്ടവണ്ണം പ്രയോഗത്തിൽ വരുത്താൻ കഴിവുള്ള ഒരദ്ധ്യാപകനുണ്ടായിരിക്കുക എന്നിവയോടൊപ്പം എല്ലാ സാഹചര്യങ്ങളെയും അനുകൂലമാക്കിവെയ്ക്കാൻ സാധിക്കുകയും ചെയ്തിരിക്കണം. വാസ്തവത്തിൽ വിദ്യാഭ്യാസം എന്നതിന്റെ ഭാവിതന്നെ ഇതിനെ ആശ്രയിച്ചിരിക്കുന്നു. ഇതു മാതിരിയുള്ള ഒരു മാർഗ്ഗരേഖ പുതിയതായി ഉണ്ടാകുന്നതിനുള്ള ന്യായീകരണവും ഇതുതന്നെയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആധുനികജീവിതത്തിൽ പ്രചാരത്തിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ഉദ്ദീപന-പ്രതികരണങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയിട്ടുള്ള മനഃശാസ്ത്രത്തെ ആധാരമാക്കിയിട്ടുള്ളതാണ്. അതിനു നേതൃത്വം നല്കിയതു് അമേരിക്കയും. എന്നാൽ സമഗ്രമായ മനുഷ്യനെ വളർത്തിയെടുക്കുന്ന കാര്യത്തിൽ ഈ സമ്പ്രദായം അമ്പേ പരാജയപ്പെട്ടുപോയി എന്നതു് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. അമേരിക്കയിലെ ഏററവും തലയെടുപ്പുള്ള വിദ്യാഭ്യാസചിന്തകനാണു ജോൺ ഡ്യൂയി. ഇപ്പറഞ്ഞ യാഥാർത്ഥ്യം അദ്ദേഹംപോലും അംഗീകരിക്കുന്നു. അദ്ദേഹം എഴുതിയിരിക്കുന്നു: ''ഓരോ ഉദ്ദീപനവും പ്രതികരണവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു വിലയിരുത്തിപ്പോരാറുള്ളതു് ഒററപ്പെടുത്തിയെടുത്ത പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത്തരം ഒററപ്പെടുത്തിയെടുത്ത ഉദ്ദീപന പ്രതികരണങ്ങളാകട്ടെ, ജീവിതത്തിൻെറ ഒഴുക്കിലെ ഒരു പ്രത്യേക നിമിഷത്തെ കുറുകെ മുറിച്ചു നോക്കിയാൽ കാണുന്ന നിശ്ചലചിത്രം മാത്രമാണ്. ജീവിതം കാലത്തിലൂടെ മുന്നോട്ടു പോയി വൃദ്ധിപ്രാപിക്കുകയും പരിണമിക്കുകയും ചെയ്യുന്നതിനെ നെടുകേ മുറിച്ചു നോക്കിയാൽ കാണുന്നതാണ്, വിദ്യാഭ്യാസകാര്യത്തിൽ ഏററവും മുഖ്യമായിട്ടുള്ളതു്. എന്നാൽ അതിവിടെ വിഗണിച്ചിരിക്കുന്നു.''*

ജീവിതത്തെ നെടുകേ മുറിച്ചാൽ കാണുന്ന ദൃശ്യമാണു വിദ്യാഭ്യാസകാര്യത്തിൽ ഏററവും മുഖ്യമായി കണക്കിലെടുക്കേണ്ടതെന്നു ജോൺ ഡ്യൂയി പറഞ്ഞിരിക്കുന്നതു വളരെ അസാധാരണമായി തോന്നിയേക്കാം. ഇദ്ദേഹത്തെയാണു ഷിക്കാഗോയിലെ തൻെറ ശിഷ്യന്മാർ തന്നെ, വെറും 'പ്രാഗ്മാററിസ്റ്റ്' പ്രായോഗികതയെ മാത്രം പ്രമാണമാക്കിയെടുക്കുന്നവൻ) എന്നു മുദ്രകുത്തി തള്ളിക്കളഞ്ഞതു്. എങ്കിലും അദ്ദേഹം നമുക്കു തരുന്ന സൂചന, ആകെ മനുഷ്യനു വേണ്ടിയുള്ള വിദ്യാഭ്യാസത്തിൽ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നു എന്നാണ്. എന്നുതന്നെയല്ല, വിദ്യാഭ്യാസസന്ദർഭത്തിൽ പ്രസക്തമായിവരുന്ന വ്യക്തിസത്തയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന സ്വരൂപസങ്കല്പം,

....

* pp. 67, 68 *The Sources of a Science of Education*, New york, 1929.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മാർഗ്ഗരേഖയിൽ നമ്മൾ അവതരിപ്പിക്കുന്നതിൽ നിന്നു് അടിസ്ഥാനപരമായി വ്യത്യസ്തമല്ല എന്നുമാണു്.

8. നാലു ബോധതലങ്ങൾ

അദ്ധ്യാപകൻ, അധ്യേതാവ് എന്നീ രണ്ടു ധ്രുവങ്ങൾക്കിടയിൽ നടക്കുന്ന ഒരു പ്രക്രിയയാണല്ലോ വിദ്യാഭ്യാസം. രണ്ടു പേരുടെയും ബോധത്തിന്റെ അത്യാഗാധമായ തലങ്ങൾ തമ്മിൽ എത്രത്തോളം അടുക്കുന്നു എന്നതനുസരിച്ചിരിക്കും വിദ്യാഭ്യാസപ്രക്രിയ യഥാർത്ഥത്തിൽ ഫലവത്തായിത്തീരുന്നതു്. ഈ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയുടെ ആന്തരികസത്തയിൽ, ഉദ്ദീപനപ്രതികരണങ്ങളുടേതായി നമുക്കെല്ലാം പരിചയമുള്ള ബാഹ്യതലത്തിനടിയിൽ കൂടുതൽ അഗാധതയിൽ കിടക്കുന്ന അദൃശ്യമായ മററു തലങ്ങൾകൂടി പരിശോധിച്ചു നോക്കുന്നതു് ഇവിടെ അസ്ഥാനത്താവുകയില്ല.

ഒന്നാം ഭാഗത്തിന്റെ അവസാനത്തിൽ ബോധത്തിന്റെ സാമാന്യസ്വരൂപം പരിശോധിച്ചപ്പോൾ അതിനു നാലു മണ്ഡലങ്ങളുള്ളതായി കാണുകയും, അവയെ ഒരു സഹസംബന്ധപ്രയുക്തിയിൽപ്പെടുത്തി മനസ്സിലാക്കുകയും ചെയ്തു. മനോവൃത്തികൾ ജാഗ്രത പുലർത്തുന്ന ജാഗ്രത്, കല്പനകളുടെ ലോകം അഥവാ, ദിവാസ്വപ്നം, ഒരു കല്പനയുമില്ലാത്ത സുഷുപ്തി, നിരുപാധികമായ ബോധസത്ത അഥവാ തുരീയം എന്നിവയാണു് ഈ നാലു ബോധതലങ്ങൾ. ഈഅവസ്ഥാഭേദങ്ങൾ എല്ലാവർക്കും അനുഭവമുള്ളതാണല്ലോ. അതിനു തെളിവും ആവശ്യമില്ല. (ചിത്രം 4 നോക്കുക). ഈ നാലു മണ്ഡലങ്ങൾ വച്ചുകൊണ്ടു്, ബോധതലത്തിലുള്ളതും ബോധതലത്തിൽ വന്നെത്താതെ അടിയിൽ മറഞ്ഞുകിടക്കുന്നതുമായ എല്ലാ വശങ്ങൾക്കും അതതിന്റെ സ്ഥാനം നല്കി മനസ്സിലാക്കാവുന്നതാണു്. സമുദ്രത്തിൽ ഒഴുകിനടക്കുന്ന മഞ്ഞുമലകളിൽ ജലോപരി കാണാവുന്നതു് അതിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമായിരിക്കും. അതിന്റെ പ്രധാന ഭാഗം വെള്ളത്തിനടിയിൽ മറഞ്ഞു കിടക്കും. അതുപോലെയാണു് ഉദ്ദീപന-പ്രതികരണങ്ങളുടേതായ ബാഹ്യതലത്തിനടിയിൽ ആത്മസത്തയുടെ അഗാധതലങ്ങൾ വ്യക്തിയിൽ മറഞ്ഞു കിടക്കുന്നതു്. വലിപ്പം വച്ചു നോക്കിയാലും ഗുണപരമായി നോക്കിയാലും ഈ മറഞ്ഞു കിടക്കുന്ന അംശമാണു വ്യക്തിത്വത്തിൽ കൂടുതൽ പ്രധാനപ്പെട്ടതു്. മറഞ്ഞു കിടക്കുന്ന ഈ മൂന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തലങ്ങൾക്ക വിദ്യാഭ്യാസകാര്യത്തിൽ അർഹിക്കുന്ന സ്ഥാനം നല്കുക എന്നതിനാണ് ഈ മാർഗ്ഗരേഖ പ്രത്യേകം ഊന്നൽ കൊടുക്കുന്നതു്.

ബോധത്തിൻെറ നാലു മണ്ഡലങ്ങളുടെ, തികച്ചും മനഃശാസ്ത്രപരമായ ഒരപഗ്രഥനം മാണ്ഡൂക്യോപനിഷത്തിൽ നടത്തിയിട്ടുണ്ടു്. ആത്മസത്തയുടെ നാലവസ്ഥകൾ അഥവാ പാദങ്ങൾ (ചതുഷ്പാത്) വിവരിക്കുന്നതിനുവേണ്ടി മാത്രമുള്ളതാണ് ഈ ഉപനിഷത്തു്. ഈ അവസ്ഥകളുടെ സ്വഭാവവും അന്യോന്യബന്ധവും, സ്ഥൂലത്തിൽ തുടങ്ങി സൂക്ഷ്മത്തിലേക്ക പോകുന്ന ഒരു ക്രമത്തിൽ അതിൽ വ്യക്തമാക്കിയിരിക്കുന്നു. ജാഗ്രത്, സ്വപ്നം, സുഷുപ്തി, ചതുർത്ഥം (തുരീയം) എന്നിവയാണ് ഈ അവസ്ഥകൾ. ആദ്യം വ്യക്തിയുടെ അതാതവസ്ഥയിലുള്ള ബോധത്തിൻെറ സ്വഭാവം ഒന്നൊന്നായി പറയുന്നു. പിന്നീടു് അവയ്ക്കു ശബ്ദരൂപത്തിൽ നല്കുന്ന പേരുവച്ചുകൊണ്ടു മാത്രകളെന്ന നിലയിൽ പാദങ്ങളുടെ സ്വരൂപം വീണ്ടും വിവരിക്കുന്നു. അകാരം, ഉകാരം, മകാരം അമാത്ര എന്നിവയാണ് ഈ മാത്രകൾ. ഈ നാലും ചേർന്ന് ഒന്നായതാണല്ലോ ഓങ്കാരം. ആധുനിക മനഃശാസ്ത്രത്തിൻെറ ഭാഷയിൽ പറഞ്ഞാൽ, ബഹിർമുഖമായി ബാഹ്യവിഷയങ്ങളെ അറിയുന്ന ബോധവൃത്തിയാണ ജാഗ്രത്. അന്തർമുഖമായി കാല്പനികവിഷയങ്ങളിൽ രമിച്ചിരിക്കുന്ന ദിവാസ്വപ്നമാണ് രണ്ടാമത്തേതു്. നല്ല ഉറക്കത്തിലെ കേവല സുഖാനുഭവമാണ സുഷുപ്തി. ഈ മൂന്നവസ്ഥകളുമായി പിരിഞ്ഞു നില്ക്കുന്ന നിരുപാധികമായ ബോധമാണ തുരീയം അഥവാ ചതുർത്ഥം. (നാലാമത്തേതു് എന്നുമാത്രമേ തുരീയം എന്നതിനു് അർത്ഥമുള്ളു.)

അദ്ധ്യാപകനും അധ്യേതാവും ആജീവനാന്തപങ്കാളികളായിരിക്കുന്ന ഒരു വിദ്യാഭ്യാസസന്ദർഭത്തിൽ ഈ തുരീയബോധം പ്രാപ്തമായിത്തീരണം. അവിടെ അദ്ധ്യാപകൻെറ ഉൾവെളിവു് അദ്ധ്യേതാവിൻെറ അന്തരാത്മാവിൽ ഒരു വ്യതിവ്യാപനമെന്നപോലെ അരിച്ചിറങ്ങണം. ഇതു സാദ്ധ്യമാകണമെങ്കിൽ, വ്യക്തിസത്തയുടെ ഏററവും പ്രകടമായ സ്ഥൂലഭാവത്തോടൊപ്പം ഏററവും ആഴത്തിലുള്ള സൂക്ഷ്മഭാവങ്ങളെ സംബന്ധിക്കുന്ന വിശദവും സൂക്ഷ്മവുമായ ധാരണകൂടി ഉണ്ടായിരുന്നേ മതിയാവൂ. ചില ഇംഗ്ലീഷ് എഴുത്തുകാർ വിദ്യാഭ്യാസത്തെ വളരെ ലാഘവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിയോടെ കണ്ടു്, കൈവന്നതുവച്ചുകൊണ്ടു് ഒപ്പിച്ചെടുക്കുന്ന ഒരു രീതിയായും നക്കിരൂപപ്പെടുത്തിയെടുക്കുന്ന ഒരു പ്രക്രിയയായും ഒക്കെ വിശേഷിപ്പിച്ചിട്ടുണ്ടു്. ഇതുപോരാ എന്നുണ്ടെങ്കിൽ, വ്യക്്തിസത്തയിലെ തെളിഞ്ഞു കാണാവുന്നതും മറഞ്ഞിരിക്കുന്നതുമായ ഭാവങ്ങളെ വേണ്ടവണ്ണം മനസ്സിലാക്കി, അവയെ കൂട്ടിയിണക്കിയെടുത്തേ നിവൃത്തിയുള്ളു.

9. ഗുരുശിഷ്യബന്്ധം

100056

ഭാരതീയമായ ആദ്ധ്യാത്മികതയുടെ, ... അങ്ങേക്കിടയിലുള്ള ചില പതിപ്പുകൾ അടുത്ത കാലത്തായി പാശ്ചാത്യലോകത്തു ചെന്നെത്തിയിട്ടുണ്ടു്. പെട്ടെന്നു് ആകഷ്കമായി തോന്നുന്ന അതു ശാസ്ത്രത്തിന്റെ വേഷംധരിച്ച 'ശാസ്ത്രാഭാസം' മാത്രമാണു്. പണ്ഡിതന്മാരുടെയിടയിൽ പൗരസ്ത്യചിന്തയെ സംബന്ധിച്ചുള്ള അവിശ്വാസം ഉടലെടുക്കാനും ഇതു സ്വാഭാവികമായി ഇടയാക്കിയിട്ടുണ്ടു്. ചില പ്രത്യേക സാംസ്കാരികവൃത്തങ്ങളിൽ, ഗുരു എന്ന വാക്കു കേൾക്കുന്നതു മതി അന്തരീക്ഷം മേഘാവൃതമാകാൻ. അതിശയോക്്തി കലർത്തി ഒരു വശത്തേയ്ക്കും ചാഞ്ഞു പോകാതെ, ഒരു നടുനിലയിൽനിന്നു നോക്കിയാൽ കാണാവുന്നതു്, മനുഷ്യപ്രകൃതി ഒരേ ഉൾക്കാഴ്ചയോടുകൂടി, ഒരേതരത്തിൽ എവിടെയും വ്യാപരിക്കുന്നതാണു്. മനുഷ്യവർഗ്ഗം ഒന്നാണു്. പൗരസ്ത്യലോകത്തിലെ ജ്ഞാനദാനസന്ദർഭത്തിൽപ്പെടുന്നതായി സ്വാഭാവികമെന്നവണ്ണം അംഗീകരിച്ചിട്ടുള്ള തത്ത്വങ്ങളോടു സമാനമായിട്ടുള്ളതാണു് പാശ്ചാത്യലോകത്തു വിരിഞ്ഞിട്ടുള്ള ഉദാത്തമായ ചിന്താസുമങ്ങളിലും സൗരഭ്യമായിരിക്കുന്നതു് എന്നു മനസ്സിലാക്കുമ്പോൾ, മനുഷ്യവർഗ്ഗം ഒന്നാണെന്നു സംശയരഹിതമായിത്തീരുകയും ചെയ്യുന്നു.

ജനീവായിലെ ഋഷിവര്യൻ അതീവസൂക്ഷ്മതയോടും ശ്രദ്ധയോടുംകൂടി വികസിപ്പിച്ചെടുത്തിട്ടുള്ള 'റൂസ്സോ-എമിൽ' ബന്ധം വീണ്ടും നമ്മുടെ ശ്രദ്ധയിലേയ്ക്കു കടന്നുവരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രധാന ചവിട്ടുപടിയായി ഭാരതീയർ പുരാതനകാലംമുതൽ കരുതിപ്പോരുന്ന 'ഗുരുശിഷ്യപാരസ്പര്യം' തന്നെയാണു ആ ബന്ധത്തിലുള്ളതു്. ഇതവതരിപ്പിച്ച റൂസ്സോയെയാണു് പാശ്ചാത്യലോകം തെററിദ്ധരിക്കാനിടയായതു്. എന്നാലും ഞങ്ങൾ ആ ബന്ധത്തിനു് പ്രഥമപ്രാധാന്യം നല്കുന്നു. വിശേഷിച്ചും ഈ മാർഗ്ഗരേഖയിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യാപകനും അദ്ധ്യേതാവും തമ്മിലുള്ള ബന്ധത്തെ പൗരസ്പര്യ വിഭാവനം ചെയ്തിരിക്കുന്നതിൽ നിന്നു്, ആദ്ധ്യാത്മികതയുടെ പേരിൽ പൊങ്ങച്ചം നടിക്കുന്ന പ്രവണതയും, സാമാന്യതത്ത്വങ്ങൾ അനുഭവസിദ്ധമാകാതെതന്നെ, ശ്രൗതമെന്ന നിലയിൽ അംഗീകരിക്കാനുള്ള പ്രവണതയും എടുത്തുമാററുക. അതുപോലെ പാശ്ചാത്യരുടെ ഭാവനയിൽനിന്നു, ബാഹ്യവശങ്ങളെ മാത്രം വച്ചുകൊണ്ടു ജീവിതത്തെ വിലയിരുത്തുന്ന പ്രവണതയും എടുത്തുമാററുക; പിന്നെ കാണുന്നതു്, ശാസ്ത്രീയമായ എല്ലാ അംശങ്ങളിലും രണ്ടുകൂട്ടരും ഏകാഭിപ്രായക്കാരാണു് എന്നതായിരിക്കും. അന്യോന്യം ആകർഷിക്കത്തക്കവണ്ണം രണ്ടു കാന്തങ്ങൾ അടുപ്പിച്ചുകൊണ്ടുവന്നു വച്ചിരിക്കുന്നപോലെയുള്ള ഒരു സന്ദർഭമാണു് ഈ ബന്ധം. അഥവാ വ്യതിവ്യാപനം നടക്കാനുള്ള സാഹചര്യങ്ങൾ ഇണക്കിവച്ചിരിക്കുന്നപോലെയുള്ള ഒരു സന്ദർഭമാണിതു്. അതിൻെറ സ്വഭാവം മനസ്സിലാക്കി കൈകാര്യം ചെയ്യാൻ ഒരു പ്രത്യേകവൈദഗ്ദ്ധ്യം വേണം. ഈ യൊരു രഹസ്യം ഗുരുശിഷ്യപാരസ്പര്യത്തിൽ അന്തർഭവിച്ചിരിക്കുന്നു എന്നുള്ളതിനാണു ഞങ്ങൾ പ്രത്യേകം ഊന്നൽ കൊടുക്കുന്നതു്. വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന അധികൃതർ ഇതു കണ്ടെത്തിയിരുന്നെങ്കിൽ ഈ ലോകത്തിൽ വിദ്യാഭ്യാസത്തിൻെറ പ്രയോജനത്തെ സംബന്ധിച്ചു് എന്തെങ്കിലും പ്രതീക്ഷയ്ക്കു വകയുണ്ടെന്നു കരുതാമായിരുന്നു. വിദ്യാഭ്യാസത്തെ വ്യക്തമായ ലക്ഷ്യമോ മാർഗ്ഗമോ ഇല്ലാത്തതായി വിടാതെ നിഷ്കൃഷ്ടവും ജീവിക്കുന്നതുമായ തത്ത്വങ്ങൾക്കനുസരിച്ചുള്ള ഒരു പ്രക്രിയയാക്കിത്തീർത്താൽ ഇനിയും മനുഷ്യരാശിക്കു് അതിൽനിന്നു വേണ്ടത്ര മധുരഫലം പറിച്ചെടുക്കാം.

10. നാലു ഘട്ടങ്ങൾ, നാലു രീതികൾ

ഈ മാർഗ്ഗരേഖയുടെ ശേഷിക്കുന്ന ഭാഗത്തിൻെറ ആകെ സ്വരൂപം ഇത്തരുണത്തിൽ ഒന്നു വ്യക്തമാക്കിക്കൊള്ളട്ടെ. വിദ്യാഭ്യാസചിന്തയിലെ ഊടുവഴികളിൽ കറങ്ങിത്തിരിയാതിരിക്കാനും, നിലവിലുള്ള വിദ്യാഭ്യാസസിദ്ധാന്തങ്ങളുടെ മഹാരണ്യത്തിൽപ്പെട്ടു വലയാതിരിക്കാനും അതു സഹായിക്കും. വിദ്യാഭ്യാസം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചു രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ കുന്നുകൂടി കിടപ്പുണ്ടു്. അവയ്ക്കിടയിൽപ്പെട്ടു കുഴഞ്ഞുപോകാതിരിക്കാനും ഇതു സഹായിക്കും. ഇപ്പറഞ്ഞ ഗ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ധങ്ങളിൽ മിക്കതിനെയും ഈ മാർഗ്ഗരേഖ ധൈര്യപൂർവ്വം ചോദ്യം ചെയ്യുകയാണു ചെയ്യുന്നതു്. ഞങ്ങളുടെ പ്രഥമവും പ്രധാനവുമായ താല്പര്യം ആകെ മനുഷ്യരാശിയുടെ നന്മയിലാണു്. വിദ്യാഭ്യാസത്തെ ഒരു ആഗോളപ്രശ്നമായി കാണുന്ന സമീപന രീതി അടിയന്തിരമായും ആവശ്യമായി വന്നിരിക്കുന്ന ഒരു ഘട്ടമാണിതു്. അതുകൊണ്ടു ഞങ്ങളിവിടെ ശ്രമിക്കുന്നതു കാടു കയറാതെ കാര്യങ്ങൾ തെളിച്ചുപറയാൻ മാത്രമാണു്. അതുകൊണ്ടു കാര്യങ്ങളുടെ കിടപ്പു് എളുപ്പം ഗ്രഹിക്കത്തക്കവണ്ണം ഇവിടെ ലളിതവല്ക്കരിച്ചു പറയും. ലളിതവല്ക്കരണം കുറേ കടന്നുപോയി എന്ന ആക്ഷേപം ഉന്നയിക്കരുതേ എന്നു ആദ്യംതന്നെ പറഞ്ഞുകൊള്ളട്ടെ.

ഒരു ചതുഷ്പാദതത്ത്വത്തെ അടിസ്ഥാനമാക്കിയാണു് എല്ലാം ഇവിടെ അവതരിപ്പിക്കുന്നതു്. അദ്ധ്യേതാവിന്റെ പ്രായഭേദമനുസരിച്ചു വിദ്യാഭ്യാസത്തിനു നാലു ഘട്ടങ്ങളുണ്ടെന്നും, ഓരോ ഘട്ടത്തിലും ഓരോതരത്തിലുള്ള വിദ്യാഭ്യാസമാണു വേണ്ടതെന്നും പറയും. നിലവിലുള്ള വിദ്യാഭ്യാസസിദ്ധാന്തങ്ങളെയും നാലുവിഭാഗത്തിൽ പെടുത്തിയായിരിക്കും വിലയിരുത്തുന്നതു്. യഥാർത്ഥത്തിലുള്ള മനുഷ്യലോകത്തെയും അതിൽ ഓരോരുത്തരും ഏർപ്പെടേണ്ടിവരുന്ന പ്രവൃത്തികളെയും അതുപോലെ നാലുമേഖലകളിലായി തരം തിരിച്ചു കാണും. പ്രവൃത്തിക്കുള്ള ഈ അവസരങ്ങളാകട്ടെ, ഒരു തരത്തിൽ നേരത്തേ തന്നെ ലോകത്തിൽ വ്യവസ്ഥപ്പെടുത്തിവെച്ചിട്ടുള്ളതാണെന്നു പറയാം. അതിൽ ഏതെങ്കിലും ഒന്നിനോടു് ഓരോരുത്തരും അവരുടെ ആന്തരികപ്രകൃതിയും അവർ നേടിയിട്ടുള്ള പരിശീലനവും അനുസരിച്ചു സ്വയം ഇണക്കിയെടുക്കേണ്ടിവരും. മർമ്മപ്രധാനമായ കാര്യങ്ങൾ അസ്പഷ്ടമായിപ്പോകാതിരിക്കുന്നതിനാണു് അവയെ ഞങ്ങൾ ഇത്തരത്തിൽ ഒരു ചതുഷ്പാദതത്ത്വത്തിൽപ്പെടുത്തി ലളിതമാക്കിയിരിക്കുന്നതു്. ഇങ്ങനെ ഓരോ അറയുണ്ടാക്കി എല്ലാററിനെയും അതിൽ ചൊരുകിവെയ്ക്കേണ്ട ആവശ്യമെന്തെന്നു് ഒരുപക്ഷേ ചോദിച്ചേക്കാം. വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ആഗോളമായ ഒരു വീക്ഷണമുണ്ടാക്കിയെടുക്കുവാനുള്ള ശ്രമമാണു ഞങ്ങൾ നടത്തുന്നതെന്നു പറഞ്ഞല്ലോ. അതു് ഇത്തരമൊരു ലളിതവല്ക്കരണത്തിനു സാധുത നല്കും. വിദ്യാഭ്യാസകാര്യത്തിൽ അന്തർഭവിച്ചിരിക്കുന്ന ഘടകങ്ങളുടെ സ്വഭാവവും സ്വരൂപവും സാധാരണ വായനക്കാർക്കു വ്യക്തമായിക്കിട്ടുമ്പോൾ മനസ്സി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫലാകം ഇവിടെ നടത്തിയിരിക്കുന്ന ലളിതവല്കരണം വാസ്തവത്തിൽ ന്യായീകരിക്കാവുന്നതാണോ അല്ലയോ എന്നു്.



ചിത്രം-5

ചിത്രം-5-ന്റെ വിശദീകരണം

ചിത്രത്തിൽ മദ്ധ്യത്തു കാണുന്നതു് (E) വ്യക്തിത്വത്തിന്റെ യോഗയുക്തമായ സമനിലയെ സൂചിപ്പിക്കുന്നു. അതിനെ പ്രമാണമാക്കിക്കൊണ്ടുവേണം ഓരോ ഘട്ടത്തിലെയും വിദ്യാഭ്യാസ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രീതിയുടെ സ്വഭാവം നിശ്ചയിക്കാൻ. ഈ സമനിലയുടെ സ്വഭാവം ലിംഗഭേദമനുസരിച്ച് വ്യത്യസ്തമായിരിക്കും; ഓരോ വ്യക്തിയിലും ഈഷദ്ഭേദമുള്ളതായിരിക്കും. ഇവിടെ കൊടുത്തിരിക്കുന്ന ചിത്രം പുരുഷന്മാരായ വ്യക്തികളെ സംബന്ധിച്ചുള്ളതാണ്.

ഓരോ ചിത്രത്തിലുമുണ്ട് വരകൊണ്ടു മറച്ചിരിക്കുന്നതായ ഒരു കേന്ദ്രഭാഗം, ജീവിതതാല്പര്യങ്ങൾ പ്രായഭേദമനുസരിച്ചുണ്ടാകുന്ന വ്യതിയാനങ്ങളാണ് ഇതു കാണിക്കുന്നതു് (പ്രായം ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു) കുത്തിട്ട വലയം കാണിക്കുന്നതു പെരുമാററരീതികളും സ്വഭാവരീതികളും താല്പര്യഭേദമനുസരിച്ചു സ്വാഭാവികമായി ഏറിമാറിത്തിരിയുന്നതു് ഏതു വഴിക്കെന്നുള്ളതാണ്.

ഒന്നാം ഘട്ടമായ, 5 മുതൽ 15 വരെയുള്ള വയസ്സിൽ (A). മററുള്ളവരോടു ബന്ധവും ആശ്രയത്വവും വളരെ പ്രബലമായിരിക്കും. ഈ ഘട്ടത്തിൽ വിദ്യാഭ്യാസം പ്രധാനമായും നിവൎത്തനപ്രധാനമായിരിക്കണം (negative). അതായതു്, അങ്ങോട്ടു് എന്തെങ്കിലും പഠിപ്പിക്കാനുള്ള യത്നമായിരിക്കരുതു്. കുട്ടിയിൽ കാണുന്ന അനൈച്ഛികമായ പ്രതികരണങ്ങൾ പ്രത്യേകശീലങ്ങൾ, ഓൎമ്മകൾ, മൂലഭാവങ്ങൾ എന്നിവയെയാണ് ഈ ഘട്ടത്തിൽ അദ്ധ്യാപകൻ പ്രയോജനപ്പെടുത്തേണ്ടതു്.

രണ്ടാം ഘട്ടം (B) പ്രകൃതിസഹജമായ സ്വഭാവവിശേഷങ്ങൾ രൂപപ്പെട്ടുവരുന്ന പ്രായമാണ്. കളികളിലൂടെയുള്ള പഠനം പഠനപര്യടനങ്ങൾ, പ്രകൃതിയുമായി പരിചയമുണ്ടാക്കുന്നതായ അനുഭവങ്ങൾ സൃഷ്ടിക്കൽ, ജിജ്ഞാസ ഉണർത്തുന്ന സാഹചര്യങ്ങളും അനുഭവങ്ങളും പരീക്ഷണങ്ങളും സൃഷ്ടിക്കൽ, എന്നിവയായിരിക്കണം. വിദ്യാൎത്ഥിയെ അങ്ങോട്ടു പഠിപ്പിക്കുന്നതിനു് മുൻതൂക്കമുള്ള ഈ ഘട്ടത്തിൽ ബോധനോപാധിയാകേണ്ടതു്.

മൂന്നാം ഘട്ടത്തിൽ (C) അറിയുന്നതിൻെറയും ചെയ്യുന്നതിൻെറയുമൊക്കെ പരിണതഫലമെന്തായിരിക്കും എന്നുള്ളതാണ വ്യക്തിയുടെ പെരുമാററരീതികളെ നയിക്കുന്നതു്. സാമൂഹികസ്വഭാവമുള്ള പ്രവർത്തനപരിപാടികൾ, നേതൃത്വപരിശീലനം, ആത്യന്തികമായ ഉണ്മയുള്ളതെന്തു് എന്നു കണ്ടെത്താനുള്ള ഔത്സുക്യം, എന്നിവയാണ് ഈ ഘട്ടത്തിലെ വിദ്യാഭ്യാസത്തിൽ ഉപാധിയായിരിക്കേണ്ടതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാലാം ഘട്ടത്തിൽ (D) സ്വന്തം വ്യക്തിസത്തയെ പരമമായ ജീവിതലക്ഷ്യവുമായും, ആകെയുള്ള പ്രപഞ്ചസത്തയുമായും സ്വയം ഇണക്കിയെടുക്കുന്ന മനോഭാവം ദൃഢമൂലമായി ത്തീരുന്നു. ജീവിതം ആദർശനിഷ്ഠമായിരിക്കാൻ ആഗ്രഹിക്കുന്നു, അതായത്, അതു ജ്ഞാനപ്രധാനമാണ്. ഇവിടെ ആവശ്യം. വഴികാട്ടിയായി ഒരു സത്യദർശി ഉണ്ടായിരിക്കുക എന്നതാണ്. ഈ വഴികാട്ടിയെയാണ് ഭാരതത്തിൽ 'ഗുരു' എന്നു വിളിക്കുന്നതു്.

ഈ മാർഗ്ഗരേഖയിൽ അവതരിപ്പിക്കുന്ന ചിന്ത, ഈ നൂററാണ്ടിൻെറ മൂന്നാം ദശകത്തിൽ ഈ ലേഖകൻ തയ്യാറാക്കിയ ഒരു ഗവേഷണപ്രബന്ധത്തെ പിൻപററിയുള്ളതാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഗവേഷണപ്രബന്ധത്തിനു ചേരുന്ന രീതിയിൽ എല്ലാ തെളിവുകളും പ്രമാണസഹിതം അവതരിപ്പിച്ചിട്ടുള്ള ആ പ്രബന്ധം പാരീസ് യൂണിവേഴ്സിററിയിൽ സമർപ്പിക്കുകയും മികവുററ ആ പാശ്ചാത്യവിദ്യാഭ്യാസസ്ഥാപനത്തിൻെറ ബഹുമതിപത്രം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ആ പ്രബന്ധത്തിലെ ഓരോ പ്രസ്താവവും മററു ഗ്രന്ഥങ്ങളിലുള്ള പരാമർശങ്ങൾ ഉദ്ധരിച്ചും പരീക്ഷണങ്ങളും യഥാർത്ഥഅനുഭവങ്ങളും വിശദീകരിച്ചും സാധൂകരിച്ചിട്ടുണ്ടു്. (ഇത്തരത്തിൽ സാധൂകരിച്ചിട്ടില്ലാത്തതായി അതിലുള്ളതു് ഒരദ്ധ്യായം മാത്രമാണ്. അതാണ് ഈ ലേഖകൻെറ സ്വന്തം സംഭാവനയായി ആ പ്രബന്ധത്തിലുള്ളതു്. വ്യക്തികളുടെ സ്വഭാവരീതികളെയും പ്രകൃതത്തെയും നാലു മണ്ഡലങ്ങളിൽപ്പെടുന്നതായി അവതരിപ്പിക്കുന്നതു് ആ അദ്ധ്യായത്തിലാണ്.) പില്ലാലത്തു കോളേജ് ഡി ഫ്രാൻസിലെ ഉപരിപഠനവിഭാഗത്തിൻെറ പ്രൊഫസർ എച്ച്. വാലൺ (Prof, H· Wallon) ഈ പ്രബന്ധത്തിനു തൻെറ ഒരു ഗ്രന്ഥത്തിൽ അംഗീകാരം നല്കി ആദരിക്കുകയുണ്ടായി. 'L' Evolution Psychologique del' Enfant എന്ന ഫ്രഞ്ച് ഗ്രന്ഥത്തിൽ (Paris 1941) 'വിദ്യാഭ്യാസത്തിൽ വ്യക്തിക്കുള്ള സ്ഥാനം' (The Person in Education) എന്ന അദ്ധ്യായത്തിലാണ് അദ്ദേഹം ഈ അംഗീകാരം രേഖപ്പെടുത്തിയിട്ടുള്ളതു്. (p. 210)

ഈ മാർഗ്ഗരേഖയിൽ വിദ്യാഭ്യാസസന്ദർഭത്തെ നാലു മണ്ഡലങ്ങളിൽപ്പെടുത്തി ലഘൂകരിച്ചിരിക്കുന്നതു്, നിലവിലുള്ള വിദ്യാഭ്യാസതത്ത്വങ്ങളെ മാനിക്കാതെയല്ല എന്നുള്ളതിനും, ഇത്രയും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൗരവമുള്ള ഒരു വിഷയത്തിൻെറ കാര്യത്തിൽ ഒരു പുതിയ സമീപനരീതി അവതരിപ്പിക്കുമ്പോൾ പാലിച്ചിരിക്കേണ്ട പണ്ഡിതോചിതമായ നടപടിക്രമങ്ങൾ പാലിക്കാതെയല്ല എന്നുള്ളതിനും മേല്പറഞ്ഞതിലധികം തെളിവുകൾ ഈ സാഹചര്യത്തിൽ ആവശ്യമില്ലെന്നാണ ഞങ്ങൾ കരുതുന്നതു്. ഇതിൽ അവതരിപ്പിക്കുന്ന ആശയത്തിൻെറ വിശദാംശങ്ങളിൽ താല്പര്യമുള്ള വായനക്കാർ മേല്പറഞ്ഞ ഗവേഷണപ്രബന്ധത്തിലെ* Type Psychology, എന്ന അദ്ധ്യായവും Negative, Naturalistic, Pragmatic and Idealistic Adjustments Involved in education എന്ന അദ്ധ്യായവും നോക്കാവുന്നതാണു്. ഇവിടെ ഞങ്ങൾ അവതരിപ്പിക്കുന്ന ആശയത്തിൽ ഞങ്ങളെ അനുകൂലിക്കുന്നയാളാണ ഡബ്ലിൻ യൂണിവേഴ്സിററിയിലെ പ്രൊഫസർ ആർ. റസ്ക്ക് എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. The Philosophical Basis of Education എന്ന ഗ്രന്ഥത്തിൽ (London University Press) അദ്ദേഹവും ഏകദേശം ഇതേ മാതിരിതന്നെ, നാലു മണ്ഡലങ്ങളുള്ളതായാണു് വിദ്യഭ്യാസതത്ത്വം അവതരിപ്പിച്ചിരിക്കുന്നതു്.

II. നിവൃത്തിമാർഗ്ഗം വിദ്യാഭ്യാസത്തിൽ

റൂസ്സോയെ, വികാരജീവിയെന്നും സമൂഹവിരോധിയെന്നും ഏകാന്തപഥികനെന്നും വഴി തെററിയവനെന്നും ഒക്കെ മുദ്രകുത്തി ആധുനികലോകം പുച്ഛിച്ചു തള്ളിപ്പോരാറുണ്ടു്. എന്നാൽ 'എമിലിൽ' അദ്ദേഹം വികസിപ്പിച്ചെടുത്തിരിക്കുന്ന വിദ്യാഭ്യാസപദ്ധതി ഒന്നു സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ വെളിവാകുന്നതു മറെറാരു ചിത്രമാണു്. പ്രാരംഭഘട്ടത്തിൽ നിവത്തനപ്രധാനമായ വിദ്യാഭ്യാസമാണ വേണ്ടതെന്നു് അദ്ദേഹം നിർബന്ധിക്കുന്നുണ്ടെങ്കിലും, 'എമിൽ' പുരുഷത്വത്തിലേക്കു വളർന്നുവരുന്നതോടുകൂടി സമൂഹവുമായി അവൻ ഇണങ്ങിച്ചേരുന്നതിനുവേണ്ട എല്ലാം ഒരുക്കിക്കൊടുക്കുന്നുണ്ടു്. ആധുനികകാലത്തു സുസമ്മതമായിത്തീർന്നിട്ടുള്ള പരീക്ഷണാത്മകവിദ്യാഭ്യാസത്തിനു് (experimental education) അടിത്തറയിട്ടതു റൂസ്സോ ആണെന്നു കാണാം. എമിലിനെ ഒരാശാരിയുടെ കീഴിൽ

....

* Le Facteur Personal dans le Processus Educative, Vrin, Paris, 1932.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മരപ്പണി പഠിപ്പിക്കുന്ന ഒരു രംഗം അവതരിപ്പിക്കുന്നുണ്ട്. ഇതു പ്രോജക്ട് മെത്തേഡ് (project method) എന്ന ആധുനികരീതിയുടെ തുടക്കമായിരുന്നു എന്നുപോലും പറയേണ്ടിയിരിക്കുന്നു. ആശാരിയുടെ കീഴിൽ പകലന്തിയോളം ഒരു കളപ്പുരയിലിരുന്ന് എമിൽ മരപ്പണി പഠിക്കുമ്പോൾ വാസ്തവത്തിൽ പ്രധാന ഗുരുവിന്റെ സ്ഥാനം തല്ക്കാലം, ഒരു മുഴുവൻ ദിവസത്തേയ്ക്കു്, ഒരു ഉപഗുരു കൈയേൽക്കുകയാണു ചെയ്യുന്നതു്. ഈ സന്ദർഭത്തിൽപ്പോലും, എമിലും റൂസ്സോയും തമ്മിൽ വളർത്തിക്കൊണ്ടുവന്നിട്ടുള്ള ഗുരുശിഷ്യപാരസ്പര്യത്തിനു ഇടച്ച് സംഭവിക്കരുതെന്നു റൂസ്സോയ്ക്കു നിർബന്ധമുണ്ടു്. അതുകൊണ്ടാണ് എമിലിനോടൊപ്പം മരപ്പണി പഠിക്കാൻ പ്രധാന ഗുരുവും തയ്യാറാവുന്നതു്. മൂവരും കളപ്പുരയിൽ തന്നെയിരുന്ന് ആഹാരം കഴിക്കുന്നു. ഒപ്പം, സാമൂഹികമായ പരസ്പരാശ്രയസ്വഭാവത്തിൽ അന്തർഭവിച്ചിട്ടുള്ള താത്ത്വികമായ യോഗരഹസ്യം കണ്ടെത്തുവാൻ ശ്രമിക്കുകകൂടി ചെയ്യുന്നു. കളപ്പുരയിൽ തൂക്കിയിട്ടിരുന്ന ഒരു കൊത്തുചിത്രത്തെ ഉപാധിയാക്കിക്കൊണ്ടാണ് റൂസ്സോ ഈ വിഷയത്തിലേയ്ക്കു കടന്നുപോകുന്നതു്. 'ഓരോരുത്തരും മററുള്ളവരുടെ പ്രയത്നത്തെ മാനിച്ചാലേ തന്റെ പ്രയത്നത്തെ മററുള്ളവരും മാനിക്കുകയുള്ളു.' എന്ന തത്ത്വമാണ് എമിൽ അതിൽ നിന്നു പഠിക്കുന്നതു്. പുസ്തകത്തിന്റെ ഒരു പഴയ പതിപ്പിൽ ഈ രംഗം ചിത്രരൂപത്തിലാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിൽ, പ്രധാനഗുരു പ്രത്യാശയോടുകൂടി നോക്കിക്കൊണ്ടിരിക്കുമ്പോൾ ഉപഗുരു, ഒരു പ്രായോഗികപരീക്ഷണം കൊണ്ടെന്നപോലെ, എമിൽ മനസ്സിലാക്കിയ തത്ത്വം എത്ര ശരിയാണെന്ന മട്ടിൽ തലയാട്ടുന്നു.

ഒരു ബാഹ്യസമ്മർദ്ദവും കൂടാതെ പ്രകൃതിസഹജമായ നിലയിൽ, സ്വാഭാവികമായി വന്നുചേരുന്ന ജീവിതസന്ദർഭങ്ങളെ വിദ്യാഭ്യാസസന്ദർഭങ്ങളാക്കി പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസത്തെ വിദ്യാർത്ഥിയുടെ സ്വാഭാവികമായ വളർച്ചയുടേയും വികാസത്തിന്റേയും ഭാഗമാക്കിത്തീർക്കണം. ഇതു മാത്രമാണ് നിവൃത്തിമാർഗ്ഗം (negative education) എന്നതുകൊണ്ടു റൂസ്സോ ഉദ്ദേശിക്കുന്നതു്. പിന്നീടു മതപരമായ വിദ്യാഭ്യാസത്തിന്റെ സന്ദർഭത്തിലേയ്ക്കും അതു കടന്നുപോകുന്നുണ്ടു്. അപ്പോഴും ഇതേ നിവൃത്തിമാർഗ്ഗപ്രധാനമായ രീതിതന്നെ തുടരുന്നു. ആ വശം ഒന്നാം ഭാഗത്തിൽ നാം വിശദമാക്കുകയുണ്ടായല്ലോ.. വാസ്തവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിൽ റൂസ്സോ വിദ്യാഭ്യാസസന്ദർഭത്തിൽ കാണുന്ന നിവൃത്തിമാർഗ്ഗവും ഭാരതത്തിലെ ആദ്ധ്യാത്മികതയ്ക്കു സുപരിചിതമായ നിവൃത്തിമാർഗ്ഗവും പൊരുളിൽ രണ്ടല്ല. ഭാരതീയരുടെ സങ്കല്പത്തിലുള്ള നിവൃത്തിമാർഗ്ഗം പ്രവൃത്തിമാർഗ്ഗത്തിനു വിപരീതമായിട്ടുള്ളതാണ്. വാസ്തവത്തിൽ ഈ നിവൃത്തിമാർഗ്ഗപരത, എല്ലാചിന്തകരുടെയും മിസ്റ്റിക്കുകളുടെയും ആദ്ധ്യാത്മികസാധനാക്രമത്തിന്റെ ഒരു സവിശേഷതയാണ്. കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസം ഇക്കാര്യത്തിലില്ല. ആശ്രമങ്ങളിലും സന്ന്യാസിമഠങ്ങളിലും നടക്കുന്ന മതപരമായ സാധനകളുടെ കാര്യത്തിൽ പിന്നെ പറയുകയും വേണ്ട. സാധാരണ വിദ്യാഭ്യാസത്തിന്റെ സന്ദർഭത്തിലും, വിദ്യാർത്ഥിയിൽ കുടികൊള്ളുന്ന മൃഗസഹജമായ വാസനകളെ മെരുക്കിയെടുക്കേണ്ടതാവശ്യമാണ്. അതായതു്, വ്യക്തിയെ ആത്മസംയമനമുള്ളവനാക്കിത്തീർക്കുക. വിദ്യാഭ്യാസപരിപാടികൾ പ്രയോഗികഫലത്തെ എത്രത്തോളം ആശ്രയിച്ചാലും വ്യക്തിയെ ആത്മസംയമനമുള്ളവനാക്കിത്തീർക്കുക എന്നതു കൂടാതെ കഴിയുകയില്ല. എന്നാൽ ഈ ആത്മസംയമനത്തിന്റെ ആവശ്യകതയെ ആധുനികവിദ്യാഭ്യാസം പാടേ വിഗണിച്ചു കളഞ്ഞിരിക്കുന്നതായാണു കാണുന്നതു്. വിദ്യാഭ്യാസാധികൃതരെ അമ്പരപ്പിക്കുന്ന തരത്തിലാണ് അതിന്റെ പരിണതഫലം വന്നുചേരുന്നതു്. രാജ്യങ്ങളുടെ ബഡ്ജറ്റിൽ വിദ്യാഭ്യാസകാര്യത്തിനുവേണ്ടിടത്തോളം തുക കൊള്ളിക്കുന്നുണ്ടെങ്കിലും കുററകൃത്യങ്ങൾ എവിടെയും—വിദ്യാലയങ്ങളിലും പുറത്തും—വർദ്ധിച്ചുവരുന്നതായാണല്ലോ കാണുന്നതു്.

12. പ്രകൃത്യനുരൂപ വിദ്യാഭ്യാസം

നിലവിലുള്ള വിദ്യാഭ്യാസസിദ്ധാന്തങ്ങൾ അനേകമാണ്. എന്നാൽ ഈ മാർഗ്ഗരേഖയിൽ അവയെയെല്ലാം നാലുഗണങ്ങളിൽ പെടുന്നതായി കണ്ടു വിലയിരുത്തുകയാണ് ചെയ്യുന്നതെന്നുള്ളതു നേരത്തേ സൂചിപ്പിച്ചു കഴിഞ്ഞല്ലോ. ഈ നാലിൽ റൂസ്സോ വിഭാവനംചെയ്ത നിവൃത്തിമാർഗ്ഗപ്രധാനമായ വിദ്യാഭ്യാസത്തെപ്പററി, ഈ മാർഗ്ഗരേഖയുടെ ദൈർഘ്യത്തിന്റെ പരിമിതികളിൽ നിന്നുകൊണ്ടു കഴിയുന്നത്ര വിശദമായി പറഞ്ഞുകഴിഞ്ഞു. അടുത്തതു് 'പ്രകൃത്യനുരൂപവിദ്യാഭ്യാസമാണ്' (Naturalistic education). സഹജമായ പ്രകൃതിയ്ക്കു റൂസ്സോ വളരെ പ്രധാനമാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യൊരു സ്ഥാനമാണു നല്ലാറുള്ളതെന്നതുകൊണ്ടു് അദ്ദേഹത്തെ പ്രാകൃതികവിദ്യാഭ്യാസത്തിന്റെ വക്താവായി കരുതിപ്പോരാറുണ്ടു്. എന്നാൽ ഇവിടെ അർത്ഥമാക്കുന്ന പ്രകൃത്യനുരൂപവിദ്യാഭ്യാസം ഹെർബർട്ടു് സ്പെൻസർ (Herbert Spencer) വിഭാവന ചെയ്ത മാതിരിയുള്ളതാണു്. അതു റൂസ്സോ അർത്ഥമാക്കുന്ന തരത്തിൽ പ്രകൃതിയോടു ചേർന്നുനിന്നുകൊണ്ടുള്ള വിദ്യാഭ്യാസമല്ല, 'പ്രകൃതിയിലേക്കു മടങ്ങുക' എന്നതു് ഒരാദർശമായി കേട്ടുപോരാറുള്ളതാണല്ലോ. അതിൽ അർത്ഥമാക്കുന്ന തരത്തിലുള്ള പ്രകൃതിയല്ല റൂസ്സോ വിവക്ഷിക്കുന്നതു്. ഈ മാർഗ്ഗരേഖയുടെ ഒന്നാം ഭാഗത്തിൽ അക്കാര്യം വ്യക്തമാക്കിക്കഴിഞ്ഞതാണു്. നിരുപാധികമായ ആനന്ദം, അഥവാ നിരുപാധികമായ പ്രിയസത്യം, എന്ന തരത്തിലുള്ള ആദ്ധ്യാത്മികമായ ഒരു മാനമാണു് റൂസ്സോയുടെ 'പ്രകൃതി'ക്കുള്ളതു്. ദൈവികതയുള്ളതെന്നുപോലും പറയാം. അതുമായി ഹെർബർട്ടു് സ്പെൻസർ അർത്ഥമാക്കുന്ന പ്രാകൃതികവിദ്യാഭ്യാസത്തെ കൂട്ടിക്കുഴക്കാതിരിക്കാനാണു് റൂസ്സോ അർത്ഥാമാക്കുന്നതെന്തെന്ന നേരത്തേതന്നെ വ്യക്തമാക്കിയതു്. ഈ രണ്ടു മഹാന്മാരുടെയും ഭാവനയിലുള്ള വിദ്യാഭ്യാസസങ്കല്പങ്ങൾ തമ്മിലുള്ള വ്യത്യാസം ഇവിടെ ഒന്നു് എണ്ണിപ്പറയുന്നതു കാര്യങ്ങൾ എളുപ്പം ഗ്രഹിക്കാൻ സഹായിക്കും.

റൂസ്സോ	സ്പെൻസർ
1. ആദ്ധ്യാത്മികമാണു്, ആദർശാത്മകമാണു്.	1. പ്രായോഗികാനുഭവപരമാണു്, യഥാതഥവും വസ്തുനിഷ്ഠവുമാണു്.
2. സമൂഹത്തിന്റെ പോക്കിനെ കണക്കിലെടുക്കുന്നില്ല.	2. സമൂഹത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസമാണു്.
3. സത്യം, നന്മ തുടങ്ങിയ ഉന്നതമാനുഷികമൂല്യങ്ങളെയാണു മുന്നിൽ നിറുത്തിയിരിക്കുന്നതു്.	3. സാംസ്കാരികവിദ്യാഭ്യാസത്തിനു രണ്ടാം സ്ഥാനം മാത്രം. പ്രായോഗികാവശ്യങ്ങൾ, മനുഷ്യനു വിശ്രമവേള ലഭ്യമാക്കുക എന്നിവയാണു വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റൂസ്സോ	സ്പെൻസർ
4. ശുദ്ധമായ സദാചാരമൂല്യങ്ങളെ മാനിക്കുന്നു.	4. സുഖഭോഗേച്ഛാപ്രധാനമായ സദാചാരമൂല്യങ്ങളെയാണു മാനിക്കുന്നതു്.

ഇങ്ങനെയുള്ള പ്രകടമായ വ്യത്യാസങ്ങൾ കാണാമെന്നുണ്ടെങ്കിലും, സ്പെൻസർ മാനിക്കുന്ന പ്രാകൃതികമായ പല ഇണക്കിച്ചേർക്കലുകളും റൂസ്സോയെ പിൻപററിയുള്ളതു തന്നെയാണെന്നു കാണാം. തൻെറ ശിഷ്യനായ എമിലിനെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയുമായി പ്രയോജനപ്രദമായ തരത്തിൽ കൂട്ടിയിണക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതിയ്ക്കാണു റൂസ്സോ രൂപം നൽകിയതു്. അതുകൊണ്ടാണു്, പ്രധാനഗുരുവിൻെറ മേൽനോട്ടമിരിക്കവേതന്നെ ഉപഗുരുവിൻെറ കീഴിൽ മരപ്പണി അഭ്യസിക്കുവാനുള്ള അവസരം എമിലിനുണ്ടാക്കിയതു്. ഇതിനകത്തൊരു യോഗരഹസ്യമുണ്ടു്. ജീവിതത്തിൽ പ്രായത്തിനൊത്തു വന്നുചേരുന്ന പ്രായോഗികാവശ്യകതയുമായി ഒരു വൈരുദ്ധ്യവും കൂടാതെ, ദ്വൈതരഹിതമായി, ചേർന്നിണങ്ങുന്നതാണു് റൂസ്സോ വിഭാവനചെയ്ത ആദ്ധ്യാത്മികഭാവം എന്നതാണതു്. അതുകൊണ്ടു് അദ്ദേഹത്തെ പ്രായോഗികവശത്തെപ്പററി ചിന്തിക്കാത്തവനെന്നോ, സമൂഹവിരോധിയെന്നോ മുദ്രകുത്തി ആക്ഷേപിക്കുന്നവർ അദ്ദേഹം സ്വീകരിച്ച സമീപനരീതിയിലെ യോഗരഹസ്യം മനസ്സിലാക്കാത്തവരാണെന്നേ അർത്ഥമുള്ളു. അദ്ദേഹം സ്വീകരിക്കുന്ന രീതിയനുസരിച്ചു്, ഒരു താല്പര്യമണ്ഡലം മറെറാന്നിനു വിരുദ്ധമായി വരുന്നില്ല. പകരം, ഒന്നിനെക്കാളുപരി നില്ക്കുന്നതു മറെറാന്നു് എന്നതരത്തിൽ എല്ലാ പ്രിയങ്ങളും ഉപരിതനമായ ഒരു ശ്രേണിയിൽ യോഗയുക്തത കണ്ടെത്തുന്നു. ചെറിയവൃത്തം വലിയ വൃത്തത്തിനുള്ളിൽ ഒരു വൈരുദ്ധ്യവും കൂടാതെ ഉൾപ്പെട്ടുപോകുന്നു. അതുപോലെ, യോഗയുക്തമായ ചിന്താശൈലിക്കുമാത്രം സാധിക്കുന്ന ഒന്നാണു്, രണ്ടു നിലപാടുകളെ, ഒന്നു് ഒന്നിനു് എതിരാകാത്തവണ്ണം, ഒന്നു് മറെറാന്നിനെക്കൂടി ഉൾക്കൊള്ളത്തക്കവണ്ണം ഏകോപിപ്പിച്ചു് അദ്വയമാക്കിത്തീർക്കുക എന്നതു്.

കുട്ടി, പ്രകൃതിനിയമങ്ങൾ മനസ്സിലാക്കേണ്ടതു നേരിട്ടനുഭവിച്ചുവേണം, അദ്ധ്യാപകൻ പഠിപ്പിച്ചുകൊടുത്തിട്ടല്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അങ്ങനെ നേരിട്ടനുഭവിക്കാനുള്ള സന്ദർഭമാണ് അദ്ധ്യാപകൻ ഒരുക്കിക്കൊടുക്കേണ്ടതു്. മഹാന്മാരായ ഈ രണ്ടു വിദ്യാഭ്യാസ ചിന്തകർക്കും ഒരുപോലെ പ്രധാനമായിരുന്ന പരീക്ഷണരീതി. റൂസ്സോ അതിനെ വിളിക്കാൻ ഇഷ്ടപ്പെടുന്നതു്, വസ്തുക്കൾ വച്ചു കൊണ്ടുള്ളബോധനം എന്നാണ്. സ്പെൻസറുടെ പ്രാകൃതിക വിദ്യാഭ്യാസവും അവസാനം വന്നുനിന്നതു് അതിൽത്തന്നെയാണ്.

ഈ മാർഗ്ഗരേഖ അടിസ്ഥാനമാക്കിക്കൊണ്ടു്, 13 മുതൽ 17 വരെ വയസ്സുള്ള ആൺകുട്ടികളെയും പെൺകുട്ടികളെയും വളർത്തിയെടുക്കുന്നതിനായി നടത്തുന്ന വിദ്യാലയങ്ങൾക്കുവേണ്ടി ഞങ്ങൾക്കു നല്കാനുള്ള മാർഗ്ഗനിർദ്ദേശമിതാണ്. പ്രകൃതിയുമായി സമ്പർക്കപ്പെടാനും, പ്രകൃതിപ്രതിഭാസങ്ങൾ നേരിട്ടു നിരീക്ഷിക്കാനുമുള്ള അവസരം കുട്ടികൾക്കു വേണ്ടത്ര ഉണ്ടായിരിക്കണം. അതുപോലെതന്നെ മരപ്പണി, നെയ്ത്തു്, കൃഷി തുടങ്ങിയ കൈത്തൊഴിലുകൾ പരിശീലിക്കാനുള്ള സൗകര്യവുമുണ്ടായിരിക്കണം. എങ്കിൽ മാത്രമേ, സ്വയം പര്യാപ്തതയുള്ള ഒരു വ്യക്തിയായി സ്വയം കണ്ടുകൊണ്ടു്, വ്യവഹാരികരംഗത്തോടു സ്വയം ആഭിമുഖ്യമുണ്ടാക്കിയും, സഹജവാസനകളുടെ സന്തുലിതാവസ്ഥ നിലനിറുത്തിയും, സമൂഹത്തിൽ ആത്മാഭിമാനമുള്ളവനായി കുട്ടി പ്രായപൂർത്തിയിലേക്കു കടക്കുകയുള്ളു. മത്സരത്തിന്റേതും ലാഭക്കൊതിയുടേതുമായ പരുക്കൻ ലോകവുമായി കുട്ടിയെ പരിചയിപ്പിക്കുകയല്ല ഈ തൊഴിൽ പരിശീലനം കൊണ്ടു നേടേണ്ടതെന്നതും പ്രത്യേകം ഓർത്തിരിക്കണം.

13. വ്യവഹാരോചിതവിദ്യാഭ്യാസം

മൂന്നാമത്തെഘട്ടം വ്യവഹാരോചിതവിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം വ്യാവഹാരികലോകത്തിനു ചേരുന്നതായിരിക്കണമെന്ന നിലപാടിന്റെ വക്താവ് അമേരിക്കയിലെ ജോൺ ഡ്യൂയി ആണെന്നു പറയാം. ഒരു തരത്തിൽ അതു്, ഹെർബർട്ട് സ്പെൻസറും റൂസ്സോയും അർത്ഥമാക്കിയ പ്രകൃത്യനുരൂപമായ വിദ്യാഭ്യാസത്തിന്റെ സ്വാഭാവികമായ അന്തിമഫലമായി വന്നു ചേരുന്നതു തന്നെയാണ്. സമൂഹവുമായി ഇണങ്ങിപ്പോകുന്നതിന്റെ ആവശ്യകതയ്ക്കു രണ്ടുപേരും വേണ്ടത്ര സ്ഥാനം നല്കിയിട്ടുള്ളതായാണല്ലോ നാം കണ്ടതു്. വളരെ വ്യാപകമായ അർത്ഥത്തിലുള്ള ആദർശാത്മകതയ്ക്കുള്ളിൽ വ്യാവഹാരികജീവിതത്തിന്റെ പ്രാധാന്യത്തിനും സ്ഥാനമുണ്ടെന്നർത്ഥം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാഭ്യാസം പ്രവർത്തനപ്രധാനമായിരിക്കണമെന്നു കരുതുന്നവരുണ്ട്. അവർ 'പ്രോജക്റ്റ്മെത്തേഡി'നാണ് (Project method) മുഖ്യമായസ്ഥാനം നല്കുന്നതു്. അതും, റൂസ്സോ വിഭാവനംചെയ്യുന്ന വിദ്യാഭ്യാസത്തിൽ നിഴലിച്ചുകാണുന്നതിൻെറ ലക്ഷണമാണ്, എമിലിനെ മരപ്പണിപഠിക്കാൻ നിയോഗിക്കുന്ന സന്ദർഭം. സമൂഹവുമായി പ്രായോഗികകാര്യങ്ങളിൽ പൊരുത്തപ്പെട്ടുപോകേണ്ടതിൻെറ ആവശ്യകത ഡ്യൂയി വിഭാവനം ചെയ്യുന്നതു്, ഒരു ആദർശത്തിനും സ്ഥാനം നല്കാതെയാണ്. സ്പെൻസറിൻെറ നിലപാടിനെക്കാരം ഇക്കാര്യത്തിൽ അതു വളരെ കടന്നുനില്ക്കുന്നു. ഡക്കാർട്ടിൻെറയും കാൻറിൻെറയുമൊന്നും ആദർശത്തിനു് അവിടെ സ്ഥാനമില്ല. ഈ പഴഞ്ചൻ ചിന്തകരെയൊന്നും വകവെയ്ക്കുന്ന കൂട്ടത്തിലല്ല, ഡ്യൂയി. റൂസ്സോ പ്രധാനമായി കരുതുന്ന നിവൃത്തിപരത അദ്ദേഹത്തിനു് ഒട്ടും സമ്മതമല്ലെന്നു പറയേണ്ടതുമില്ലല്ലോ. ഉദ്ദീപനപ്രതികരണങ്ങളെ അടിസ്ഥാനമാക്കിയുള്ള മനഃശാസ്ത്രത്തിൻെറ ഒരു പുതിയ പതിപ്പു പ്രയോഗത്തിൽ കൊണ്ടുവരുന്നതാണ് ഡ്യൂയിയിൽ നാം കാണുന്നതു്. ജീവിതത്തെ അദ്ദേഹം കാണുന്നതാകട്ടെ, വെറും യഥാതഥവും പ്രായോഗികാനുഭവത്തെ മാത്രം പ്രമാണമാക്കിയുള്ളതുമായ രീതിയിലും.

ഈ വ്യത്യാസം കാണിക്കാനായി, ഡ്യൂയി എഴുതിയിട്ടുള്ളതിൽ നിന്നു് ഒന്നു രണ്ടുഭാഗങ്ങരം ഉദ്ധരിച്ചുകൊള്ളട്ടെ. വിദ്യാർത്ഥിയിൽ രൂപപ്പെടുത്തിയെടുക്കേണ്ട സത്സ്വഭാവത്തെ നിർവചിച്ചുകൊണ്ടു് അദ്ദേഹം പറയുന്നു,

> ''പൊതുവിൽപ്പറഞ്ഞാൽ, സത സ്വഭാവം കൊണ്ടർത്ഥമാക്കുന്നതു് സമൂഹത്തിനുള്ളിൽ പ്രവർത്തിക്കുവാനുള്ള കഴിവാണ്; സാമൂഹികതലത്തിൽ സംഘടിതമായി വ്യാപരിക്കാനുള്ളശേഷിയാണ്. സാമൂഹ്യബുദ്ധി, കാര്യങ്ങരം നടത്തുന്നതിനുള്ള ശേഷി, സാമൂഹികമായ താല്പര്യം, സാമൂഹികമായ ഉത്തരവാദിത്വബോധം............ഇതൊക്കെ അതിൻെറ അർത്ഥവ്യാപ്തിയിൽപ്പെടുന്നു.'' *

വ്യവഹാരോചിതമായ വിദ്യാഭ്യാസത്തിൻെറ സ്വഭാവം വ്യക്തമാക്കിക്കൊണ്ടു് അദ്ദേഹം പറയുന്നു; ''ക്രി

....

* P. 3 *School and Society*, University of Chicago Press

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാത്മകമായി ചെയ്യാനുള്ള പലതരത്തിലുള്ള കാര്യങ്ങരം സ്കൂളിൽ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച്, മനസ്സിൽ കരുതേണ്ട മഹത്തായ കാര്യം, സ്കൂളിൻെറ ക്രിയാത്മകതസ്സ്' അവ മുഖാന്തിരം ഒരു പുതിയ ജീവൻ ലഭിക്കുമെന്നുള്ളതാണ്. അവ സ്വാഭാവികമായി വിദ്യാർത്ഥിയുടെ ജീവിതത്തിൻെറ ഭാഗമായിത്തീരാനും മതി. അതിൽത്തന്നെ അവൻ കുടിപാർക്കാനും മതി. അങ്ങനെയാകുമ്പോരം അവൻ, നേർവഴിക്കു തിരിച്ചുവിട്ട ജീവിതത്തിൽക്കൂടി, പാഠം പഠിക്കുകയായി. ഭാവിയിൽ ജീവിതാനുഭവമായി തീർന്നേക്കാവുന്ന വിദൂരമായ എന്തോ ഒന്നിനെ സംബന്ധിക്കുന്ന ചില സാമാന്യതത്ത്വങ്ങരം പാഠങ്ങളായി പഠിക്കുന്നതിനുള്ള ഇടമല്ല, അപ്പോരം വിദ്യാലയം. സമൂഹത്തിൻെറ ഒരു കുഞ്ഞുപതിപ്പായിത്തീരാനുള്ള, സമൂഹത്തിൻെറ ഗർഭസ്ഥരൂപമായിത്തീരാനുള്ള, അവസരം അപ്പോരം സ്കൂളിനു ലഭിക്കുന്നു.''*

ഇവിടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളോടു റൂസ്സോ പൊതുവിൽ വിയോജിപ്പു പ്രകടിപ്പിക്കാനിടയില്ല. എന്നാൽ വെറും യഥാതഥമായ ഒരു വർത്തമാനത്തിനുവേണ്ടി, അതിരുകടന്ന തരത്തിൽ വ്യാവഹാരികമായ അന്തസ്സത്ത മാത്രമുള്ള ഒരു വർത്തമാനത്തിനുവേണ്ടി, വിദ്യാർത്ഥിക്കു ഭാവിയെ സംബന്ധിച്ചുള്ള പ്രത്യാശകളെല്ലാം കൊട്ടിയടച്ചുകളയുന്നതു റൂസ്സോ സമ്മതിക്കുകയില്ല. എമിലിനുവേണ്ടി അദ്ദേഹം മരപ്പണിതന്നെ തൊഴിലായി തെരഞ്ഞെടുത്തതു കരുതിക്കൂട്ടിയാണ്. തികച്ചും സത്യസന്ധവും മാനുഷികവുമായ ഈ കൈത്തൊഴിൽ സ്വന്തം വീടിൻെറ സ്വയം പര്യാപ്തമായ ഏകാന്തതയിലിരുന്നുകൊണ്ടു് അവനു പരിശീലിക്കുവാൻ കഴിയും. അതും ഒരൊററ ഗുരുവിൻെറ മേൽനോട്ടത്തിൽ. ഒരു വിദ്യാർത്ഥിയുടെ വിദ്യാഭ്യാസം ആദ്യവസാനം ഒരൊററ ഗുരുവിൻെറ കീഴിൽത്തന്നെ വേണമെന്നുള്ളതു മർമ്മപ്രധാനമായ ഒരു നിയമമായിട്ടാണു റൂസ്സോ കണക്കാക്കുന്നതു്. ഡ്യൂയി വിഭാവനം ചെയ്യതുമാതിരിയുള്ള, സാമൂഹ്യമൂല്യങ്ങരംക്കു് അമിതപ്രാധാന്യം നല്കുന്ന വിദ്യാഭ്യാസം, മനുഷ്യഹൃദയത്തിൻെറ അത്യുദാത്തമായ ചില അഭിലാഷങ്ങളെ കൈ

....

* p. 15, *School and Society*, University of Chicago Press

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിട്ടുകളയുമെന്ന ദോഷമുണ്ട്. വാസ്തവത്തിൽ ഈ ദോഷം ബാധിച്ച, 'ഡ്യൂയി മാതൃക'യിലുള്ള ഒരു വിദ്യാഭ്യാസപരിപാടിയിന്മേലാണ് അമേരിക്കയിലെ പൊതുവിദ്യാഭ്യാസം ഇന്നു തഴച്ചുവളർന്നുനില്ക്കുന്നതു്.

വ്യവഹാരോചിതവിദ്യാഭ്യാസം പ്രകടമായിത്തന്നെ തോററിരിക്കുകയാണ്. ഈ സമ്പ്രദായം വരുത്തിയ തെററുകളെ ഒഴിവാക്കുക എന്നതാണ് ഇതിൽ നിന്നു നാം പഠിക്കേണ്ട ഗുണപാഠം. സമൂഹവുമായി പൊരുത്തപ്പെട്ടുപോകുന്നതിൽ വിദ്യാർത്ഥി സ്വയം പര്യാപ്തത കൈവരിക്കണം എന്നതു നല്ല ഒരാദർശം തന്നെയാണ്. എന്നാൽ മാത്സര്യം നിറഞ്ഞ പരുപരുക്കൻ ലോകത്തിൽ നിലവിലിരിക്കുന്ന സാമ്പത്തികവും സാമൂഹികവും, രാഷ്ട്രീയവുമൊക്കെയായ വിവക്ഷകളെ അപ്പാടെ വിദ്യാർത്ഥികളെ പരിചയിപ്പിച്ചുകൊടുക്കുകയല്ല വേണ്ടതു്. നിവൃത്തിമാർഗ്ഗപരതയും ആദർശാത്മകതയുംകൊണ്ട് ഒന്നു മയപ്പെടുത്തിയതിനുശേഷമേ എപ്പോഴും വിദ്യാർത്ഥിയുടെ മുമ്പിൽ അതൊക്കെ അവതരിപ്പിക്കാവൂ. അങ്ങനെവേണം സമൂഹത്തോടുണ്ടാകേണ്ട പൊരുത്തപ്പെടൽ വിദ്യാഭ്യാസരംഗത്തു യാഥാർത്ഥ്യമാക്കേണ്ടതു്. മേല്പറഞ്ഞ വിവക്ഷകളെ ഇങ്ങനെ മയപ്പെടുത്തി അവതരിപ്പിക്കുന്നതിൽ, കുട്ടിയുടെ വയസ്സ്, സ്വഭാവഗുണം, ആൺകുട്ടിയോ പെൺകുട്ടിയോ എന്നിവയെല്ലാം കണക്കിലെടുക്കുകയും വേണം.

14. ആദർശാത്മകമായ അന്തിമഘട്ടം

വിദ്യാഭ്യാസംകൊണ്ടു വ്യക്തിയിലുണ്ടാകേണ്ട ആന്തരികമായ പൊരുത്തപ്പെടലിൽ അവസാനത്തെ ഘട്ടമായി വരുന്നതു് ആദർശാത്മകതയാണ്. വ്യക്തിപരമായ അഭിരുചി, സഹൃദയത്വം, സദാചാരപരത, മതബോധം, ആദ്ധ്യാത്മികത എന്നിവയെല്ലാം അന്തർഭവിച്ചിട്ടുള്ള ഉന്നതമാനുഷികമൂല്യങ്ങളെ വളർത്തിയെടുക്കേണ്ട ഘട്ടമാണതു്. ഇതു പല രൂപത്തിൽ സംഭവിക്കാമെന്നു മാത്രം. ഈ വശത്തെ ഗൗരവബുദ്ധിയോടുകൂടി കണക്കിലെടുത്തിട്ടുള്ള പാശ്ചാത്യവിദ്യാഭ്യാസചിന്തകർ വളരെക്കുറച്ചേ ഉള്ളു. റിബോയും (Ribot) പയോയും (payot) ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ട്. റിബോ വൈകാരികതയ്ക്കു് (passion) പ്രാധാന്യം നല്കിക്കൊണ്ട്, പയോ ഇച്ഛാശക്തിയ്ക്കു് (will) പ്രാധാന്യം നല്കിക്കൊണ്ടും. കുറച്ചുപേരേ ഈ വിഷയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലേയ്ക്കു കടന്നിട്ടുണ്ടെങ്കിലും അവരോരോരുത്തരും ഓരോ ലക്ഷ്യമാണു വച്ചുപുലർത്തുന്നതു്. ചിലർ ആദർശപരതയെ ഒരു ഒഴിവുസമയം വിനോദമായി കണക്കാക്കുന്നു. അവരുടെ കണ്ണിൽ ആദർശപരമായ ഒരു പൊരുത്തപ്പെടൽ വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കണമെന്നതിനു് അപ്രധാനമായൊരു സ്ഥാനമേയുള്ളൂ. അവർക്കു വിദ്യാസത്തിന്റെ ആകെക്കൂടിയുള്ള ലക്ഷ്യം ഒഴിവുവേള കണ്ടെത്തുക എന്നതു മാത്രമാണു്. മററുചിലർ സന്തുഷ്ടിയെ (happiness) അന്തിമലക്ഷ്യമായി കണക്കാക്കുന്നു. പക്ഷേ, അവർ പറയുന്ന സന്തുഷ്ടി വളരെ അവ്യക്തമായ ഒരു വിവക്ഷയാണു്. സുഖലോലുപതയ്ക്കുപോലും അതിൽ സ്ഥാനമുണ്ടു്. ഏതായാലും അവരുടെ നിലപാടിന്റെ അന്തഃസാരമെന്തു് എന്നിനിയും വ്യക്തമാകേണ്ടിയിരിക്കുന്നു.

ജർമ്മനിയിലെ ആദർശവാദികൾ (idealists) വിദ്യാഭ്യാസത്തെപ്പററി ചിന്തിച്ചിട്ടുള്ളവരാണു്. നിഷേ, ജീവിതേച്ഛയെയാണു മുഖ്യമായി കാണുന്നതു്. ഹെഗൽ അധികാരേച്ഛയ്ക്കു മുൻതൂക്കം കൊടുക്കുന്നു. ഷോപ്പനോവറാകട്ടെ, പ്രപഞ്ചത്തെ ആകെക്കൂടിത്തന്നെ ഒരു ഇച്ഛാശക്തിയുടെ പ്രകടഭാവമായിട്ടാണു കാണുന്നതു്. ചിലർ ശുഭാപ്തിവിശ്വാസമില്ലാതെയാണു് ഈ വിഷയത്തെ സമീപിക്കുന്നതു്. മററുചിലരാകട്ടെ പ്രത്യാശയോടുകൂടിയ ശുഭാപ്തിവിശ്വാസികളാണു്. ഇവരെയൊക്കെക്കൂടി ഏതെങ്കിലും ഒരു തത്ത്വത്തിന്റെയോ ആദർശത്തിന്റെയോ പേരിൽ ഒരു വിഭാഗത്തിൽപ്പെടുന്നവരായിക്കാണുക എളുപ്പമല്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ആദർശാത്മകതയ്ക്കു സ്ഥാനം നല്കുന്നവരിലെല്ലാമുള്ള ഒരു കാര്യമുണ്ടു്, വിദ്യാർത്ഥിയുടെ അന്തർഭാവത്തെ മാനുഷികമെന്നോ വ്യക്തിപരമെന്നോ പറയാവുന്ന ഒരു ആത്യന്തികലക്ഷ്യത്തിലേയ്ക്കു് ഉന്മുഖമാക്കിക്കൊടുക്കുക എന്നതു് ആവശ്യമാണെന്നു എല്ലാവരും സമ്മതിക്കുന്നു. ചിലർക്കു് ആ ലക്ഷ്യം അതിമാനുഷനായിത്തീരുക എന്നതുവരെയാകാം. ഈ മാർഗ്ഗരേഖയിൽ ഇതിനെയും ദ്വൈതരഹിതവും യോഗാത്മകവുമായ ഒരു സന്ദർഭത്തിൽപ്പെടുന്നതായിത്തന്നെ നാം കാണണം. മേല്പറഞ്ഞ വ്യത്യസ്തചിന്താഗതികളിലെല്ലാം സമാനമായ ഒരംശമുള്ളതായി അവിടെയും കാണാം. ചിത്രം 3–ൽ 'പെരുമാററങ്ങൾ പ്രവൃത്തിപരമായിത്തീരുന്ന തലം' എന്നും, 'ഉന്മുഖത' എന്നും, 'ബുദ്ധി' എന്നും അടയാളപ്പെടുത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിരിക്കുന്ന ആന്തരികപ്രവണതകൾ വ്യക്തിഭാവത്തിൽ നടക്കുന്ന ഇമ്മാതിരി ആദർശാത്മകസ്വഭാവമുള്ള പൊരുത്തപ്പെടലുകളുടെ സാമാന്യസ്വഭാവത്തെയാണു സൂചിപ്പിക്കുന്നതു്.

ആദർശാത്മകതയുടെ ബാഹ്യലക്ഷണങ്ങൾ

ആദർശാത്മകമായ വിദ്യാഭ്യാസം നേടിയവരിൽ കണ്ടു പോരാറുള്ള ചില ലക്ഷണങ്ങളാണ് നിശിതമായ നിരൂപണബുദ്ധി, അപഗ്രഥനക്ഷമത, സൂക്ഷ്മത, സ്വന്തം ഉണ്മയുടെ തന്നെ ഗുണാത്മകവശത്തു പതുങ്ങിക്കിടക്കുന്ന വികാരവിക്ഷോഭങ്ങളോ സഹജവാസനകളോകൊണ്ടു വികലമായിപ്പോകാത്ത തരം ആന്തരികസ്വച്ഛത, ജീവിതത്തിൽ വന്നുചേരാവുന്ന ആശയപരവും ആദർശപരവും യഥാതഥവുമായ സന്ദർഭങ്ങളെ ചാഞ്ചല്യം കൂടാതെ നേരിടുന്നതിനുള്ള സാമർത്ഥ്യം അഥവാ ദക്ഷത, അവസരോചിതമായി പ്രവർത്തിക്കാനുള്ള വകതിരിവു്, എല്ലാ മനുഷ്യരെയും, എല്ലാ ജീവികളെയും ഒരുപോലെ സ്നേഹിക്കുന്ന മനോഭാവം ഇതൊക്കെ. ഈ വിദ്യാഭ്യാസം കൊണ്ടുണ്ടാകാവുന്ന നേട്ടങ്ങളുടെ മകുടസ്ഥാനത്തിരിക്കുന്നതായി കണക്കാക്കേണ്ടതു്, യോഗശാസ്ത്രാധിഷ്ഠിതമായ അദ്വൈതജ്ഞാനലാഭം തന്നെയാണ്.

ഇപ്പറഞ്ഞ തരത്തിലുള്ള ജ്ഞാനത്തിനുവേണ്ടിയുള്ള തൃഷ്ണ ജീവിതത്തെ ഭരിക്കുന്ന മുഖ്യതാല്പര്യമായി മാറിയേക്കാം. അതിന്റെ അദമ്യമായ ഇച്ഛാശക്തിയുടെ തീയിൽ, ജീവിതത്തിലെ കൊച്ചുകൊച്ചു താല്പര്യങ്ങളും വാസനകളും വൈകാരികഭാവങ്ങളുമൊക്കെ വെന്തെരിഞ്ഞുപോകും. ജ്ഞാനതൃഷ്ണയുടെ അദമ്യമായ ആവേശംകൊണ്ടു നിറഞ്ഞിട്ട് വ്യക്തി ആ ആവേശം തന്നെയായി മാറിപ്പോയ നിലവരും. മനുഷ്യത്വം എന്ന ആശയത്തിന്റെ, അഥവാ മാതൃകായോഗ്യനായ പൂർണ്ണമനുഷ്യന്റെ, സാരം കൊണ്ടു് അവന്റെ വ്യക്തിസത്തയാകെ നിറയും. മനുഷ്യപ്രകൃതിയിൽ സഹജമായുള്ള വിശേഷഗുണങ്ങളെല്ലാം അതിന്റെ എല്ലാ സവിശേഷതകളോടുംകൂടി അവനിൽ ഉണ്ടായിരിക്കുകയും ചെയ്യും. ഇങ്ങനെയൊരു സ്ഥിതിയെ, ആദർശാത്മകവിദ്യാഭ്യാസം പരിപൂർണ്ണതയിലെത്തിയതിന്റെ ലക്ഷണമായി കണക്കാക്കാവുന്നതാണ്.

താല്പര്യങ്ങളോടുള്ള ഉന്മുഖതയുടെ തീക്ഷ്ണത വർദ്ധിച്ചു് അതിന്റെ പരമാവധിയിലെത്തുന്നതു്, ഏതെല്ലാം തരത്തിലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണു യഥാർത്ഥജീവിതത്തിൽ പ്രകടമായിത്തീരുന്നതെന്നതിനു കണക്കൊന്നുമില്ല. ഒന്നിച്ച് ആത്മഹത്യചെയ്യാൻ തീരുമാനമെടുക്കുന്ന കമിതാക്കൾ, രക്തസാക്ഷിത്വം സ്വയം ഏറ്റെടുക്കുന്നവർ, കുററകൃത്യങ്ങൾ ചെയ്യുന്നവർ, ചൂതുകളിക്കാരും വഞ്ചകരും (ഭഗവദ്ഗീതയിൽ ഇക്കൂട്ടരെയും ഭഗവാന്റെ വിഭൂതികളുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു) ഒഥല്ലോമാരും ഡസ്ഡമോണാമാരും, ഹെർനാനിമാരും ഡോണാസോൾമാരും, ആത്മനിർവൃതിയിൽ അമർന്നിരിക്കുന്ന യോഗികൾ, പാറപോലെ ഉറച്ച സങ്കല്പങ്ങളുമായി ജീവിക്കുന്നവർ, പ്രതികാരം വീട്ടാൻ വേണ്ടി ജീവിക്കുന്നവർ, വിരോധമോ അഭിനിവേശമോ മരണം വരെ വച്ചുപുലർത്തുന്നവർ, കൊള്ളത്തലവന്മാർ, യുദ്ധവീരന്മാർ, പുസ്തകമെഴുത്തുകാർ, കവച്ചുക്കാർ, ചാർളി ചാപ്ലിനെപ്പോലെയുള്ള ഹാസ്യനടന്മാർ, വിദൂഷകന്മാർ, കണ്ടുപിടിത്തക്കാർ, ദുർവൃത്തന്മാരും പണ്ഡിതന്മാരും (രണ്ടു സ്വഭാവവും ഒരാളിൽത്തന്നെ ഉണ്ടായെന്നും വരാം) ഡാവിഞ്ചിമാർ, സാഹസികയാത്ര നടത്തുന്നവർ, സ്വന്തം ബുദ്ധിവൈഭവം തന്നെ അകാലമൃത്യുവിനു കാരണമായിത്തീരുന്ന പാസ്കൽമാർ, ഷെല്ലിമാർ, കീററ്സുമാർ, ബേൺസുമാർ, സ്വന്തം ഗ്രഹണശക്തി അതിന്റെ അതിരുതന്നെ ലംഘിക്കുന്ന സ്വഭാവക്കാരായ അമീൽമാർ, കാളിദാസന്മാർ എന്നിങ്ങനെ എത്രയെത്ര തരക്കാരെയാണ് ഒരൊററ മുഖ്യതാല്പര്യം കൊണ്ടു നിറഞ്ഞു ജീവിക്കുന്നവരായി കാണാറുള്ളത്.

ഒരു ബഹുജനപുനർവിദ്യാഭ്യാസപരിപാടി

സ്വാഭാവികമായി സമനിലയിൽ ജീവിക്കുന്നവരെ സംബന്ധിച്ചുള്ളതിനെക്കാൾ എത്രയോ അധികം പഠനങ്ങളും പുസ്തകങ്ങളുമാണ് സമനിലതെററിയവരെക്കുറിച്ചുണ്ടായിട്ടുള്ളത്! സമനിലയിലുള്ളവരെപ്പററിയുള്ള പഠനങ്ങളെല്ലാം അവയുടെ സ്വാഭാവികത നിമിത്തം അവഗണിക്കപ്പെട്ടു മറഞ്ഞുകിടക്കുകയാണ്. വിചിത്രജീവികളെപ്പോലെയുള്ള മനുഷ്യരാണു കൂടുതൽ ജനശ്രദ്ധ പിടിച്ചുപററുന്നത്. 'അതിലെന്തിരിക്കുന്നു' എന്ന മട്ടിലാണ് യഥാർത്ഥ മനുഷ്യപ്രകൃതിയെ ഏവരും കാണുന്നത്. എന്നാൽ, തികച്ചും സമനിലയിൽ നില്ക്കുന്ന സ്വാഭാവിക പ്രകൃതിയുള്ള മനുഷ്യരാണ് പ്രയോജനകരമായ സദ്ഗുണങ്ങളാൽ സമ്പന്നരായിട്ടുള്ളവർ എന്നതാണു വാസ്തവം. അവരിലെ മാനുഷികതയെയും സദ്ഗുണങ്ങളെയും മാത്രമേ മനുഷ്യരാശിക്കു കൈവരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാവുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കു തിരിച്ചുവിടുവാനുമാവു കയുള്ളു. അതിനു ചെയ്യേണ്ടതു്, അത്തരത്തിലുള്ള മനുഷ്യരൊന്നിച്ചുകൂട്ടി ഈ ലക്ഷ്യപ്രാപ്തിയിലേക്കു നയിക്കുന്ന ഒരു പുനർ വിദ്യാഭ്യാസം നല്കുന്ന പരിപാടിയുണ്ടാക്കി അതു നടപ്പിൽ വരുത്തുക മാത്രമാണ്.

നാം ഇന്നു ജീവിക്കുന്ന ലോകം അമിതമായി കെട്ടിവരിയപ്പെട്ടതാണ്; അമിതാദ്ധ്വാനംകൊണ്ടു വീർപ്പുമുട്ടുന്നതാണ്; ഉറങ്ങാൻ അവസരം ലഭിക്കാത്തതാണ്; വികാരങ്ങൾ മുററിനില്ക്കുന്നതാണ്. ഇച്ഛാശക്തികൊണ്ടു മാത്രം പുലരുന്നതുമാണ്. അതിൽപ്പെട്ടു വലയുന്ന മനുഷ്യജീവികളുടെ ഇടയിൽ നിന്നു്, സഹജവും സ്വാഭാവികവുമായ സമനിലയുള്ളവരെ കണ്ടെത്താൻ കഴിയുന്നതു് അന്തർമുഖരും ധ്യാനപരായണരുമായ സത്യദർശികൾക്കു മാത്രമാണ്. അവൾക്കു മാത്രമേ, വ്യക്തിസത്തയിൽ കുടികൊള്ളുന്ന അമിതഭാവങ്ങളെ കണ്ടെത്തി തമ്മിൽ നിരാകരിച്ചും, ഒരു സദ്ഗുണത്തെ പിൻതള്ളിക്കൊണ്ടു മറെറാരു സദ്ഗുണം വ്യക്തിത്വത്തിൽ മുഴച്ചുനില്ക്കുന്നതു കണ്ടെത്തി തിരുത്തിയും സമനിലയിൽ നില്ക്കുന്നതിനു വ്യക്തിയെ സഹായിക്കാൻ കഴിയുകയുള്ളു. പല ഘടകങ്ങൾ സഹകരിച്ചു് ഒരു വൃത്തി നടക്കേണ്ട സന്ദർഭങ്ങളിൽ ഒന്നു് മറെറാന്നിനെതിരായി നില്ക്കുന്ന അവസ്ഥിതി (synergic ambivalence), ഒരു ആന്തരികഭാവം തന്നെ വിപരീത സ്വഭാവമുള്ള രണ്ടു വശങ്ങളിലായി പിരിഞ്ഞു നില്ക്കുന്ന അവസ്ഥിതി (dichotomy involving antinomian principles) എന്നിവ ആധുനിക ലോകത്തു തത്ത്വചിന്തയുടെയും ദൈവശാസ്ത്രചിന്തയുടെയും നാഡീശാസ്ത്രത്തിന്റെയുമൊക്കെ രംഗങ്ങളിൽ സുപരിചിതമാണല്ലോ. ഇത്തരം സന്ദർഭങ്ങളിലെല്ലാം വിപരീതഭാവങ്ങൾ ഒരു 'സമ' യിൽ സമാനത കണ്ടെത്തുവാനിടയാകുന്ന വ്യക്തിത്വമുള്ള വ്യക്തിയെ, ഉത്തമവിദ്യാഭ്യാസത്തിനു പ്രമാണമായിരിക്കുന്ന ഉത്തമമാതൃകയായി നമുക്കു കണക്കാക്കാം.

വിദ്യാഭ്യാസരംഗത്തു നിലനില്ക്കുന്ന സർവ്വസാധാരണമായ അപാകടം, വ്യക്തികൾ അവർക്കിണങ്ങാത്ത പ്രവർത്തനരംഗങ്ങളിൽ അഥവാ താല്പര്യമേഖലകളിൽ ചെന്നു പെട്ടുപോകുന്നു എന്നതാണ്. അതു ഏതു തരത്തിലും ഒഴിവാക്കേണ്ടതുമാണ്. സർക്കാരുകളുടെ വിദ്യാഭ്യാസപരിപാടികൾ ഇക്കാര്യത്തിൽ ഒരു സഹാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യവും ചെയ്യുന്നില്ല എന്നു പറയുന്നതു വളരെ പരിമിതമായ ഭാഷയായിപ്പോകും. ശാസ്ത്രീയമായി വേണ്ടവണ്ണം രൂപകല്പന നടത്തിയിട്ടുള്ള, പൂർണ്ണതയുള്ളൊരു വിദ്യാഭ്യാസസിദ്ധാന്തത്തിന്റെ അഭാവമായിരിക്കാം അതിനു കാരണം. ഇതുമൂലം ഇളം തലമുറക്കാരുടെ കർത്തവ്യവിമൂഢതയും കുററകൃത്യങ്ങളും ഭീതി ജനകമായ തോതിൽ വർദ്ധിച്ചുവരുന്നു. അതും, വിദ്യാഭ്യാസത്തിനുവേണ്ടി പണം വാരിക്കോരി ചെലവാക്കുന്ന രാജ്യങ്ങളിൽ. രോഗിയിൽ മരുന്നു തെററായി പ്രയോഗിക്കുന്നു എന്നർത്ഥം. സ്വന്തം ജോലിയുടെ സ്വഭാവമറിയാത്ത തോട്ടക്കാരൻ ചെടികൾക്കു തെററായ തരത്തിൽ വളമിടുകയും വെള്ളം നനയ്ക്കുകയും ചെയ്യുന്നു. കരുന്നു തൈകൾക്കു വേണ്ട സംരക്ഷണം ലഭിക്കുന്നില്ല. തണുത്ത കോടക്കാററ് അല്ലെങ്കിൽ മരുഭൂമിയിലെ തീക്കാററ് അവയ്ക്കു നാശം വരുത്തുന്നു. അതുകൊണ്ട് ഇതിനെ ഒരാഗോള പ്രശ്നമായി കണക്കിലെടുത്തേ മതിയാവൂ എന്നാണ് ഈ മാർഗ്ഗരേഖ തറപ്പിച്ചു പറയുന്നത്. അങ്ങനെയൊരു ഏകലോകവീക്ഷണം വിദ്യാഭ്യാസകാര്യത്തിൽ കൈവരുത്തുന്നതിനുള്ള പുതിയ ചില മാർഗ്ഗനിർദ്ദേശങ്ങളാണ് ഇതിൽ ആദ്യവസാനം നല്കിയിട്ടുള്ളതും. ഒരു തരത്തിൽപ്പറഞ്ഞാൽ വിദ്യാഭ്യാസമെന്ന പേരിൽ മനുഷ്യരാശിക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ഏർപ്പാടിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തൽ കൂടിയാണിത്.

വിദ്യാഭ്യാസത്തിന്റെ നാലു ഘട്ടങ്ങൾ വിശദമാക്കിക്കഴിഞ്ഞു. ഈ നാലുഘട്ടങ്ങളുടെ സ്വഭാവം പ്രതീകാത്മകമായി ചിത്രീകരിക്കുന്നതാണ് ചിത്രം അഞ്ച്. അതിൽ മദ്ധ്യത്തു കാണിച്ചിരിക്കുന്നതു സന്തുലിതാവസ്ഥയിൽനില്ക്കുന്ന പൂർണ്ണമനുഷ്യന്റെ ആദർശാത്മകഭാവമാണ്. അതുമായി തട്ടിച്ചുനോക്കിയിട്ടു വേണം ഓരോ ഘട്ടത്തിലെയും മാനുഷികതയെ വിലയിരുത്തേണ്ടതു്.

15. ലിംഗഭേദം വിദ്യാഭ്യാസകാര്യത്തിൽ

വിദ്യാഭ്യാസസംബന്ധമായി വരുന്ന സ്ത്രീപുരുഷഭേദത്തെ കൂടി പരാമർശിക്കാതെ പോയാൽ ഈ മാർഗ്ഗരേഖ പൂർണ്ണമാവുകയില്ല. 'സോഫി അഥവാ സ്ത്രീ' (Sophie the Woman) എന്ന പ്രത്യേകാദ്ധ്യായത്തിൽ റൂസ്സോ ഈ വിഷയം വിശദമായി പരിശോധിക്കുന്നുണ്ട്.

ആണിനെയും പെണ്ണിനെയും വേർതിരിച്ചെടുക്കുന്നതു പോലും ദുർവഹമായൊരു സൂക്ഷ്മകാര്യമാണ്. കാരണം, പല പുരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷന്മാരെയും സ്ത്രീകളുടെ കൂട്ടത്തിൽ പെടുത്തേണ്ടിവരും. പല സ്ത്രീകളെയും പുരുഷന്മാരുടെ കൂട്ടത്തിലും. ഒരു പൊതുനിയമം വച്ചുകൊണ്ടു വിഭജനം നടത്തുന്നവരെ, പക്ഷപാതബുദ്ധി കാണിച്ചതായി കുററപ്പെടുത്താൻ രണ്ടുവശത്തും ആളുണ്ടാവും. ഇക്കാര്യത്തിൽ മൗനമവലംബിക്കുന്നതാണു മാന്യതയ്ക്കും ബുദ്ധിയ്ക്കും ചേരുന്നതു്. കുറഞ്ഞപക്ഷം രണ്ടുപക്ഷത്തുനിന്നുമുള്ള ആക്ഷേപങ്ങളെങ്കിലും ഒഴിവാക്കാം. എന്നാൽ പക്ഷപാതബുദ്ധിയോടു കൂടിയതെന്ന തെററ്, യോഗയുക്തമായ സമീപനത്തിൻെറ കാര്യത്തിൽ സംഭവിക്കണമെന്നില്ല.

ചിത്രം. 6. ലിംഗഭേദം കൊണ്ടുള്ള വ്യതിയാനങ്ങൾ



A B C

ചിത്രം-6

A. പെൺകുട്ടി (13-17) B. പൊതുമാനദണ്ഡം C. ആൺകുട്ടി (13-17)

ഒററയ്ക്കു പോയിരിക്കാനുള്ള പ്രവണത. ഭാവനാവിഹാരം. പൊതുരംഗങ്ങളിൽ നിന്നു പിൻവാങ്ങുന്ന സ്വഭാവം. മററുള്ളവരോടു ബന്ധപ്പെടുന്നതിൽ സൂക്ഷ്മതയോടുകൂടിയ മുൻകരുതൽ. സൂചനകൾ കൊണ്ടു തന്നെ കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവ്. കാര്യങ്ങൾ പഠിപ്പിക്കാൻ എളുപ്പം.

പ്രായഭേദമെന്യേ എല്ലാ ഘട്ടത്തിലും പ്രയോഗിക്കാവുന്നതു്.

ബഹിർമുഖത. പ്രവത്തനോന്മുഖത. സാഹസികതയോടുകൂടി ഏതിലും ഇടപെടുന്ന സ്വഭാവം. മററുള്ളവരോടു പരുക്കൻ രീതിയിൽ ബന്ധപ്പെടുക. സൂചനകൾ കൊണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതു പൊതുരീതിയ്ക്കു് ഒരപവാദം മാത്രം. പ്രയാസങ്ങൾ സഹിച്ചു് അനുഭവം കൊണ്ടു കാര്യങ്ങൾ മനസ്സിലാക്കുന്ന സ്വഭാവം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രം 6-ന്റെ വിശദീകരണം

ചിത്രത്തിൽ A എന്നും C എന്നും അടയാളപ്പെടുത്തിയിരിക്കുന്നതു് 13 മുതൽ 17 വരെയുള്ള പ്രായത്തിൽ പെൺകുട്ടികളിലും ആൺകുട്ടികളിലും കണ്ടുപോരാറുള്ള സ്വഭാവരീതികളാണു്. ശരിക്കും പെണ്ണിന്റെ സ്വഭാവമുള്ള പെൺകുട്ടികളും, ആണിന്റെ സ്വഭാവമുള്ള ആൺകുട്ടികളുമാണു ചിത്രത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു്. യഥാർത്ഥജീവിതത്തിൽ കണ്ടുമുട്ടാറുള്ള പെൺകുട്ടികളും ആൺകുട്ടികളും ഏറിയകൂറും രണ്ടിനുമിടയ്ക്കുള്ളതായിരിയ്ക്കും. ആകെ ഒരൊററ ജീവിതസന്ദർഭത്തിലാണല്ലോ രണ്ടുകൂട്ടരും സ്വന്തം സ്ഥാനം കണ്ടെത്തേണ്ടതു്.

പ്രകൃതി തന്നെ, അഥവാ ദൈവം തന്നെ, എല്ലാ പുരുഷന്മാർക്കും എല്ലാ സ്ത്രീകൾക്കും വേണ്ടതൊക്കെ നല്കി അനുഗ്രഹിച്ചിരിക്കുന്നതു തികച്ചും നീതിയുക്തമായിട്ടാണെന്നു തന്നെ വയ്ക്കുക. അങ്ങനെ തുടങ്ങുന്നതാണല്ലോ കൂടുതൽ സുരക്ഷിതമായിട്ടുള്ളതു്. താൻ പ്രേമിക്കുന്ന പുരുഷന്റെ അന്തർഭാവത്തെ സ്ത്രീ പ്രകൃത്യാ തന്നെ ഉൾക്കൊണ്ടിരിക്കും. അതുപോലെ പുരുഷനും തന്റെ ഉള്ളിലിരിയ്ക്കുന്ന സ്ത്രീയെ മറച്ചുവയ്ക്കാൻ കഴിയാതെ വരുന്ന അവസരങ്ങളുണ്ടാകും — ബാഹ്യമായി എത്ര പുരുഷത്വവും ധീരതയും ഉണ്ടെന്നിരിക്കിലും. ഇത്തരം കാര്യങ്ങളൊക്കെ തുറന്നുപറയുന്നതു മാന്യതയ്ക്കു ചേരുന്നതല്ലെന്നാണല്ലോ വയ്പ്. എന്നാലും ആളുകൾ പൊതിഞ്ഞു വയ്ക്കാനിഷ്ടപ്പെടുന്ന ഇത്തരം കാര്യങ്ങളുടെ ഉള്ളറയിൽകടന്നു കള്ളിപുറത്താക്കാൻ കാർട്ടൂണുകൾക്കുകഴിയുന്നുണ്ടു്. വർത്തമാനപത്രങ്ങളുടെ മൂലകളിൽ ദാമ്പത്യജീവിതത്തിലെ തമാശകൾ കാർട്ടൂണുകളായി പ്രത്യക്ഷപ്പെടാറുണ്ടല്ലോ. എന്നിരുന്നാലും, ഈ ബന്ധത്തിന്റെ സ്വഭാവത്തെ ശാസ്ത്രബുദ്ധ്യാ ഗൗരവപൂർവ്വം ആരും പഠിക്കാറില്ല. അക്കളി യോഗശാസ്ത്രത്തിന്റെ സഹായമില്ലാതെ അസാദ്ധ്യമാണെന്നതാണു വാസ്തവം. യോഗശാസ്ത്രത്തിനാകട്ടെ, ദൈനന്ദിന സാമൂഹ്യ ജീവിതത്തിൽ പ്രയോഗിച്ചുകാണാനുള്ള അവസരം അവിടെ തുറന്നു കിട്ടുകയും ചെയ്യുന്നു. സ്ത്രീപുരുഷഭേദത്തെ സംബന്ധിക്കുന്ന ഈ ഒന്നാമത്തെ തത്ത്വം, അതിന്റെ പൂർണ്ണരൂപത്തിൽ ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ:

പുരുഷന്മാരും സ്ത്രീകളും തുല്യ തോതിലുള്ള ജന്മവാസനകളോടുകൂടിയവരാണു്. എന്നാൽ പല പുരുഷന്മാരെയും സ്ത്രൈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണമായ വ്യക്തിത്വമുള്ളവരായി കണക്കാക്കേണ്ടിയിരിക്കുന്നു. അതുപോലെ പല സ്ത്രീകളെയും പൗരുഷമുള്ളവരായും.

ഈ വിഷയത്തിൽ രണ്ടാമത്തെ പൊതുതത്ത്വമായി ഞങ്ങൾ പറയാനാഗ്രഹിക്കുന്നതിതാണ്: കൗമാരപ്രായത്തിലുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വ്യക്തിത്വത്തിൽ നൈസർഗ്ഗികമായ വ്യത്യാസങ്ങളുണ്ടായിരിക്കും. എന്നാൽ അദ്ധ്യാപകന്റെ സൂക്ഷ്മമായ നിരീക്ഷണദൃഷ്ടിയുടെ ശ്രദ്ധയിൽ മാത്രമേ അതു പെടുകയുള്ളൂ. പൊതുവിൽ പറഞ്ഞാൽ, ഉപരിതനാക്ഷത്തിന്റെ ഋണാത്മകധ്രുവത്തിനോട് (vertical negative) പററിനില്ക്കാനാണ് പെൺകുട്ടി ഇഷ്ടപ്പെടുന്നത്. ഉപരിതനാക്ഷത്തിന്റെ ധനാത്മകധ്രുവത്തിനോടായിരിക്കും (vertical positive) ആൺകുട്ടി ഒട്ടിനില്ക്കുന്നത്.

ഇനി വിദ്യാഭ്യാസത്തിലെ നാലു ഘട്ടങ്ങളെയും ഒന്നിച്ചെടുത്തിട്ട് നാലിനും ഒരുപോലെ ബാധകമായിരിക്കുന്ന പൊതുവായൊരു മാനം കണ്ടെത്താനുള്ളശ്രമം നടത്തിനോക്കാം. അത്തരം മാനങ്ങൾ കണ്ടെത്താൻ കഴിയുന്നതും അതിൽ മനസ്സുവയ്ക്കുന്നതും യഥാർത്ഥ അദ്ധ്യാപകൻ മാത്രമായിരിക്കും എന്നതുമോർക്കണം. ശരീരപ്രകൃതിക്കനുസരിച്ചുള്ള ഇളവുകൾ ഇക്കാര്യത്തിൽ അനുവദിച്ചുകൊടുക്കുകയും വേണം. അപ്പോൾ കാണുന്നതു് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സ്വഭാവത്തിൽ, ബുദ്ധിപരമായും അന്തർവേഗപരമായുമുള്ള വ്യക്തിത്വവിശേഷങ്ങളും അവയുണ്ടാകുന്ന വ്യതിയാനങ്ങളും ഗുണത്തിലും അളവിലും ഒരേപോലെ തന്നെയാണെന്നായിരിക്കും. ഇതു സർവ്വസാമാന്യമായൊരു കാഴ്ചപ്പാടോടുകൂടി നോക്കുമ്പോഴുള്ളതാണ്. ചിത്രം 6-ലെ B സൂചിപ്പിക്കുന്നതു് ഈ സർവ്വസാമാന്യ സ്വഭാവമാണ്.

ജോൺ ഓഫ് ആർക്കും ഝാൻസി റാണിയും യുദ്ധം നയിച്ചു. അലക്സാന്ത്രിയായിലെ ചിന്തകരെ ഹൈപ്പേഷ്യ തത്ത്വശാസ്ത്രവും ഗണിതശാസ്ത്രവും പഠിപ്പിച്ചു. ജനകമഹാരാജാവിന്റെ പണ്ഡിതസദസ്സിൽ ഗാർഗ്ഗി വാദപ്രതിവാദം നടത്തി. പോർഷ്യയുടെ വക്കീൽബുദ്ധി ഒരു പോരായ്മയുമുള്ളതായിരുന്നില്ല. എലിസബത്തിനെപ്പററി ഷേക്സ്പീയർ പറഞ്ഞിരിക്കുന്നതു്, 'ചക്രവർത്തിപദത്തോടു പരമഭക്തിയുള്ളവൾ' (imperial votaress) എന്നും, 'മനോരാജ്യവിഹാരമില്ലാതെ, താരുണ്യസഹജമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധ്യാനശീലമുള്ളവൾ' (in maiden meditation, fancy-free) എന്നുമാണല്ലോ. ഹെർനാനിയുടെ അതിസാഹസികമായ പ്രവൃത്തികളെ കടിഞ്ഞാണിട്ടു സമനിലയിലേയ്ക്കു കൊണ്ടുവരുന്നതു ഡോണാസോളിൻെറ സാഹസികതയാണ്, മറിയത്തിൻെറ സ്വഭാവഗുണങ്ങൾക്കു പരിപൂരകമാണ് മാർത്തയുടെ സ്വഭാവം. ഈ രംഗത്തു് മാതൃകാമനുഷ്യനെയും അപവാദങ്ങളായ അപൂർവ്വജീവികളെയും വേർതിരിച്ചെടുക്കുക ദുഷ്കരമാണെന്നു പറയേണ്ടിയിരിക്കുന്നു. നമ്മളിവിടെ ശ്രമിക്കുന്നതു്, വ്യക്തിസത്തയെ അതിൻെറ ഏററവും സമഗ്രവും സാമാന്യവുമായ ഭാവത്തിൽ കാണാനാണല്ലോ. അപ്പോൾ, വ്യക്തിസത്തയുടെ ഉള്ളിൽ നടക്കുന്ന കാര്യങ്ങൾ വച്ചുകൊണ്ടും വിദ്യാഭ്യാസത്തിനു വഴങ്ങിത്തരാനുള്ള പ്രവണതയും സാദ്ധ്യതയും വച്ചുകൊണ്ടും നോക്കിയാൽ, ആകെക്കൂടി പറയാൻ നാം നിർബന്ധിതരായിത്തീരുന്നതു്, ആൺകുട്ടികളെയും പെൺകുട്ടികളെയും പൊതുവിൽ ഒരേ രീതിയിൽത്തന്നെ കൈകാര്യം ചെയ്യണമെന്നാണ്. ഇതിനൊരപവാദമായി പറയാനുള്ളതു്, കൗമാരപ്രായത്തിൽ പെൺകുട്ടികളാണ് ആൺകുട്ടികളെക്കാൾ ബോധനത്തിനും ഉപദേശങ്ങൾക്കും വഴങ്ങുന്നതു് എന്നതു മാത്രമാണ്.

ബോർഡിംഗ് സ്കൂളുകളിൽ ചില പെൺകുട്ടികൾ ആണത്തമുള്ളവരായി കളിയിലും കാര്യത്തിലും ഇടപെടുന്നതു കാണാറുണ്ട്. ചിലപ്പോൾ അവർ ആൺകുട്ടികളെക്കാൾ മോശമായിട്ടും പെരുമാറിയെന്നുവരും. പുരുഷന്മാരോടൊപ്പം കൊള്ളക്കാരായിത്തീരുന്ന പെൺകുട്ടികൾ പോലുമുണ്ടല്ലോ. ഈ മാർഗ്ഗരേഖയുടെ ലക്ഷ്യം, പുരുഷനെ കൂടുതൽ പൗരുഷമുള്ളവനാക്കുകയോ സ്ത്രീയെ കൂടുതൽ സ്ത്രൈണതയുള്ളവളാക്കുകയോ അല്ല. നിരപേക്ഷവും നിരുപാധികവുമായ ഒരു നിഷ്പക്ഷതയിൽ നിന്നുകൊണ്ട് വ്യക്തിസത്തയെ അളക്കുവാനുള്ള വഴി തേടുക മാത്രമാണ്. ആ തലത്തിൽ സ്ത്രീപുരുഷഭേദത്തിനു പ്രത്യേക പ്രാധാന്യം നല്ലേണ്ടതില്ലതന്നെ. ഓരോ വ്യക്തിയേയും അയാളുടെ വ്യക്തിത്വത്തിനു ചേർന്ന തരത്തിലുള്ള ഉന്നതമൂല്യങ്ങളുമായി, അഥവാ ലക്ഷ്യവുമായി, ഉപരിതനമായി ബന്ധിപ്പിക്കുന്നതു വിദ്യാഭ്യാസത്തിൽ സാധിച്ചെടുത്തിരിക്കണമെന്നുമാത്രം. സ്വധർമ്മത്തിനു ചേർന്ന ഉന്നത മൂല്യത്തിനോടുള്ള ഉപരിതനമായ ബന്ധവും അതു ജീവിതത്തിനു നല്കുന്ന സ്വസ്ഥതയുമാണ് വിദ്യാഭ്യാസത്തിൻെറ ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെട്ടുകൂടിയുള്ള കേന്ദ്രമാനദണ്ഡമായിരിക്കേണ്ടതു് എന്നാണു ഞങ്ങൾ വിഭാവന ചെയ്യുന്നതു്.

16. വിദ്യാലയങ്ങളും നാലുതരം

പുരുഷന്മാർക്കും സ്ത്രീകൾക്കുമുണ്ടു് നൈസർഗ്ഗികമായ ആന്തരികഭാവങ്ങളും ബാഹ്യഭാവങ്ങളും. ഒരാളിലുള്ള ഭാവങ്ങളുടെ സ്വഭാവം തന്നെ പലതരത്തിൽ മാറിത്തിരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. ഒരു തരത്തിലും ഇളക്കമില്ലാത്ത മാനസികഘടനയുള്ളവരുണ്ടു്. അവസാനമില്ലാതെ ഇളകിയാടുന്നതരത്തിൽ സചേതനമായ മാനസികഘടനയുള്ളവരുമുണ്ടു്. ഇത്തരത്തിൽ വ്യത്യസ്തമായ സ്വഭാവരീതികളുള്ള കുട്ടികൾക്കു് വ്യത്യസ്തരീതിയിലുള്ള വിദ്യാഭ്യാസമാണു വാസ്തവത്തിൽ ആവശ്യം. അഥവാ വ്യത്യസ്തരീതിയിലുള്ള തയ്യാറെടുപ്പാണു് ഓരോ സ്വഭാവക്കാർക്കും വേണ്ടതു്. ഈ ആവശ്യം വേണ്ടവണ്ണം നേരിടണമെന്നുണ്ടെങ്കിൽ അതിനാവശ്യമായി വരുന്ന വിദ്യാലയങ്ങളും അതുപോലെ വൈവിദ്ധ്യമുള്ളതായിരിക്കേണ്ടിവരും. അതു സാദ്ധ്യവുമല്ല. അതായതു്, ആവശ്യം അങ്ങനെതന്നെ നിറവേറുക സാദ്ധ്യമല്ലാത്ത തരത്തിലാണു് കാര്യങ്ങളുടെ കിടപ്പു്. ഈ പ്രശ്നം പരിഹരിക്കുന്നതിനും നമ്മുടെ ചതുഷ്പാദതത്ത്വത്തിന്റെ സഹായം തന്നെ തേടുന്നതു കാര്യങ്ങൾ എളുപ്പമാക്കിത്തീർക്കും. അത്തരത്തിൽ പ്രശ്നത്തെ ആകെക്കൂടി ഒന്നു പരിശോധിച്ചു ചർച്ച് ചെയ്യാനും നമുക്കു സാധിക്കും.

ആദ്യത്തേതു നിവൃത്തിപരമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നല്കുന്ന വിദ്യാലയങ്ങളാണു്. അവിടെ ആൺകുട്ടികളും പെൺകുട്ടികളും താമസിച്ചു പഠിക്കുന്നുണ്ടാവും. താമസം രണ്ടു കൂട്ടരും വെവ്വേറെയായിരിക്കും. ഇത്തരത്തിലുള്ള ചില പുതിയ റസിഡൻഷ്യൻ സ്കൂളുകളും റിട്രീറ്റുകളും (ഏകാന്തവാസകേന്ദ്രങ്ങൾ) സ്വിററ്സർലണ്ടിലെ ചിലവിദ്യാഭ്യാസ വിചക്ഷണന്മാർ പരീക്ഷിച്ചുനോക്കുന്നുണ്ടു്. അവിടെ പഠിക്കുന്ന ആധുനിക എമിലിനും സോഫിക്കും വ്യക്തിപരമായ സംരക്ഷണവും ശ്രദ്ധയും ഒരു ഗുരുവിൽ നിന്നു് അഥവാ ഗുരു ദമ്പതികളിൽ നിന്നു് ലഭിക്കുന്നു. ആ ഗുരു ഒരു റൂസ്സോയോ ഹൈപ്പേഷ്യയോ ആയിരിക്കാം. ഏററവും ഉത്തമമായ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും നിയമങ്ങളും ഈ ഗുരു അഥവാ ഗുരുദമ്പതികൾ പാലിക്കുന്നുമുണ്ടാവും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാമത്തേതു പ്രകൃത്യനുരൂപമായവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സ്കൂളുകളാണ്. ഇംഗ്ലണ്ടിൽ നടത്തിപ്പോരുന്ന ചില പബ്ലിക്സ്കൂളുകളെ ഇതിനൊരു മാതൃകയാക്കാം. എന്നാൽ അതിരു കടന്ന കാർക്കശ്യം അതിൽ നിന്നും ഒഴിവാക്കണം. അത്തരം സ്കൂളുകളിൽ നേതൃത്വം വഹിക്കേണ്ടതു് ഒരു അർനോൾഡോ, എച്ച്. ജി. വെത്സ് മാതൃകാദ്ധ്യാപകനായി ചിത്രീകരിക്കുന്ന സാൻഡേഴ്സണെപ്പോലെയുള്ളവരോ ആയിരിക്കണം.

മൂന്നാമത്തേതായ വ്യവഹാരോചിതവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള സ്കൂളുകൾക്കു് മാതൃകയായി അമേരിക്കയിലെ ആധുനികസ്കൂളുകളെ സ്വീകരിക്കാം. പുതിയ ചില അംശങ്ങൾ കൂടി അതിൽ ഉൾപ്പെടുത്തണമെന്നു മാത്രം. അമേരിക്കയിലെ സ്കൂളുകളിലെ കുട്ടികൾ വെറും വ്യവഹാരതലത്തിൽ മാത്രം സ്ഥാനമുള്ള ഫലസിദ്ധിയുടെ പേരിൽ വളരെയേറെ മാനസികമായ പിരിമുറുക്കം അനുഭവിക്കുന്നുണ്ടു്. അതിനു് ഒരയവുവരുത്തുകതന്നെ വേണം. വെറും വ്യാവഹാരികമായ പ്രയോജനത്തിനുപരി ആദർശപരതയും അന്തിമമായി അവരിൽ സ്ഥാനം പിടിക്കേണ്ടതാണല്ലോ.

നാലാമത്തെ ഘട്ടമായ ആദർശാത്മകവിദ്യാഭ്യാസത്തിനു വേണ്ടതു് ഒരു ലോകസർവ്വകലാശാലയാണ് (World University). അവിടെ പ്രൊഫസർമാരും വിദ്യാർത്ഥികളും സ്വതന്ത്രമായി ആശയവിനിമയം ചെയ്തുകൊണ്ടു് ദിവസങ്ങൾ കഴിക്കുന്നു. കോളജ് ഡി ഫ്രാൻസ് (College de France), പ്രിൻസ്റ്റണിലെ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹയർ സ്റ്റഡീസ് (Institute of Higher Studies), ഷിക്കാഗോയിൽ ഈയടുത്തകാലത്തു് ആരംഭിച്ച കമ്മററി ഫോർ സോഷ്യൽ തോട്ട് (Committee for Social Thought) എന്നീ സ്ഥാപനങ്ങളെ ഇതിനു മാതൃകയായി സ്വീകരിക്കാവുന്നതാണ്. ആദർശപരതയോടു വ്യക്തിസത്തയെ ഇണക്കിയെടുക്കത്തക്കവണ്ണമുള്ള ചില തിരുത്തലുകൾ, ഈ മാർഗ്ഗരേഖയിൽ നല്കിയിട്ടുള്ള സൂചനകളുടെ വെളിച്ചത്തിൽ, കൈവരുത്തണമെന്നു മാത്രം.

ഇത്തരത്തിലുള്ള മാതൃകാവിദ്യാലയങ്ങൾക്കു രൂപം നല്കി പ്രയോഗത്തിൽ വരുത്തുന്നതിനു് ഏററവും പററിയതു ഭാരതമാണു്. ഭാരതത്തിലെ അതിപുരാതനമായ ആദ്ധ്യാത്മികപാരമ്പര്യം ഇതിനു നല്ല വളക്കൂറുള്ള മണ്ണാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17. സ്വഭാവഭേദങ്ങൾ

വിദ്യാഭ്യാസസിദ്ധാന്തങ്ങളെയും അവയുടെ പ്രയോഗരീതിയേയും ഇന്നു ഭരിക്കുന്നതു്, അളന്നറിയുന്നതിനുള്ള ഉപകരണങ്ങൾക്കു നല്കിയിട്ടുള്ള അമിതപ്രാധാന്യമാണ്. കുട്ടികളുടെ ബുദ്ധിനിലവാരമളക്കാൻ വേണ്ടി ആൽഫ്രഡ് ബിനേ (Alfred Binet) ഏർപ്പെടുത്തിയ പരീക്ഷകളോടുകൂടിയാണ് അളവുകൾക്കുള്ള പ്രാമാണികത വിദ്യാഭ്യാസരംഗത്തു സ്ഥാനം പിടിച്ചതെന്നു പറയാം. അതിൽ നിന്നു രൂപപ്പെട്ടുവന്നതാണ് 'ഐക്യു' (IQ) എന്ന പേരിൽ അറിയപ്പെടുന്ന 'ഇൻറലിജൻസ് കോഷ്യൻറ്'. വ്യവഹാരപരതയ്ക്കു വിദ്യാഭ്യാസത്തിൽ പ്രാധാന്യം നല്കുന്നവർ, ബുദ്ധിയളക്കാൻ ഇങ്ങനെയൊരുപായം കണ്ടെത്തിയതിൽ വളരെ അഭിമാനം കൊള്ളുന്നുണ്ട്. സ്വാഭാവഗുണം അളന്നറിയുന്ന സമ്പ്രദായം അവസാനം ചെന്നെത്തിയതു് പല മഷിയടയാളങ്ങൾ കാണിച്ചിട്ട് ഓരോന്നിനെപ്പററിയും എന്തു പറയുന്നു എന്നതു വച്ചുകൊണ്ടു വ്യക്തിത്വത്തെ വിലയിരുത്തുന്ന രീതിയിലാണ്. ഇപ്പറഞ്ഞ രണ്ടിനുമിടയിലായി, ബുദ്ധിപരമായ അളവുകൾ നടത്താൻ ഉണ്ടാക്കിയെടുത്തിട്ടുള്ള ഉപാധികൾ എണ്ണത്തിലും വൈവിധ്യത്തിലും അമിതമായി വളന്നു കഴിഞ്ഞിരിക്കുന്നു. 'സൈക്കോബയോളജി' മുതൽ വാററ്സോണിയൻ ബിഹേവിയറിസം' വരെയുള്ള രീതികൾ ഇപ്പോൾ നിലവിലുണ്ട്. പരീക്ഷണങ്ങളും പ്രമാണാനുസൃതമായ അന്വേഷണരീതിയും അവലംബിക്കുന്ന ഒന്നാണ് 'സൈക്കോബയോളജി'. എന്നാൽ അതും പ്രത്യക്ഷാനുഭവവാദത്തെക്കാൾ മോശമായാണു കാലാശിച്ചതു്. വാററ്സൻെറ ബിഹേവിയറിസമാകട്ടെ, മനുഷ്യന്നു മനസ്സ് എന്നൊന്നുണ്ടെന്നതുപോലും നിഷേധിക്കുന്നു. ആശയപരമായ രൂപ സംരചനകളുടെ ആകെ സ്വരൂപത്തെ ആധാരമാക്കുന്ന 'ഗസ്റ്റാൾട്ട് സൈക്കോളജി' അതിൻേറതായ ചില സംഭാവനകൾ നല്കിയിട്ടുണ്ട്. മാനസികമായൊരു രൂപരേഖ (psychological profile) എന്ന സങ്കല്പം അവതരിപ്പിച്ചതവരാണ്.

പിന്നെ 'സൈക്കോ അനാലിസ്റ്റു'കളും പരിണാമവാദികളും വരുന്നു. 'വർഗ്ഗപരിണാമ'ത്തിൻെറ ആവർത്തന ഫലമായിട്ടാണ 'വ്യക്തിപരിണാമം' സംഭവിക്കുന്നതെന്നു് 'പരിണാമവാദികൾ' വാദിക്കുന്നു. രണ്ടു കൂട്ടർക്കും സമ്മതമുള്ള ഒരു നിലപാടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്, ഉപബോധമനസ്സ രണ്ടുവിരുദ്ധമുഖങ്ങളായി പിരിഞ്ഞു നില്ക്കുകയാണ് എന്നുള്ളതു്. അതു വ്യക്തിസത്തയെ രണ്ടു പകുതികളായി പകുത്തു നിറുത്തിക്കളയും. അതാണു മാനസികമായ സംഘർഷങ്ങൾക്കും കടിച്ചമത്തലുകൾക്കും പലതരം കോംപ്ലക്സുകൾക്കും കാരണം.

ബഹിർമുഖത്വം, അന്തർമുഖത്വം എന്ന തരത്തിൽ മാനസികഭാവത്തെ തരംതിരിച്ചു കാണുന്നതു സാധാരണമായിട്ടുണ്ട്. 'സെറിബ്രോടോണിക്'' (Cerebro-tonic) എന്നും 'വിസറോടോണിക്'' (Viscero-tonic) എന്നുമുള്ള വിഭജനവും കണ്ടുവരാറുണ്ട്. (ഭാരതീയർ പറയുന്ന സാത്വികഗുണത്തിനോടും താമസഗുണത്തിനോടും യഥാക്രമംസാമ്യമുള്ളതാണു ഷെൽഡൺ അവതരിപ്പിച്ച ഈ വിഭജനം. രാജസഗുണത്തിനു സമാനമായ 'സോമാറ്റോ ടോണിക്'' എന്ന ഒരു വിഭാഗം കൂടി ഈ സമ്പ്രദായമനുസരിച്ചുണ്ട്.) ഇപ്പറഞ്ഞതൊക്കെ വിദ്യാഭ്യാസസംബന്ധമായ സാഹിത്യത്തിൽ സ്ഥാനം പിടിച്ചു പോരാറുള്ള ആശയങ്ങളാണ്. ഇതിൽ പലതും നിലവിൽ വന്നിട്ടുള്ളതു ശാസ്ത്രീയമായിട്ടല്ല, ശാസ്ത്രാഭാസങ്ങളെ ആധാരമാക്കിയാണ്. പൂർണ്ണജ്ഞാനമല്ല, അല്പജ്ഞാനമാണ് അതിന്റെയെല്ലാം പിന്നിലുള്ളതു്. അറിവു നേടുന്നതിനു ഗ്രന്ഥസംഗ്രഹങ്ങളെ മാത്രം ആശ്രയിക്കുന്ന സ്വഭാവമുള്ളവരാണ് ഇങ്ങനെയുള്ള ആശയങ്ങളുടെ വക്താക്കൾ. മനുഷ്യമനസ്സിന്റെ സ്വഭാവഭേദങ്ങളെക്കുറിച്ചു നിലവിലുള്ള വാദങ്ങളുടെ അഥവാ സിദ്ധാന്തങ്ങളുടെ വൈവിധ്യം കാണിക്കാനായി മാത്രം, മാതൃകയായി ചിലതു താഴെ കൊടുക്കുന്നു, ഡോ. ക്ലാപ്പറീഡിന്റെ How to Diagnose the Aptitudes of School Children (സ്കൂൾ കുട്ടികളുടെ വാസനകളെ എങ്ങനെ കണ്ടെത്താം?) എന്ന ഗ്രന്ഥത്തിൽ നിന്നെടുത്താതണിതു് (p. 233)

ബിനേ -	ആത്മനിഷ്ഠത	വസ്തുനിഷ്ഠത.
യുങ് -	അന്തർമുഖത	ബഹിർമുഖത
ജെയിംസ് -	ഐഡിയോളജിസ്റ്റ്	പോസിററീവിസ്റ്റ്
ഒസ്റ്റ്വാൾഡ് -	ക്ലാസിസിസ്റ്റ്	റൊമാൻറിസ്റ്റ്
ഡിമാഡേ -	തൊഴിലാളികൾ	പോരാളികൾ
നീഷേ -	അപ്പോളോണിയൻ	ഡയോനീഷ്യൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷില്ലർ	-	പാണ്ഡിത്യം കൊണ്ട് മാനസികഭാവങ്ങൾ പ്രത്യേകതരത്തിൽ രൂപപ്പെട്ടു കഴിഞ്ഞവൻ	ശുദ്ധൻ
പോയിംകർ	-	അന്തർദൃഷ്ടിയുള്ളവൻ (ക്ഷേത്രഗണിതപരം)	താർക്കികബുദ്ധിയുള്ളവൻ (വിശ്ലേഷണബുദ്ധി)
ലിപ്‌മാൻ	-	ഗ്നോസ്റ്റിക്കുകൾ (അറിവാളി)	ടെക്നിക്കുകൾ (സാങ്കേതികവിദഗ്ദ്ധൻ)
പാസ്കൽ	-	സംസ്കൃതചിത്തൻ	ക്ഷേത്രഗണിത മനസ്സുള്ളവൻ.
ദുഹെം	-	സ്വകാര്യ-അമൂർത്ത ലോകവിഹാരി	മൂർത്തലോകവിഹാരി

മനുഷ്യമനസ്സിന്റെ സ്വഭാവത്തെ മേൽക്കാണിച്ചിരിക്കുന്ന രീതിയിൽ വിഭജിക്കുന്നതു നമുക്കു സമ്മതമുള്ളതാണോ എന്നു അന്തിമമായി തീരുമാനിക്കുന്നതിനു് അവരുടെ തത്ത്വചിന്തയുടെയും മനഃശാസ്ത്രത്തിന്റെയും വിശദാംശങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിവരും. അതു്, അസാദ്ധ്യമായ കാര്യമാണു്. അതിലേയ്ക്കു് ഇവിടെ കടക്കുന്നുമില്ല. എന്നിരുന്നാലും നമ്മുടെ ശ്രദ്ധയിൽ പെടുന്നതായ ചില പ്രത്യേകതകൾ ഇതിലുണ്ടു്. ഇവരെല്ലാം മനസ്സിന്റെ സ്വഭാവഗുണത്തെ പ്രതിദ്വന്ദ്വതയുള്ള രണ്ടു വിഭാഗങ്ങളിലാണു പെടുത്തിയിരിക്കുന്നതു് എന്നതു തന്നെ പ്രധാനം. അടുത്തതായി ഇവരുടെയെല്ലാം വിഭജനരീതിയുടെ വൈവിദ്ധ്യത്തിനകത്തുക്കൂടി അതിലന്തർഭവിച്ചിരിക്കുന്നതായി നമുക്കു കാണാൻ സാധിക്കുന്നഒരു സാമാന്യതത്ത്വമുണ്ടു്. ചിലർ വിഭജനം നടത്തിയിരിക്കുന്നതു മനസ്സിന്റെ വൃത്തിയെ, അഥവാ അനുപ്രസ്ഥഭാവത്തെ, പിൻപററിയാണു്. ഉദാഹരണത്തിനു്, 'ആത്മനിഷ്ഠത' 'വസ്തുനിഷ്ഠത' എന്ന വിഭജനം. മററുചില വിഭജനങ്ങളാകട്ടെ, ബോധസത്തയുടെ പ്രഭാവാത്മകമോ നിഷേധാത്മകമോ ആയ അവസ്ഥയെ പിൻപററിയുള്ളതാണു്. ഉദാഹരണത്തിനു്, ഏററവും അവസാനം കൊടുത്തിരിക്കുന്ന ഇനം. ഇത്തരം വിഭജനം മനസ്സിന്റെ ഉപരിതനസ്വഭാവത്തെയാണു് ആലംബമാക്കുന്നതു് എന്നർത്ഥം.

ഈ വിഭജനങ്ങളിൽനിന്നെല്ലാംകൂടി സാമാന്യമായൊരു ധാരണ ഉണ്ടാക്കിയെടുക്കുന്നതിനായി, ചില അറിയപ്പെടുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ പരിശോധിക്കുന്നതു കൊണ്ടു നമുക്കു തല്ക്കാലം തൃപ്തിപ്പെടാം. ഈ മാർഗ്ഗരേഖയിൽ ആദ്യവസാനം ഞങ്ങൾ സ്വീകരിച്ചിട്ടുള്ളതു്, നാലു പാദങ്ങളോടു കൂടിയ ഒരു സഹസംബന്ധപ്രയുക്തി (scheme of correlation) യാണു്. അതു മനുഷ്യന്റെ സ്വഭാവവിശേഷങ്ങളെ വകതിരിച്ചു കാണുന്നകാര്യത്തിലും പ്രസക്തമാണെന്നു കാണിക്കുക മാത്രമേ ഇതുകൊണ്ടുദ്ദേശിക്കുന്നുള്ളു. ഇങ്ങനെ സ്വഭാവവിശേഷങ്ങളെ ഒരു വ്യവസ്ഥയിൽ പെടുത്തി വിഭജിച്ചു മനസ്സിലാക്കിക്കഴിഞ്ഞാൽ, വിദ്യാഭ്യാസം വിദ്യാർത്ഥിക്കു പ്രയോജനകരമാക്കിത്തീർക്കേണ്ടതെങ്ങനെയെന്നു തീരുമാനിക്കാൻ എളുപ്പമാകും. വിദ്യാർത്ഥിയുടെ അന്തർഭാവവും ബാഹ്യസാഹചര്യവും തമ്മിൽ ഉണ്ടാക്കിയെടുക്കേണ്ട പൊരുത്തം ഓരോ ഘട്ടത്തിലും, ഓരോരുത്തർക്കും അനുയോജ്യമായ തരത്തിൽ സാദ്ധ്യമാക്കിത്തീർക്കേണ്ടതെങ്ങനെയെന്നു തീരുമാനിക്കാൻ എളുപ്പമാകും.

ബഹിർമുഖതയെന്നും അന്തർമുഖതയെന്നും (extroversion and introversion) താൻ പറയുന്നതുകൊണ്ടർത്ഥമാക്കുന്നതെന്തു് എന്നു വിശദീകരിച്ചുകൊണ്ടു യുങ് എഴുതിയിരിക്കുന്നു: ''ബാഹ്യലോകത്തിൽ, അഥവാ ബാഹ്യവിഷയത്തിൽ, വ്യക്തി തന്റെ ജീവിതത്തിലെ മുഖ്യമായ താല്പര്യം ഉറപ്പിച്ചിരിക്കുന്നതു് എവിടെയൊക്കെയായാലും അവിടെ ബഹിർമുഖതയുണ്ടെന്നു കണ്ടുകൊള്ളണം.........നേരേമറിച്ചു്, വസ്തുനിഷ്ഠമായ ബാഹ്യലോകത്തിനോടുള്ള താല്പര്യത്തെ തരംതാഴ്ന്നതായി കാണുകയും, സ്വന്തം ആത്മസത്തയ്ക്കു പ്രാമുഖ്യം ലഭിക്കുകയും ചെയ്യുമ്പോൾ ആ സ്വഭാവം അന്തർമുഖതയുള്ളതാണു്..........അന്തരംഗത്തെ, അതായതു് ആന്തരികലോകത്തെ, കേന്ദ്രമാക്കിക്കൊണ്ടുള്ള വൃത്തിയോടുകൂടിയ സ്വഭാവം അന്തർമുഖതയല്ലാതെ മറ്റൊന്നുമല്ല.''[1]

ഈ രണ്ടു സ്വഭാവങ്ങളെയും നമ്മുടെ സഹസംബന്ധപ്രയുക്തിയിലെ രണ്ടക്ഷങ്ങൾകൊണ്ടു സൂചിപ്പിക്കാവുന്നതാണെന്നുള്ളതു വ്യക്തമാണല്ലോ. ഹിങ്കിൾ, മാക്സ്ഫ്രെയ്ഡ്, യാസ്പ്പേ

....

* cf. *Claparede*, P. 232.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഴ്സ്, ക്രെഷ്മർ, പെൻഡി ക്ലാഗിസ്, മാക്ഡുഗൽ തുടങ്ങിയവരെല്ലാം നടത്തിയിട്ടുള്ള വിഭജനങ്ങളും ഇതേപോലെ തന്നെ രണ്ടക്ഷങ്ങൾകൊണ്ടു സൂചിപ്പിക്കത്തക്ക സ്വഭാവമുള്ളതാണെന്നു കാണിക്കാൻ എത്ര ഉദ്ധരണികൾ വേണമെങ്കിലും നിരത്തിവെയ്ക്കാൻ സാധിക്കും.

മനുഷ്യസ്വഭാവത്തിൽ നാഡീപരമായ അംശങ്ങൾക്കുള്ള സ്ഥാനം കണ്ടെത്താനാണ് ഡോ. എച്ച്. വാലൻ ശ്രമിച്ചത്. ഒരു ഉഭയഭാവിതത്വം (ambivalence) നാഡീവ്യവസ്ഥയിൽ ഉണ്ടെന്നാണ് അദ്ദേഹം കണ്ടെത്തിയിരിക്കുന്നത്. ഈ ഉഭയഭാവിതത്വം ''ഒരു പ്രചോദകമായും പ്രതികരണം കാണിക്കുന്ന അംശമായും മനുഷ്യസ്വഭാവത്തിൽ പ്രവർത്തിക്കുന്നു.'' കൂടാതെ 'അധികോപശാന്തി' (surcompensation) എന്ന ഒരു പ്രതിഭാസം കൂടി ഉള്ളതായി അദ്ദേഹം അവകാശപ്പെടുന്നു. ധനാത്മകമോ ഋണാത്മകമോ ആയ സ്വന്തം ശക്തികൊണ്ടു മനുഷ്യസ്വഭാവത്തിൽ കടന്നുകയറി ഇടപെടുന്ന ഒരു ഘടകമാണത്.

വ്യക്തിഭാവത്തിന്റെ സ്വഭാവത്തെയും സ്വരൂപത്തെയും ഗതിവിഗതികളെയും സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ സ്വീകരിച്ചിട്ടുള്ള പൊതുവായ നിലപാടിൽ, ഭിന്നസ്വഭാവഗുണങ്ങളുള്ള വിദ്യാർത്ഥികളുടെ വ്യത്യസ്തമായ അന്തരംഗഗതികൾക്കെല്ലാം യോജിപ്പു കണ്ടെത്താൻ കഴിയും. അവയ്ക്കെല്ലാം അതിൽ സ്ഥാനം കണ്ടെത്താനാവുകയും ചെയ്യും. ഈ അന്തരംഗവൃത്തികളുടെ ഏകദേശം പൂർണ്ണമായൊരു ചിത്രം, അല്പം ഭാവനകലർത്തിയിട്ടാണെങ്കിലും, നല്ലൊന്ന തരത്തിലുള്ളതാണ്, ഡോ. അഡോൾഫ് ഫെറിയറിന്റെ 'ടൈപ്പ് സൈക്കോളജി' എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തിട്ടുള്ള താഴെ പറയുന്ന ഖണ്ഡിക:

''ഓരോ വ്യക്തിക്കുമുണ്ട് ഓരോ താളക്രമം. ചിലപ്പോൾ അതു് വ്യക്തിയെ തനിക്കധീനമാക്കിത്തീർക്കേണ്ട ഭാവിയിലേക്കു നയിച്ചുകൊണ്ടുപോകും. മററുചിലപ്പോൾ അതു പിന്നോട്ടു ഭൂതകാലത്തിലേക്ക് വലിച്ചുകൊണ്ടുപോകും. ഭൂതകാലവുമായുള്ള ബന്ധം നിലനിറുത്തുന്നതും ഒരാവശ്യമാണല്ലോ. ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടിയുള്ള പ്രയത്നത്തിന്റെ ആവശ്യകതയും അതിലുള്ള അപകടസാദ്ധ്യതയുമാണ് ഭാവിയിലേക്കു നോക്കുമ്പോൾ വ്യക്തി കാണുന്നതു്. ആ ഭാവി അജ്ഞാതവുമാണ്. അതേസമയം ആശ്വാസവും ആശ്രയവും സുരക്ഷിതത്വബോധവുമാണ് ഭൂതകാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലചിന്ത പൊതുവെ നല്ലുന്നതു്. താൻ ജീവിക്കുകയും, വിട്ടിട്ടു മുന്നോട്ടു പോവുകയും ചെയ്യ, തനിക്കറിയാവുന്ന ലോകമാണതു്. ചില വിദ്യാൎത്ഥികൾക്ക അപകടസാദ്ധ്യതകളെ ധൈര്യപൂർവ്വം നേരിടാനുള്ള വാസനയും കരുത്തുമുണ്ടായിരിക്കും. സദാ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കാൻ കൊതിക്കുന്നതായിരിക്കും അവരുടെ പ്രകൃതം. മററു ചിലരാകട്ടെ, ജന്മനാ ദുർബലരായിരിക്കും. അവർ രോഗികളെപ്പോലെ പെരുമാറും. ഓജസ്സില്ലായ്മ ഒരു വരപ്രസാദമായി ലഭിച്ചിട്ടുള്ളവരാണവർ എന്നുപോലുംപറയാം! കുട്ടിത്തം വിട്ടുമാറാത്ത പ്രകൃതക്കാരായിരിക്കാൻ അവരിഷ്ടപ്പെടും. അവർ ഭൂതകാലത്തിൽ എപ്പോഴും അഭയം തേടും. അമ്മയുടെ സാരിത്തുമ്പിൽനിന്നു വിട്ടുമാറാത്തവർ എന്നു് ഈ കുട്ടികളെപ്പററി പറയാം. കുട്ടികളുടെ പ്രകൃതത്തിൽ ഇങ്ങനെ രണ്ടു വിരുദ്ധവശങ്ങളുണ്ടെങ്കിലും, ഭൂരിപക്ഷം കുട്ടികളും രണ്ടു ധ്രുവങ്ങൾക്കും നടുവിലായി ആടിക്കൊണ്ടിരിക്കുന്നവരാണു്. ഭാവിയെ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള തീവ്രയത്നം കുറച്ചു ചെയ്തുകഴിഞ്ഞാൽ വിശ്രമത്തിനും ആശ്വാസത്തിനുമുള്ള സമയം അവർ കണ്ടെത്തുന്നു. അപ്പോഴും കുട്ടിത്തമായിരിക്കും അവരിൽ മുന്നിട്ടു നില്ക്കുന്നതു്. ഇതു സ്വാഭാവികം മാത്രമാണല്ലോ. ഇതിൽ ഒരു പ്രവണതയും ഒരു പരിധിക്കപ്പുറം നീണ്ടുനില്ക്കുന്നില്ല എന്നു കാണുമ്പോൾ, അതെന്തുകൊണ്ടെന്നു് അത്ഭുതപ്പെടേണ്ട കാര്യമില്ല. അത്യധികമായി നീണ്ടുപോകുന്ന പ്രയത്നം നാഡികളെ തളർത്തിക്കളയും. ഭൂതകാലത്തിൽനിന്നു ആർജ്ജിച്ചിട്ടുള്ള ആരോഗ്യകരമായ അംശങ്ങളിൽനിന്നു കുട്ടിയെ അതു് അകററിക്കളയുകയും ചെയ്യും. അത്യധികമായി നീണ്ടുപോകുന്ന കുട്ടിത്തമാകട്ടെ, വളർച്ചയെ തടയും. മാററങ്ങളെയും പുതുമകളെയും വെറുക്കുന്ന സ്വഭാവം ഉണ്ടാകാൻ കാരണമായിത്തീരുകയും ചെയ്യും'' *

വ്യക്തികളുടെ സ്വഭാവവിശേഷങ്ങളും ഗുണഭേദങ്ങളും ചിലരിൽ നീക്കുപോക്കില്ലാത്ത തരത്തിൽ ഉറച്ചതായിരിക്കും. മററുചിലരിൽ വളരെ വഴക്കമുള്ളതായികണ്ടേക്കാം. രണ്ടായാലും, എല്ലാവരുടെയും മനോവൃത്തികളുടെ പൊതുസ്വഭാവം, ഞങ്ങൾ ഈ മാൎഗ്ഗരേഖയിൽ വ്യക്തിഭാവത്തെ (personal factor) പരിഗണിക്കി വിലയിരുത്തി അവതരിപ്പിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള

....

P. 30.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രുപസംരചനയെ പൊതുവേ മാനിക്കുന്ന തരത്തിലുള്ളതാണെന്നു കാണാൻ പ്രയാസമില്ല.



ചിത്രം 7

ചിത്രം 7-ന്റെ വിശദീകരണം

ഓരോ ചിത്രവും ഓരോ വ്യക്തിത്വമാതൃകയെ സൂചിപ്പിക്കുന്നു. ഓരോന്നിലും ഉള്ള A എന്നടയാളപ്പെടുത്തിയിരിക്കുന്ന, വരകൊണ്ടു മറച്ചഭാഗം വ്യക്തിയിൽ മുഖ്യമായിരിക്കുന്ന പ്രവണതയെ സൂചിപ്പിക്കുന്നു. കുത്തുകൊണ്ടു വരച്ചിരിക്കുന്ന ഭാഗം (B) പിൻവാങ്ങിനില്ക്കാനുള്ള പ്രവണതകളെ കുറിക്കുന്നു. ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യത്യാസത്തെ മനസ്സിന്റെ അന്തർഭാവങ്ങളും പ്രകടഭാവങ്ങളും എന്ന വ്യത്യാസവുമായി കൂട്ടിക്കുഴയ്ക്കാൻ പാടില്ല. ഈ ഭാവങ്ങളാണ് ഓരോ ചിത്രത്തിലും I, II, III, IV എന്നടയാളപ്പെടുത്തിയിരിക്കുന്ന നാലു പാദങ്ങൾ സൂചിപ്പിക്കുന്നത്. ഇതിൽ I പ്രകടഭാവത്തെയും, II സൂക്ഷ്മഭാവത്തെയും, III ഉപബോധമനസ്സിനെയും, IV അറിവിന്റെ സാമാന്യഭാവത്തെയും കുറിക്കുന്നതായി മദ്ധ്യത്തുള്ള E എന്ന ചിത്രത്തിൽ കാണിച്ചിട്ടുണ്ട്.

A എന്ന ചിത്രം നിവൃത്യന്മുഖവും ആത്മനിഷ്ഠവുമായ സ്വഭാവത്തെ കാണിക്കുന്നു. നിരുപദ്രവികളായ അന്തർമുഖർ, കുട്ടിത്തം വിട്ടുമാറിയിട്ടില്ലാത്തവർ ഇവരൊക്കെ ഇതിൽപ്പെടും. ചിത്രം B കാണിക്കുന്നത് നിവൃത്യന്മുഖതയും അതേസമയം വസ്തുപരതയും ഉള്ളവരെയാണ്. ദിവാസ്വപ്നം കാണുന്നവർ, കാലിബന്മാർ, അഥൽസ്റ്റെയിന്മാർ, കുംഭകർണ്ണന്മാർ, മയക്കുമരുന്നു കഴിക്കുന്നവർ എന്നിവരൊക്കെ ഇതിൽപെടും. C സൂചിപ്പിക്കുന്നതു പ്രവൃത്യന്മുഖതയും വസ്തുപരതയും ഉള്ളവരെയാണ്. ബഹിർമുഖന്മാർ, യോദ്ധാക്കൾ, ഗുസ്തിക്കാർ, യുദ്ധക്കൊതിയന്മാർ, ഹതാശരായി കൊല ചെയ്യുന്നവർ, കൊള്ളത്തലവന്മാർ എന്നിവരൊക്കെ ഇതിൽപ്പെടും. D കുറിക്കുന്നതു്, പ്രവൃത്ത്യന്മുഖതയും ആത്മപരതയും ഉള്ളവരെയാണ്. യോഗികൾ, ഗുരുക്കന്മാർ, മഹാകവികൾ, കലാകാരന്മാർ എന്നിവരെയൊക്കെ ഇതിൽപ്പെടുത്താം.

18. ലഭ്യമായ അവസരങ്ങളും തയ്യാറാക്കി വച്ചിരിക്കുന്ന പ്രവർത്തനമേഖലകളും

''വിഷമതയാണെഴമന്യ'' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ലോകത്തിലാണ് ഓരോ മനുഷ്യനും ജീവിക്കേണ്ടിയിരിക്കുന്നതു്. ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും, അതിനോട് ഓരോരുത്തരും സ്വയം ഇണങ്ങിച്ചേന്നെങ്കിലേ പററൂ. ഈ വസ്തുതയിൽനിന്നു് ഒഴിഞ്ഞുമാറാൻ സാധിക്കുന്നതു സന്ന്യാസിമാക്കും ജ്ഞാനികൾക്കും മാത്രമായിരിക്കും. വ്യക്തികളുടെ ആന്തരികപ്രകൃതിയും ബാഹ്യസാഹചര്യവും തമ്മിൽ പൊരുത്തപ്പെടാതെ വരുന്നതുകൊണ്ടുണ്ടാകുന്ന പ്രതിസന്ധികൾകൊണ്ടു നിറഞ്ഞതാണു ലോകജീവിതം. ഭാര്യയും ഭർത്താവും തമ്മിൽ വിയോജിപ്പു്, യജമാനനും ഭൃത്യനും തമ്മിൽ വിയോജിപ്പു്, ജന്മസിദ്ധമായ കഴിവും ചെയ്യാൻ നിർബന്ധിതനായിത്തീരുന്ന തൊഴിലും തമ്മിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൊരുത്തക്കേടു്, സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം തന്നോടുതന്നെ തെററുചെയ്യുന്നവനായിരിക്കേണ്ടിവരുക, ഒന്നിനോടും ചേരാനാവാതെ ജീവിതം ദാരുണമായി പരാജയപ്പെട്ടുപോവുക, ഇണങ്ങുന്ന തൊഴിൽ കൈവിട്ടുപോവുക, വ്യർത്ഥതാബോധമുണ്ടാവുക, കൂട്ടുകാർ കൈവെടിഞ്ഞുകളയുക, സ്നേഹം തിരിയെ കിട്ടാതിരിക്കുക, വിരസതകൊണ്ടും അഭിമാനഭംഗംകൊണ്ടും ആത്മനിന്ദകൊണ്ടുമൊക്കെ ഞെരുങ്ങുക, വിശ്രമമില്ലാത്ത ജോലിയിൽപ്പെട്ടുപോവുക, ഇങ്ങനെ നീണ്ടുപോകുന്നു ഇത്തരത്തിലുണ്ടാകുന്ന ജീവിതപ്രശ്നങ്ങളുടെ പട്ടിക.

കാമുകീകാമുകന്മാർ ഒരുമിച്ചു് ആത്മഹത്യചെയ്യാൻ തീരുമാനിക്കേണ്ടിവരാറുണ്ടു്. കാരണം, മരണത്തിൽ അവരെ ഒന്നിപ്പിക്കുന്ന ശക്തി യഥാർത്ഥജീവിതത്തിൽ അവരെ നിഷ്കരുണം അകററിക്കളയുന്നു. ഓരോരുത്തരുടെയും ഉള്ളിലിരിക്കുന്നതും വെളിയിലുള്ളതും തമ്മിലുള്ള പൊരുത്തക്കേടു തന്നെയാണു് ഇതിലെ ദുരന്തകാരണം. ജീവിതത്തിൽ പ്രവൃത്തിപരത അമിതമായി വളർത്തിയെടുത്തിട്ടുള്ള, മികച്ച വ്യക്തിത്വമുള്ള ചിലരുണ്ടു്; അവർക്കും ഇത്തരം ദുരന്തങ്ങൾ വന്നുചേരാനുള്ള സാദ്ധ്യത വളരെ കൂടുതലുണ്ടു്. കാലക്കേടുകൊണ്ടു സംഭവിച്ചതെന്നുമാത്രം പറയാവുന്ന മരണമായിരിക്കും പലപ്പോഴും അവരെ കാത്തിരിക്കുന്നതു്. വ്യക്തിത്വത്തിൻെറ ഏതെങ്കിലുമൊരു വശം പെരുപ്പിച്ചു കാണുന്നതിനു് അവർ കൊടുക്കേണ്ടിവരുന്ന പിഴയാണതു്. ദൈവത്തിനു പ്രിയപ്പെട്ടവരെ ദൈവം നേരത്തേ തിരിയെ വിളിക്കും. ഹാംലററിനുണ്ടായിരുന്നതു് നിരപേക്ഷമായ ഒരു മനസ്സാക്ഷിയാണു്. അതുവച്ചുകൊണ്ടു് സാപേക്ഷതയുടെ ഈ ലോകത്തിൽ ജീവിക്കുക അസാദ്ധ്യമായിവന്നു. അതുപോലെ മാക്ബത്തിനും ഒഥല്ലോയ്ക്കും കിംഗ്ലീയറിനും ഒക്കെ, അവരുടെ ഉള്ളും വെളിയും ഒരുപോലെ നിറഞ്ഞുനിന്ന 'വിഷമതയാണെഴുമന്യ' എന്ന ദുരന്താംശത്തിനുള്ള വില കൊടുക്കേണ്ടിവന്നു. ഒരു യുവാവിനോ യുവതിക്കോ ശരിക്കും ഇണങ്ങുന്ന തൊഴിൽ കണ്ടെത്തുന്ന കാര്യത്തിൽ സ്വീകരിക്കേണ്ട ധാർമ്മികബോധം നിരുപാധികമായ ജ്ഞാനത്തിനു ചേർന്നതു തന്നെയായിരിക്കണം. 'വ്യവസായാത്മിക'യായ ഈ ജ്ഞാനം യോഗബുദ്ധികൊണ്ടുമാത്രം ലഭിക്കുന്നതാണെന്നും, അതു മഹാ ഭയത്തിൽനിന്നു നമ്മെ രക്ഷിക്കുമെന്നുമാണു ഭഗവദ്ഗീത പഠിപ്പിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യാഭ്യാസകാര്യത്തിൽ വിദ്യാർത്ഥിക്കു ലഭിക്കേണ്ട മുഴുവൻ ശ്രദ്ധയും ലഭിച്ചുവെന്നും, അവനിൽ വളർച്ച്കൊണ്ടു പ്രകടമായി വന്നുകൊണ്ടിരിക്കുന്ന സഹജവാസനകളെയും താല്പര്യങ്ങളെയുമൊക്കെ തികച്ചും മാനിക്കാൻ കഴിഞ്ഞുവെന്നും തന്നെയിരിക്കട്ടെ. എന്നാലും അവൻ ജീവിക്കേണ്ടതു് യഥാതഥമായ ലോകത്തിലാണു്. അവിടെ ലഭ്യമായ ഏതെങ്കിലും ഒരു കള്ളിയിൽ അവനെയും കൊള്ളിച്ചേ മതിയാവൂ എന്ന പ്രശ്നം അവശേഷിക്കുന്നു. യാഥാതഥ്യം വഴങ്ങിത്തരുന്ന സ്വഭാവമുള്ളതല്ല. ഒരു രാത്രികൊണ്ടു് അതിനെ മാററിമറിക്കാനും സാധിക്കുകയില്ല. കൊള്ളുക, അല്ലെങ്കിൽ തള്ളുക. നന്നായി ജീവിക്കാനുള്ള മറെറാരുവഴി, ഈ ലോകത്തിൽ ഇന്നു ലഭ്യമായ അവസരങ്ങളുടെ സ്ഥിതിവച്ചുകൊണ്ടു നോക്കിയാൽ, ഇല്ലതന്നെ. സ്വപ്നലോകത്തിൽ വിഹരിക്കുന്ന ചിന്തകനും വീട്ടുവാടക കൊടുത്തേ മതിയാവൂ. തണുപ്പുരാജ്യത്താണെങ്കിൽ മഞ്ഞുകാലത്തു മുറി ചൂടാക്കിവെയ്ക്കാനുള്ള ബില്ലടയ്ക്കണം. അല്ലാതെ ഒരു മഞ്ഞുകാലം പോലും ജീവനോടെയിരിക്കാൻ സാധിക്കുകയില്ല. ചൂടു രാജ്യങ്ങളിൽ തൊഴിൽ കണ്ടെത്താനുള്ള അവസരം അത്രത്തോളം കാര്ക്ശ്യമുള്ളതല്ലെങ്കിലും, അവർക്കൊരു വരൾച്ചയെ അതിജീവിക്കേണ്ടതുണ്ടു്—സാമ്പത്തികമായ വരൾച്ചയെ. അതിനെ അതിജീവിക്കാതെ ആർക്കും അവിടെ മാന്യമായി ജീവിക്കാനാവുകയില്ല. ഭാരതീയർക്കു ശത്രുക്കളായിരിക്കുന്നതു ദാരിദ്ര്യവും അലസതയുമാണു്. അതിന്റെ ഫലമായി, അലസതയുടെയും കാപട്യത്തിന്റെയും ചില പതിപ്പുകളെ പുണ്യാത്മാക്കളുടെ ലക്ഷണമായി കരുതുന്ന ഏർപ്പാടും ഭാരതത്തിലുണ്ടു്. അതിനെ ജീവിതനിയമമാക്കിയിട്ടുള്ളവർ ധാരാളമുണ്ടു്. എന്നിരുന്നാലും, അത്തരത്തിലുള്ള പലതും നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കേണ്ടതു ഭാരതത്തിന്റെ ആദ്ധ്യാത്മികതയിൽ ഒഴിവാക്കാനാവാത്തതുമാണു്. കാലത്തിന്റെ പ്രതികൂലതയ്ക്കും അനുകൂലതയ്ക്കും ഒരുപോലെ, യഥാർത്ഥആദ്ധ്യാത്മികതയെ നിഹനിയ്ക്കാൻ സാധിക്കും എന്നർത്ഥം.

മുമ്പുണ്ടായിരുന്നതുപോലെ ലളിതമായൊരു ജീവിതശൈലിയുള്ള സമൂഹമല്ല ഇന്നുള്ളതു്. തൊഴിലുകൾ നിരവധിയാണു്. ഓരോന്നിനും വേണം ഓരോ തരത്തിലുള്ള കണിശമായ യോഗ്യതകൾ. 'ലേ ഓഫ്', 'ചെലവുചുരുക്കൽ', മുന്നറിയിപ്പില്ലാതെ ജോലിയിൽനിന്നു പിരിച്ചുവിടൽ ഇങ്ങനെയുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പേടിസ്വപ്നങ്ങളെല്ലാം ഉദ്യോഗാർത്ഥികളായ ചെറുപ്പക്കാരെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. നിയമനസമിതികളുടെ പടിവാതിലുകൾ അവർ കയറിയിറങ്ങേണ്ടിവരുന്നു. അവിടെയൊക്കെ കടുത്ത മത്സരവുമുണ്ട്. ഇത്രയൊക്കെ മതി, മനസ്സമാധാനത്തോടുകൂടിയിരിയ്ക്കാനും ചിന്തിയ്ക്കാനും അറിയാനുമൊക്കെയുള്ള വാസനകൾ ഇല്ലാതായിത്തീരാൻ. നടപടിച്ചട്ടങ്ങളും കടലാസുനടപടികളും വർദ്ധിച്ചുവരുന്നു. മനുഷ്യന്റെ സംസ്കൃതി തന്നെ ഒരു ചെങ്കുത്തിന്റെ വക്കത്തു ചെന്നുനില്ക്കുകയല്ലേ എന്ന പ്രതീതി ഉളവാകുന്നു. എവിടെയും ഭയവും അവിശ്വാസവും. എവിടെയും നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പരസ്യപ്രചാരണങ്ങൾ. സർവ്വത്ര സംശയദൃഷ്ടി. ഇതൊക്കെയാണ് ആധുനികസമൂഹത്തിന്റെ മുഖമുദ്രകൾ. ചാരന്മാരെ പിടികൂടൽ, രാജ്യാതിർത്തി സംരക്ഷിക്കാത്തതിനു മാത്രമല്ല, സ്വന്തം രഹസ്യം രഹസ്യമാക്കിവെയ്ക്കാത്തതിനുപോലും ഇലക്ട്രിക്ചെയറിലിരുത്തി കൊല്ലുന്നതരം രാജ്യതന്ത്രം, പാസ്പോർട്ടും മററു യാത്രാരേഖകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, എന്നിങ്ങനെ എന്തെല്ലാം കാര്യങ്ങളാണ് സ്വസ്ഥമായി ജീവിക്കുന്നതിനു മനുഷ്യന്റെ മുമ്പിലുള്ള തടസ്സങ്ങൾ! ഇതിനൊക്കെ പരിഹാരം കണ്ടെത്തേണ്ടതു വിദ്യാഭ്യാസംകൊണ്ടാണെന്നു വരുമ്പോൾ, 'ഇതൊക്കാത്ത കാര്യം' എന്നു നമുക്കു തോന്നിപ്പോയാൽ അത്ഭുതപ്പെടേണ്ടതില്ല. ഒരു ചെറുപ്പക്കാരൻ കാത്തുകാത്തിരുന്ന ജോലിയ്ക്കുവേണ്ടിയുള്ള ഇൻറർവ്യൂ നടക്കുന്നതിനുതൊട്ടു മുമ്പായിരിക്കും സന്ദർഭത്തിന്റെ സ്വഭാവം ആകെ മാറിമറിയുന്നതു്. വർഷങ്ങളോളമായി നടത്തിക്കൊണ്ടുവന്ന ശ്രമങ്ങളെല്ലാം നിഷ്ഫലമായിപ്പോയല്ലോ എന്ന സങ്കടമായിരിക്കും അപ്പോൾ ഉണ്ടാകുന്നതു്. ഇത്തരത്തിലുള്ള ജീവിതസന്ദർഭത്തിന്റെ ചിത്രം റൂസ്സോ വിശദമായി വരച്ചുകാണിക്കുന്നുണ്ട്. നല്ല കലാകാരൻ ബ്രഷുപയോഗിക്കുന്നതിൽ മാത്രം വിദഗ്ദ്ധനായിരുന്നാൽപ്പോരാ, ഒരു വണ്ടി വാടകയ്ക്കെടുത്തു വീടുതോറും കയറിയിറങ്ങി അതു വില്ക്കാനുംകൂടി കഴിഞ്ഞാലേ കലാകാരന്റെ തൊഴിൽ വിജയത്തിലെത്തുകയുള്ളു എന്നു് അദ്ദേഹം എടുത്തുപറയുന്നു. ജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പെന്ന നിലയിൽ, വിദ്യാഭ്യാസം കൂടുതൽ കൂടുതൽ അനിശ്ചിതത്വം നിറഞ്ഞതായിത്തീർന്നുകൊണ്ടിരിക്കുകയാണ്. ഒരുമാസംമുമ്പ് ശരിയായിരുന്ന തയ്യാറെടുപ്പ് അടുത്ത മാസത്തിൽ ദോഷമായിത്തീർന്നെന്നുപോലും വരാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവിടെയും ജ്ഞാനം നമ്മുടെ തുണയ്ക്കെത്തണമെന്നുണ്ടെങ്കിൽ, ആദ്ധ്യാത്മികതയുടേതായ തീർപ്പുകല്പിക്കുന്ന തരത്തിലുള്ള സ്വനത്തിലേക്കു നമുക്കു കാതു തിരിക്കാം—വെറും അല്പമാത്രമായ ആ ദുർബലശബ്ദം ഒരു വനരോദനമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നുണ്ടെങ്കിലും. ശബ്ദായമാനമായ ഈ ലോകത്തിന്ന് ആ മൃദുസ്വനം കേൾക്കാനുള്ള അടക്കമില്ല. എങ്കിലും ചെവി കൊടുത്താൽ കേൾക്കത്തക്കവണ്ണം അതവിടെത്തന്നെയുണ്ട്.

19. രാജപാതയും നാട്ടുവഴികളും

എമിലിൻെറയും സോഫിയുടെയും വിവാഹത്തോടുകൂടി 'എമിലി'ലെ കഥ പെട്ടെന്നവസാനിക്കുന്നു. യഥാർത്ഥ ജീവിതത്തിലെ പ്രയാസങ്ങളും ദുരിതങ്ങളും അവർ അനുഭവിക്കേണ്ടതുണ്ട് എന്ന കാര്യം റൂസ്സോ മറന്നതല്ല. അതു മററൊരു പുസ്തകത്തിലേയ്ക്കു മാററിവെയ്ക്കുകയാണദ്ദേഹം ചെയ്തതു്. 'എമിലി'ൻെറ തുടർച്ചയെന്നവണ്ണം 'എമിലും സോഫിയും' എന്ന പേരിൽ ഒരു നോവൽ അദ്ദേഹം എഴുതിത്തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആ കഥയിൽ എമിലിൻെറയും സോഫിയുടെയും സഹജമായ ഗുണം അവരെത്തമ്മിൽ അകററുന്നു. എമിൽ തൊഴിൽതേടി നാടുനീളെ അലയേണ്ടിവരുന്നു; തനിയേയുള്ള ആ അലച്ചിൽ ദുരിതപൂർണ്ണമാണ്. അതേസമയം സോഫിയും ദുഃഖിക്കുന്നു. താൻ കാണിച്ച പാതിവ്രത്യഭംഗം മൂലം അവളും കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നു. കുട്ടിക്കാലത്തുപഠിച്ച നിഷ്കപടമായ തൊഴിൽ ചെയ്ത് ഉപജീവനം നടത്താനുള്ള അവസരം എമിലിന്ന് റൂസ്സോ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ജീവിതത്തിലെ ഈ ദുരിതങ്ങൾ നീട്ടിക്കൊണ്ടുപോകാതെ, വർഷങ്ങൾ നീണ്ടുനിന്ന വേർപാടിനുശേഷം രണ്ടുപേരെയും വീണ്ടും ഒന്നിപ്പിക്കണമെന്നും, ആദ്യകാലത്തെ പ്രേമപ്രകർഷത്തിൻെറ മധുരിക്കുന്ന ഓർമ്മകൾ അയവിറക്കിക്കൊണ്ട് അവർ സമാധാനമായി കഴിയണമെന്നുമാണ് നോവലിൽ റൂസ്സോ ഉദ്ദേശിച്ചിരുന്നതു്. 'വിഷമതയാന്നെഴമന്യ' മുഖാന്തിരം അനുപ്രസ്ഥതയിൽ അടിഞ്ഞുപോയ ജീവിതചോദനകളുടെ വ്യവഹാരപരതയെ, മൃദുലവും ദ്വൈതരഹിതവും ഉപരിതനവുമായ ജ്ഞാനം കൊണ്ടു തോല്പിച്ചിട്ടു ജീവിക്കുന്ന ഉത്തമമനുഷ്യമാതൃകകളായി അവരെ അവതരിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. വൈരുദ്ധ്യങ്ങളെ സമന്വയിക്കുന്ന യോഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബുദ്ധിക്കു ചേർന്ന ഒരടിസ്ഥാനധാരണ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ ആദ്ധ്യാത്മികസാധന മനുഷ്യജീവിതത്തിൽ വിജയം കൈവരിക്കും എന്നു കാണിക്കാനാണ് റൂസ്സോ ഈ നോവൽ കൊണ്ടുദ്ദേശിച്ചതു്.

ഹതാശനായി കൽത്തുറുങ്കിൽ കഴിയുന്ന ബിഥ്യൂസിന് ആശ്വാസമരുളിയ പോററമ്മ ജ്ഞാനമാണ്. ആ പോററമ്മ ഇപ്പോഴും നമ്മുടെ ഇടയിലുണ്ടു്. തൻെറ ആശ്വാസവചനങ്ങൾ കേൾക്കാനായി മനുഷ്യൻ തലയൊന്നുയർത്തിനോക്കുന്ന നിമിഷവും കാത്താണ് ആ അമ്മയുടെ ഇരിപ്പ്. മനുഷ്യരാശിയോടു നേരിട്ടു സംവദിക്കാൻ, ആ അമ്മയ്ക്കു് ഇപ്പോഴും നല്ല കരുത്തുണ്ടു്. മനുഷ്യർക്കു് അതു കേൾക്കാനുള്ള മനസ്സുണ്ടായാൽ മാത്രം മതി.

ആധുനികലോകത്തിലെ തൊഴിലാളിവർഗ്ഗത്തിനായാലും, കച്ചവടക്കാർക്കായാലും, ശൂന്യാകാശയാത്ര നടത്താൻ കൊതിയ്ക്കുന്ന ധൈര്യശാലികൾക്കായാലും, ശാന്തിയന്വേഷിക്കുന്ന ആദ്ധ്യാത്മികസാധകർക്കായാലും, അവരവരുടെ ആന്തരികഭാവത്തിൻെറ വെളിപ്പെടുത്തലെന്നനിലയിൽ ജീവിക്കാനുള്ള ന്യായമായ അവസരം ഇപ്പോഴുമുണ്ടു്. ഓരോരുത്തർക്കും അനുയോജ്യമായതു് ഓരോ ജീവിതശൈലിയാണ്. കുടിക്കുഴഞ്ഞ ഈ ലോകത്തിലേയ്ക്കു് ആദ്ധ്യാത്മികമായ ജ്ഞാനത്തിൻെറ പ്രകാശം കടത്തിക്കൊണ്ടുവന്നു് അതിനെ പ്രയോജനപ്പെടുത്തുകയേ വേണ്ടു, പ്രശ്നപരിഹാരത്തിന്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപസംഹാരം

താൻ 'ജനീവാപൗരൻ' ആണെന്നാണ് റൂസ്സോ അവകാശപ്പെടുന്നതു്. അദ്ദേഹത്തിന്റെ ജീവിതം കമ്മപ്രധാനമായിരുന്നില്ല. ധ്യാനനിരതവും ശാന്തവുമായിരുന്നു. ഈ രണ്ടു ജീവിതമാതൃകകളെ എടുത്തുകാണിച്ചുകൊണ്ടാണ് ഭഗവദ്ഗീത അവസാനിക്കുന്നതു്—യോഗേശ്വരനായ കൃഷ്ണന്റെ രൂപത്തിലും ധനർധരനായ പാത്ഥന്റെ രൂപത്തിലും. നമ്മുടെ കാലത്താകട്ടെ, ജ്ഞാനസരണിയെ കാലത്തിനൊത്തു പുതുക്കിയും പുതുക്കി വിലയിരുത്തിയും, അതിന്റെ സംശുദ്ധവും ശാസ്ത്രീയവുമായ ഭാവത്തിൽ അവതരിപ്പിക്കേണ്ടിയുമിരിക്കുന്നു. ജ്ഞാനമാണ് മനുഷ്യനിലുള്ള ഏററവും ഉത്കൃഷ്ടമായ മൂല്യം. പ്രായോഗികമായ എല്ലാ കാര്യങ്ങളിൽനിന്നും വിട്ടുനില്ക്കാനല്ല അതെപ്പോഴും അനുശാസിക്കുന്നതു്. ലോകം നേരിടുന്ന അണുബോംബു ഭീഷണിയെ നേരേ ചെന്നു നേരിടുന്നതുമല്ല ജ്ഞാനത്തിന്റെ വഴി. സത്യാവബോധമാണു മനുഷ്യനെ സ്വതന്ത്രനാക്കുന്നതു്. ആ സത്യമാകട്ടെ മനുഷ്യന്റെ അന്തരാത്മാവിൽത്തന്നെയിരിക്കുന്നു. അതിനെ പുറത്തു കൊണ്ടുവന്നു്, ജീവിതത്തെ അതിന്റെ പ്രകടഭാവമാക്കിത്തീർക്കുകയേ വേണ്ടൂ. അതു സാധിച്ചെടുക്കേണ്ടതു്, കുററമററ വിദ്യാഭ്യാസംകൊണ്ടു വേണംതാനും. ഇതു യാഥാത്ഥ്യമായിത്തീരുന്നതിനുവേണ്ടതു്, അതിലുള്ള ആത്മാത്ഥവും ഉത്ക്കടവും, സർവ്വത്മാനാ ഉള്ളതുമായ താല്പര്യം അതിന്റെ ഉച്ചകോടിയിലെത്തുകയാണ്. അതിന്റെ ചൂടുകൊണ്ടു് ഉള്ളം വെന്തുവെളുക്കണം. അതേ പ്രക്രിയ ആകെ മനുഷ്യരാശിയുടെയും അന്തരാത്മാവിൽ നടക്കണം. 'ജനീവാപൗരൻ' 'ലോകപൗരൻ' കൂടിയായിരുന്നേ പററൂ എന്നത്ഥം. ഒരൊററ വ്യക്തിയിൽ തന്നെ ശാന്തചിത്തനായ സാധകന്റെ മനോഭാവവും വിട്ടുവീഴ്ചയില്ലാത്ത നിയമപാലകന്റെ മനോഭാവവും ഒത്തിണങ്ങി നില്ക്കണം. രണ്ടു മാഗ്ഗത്തിൽ ഏതും ഇഷ്ടംപോലെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അജ്ജുനനു ശ്രീകൃഷ്ണൻ നല്കുന്നുണ്ടു്. പക്ഷേ അജ്ജുനൻ രണ്ടിലൊന്നു തെരഞ്ഞെടുക്കുന്നുണ്ടോ എന്നു് എടുത്തുപറയുന്നുമില്ല. എമിലും സോഫിയും കണ്ണു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീരോട്ടുകൂടി അവസാനം അനുരഞ്ജനപ്പെടുകയാണു ചെയ്യുന്നതു്. കഥയുടെ ബാക്കി ഭാഗം എഴുതാനിടയായതുമില്ല.

കാമുകീകാമുകന്മാർ ഒരുമിച്ചു് ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്ന സന്ദർഭങ്ങൾ വന്നുചേരാറുണ്ടല്ലോ. അത്തരത്തിലാണു പ്രണയലീലകൾ ദുരന്തത്തിൽ കലാശിക്കുന്നതു്. അവരുടെ ആ തീരുമാനം സൂചിപ്പിക്കുന്നതു് അപ്പോഴും നിരപേക്ഷതയിൽ അവർ ഉറച്ചുനില്ക്കുന്നു എന്നാണു്. മറ്റൊരു പരിഗണനയും അവിടെ മഹത്തരമായി വരുന്നില്ല. കർമ്മങ്ങൾ ഫലസിദ്ധിയിലെത്തിച്ചേരുന്നതിൽ അന്തർഭവിച്ചിരിക്കുന്ന കാരണങ്ങളെന്തെല്ലാമെന്നു നിരൂപണം ചെയ്യുമ്പോൾ, അധിഷ്ഠാനം, കർത്താവു്, കരണങ്ങൾ, വിവിധ ചേഷ്ടകൾ എന്നിവയോടൊപ്പം അഞ്ചാമതായി ദൈവത്തെയും ഉൾപ്പെടുത്തണമെന്നു ഭഗവദ്ഗീതയിൽ പറഞ്ഞിരിക്കുന്നു (XVIII.14). അതു പറയുന്നതു ഭഗവാൻ തന്നെയാണുതാനും. അതായതു്, ജീവിതത്തിൽ നടക്കുന്ന വ്യാപാരങ്ങളെ ശാസ്ത്രീയമായി വിലയിരുത്തുമ്പോൾ, തികച്ചും ശാസ്ത്രീയമായി വിലയിരുത്തപ്പെട്ട ദൈവത്തിനുകൂടി അതിൽ സ്ഥാനം നല്കിയിരിക്കണം. അപ്പോഴാണു് ആ ശാസ്ത്രീയചിന്തയ്ക്കു പുതിയൊരു അർത്ഥതലം ലഭിക്കുന്നതു്. അത്തരത്തിൽ ദൈവത്തെക്കൂടി ഉൾപ്പെടുത്താതെയുള്ള ജീവിതചിന്ത വഴിതെറ്റിയതായിപ്പോകുമെന്നുള്ളതു തീർച്ചയുമാണു്. ശാസ്ത്രീയതയുള്ള ദൈവം ഭൗതികവാദികൾക്കും നിരീശ്വരവാദികൾക്കും പോലും സ്വീകാര്യമായിരുന്നേ പറ്റൂ. അവർക്കതു സ്വീകാര്യമല്ലെങ്കിൽ, ''അവർക്കു്, ഹാ കഷ്ടം!'' എന്നേ പറയേണ്ടൂ. അതുപോലെ തന്നെ തള്ളിക്കളയേണ്ടതാണു ദൂഷിതമായ മതയാഥാസ്ഥിതികതയും.

തന്നെ അപമാനിക്കാൻ തയ്യാറായിനില്ക്കുന്ന ശത്രുക്കളെപ്പറ്റിയുള്ള ശങ്ക റൂസ്സോയ്ക്കു് ഒരു ഒഴിയാബാധയായിരുന്നു. താൻ മരിച്ചതിനുശേഷവും അതു തുടരുമെന്നു് അദ്ദേഹം ഭയന്നു. ഭഗവദ്ഗീതയിലെ ഗുരുവായ ശ്രീകൃഷ്ണനും, താൻ വെളിപ്പെടുത്തുന്ന ജ്ഞാനത്തെ സംശയദൃഷ്ടിയോടുകൂടി നോക്കാനിടവരുന്നതിനെപ്പററിയും, തന്നോടു് അസൂയ ഉണ്ടായേക്കാനുള്ള സാദ്ധ്യതയെപ്പററിയും എടുത്തുപറയുന്നുണ്ടു്. ഈ മാർഗ്ഗരേഖയിൽ ഞങ്ങൾ അവതരിപ്പിച്ചിരിക്കുന്ന കാഴ്ചപ്പാടിനെപ്പററി, യാഥാർത്ഥ്യമായിത്തീരാനൊക്കാത്തവണ്ണം അതു് ഉത്കൃഷ്ടമായിപ്പോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യി എന്ന പരാതി വന്നേയ്ക്കും എന്നു ഞങ്ങൾക്കും തോന്നുന്നുണ്ട്. സോക്രട്ടീസ്, യേശു, ജോൺ ഒഫ് ആർക്ക്, ഹൈപ്പേഷ്യ, ബുദ്ധഭഗവാൻ, ശങ്കരാചാര്യർ, നാരായണഗുരു തുടങ്ങിയ മഹാത്മാക്കളുടെ ത്യാഗം കൊണ്ടുണ്ടായിട്ടുള്ള നേട്ടം മനുഷ്യരാശിയെ കൂടുതൽ സുബോധമുള്ളതാക്കിത്തീർത്തിട്ടുണ്ടെന്നും, അതുകൊണ്ടു ഞങ്ങളുടെ മേൽ ചെളിവാരിയെറിയുവാനും കല്ലെറിയുവാനുമിടയാവുകയില്ലെന്നും ധൈര്യപ്പെടുകയാണ്. ഈ മാർഗ്ഗരേഖയിൽ തെററുകൾ കണ്ടേക്കാം; കുറവുകളും കണ്ടേക്കാം. എന്നിരുന്നാലും, ലോകവിദ്യാഭ്യാസ രംഗത്തു പൊടുന്നനവേയുള്ള മാററങ്ങളുണ്ടാക്കുന്നതിനു് ഇടയാക്കിയില്ലെങ്കിലും, പുതിയൊരു വഴിക്കുള്ള ചർച്ച തുടങ്ങുന്നതിനു് ആധാരമായിരിക്കാനെങ്കിലും ഉപകരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണു് ഈ മാർഗ്ഗരേഖ ഞങ്ങൾ ലോകത്തിനു സമർപ്പിക്കുന്നതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദസൂചി

അക്കിലേ-ഡെൽമാസ്, 93
അഖണ്ഡവിവേകശക്തി, 104
അഡോൾഫ് ഫെറിയർ. ഡോ. 143
അദ്വൈതം, 35, 57, 81, 95, 103
അനപ്രസ്ഥം, 74
അന്നമയകോശം, 47
അയമാത്മാ ബ്രഹ്മ, 98
അരിസ്റ്റോട്ടിൽ, 13, 56, 102, 105
അലക്സാണ്ടർ പോപ്പ്, 98
അലക്സിസ് കാരൽ, 96
അറിവ്, 1, 57, 61, 62
അസ്തി, ഭാതി, പ്രിയം, 103
അഹം ബ്രഹ്മാസ്മി, 98
ആൽഫ്രഡ് ബിനേ, 139, 140
ആത്മോപദേശശതകം, 64
ആനന്ദമയകോശം, 47
ഇൻക്വിസിഷൻ, 99
ഇൻറർനാഷണൽ ബ്യൂറോ ഓഫ് എജ്യൂക്കേഷൻ, 8, 24
ഇൻറലിജൻസ് ക്വോഷ്യൻറ്, (ഐ. ക്യൂ) 139
ഉദാത്തീകരണം, 58
ഉദ്ദീപനം, 21, 50, 73, 96, 110, 111
ഉപഗുരു, 120, 123
ഉപനിഷത്ത്, 78
ഉപബോധമനസ്സ്, 146
ഉപരിതനം, 62, 74
ഋണാത്മകധ്രുവം, 62 135, 143
എമീൽ, 11, 18, 23, 28, 32, 34 37, 113, 119, 120, 123, 125 126, 137, 150
ഏകലോകവിദ്യാഭ്യാസം, 65
ഐക്യരാഷ്ട്രസംഘടന, 8, 9, 93
കർത്തവ്യവിമൂഢത, 132
കാൻറ്, 31, 125
കാർട്ടീഷ്യൻ രീതി, 92
കാലിബൻ, 146
കാളിദാസൻ, 130
കീററ്സ്, 130
കോളജ് ഡി ഫ്രാൻസ്, 103, 118, 138
ക്ലാപ്പറീഡ്. ഡോ., 53, 140
ഗയാവ്, 84
ഗസ്റ്റാൾട്ട് സൈക്കോളജി, 139
ഗാഗ്ഗി, 135
ഗാൾ, 84
ഗുരു, 24, 30, 35, 36, 37, 38 84, 91, 102, 104, 118, 120, 123, 126, 137, 146
ഗുരുശിഷ്യപാരസ്പര്യം, 31, 32, 83, 91, 113, 114, 120
ചതുഷ്പാദതത്ത്വം, 115, 137
ചിത്ത്, 42, 57, 96
ചിന്താപദ്ധതി, 99
ജഗദ്ഗുരു, 22, 35
ജഡം, 57, 96
ജനകൻ, 135
ജന്മവാസന, 134
ജയിംസ്, 53, 140
ജാഗ്രത്, 55, 111, 112
ജോൺ ഡ്യൂയി, 29, 59, 60, 110 124, 125, 126, 127
ജോൺ ഓഫ് ആക്ക്, 135, 154
ജ്ഞാനം, 10, 14, 21, 24, 78 83, 129, 150

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഝാൻസിറാണി, 135
ടൈപ്പ് സൈക്കോളജി, 143
ടോംസ്റ്റോയി, 83
ഡൽഫി, 97, 98
ഡയലക്റ്ററിക്സ്, 24, 43
ഡയോനീഷ്യൻ, 140
ഡെക്കാർട്ട്, 43, 48, 74, 102,
106, 125
തത്ത്വമസി, 98
തുരീയം, 111, 112
ദർശനം, 41, 56, 103
ദവോമതം, 78
ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷനൽ സയൻസ്, 24
ദുഷ്ഷ്യന്തൻ, 78
ദൂമാസ്, 53
ദൂഹെം, 141
ദൈ്വതം, 62, 76, 95, 99, 105,
107, 123, 128
ധ്യാനം, 25, 35, 68, 76, 135
നാമം, 55, 61
നാരായണഗുരു, 31, 37, 60, 61 64
നിവർത്തനവിദ്യാഭ്യാസം, 30, 32
നിവൃത്തിമാർഗ്ഗം, 30, 120, 121,
127
നീഷേ, 140
നിഷേധാത്മകം, 58, 80, 88
നോവം ഓർഗാനം, 98
ന്യൂട്രൽ മോണിസം, 43, 96
പഞ്ചകോശസിദ്ധാന്തം, 47
പഞ്ചദശി, 47
പയോ, 53, 127
പരീക്ഷണവിദ്യാഭ്യാസം, 73, 119
പാർമനൈഡിസ്, 43
പാസ്കൽ, 130, 141
പുനർ വിദ്യാഭ്യാസം, 131
പെസ്റ്റലോസി, 18
പേഴ്സോണാ, 40
പൊതുജനവിദ്യാഭ്യാസം, 15, 25,
127
പൊളാരിററി, 77
പോയിംകർ, 141
പോർഷ്യ, 135
പ്രകൃതി, 27, 28, 36, 47, 86,
117, 124, 134
പ്രകൃത്യനുരൂപവിദ്യാഭ്യാസം,
121, 122, 124, 137
പ്രജ്ഞാനം ബ്രഹ്മ, 98
പ്രമാണശാസ്ത്രം, 44, 76, 99
പ്രവൃത്തിമാർഗ്ഗം, 121
പ്രാകൃതികവിദ്യാഭ്യാസം, 122,
124
പ്രാഗ്മാററിസം, 101, 110
പ്രാചീനഭാരതീയവിദ്യാഭ്യാസം,
37
പ്രാണമയകോശം, 47
പ്രായോഗികപ്രയോജനവാദി,
100
പ്രിൻസിപ്പിയ ഓഫ്
ദി ബെററർ, 102
പ്രിയാപ്രിയം, 103, 107, 108
പ്രൊജക്റ്റ് മെത്തേഡ്, 120, 125
പ്രോട്ടഗോറസ് 97, 98
പ്ലേറ്റോ, 43, 47, 62, 106
പ്ലോട്ടിനസ്, 47
ഫ്രാൻസിസ് ബേക്കൺ, 98
ഫ്രോയ്ബൽ, 18
ബർഗ്സൺ, 13, 31 43, 45,
47, 50, 53
ബർട്രാൻഡ് റസ്സൽ, 43, 96
ബഹുജനവിദ്യാഭ്യാസം, 88
ബിഥൂസ്, 151
ബിയാട്രീസ് ഹിങ്കിയ, 48
ബുദ്ധി, 33, 55, 78, 80, 87,
133, 139
ബോധം, 51, 56, 62, 78, 104
111, 112
ബോർഡിംഗ് സ്കൂൾ, 136
ബ്യൂളർ, 77
ബ്രഹ്മചര്യം, 33, 37

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബ്രഹ്മതത്ത്വം, 57
ബ്രഹ്മവിദ്യ, 31
ഭഗവദ്ഗീത, 14, 24, 29, 30
31, 34, 36, 43, 58, 69, 82
108, 130, 146
മതം, 12, 17, 26, 28, 36, 38,
40, 47, 74
മനോമയകോശം, 47
മനഃശാസ്ത്രം, 40, 48, 51, 72, 73,
77, 96, 112, 125, 141, 142
മഹാവാക്യം, 99
മാക്ഡൂഗൽ, 53, 143
മാക്സ്ഫ്രെയ്ഡ്, 142
മാണ്ഡൂക്യോപനിഷത്ത്, 56, 57
112
മാർക്സ്, 43
മാഴ്സൽ ബോറം, 93
മുഹമ്മദ നബി, 84
മൊണാഡോളജി 74
മോൺടിസോറി, 20, 21
യാസ്പേഴ്സ്, 142
യുങ്, 140, 142
യുനെസ്കോ, 6, 7, 8, 9, 14, 15,
25, 93
രജോഗുണം, 29, 30, 140,
രൂപം, 55, 61, 144
ല ഗ്രാൻഡ്. പ്രൊ., 23
ലയോളാ, 18
ല റോസ്സെ, 18
ലിബിഡോ, 40
ലീഗ് ഓഫ് നേഷൻസ്, 8, 21,
22
ലൂയി ലാവൽ. പ്രൊ., 103
ലൈബിനിസ്, 74, 102, 103
ലോകപൗരത്വം, 3, 41
ലോകവിദ്യാഭ്യാസം, 21, 36
ലോകസമാധാനം, 4, 10
ലോകസർവ്വകലാശാല, 138
വാലൻ. എച്ച്. പ്രൊ., 118, 143
വാസന, 56
വാററ്സൺ. ജെ. ബി., 53, 97,
139
വിജ്ഞാനമയകോശം, 47
വിദ്യാരണ്യസ്വാമി, 47
വിവേകചൂഡാമണി, 29
വിസറോടോണിക്, 140
വൃത്തി, 55, 57, 59, 60, 89,
106, 107
വെത്സ്. എച്ച്. ജി., 12, 17
18, 138
വോൾട്ടയർ, 17, 23, 84, 85
വ്യവഹാരോചിത വിദ്യാഭ്യാസം,
124, 127, 138
റസ്സ്. ആർ. പ്രൊ., 119
റിബോ, 53, 69, 84, 127
റൂസ്സോ, 11, 13, 18, 19, 20
21, 22, 23, 24, 26, 27, 29
30, 31, 32, 33, 34, 35, 36,
37, 42, 53, 73, 74, 76, 80,
113, 119, 120, 121, 123,
124, 124, 126, 132, 137,
149, 150, 151
ശങ്കരാചാര്യർ, 14, 29
ഷില്ലർ, 140
ഷെൽഡൻ, 140
ഷേക്സ്പീയർ, 69,77 , 135
ഷോപ്പനോവർ, 84, 128
സത്ത്, 42, 51
സബ്ലിമിനൽ സെൽഫ്, 40
സമ, 104
സംസ്കാരം, 55, 67, 73, 86.
101, 141
സർ എഡ്വേർഡ്കോക്ക്, 98
സർവം ഖല്വിദം ബ്രഹ്മ, 98
സഹസംബന്ധപ്രയുക്തി, 52,
59, 60, 63, 111, 142
സാത്വികം, 140
സാൻഡേഴ്സൺ ഓഫ് ഔണ്ടിൽ,
12, 138
സാമാജികവിദ്യാഭ്യാസം, 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സിനർജിസം, 77
സീനോ, 43
സുഷുപ്തി, 111
സെറിബ്രോടോണിക്, 140
സൈക്കി, 40
സോക്രട്ടീസ്, 11, 30, 43, 47, 83, 154
സോഫി, 37, 132, 137, 150
സ്പിനോസാ, 84, 106,
സ്വധർമ്മം, 82, 83, 136
സ്വപ്നം, 111, 112, 147
സ്റ്റാർലിംഗ്. എം. ഈ. എച്ച്. 50, 51, 52
ഹിങ്കിസം, 142
ഹെഗൽ, 43, 128
ഹെൻഡ്രി ലെ ഗ്രാൻഡ്, 18
ഹെർനാനി, 130, 136
ഹെർബർട്ട് സ്പെൻസർ, 19, 82, 84, 122, 123, 124, 125,
ഹൈപ്പേഷ്യ, 135, 137, 154
ഹ്യൂരെസ്റ്റിക്, 19

100056

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

100056

നാരായണ ഗുരുകുലം

പ്രസിദ്ധീകരണങ്ങൾ



നാരായണഗുരുകുലം
ശ്രീനിവാസപുരം. P.O.
വക്ല, കേരള, 695145
ഫോൺ 04724_2398

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാരായണഗുരു സാഹിത്യം

1. വ്യാഖ്യാനങ്ങൾ

നടരാജഗുരു

വില ക

* ആത്മോപദേശശതകം

(വിവ: നിത്യചൈതന്യയതി, മുനി നാരായണ പ്രസാദ്)

ജാതിമീമാംസ—വിവ: മുനി നാരായണ പ്രസാദ് 4

അനുകമ്പാദശകം—വിവ: മുനി നാരായണ പ്രസാദ് 5

പ്രപഞ്ചശുദ്ധിദശകം, അനുഭൂതിദശകം

വിവ: മുനി നാരായണ പ്രസാദ് 4

പിണ്ഡനന്ദി—വിവ: മുനി നാരായണ പ്രസാദ് 7

ഗുരു നിത്യചൈതന്യ യതി

ദൈവദശകം

* വിനായകാഷ്ടകം—വിവ: മുനി നാരായണപ്രസാദ്

സുബ്രഹ്മണ്യകീർത്തനം

ജനനീനവരത്നമഞ്ജരി

അറിവ്

* ഈശാവാസ്യോപനിഷത്ത്

ലാവണ്യാനുഭവവും സൗന്ദര്യാനുഭൂതിയും

(സ്വാനുഭവഗീതിശതകത്തിന്റെ വ്യാഖ്യാനം) 65

* ആത്മോപദേശശതകം–നൂറു ധ്യാനങ്ങൾ

സ്വാമി മുനി നാരായണ പ്രസാദ്

പ്രാർത്ഥന എന്ത്, എന്തിന്, എങ്ങനെ?

(ദൈവദശകത്തിന്റെ വ്യാഖ്യാനം) 12

ബ്രഹ്മവിദ്യാപഞ്ചകം 7

കാളീനാടകം 10

കോലതീരേശസ്തവം 10

ബാഹുലേയാഷ്ടകം 12

അറിവ് 10

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മണ്ണന്തല ദേവീസ്തവം 8
ഹോമമന്ത്രം 2
ആത്മോപദേശശതകം-ലളിതവ്യാഖ്യാനം 60
അദ്വൈതദീപിക-വ്യാഖ്യാ: വിമലാനന്ദസ്വാമി 15
ദർശനമാല-വ്യാഖ്യാ: വിദ്യാനന്ദസ്വാമി 7
വിനായകാഷ്ടകം
വ്യാഖ്യാ:സി. ജി കുമാരൻ വൈദ്യർ 15
ശ്രീനാരായണഗുരുദേവകൃതികൾ 30

II. പഠനങ്ങൾ

ഒരു ഗുരുവിന്റെ സത്യദർശനം-നടരാജഗുരു
വിവ: മുനി നാരായണ പ്രസാദ് 25
വിദ്യാഭ്യാസം:ഒരു മാർഗ്ഗരേഖ-നടരാജഗുരു
വിവ: മുനി നാരായണപ്രസാദ് 25
ഗുരുവരുൾ-നടരാജഗുരു
വിവ: നിത്യചൈതന്യയതി 10
നാരായണഗുരുവിന്റെ പേരിലുള്ള പ്രസ്ഥാനങ്ങളും
ഏകീകരണവും-നിത്യചൈതന്യ യതി
ജാതി, മതം, ദൈവം-നിത്യചൈതന്യ യതി 3
ഗുരുവിന്റെ മാതൃക- നിത്യ ചൈതന്യ യതി 5
പ്രബന്ധമാല I 10
പ്രബന്ധമാല II 5
ഗുരുസ്മരണ പാഠാവലി 8
നാരായണഗുരു കാവ്യാധ്വാവിൽ ആർ. എൽ. പ്രസീത 5
ശ്രീനാരായണഗുരുവൈഖരി (ഡോ. ടി. ഭാസ്കരൻ) 100

നിത്യചൈതന്യ യതിയുടെ മനശ്ശാസ്ത്ര ഗ്രന്ഥങ്ങൾ

ഇമ്പം ദാമ്പത്യത്തിൽ
-വിവ: മുനി നാരായണപ്രസാദ് 5
മനഃശാസ്ത്രം ജീവിതത്തിൽ (ഒന്നാം ഭാഗം) 15
* മനഃശാസ്ത്രം ജീവിതത്തിൽ (ഒന്നും രണ്ടും ഭാഗങ്ങൾ
(ഡി. സി. ബുക്സ്) 45
* രോഗംബാധിച്ച വൈദ്യരംഗം
ദാർശനികവീക്ഷണത്തിൽ ആരോഗ്യശാസ്ത്രം 6
* ജീവിതത്തിലെ വസന്താരാമം (ഡി. സി. ബുക്സ്)
* സത്യത്തിന്റെ മുഖങ്ങൾ (ഡി. സി. ബുക്സ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

* ഹൃദയത്തിലെ ആരാധനാസൗഭഗം (ഡി. സി. ബുക്സ്)
* ഭാരതീയ മനഃശാസ്ത്രം (കറൻറ് ബുക്സ്)
* ഭാതീയ മനശ്ശാസ്ത്രത്തിനു് ഒരാമുഖം (കറൻറ് ബുക്സ്)
* ദൈവം സത്യമോ മിഥ്യയോ? (കറൻറ് ബുക്സ്)

വിശപ്പും അന്നവും 10

ഇന്ത്യയെ നാശത്തിൽ നിന്നും നാശത്തിലേക്കു കൊണ്ടുപോകുന്ന മതവും രാഷ്ട്രീയവും 15

എൻെറ അകപ്പൊരുൾ (ഡി. സി. ബുക്സ്) 20

പരിവത്തനോന്മുഖവിദ്യാഭ്യാസം (ഡി. സി. ബുക്സ്) 45

കുമാരനാശാൻ (ആശാനെപ്പററിയുള്ള മൂന്നു പ്രബന്ധങ്ങൾ) 32

* മൂല്യങ്ങളുടെ കുഴമറിച്ചിൽ (ഡി. സി. ബുക്സ്)
* മറക്കാനാവത്തവർ (ഡി. സി. ബുക്സ്)
* യാത്ര-ഒന്നാം ഭാഗം (ഡി. സി. ബുക്സ്)

യതിചര്യ (യാത്രയുടെ രണ്ടാം ഭാഗം) 40

നന്മയിലേക്കൊരു വഴി (പൂർണ്ണാ പബ്ലിക്കേഷൻസ്) 25

* അപൂർവവൈദ്യന്മാർ

കുടുംബശാന്തി: ഒരു മനഃശാസ്ത്രസാധന 15

* സിമോൺ ഡി ബുവ്വ അവരുടെ കഥ പറയുന്നു (മൾബറി ബുക്സ്)
* നെരൂദയുടെ ഓർമ്മക്കുറിപ്പുകൾ (മൾബറി ബുക്സ്)
* പ്രേമവും ഭക്തിയും (ജയദേവൻെറ ഗീതഗോവിന്ദത്തിനു ഒരാസ്വാദനം)
* യതിചരിതം

മനഃശാസ്ത്രവും മനഃശാസ്ത്രജ്ഞൻമാരും (കറൻറ് ബുക്സ്) 20

പ്രശാന്തമായ വിദ്യാലയാന്തരീക്ഷം 8

നടരാജഗുരുവിനെക്കുറിച്ച്

* നടരാജഗുരുവിൻെറ ആത്മകഥ
  വിവ: സ്വാമി മംഗലാനന്ദ ഒന്നാം ഭാഗം 35
* രണ്ടാം ഭാഗം

ഗുരുവും ശിഷ്യനും-നിത്യചൈതന്യയതി 35

* നടരാജഗുരുവും ഞാനും-നിത്യചൈതന്യയതി (വിവ: ഗോപിദാസ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മററു വേദാന്തഗ്രന്ഥങ്ങൾ

നിത്യചൈതന്യ യതി

ഭഗവദ്ഗീതാ സ്വാദ്ധ്യായം
- ഒന്നാം ഭാഗം 32
- രണ്ടാം ഭാഗം 30
- * മൂന്നാം ഭാഗം 30
- നാലാം ഭാഗം 23
- അഞ്ചാം ഭാഗം 34
- ആറാം ഭാഗം 20

ഭഗവദ്ഗീത സ്വാദ്ധ്യായം (ഡി. സി. ബി. എഡിഷൻ) 250

* മാണ്ഡൂക്യോപനിഷത്ത്–വ്യാഖ്യാ

* വേദാന്തപരിചയം (ശങ്കരാചാര്യരുടെ വിവേകചൂഡാമണിയുടെ വ്യാഖ്യാനം) ഒന്നാം ഭാഗം

നിജാനന്ദവിലാസം–ലളിതവിസ്താരം 13

പ്രണവത്തിൻെറ മന്ത്രചൈതന്യം 6

യോഗപരിചയം–പാതഞ്ജലയോഗസൂത്രത്തിനുള്ള വ്യാഖ്യാനം 50

പ്രാണായാമം–വിവ: സ്വാമി ത്യാഗീശ്വരൻ 9

* തത്ത്വമസി–തത്ത്വവും അനുഷ്ഠാനവും (ഡി. സി. ബുക്സ്)

മൗനമന്ദഹാസം– (സെൻ ബുദ്ധകഥകൾ) 5

* ജാതി, രാഷ്ട്രീയം, സമൂഹം (ഇംപ്രിൻറ്)

* നളിനി എന്ന കാവ്യശില്പം (ഡി. സി. ബുക്സ്)

നിത്യചൈതന്യ ഗീതങ്ങൾ 2

* പ്രശ്നോത്തരങ്ങൾ–(മൾബറി ബുക്സ്)

* മനുഷ്യപുത്രനായ യേശു–(ഭൂമിക ബുക്സ്)

* നീതിനിഷ്ഠനായ പ്രവാചകൻ

* കലയും ആവിഷ്കാരവും

* കലാസാഹിത്യസപര്യ

* ഉള്ളിൽ കിന്നാരം പറയുന്നവർ (ബോധി പബ്ലിഷിംഗ് ഹൗസ്)

ഊർജ്ജതാണ്ഡവം– 33

പഞ്ചദർശന മഞ്ജൂഷ 32

നിജാനന്ദവിലാസം–ശ്രീ ചട്ടമ്പി സ്വാമികൾ 15

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വാമി മുനി നാരായണ പ്രസാദ്

കേനോപനിഷത്ത് – വ്യാഖ്യാനം	14
* ഹിന്ദുമതത്തിലെ ശാസ്ത്രവീക്ഷണം	
മുണ്ഡകോപനിഷത്ത് – വ്യാഖ്യാനം	20
ഗ്രീക്കചിന്തകർ – പഠനം	25
ഒരു കുഞ്ഞുണ്ണിരാജൻ—(വിവ:)	8
* പൂർണ്ണജനനം (ലേഖനസമാഹാരം] (ഡി. സി. ബുക്സ്)	
കർമ്മവും പുനർജ്ജന്മവും	12
കടൽറാഞ്ചി (വിവ)	8
മിലരേപ – വിനയചൈതന്യ	5
തോമസ് എഴുതിയ സുവിശേഷം വിവ: വിനയചൈതന്യ	8
കവി ഭാരതീയസാഹിത്യശാസ്ത്രത്തിൽ – പ്രൊഫ: പ്രയാർ പ്രഭാകരൻ	4
ബൃഹദാരണ്യകോപനിഷത്ത് വ്യാഖ്യാ: ഒന്നാം ഭാഗം	160
രണ്ടാം ഭാഗം	
ഇതിഹാസ മാധുരി – പ്രൊഫ: കെ. വി. ദേവ്	10
സുഭാഷ്ചന്ദ്രന്റെ കവിതകൾ	
ഗുരു നിത്യചൈതന്യയതിയുടെ ഷഷ്ടിപൂർത്തി- സ്മാരകഗ്രന്ഥം	40
ഗുരുകുലധ്യാനമഞ്ജുഷ (തെരഞ്ഞെടുത്ത ഉപനിഷത്തു കളുടെ സമാഹാരം – അർത്ഥസഹിതം)	6
ആസ്വാദനം – കെ. ആർ. തിരുനിലത്ത്	36
ഗുരുദേവൻ [ദർശനവും ചരിത്രവും]. K. R. തിരുനിലത്ത്	30
സദ്ഗുരു മഹർഷി മലയാള സ്വാമികൾ	25
സ്നേഹദീപം – കെടാകുളം കരുണാകരൻ	20
അമൃതഭാഷാ സംസ്കൃതസ്വയംശിക്ഷണം പ്രൊഫ കെ. വി. ദേവ്	40
ഗുരുകുലം (ദാർശനിക മാസിക) വാർഷിക വരിസംഖ്യ	50

പുസ്തകത്തിന്റെ വില മുൻകൂർ M O ആയോ D D ആയോ അയക്കുന്നവർക്ക് പുസ്തകം തപാലിൽ അയക്കും. പോസ്റ്റേജ് സൗജന്യം.

പുസ്തകങ്ങൾ V P P ആയും അയയ്ക്കുന്നതാണ്.

* സ്റ്റോക്കില്ല.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKULA PUBLICATIONS

NARAYANA GURUKULA
SREENIVASAPURAM P.O
VARKALA, KERALA, INDIA. 695 145
Phone: 04724-2398

By NATARAJA GURU

Life and Teachings of Narayana Guru		250
An Integrated Science of the Absolute	Vol II	50
	Vol. III	50
Autobiography of an Absolutist		250
* An Anthology of the Poems of Narayana Guru		
Memorandum on World Government		12
Sankara's Saundarya Lahari—Commentary		100
The Bhagavad Gita-Commentary		250
The Philosophy of a Guru		30
The Search for A Norm in Western Thought		30
Towards A One-World Economics		15
Unitive Understanding		25
Vedanta Revalued and Restated		30
Wisdom'--the Absolute is Adorable		190
World Education Manifesto		15
Man-Woman Dialectics		40

BY NITYA CHAITANYA YATI

Beyond Cause and Effect	2
Bhakti (Hindi)	2
Daiva Dasakam—A Prayer for Humanity (Commentary)	5
Epistemology of Gnosis (*Arivu*) (Commentary)	5
An Intelligent Man's Guide to the Hindu Religion	15
Experiencing the *Īśāvāsya Upaniṣad*	20
Psychology: An Eastern Perspective	5
God: Reality or Illusion	2
Īśāvāsya Upaniṣad—Commentary	8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Love and Devotion 70
Marxism and Humanist Nonarchy 6
Meditations on the Way 15
My Inner Profile 20
Nitya Sūktam 2
Neither This Nor that . . . . But AUM
(A Commentary on the *Ātmopadeśa Śatakam* of Narayana Guru 125
Prāṇāyāma 10
The Psychology of Darśanamāla 150
(A study on the *Darśanamāla* of Narayana Guru)
Sri Narayana Guru 6
The Bhagavad Gita—Commentary (D. K. P.) 295
* The Haunting Echoes of Spring
Vināyakāshṭakam—Commentary 5
The Brihadaranyaka Upanishad Commentary part I 300
part II (D. K. P.) 300

OTHER BOOKS

Kenopanishad-(Muni Narayana Prasad) 90
The Taittiriya Upanishad D. K .P
—Muni Narayana Prasad
Hard cover 125
Card cover 95
Karma and Reincarnation
—Muni Narayana Prasad 50
A Bouquet of Meditations 10
East-West University: Seminar Report—1980 6
Functional Democracy—A Failure in fndia
—Muni Narayana Prasad 4
Gestures in Silence—Who and What Narayana Guru Is
—Deborah Buchanan 1
Narayana Guru : Relevancy Today—N. C. Kumaran 12
The Philosophy of Sree Narayana Guru
—Dr. S Omana
Hard cover 85
Card cover 60
Nataraja Guru : 90th Birthday Souvenier 16
Basic Lessons on India's Wisdom
—Muni Narayana Prasad 25
East-West Uuniversity Pospectus 10

* Out of stock

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Presented free of cost with compliments from the Central Institute of Indian Languages (Govt. of India), Mysore, 570006.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKUL KANGRI LIBRARY

	Signature	Date
Access no.		
Class no.		
Cat no.		
Tag etc.	बिजेन्द्र सिंह	6/12/95
Filing		
E.A.R.		
Any other		
Checked		

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിറന്നുവീഴുന്ന ഓരോ കുഞ്ഞിന്റെയും ഭാവി ഒരളവു വരെ അവനു ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യരാശിയുടെ ഭാവിയും ലോകത്തിന്റെ ഭാവിയും ഓരോ കുഞ്ഞിനും ലഭിക്കുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. വളർന്നുവരുന്ന ഓരോ വ്യക്തിയുടെയും പൂർണ്ണമായ വികാസവും ജീവിതസംതൃപ്തിയും ഉറപ്പു വരുത്തുന്നതോടൊപ്പം മനുഷ്യരാശിയുടേയും ലോകത്തിന്റേയും ആകെ നന്മയും ഉറപ്പു വരുത്തുന്ന തരത്തിലായിരിക്കണം ഏതു വിദ്യാഭ്യാസവും. രാജ്യത്തിലെ പൗരത്വമല്ല, മനുഷ്യനിലെ മനുഷ്യത്വമാണ് വിദ്യാഭ്യാസത്തിൽ നിയാമകമായിരിക്കേണ്ടതു്. ഈ കാഴ്ചപ്പാടോടുകൂടിയാണ് നടരാജഗുരു വിദ്യാഭ്യാസത്തിനൊരു മാർഗ്ഗനിർദ്ദേശം നല്കുന്നതു്.

പാരീസിലെ സൊർബോൺ യൂണിവേഴ്സിററിയിൽ നിന്നും ഓണേഴ്സോടുകൂടി ഡി. ലിററ്. ബിരുദം നല്കി നടരാജഗുരുവിനെ ആദരിക്കാനിടയാക്കിയ ഗവേഷണപ്രബന്ധത്തിന്റെ സാരമടങ്ങുന്നതുകൂടിയാണ് ഈ ഗ്രന്ഥം. ഇതിലെ വിശദാംശങ്ങൾക്കു രൂപം നൽകാനുള്ള ചുമതല ഭാവി ഗവേഷകന്മാർക്കു വിട്ടിരിക്കുകയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar